# ഗോത്രവിഭാഗങ്ങൾക്കിടയിൽ കുടുംബശ്രീ പദ്ധതിയുടെ കാര്യക്ഷമത



**വികസന പഠന വിഭാഗം**


## കിർടാഡ്സ്

കേരള പട്ടികജാതി പട്ടികവർഗ്ഗ ഗവേഷണ പരിശീലനവികസന പഠന വകുപ്പ്
കോഴിക്കോട്


2019

# ഗോത്രവിഭാഗങ്ങൾക്കിടയിൽ കുടുംബശ്രീ പദ്ധതിയുടെ കാര്യക്ഷമത

ഗവേഷണ മേൽനോട്ടം


**മിനി പി.വി**

ഡെപ്യൂട്ടി ഡയറക്ടർ (വികസന പഠന വിഭാഗം) i/c

തയ്യാറാക്കിയത്

**മായമോൾ വി.കെ**
റിസർച്ച് അസിസ്റ്റന്റ് (സോഷ്യോളജി)

**അനുജ.ഡി.രാജൻ**
ഇൻവെസ്റ്റിഗേറ്റർ (ആന്ത്രോപ്പോളജി സോഷ്യോളജി)

**ശ്രുതി. കെ**
(പ്രോജക്ട് ഫെല്ലോ)

**ഡോ. അബ്ദുൾ സലാം**
(പ്രോജക്ട് ഫെല്ലോ)

വികസന പഠന വിഭാഗം



## കിർടാഡ്സ്

(കേരള പട്ടികജാതി പട്ടികവർഗ്ഗ ഗവേഷണ പരിശീലന

വികസന പഠന വകുപ്പ്)
കോഴിക്കോട്-17

2018- 2019

# മുഖവുര

കേരളത്തിലെ വനിതകളുടെ ശാക്തീകരണവും ദാരിദ്ര നിർമ്മാർജ്ജനത്തിനും വേണ്ടി 1998 ൽ കേരളത്തിലെ തദ്ദേശസ്വയംഭരണ വകുപ്പ് ആരംഭിച്ച പദ്ധതിയാണ് 'കുടുംബശ്രീ മിഷൻ'. കുടുംബശ്രീ രൂപീകരിച്ച് 21 വർഷം കഴിഞ്ഞിട്ടും കേരളത്തിൽ പട്ടികവർഗ്ഗ മേഖലയിൽ വലിയൊരു വിഭാഗം ഗോത്ര വനിതകളിലേക്ക് പദ്ധതിയുടെ പ്രയോജനം എത്തിയിട്ടില്ല. ഈ സാഹചര്യം മനസിലാക്കിയാണ് കിർടാഡ്സ് വകുപ്പ് കേരളത്തിലെ പട്ടികവർഗ്ഗ മേഖലയിലെ കുടുംബശ്രീ യുടെ പ്രവർത്തനങ്ങളെക്കുറിച്ച് 2018-19 സാമ്പത്തിക വർഷത്തിൽ ഒരു വിലയിരുത്തൽ പഠനം നടത്തുന്നതിനുവേണ്ടി കേന്ദ്ര ഗോത്ര മന്ത്രാലയത്തിനു പ്രോപ്പോസൽ സമർപ്പിക്കുകയും അനുമതി നേടുകയും ചെയ്തത്.

കിർടാഡ്സ് വകുപ്പിലെ വികസന പഠന വിഭാഗം ഡെപ്യൂട്ടി ഡയറക്ടർ മേൽനോട്ടം വഹിച്ച ഈ പഠന പദ്ധതിയിൽ കിർടാഡ്സ് വകുപ്പിലെ ഗവേഷകരും പദ്ധതിയുടെ നടത്തിപ്പിന് വേണ്ടി കരാർ വ്യവസ്ഥയിൽ നിയമിച്ച ഉദ്യോഗസ്ഥരും ഭാഗമായിട്ടുണ്ട്. പദ്ധതിക്ക് വേണ്ട ധനസഹായം നൽകിയ കേന്ദ്ര ഗോത്ര മന്ത്രാലയത്തിനും വർക്കിംങ് ഗ്രൂപ്പിൽ ഭരണാനുമതി നൽകിയ പട്ടികവർഗ്ഗവികസനവകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിക്കും കൃതജ്ഞത രേഖപ്പെടുത്തുന്നു.

പഠനത്തിന്റെ പൂർത്തീകരണത്തിൽ ആവശ്യമായ വിവരങ്ങൾ നൽകിയ കുടുംബശ്രീ വാഹകർ, എ.ഡി.സ് മാർ, കുടുംബശ്രീ മിഷനിലെ ഉദ്യോഗസ്ഥർ, പട്ടികവർഗ്ഗ വികസന വകുപ്പിലെ ഉദ്യോഗസ്ഥർ മുതലായവർക്കും കൃതജ്ഞത രേഖപ്പെടുത്തുന്നു. പഠനം നടത്തിയ, ഈ പ്രൊജക്ടിലെ താൽക്കാലിക ഉദ്യോഗസ്ഥരോടും ഇതോടൊപ്പം നന്ദി രേഖപ്പെടുത്തുന്നു.

ഈ വിലയിരുത്തൽ പഠന റിപ്പോർട്ടിലെ കണ്ടെത്തലുകളും ശുപാർശകളും പട്ടിവർഗ്ഗ മേഖലയിലെ കുടുംബശ്രീ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുന്നതിനും, വേണ്ട മാറ്റങ്ങൾ വരുത്തുന്നതിനും സർക്കാറിനും ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്കും ഉപകാരപ്രദമാകും എന്ന് പ്രതീക്ഷിക്കുന്നു.

കോഴിക്കോട്
20-8-20

ഡോ. പി പുഗഴേന്തി, ഐ.എഫ്.എസ്

# ഉള്ളടക്കം


| | | പേജ് |
|---|---|---|
| അദ്ധ്യായം- 1. | ആമുഖം | 6 |
| | രീതിശാസ്ത്രം | 18 |
| അദ്ധ്യായം-2. | പഠനത്തിൽ പങ്കെടുത്ത അംഗങ്ങളുടെ അടിസ്ഥാന വിവരങ്ങളും കുടുംബശ്രീ പങ്കാളിത്തവും | 21 |
| അദ്ധ്യായം-3. | ഗോത്രസ്ത്രീകളുടെ സാമ്പത്തിക ശാക്തീകരണം | 35 |
| അദ്ധ്യായം-4. | ഗോത്രസ്ത്രീകളുടെ രാഷ്ട്രീയ സാമൂഹിക ശാക്തീകരണം | 81 |
| അദ്ധ്യായം-5. | കുടുംബശ്രീ പ്രവർത്തനത്തിലൂടെ ഗോത്രസ്ത്രീകൾ കൈവരിച്ചിട്ടുള്ള മാറ്റങ്ങൾ | 119 |
| അദ്ധ്യായം-6. | ഉപസംഹാരം | 142 |
| | കണ്ടെത്തലുകൾ | 144 |
| | നിർദ്ദേശങ്ങൾ | 149 |
| അനുബന്ധം | | |
| | 1. കേസ് സ്റ്റഡീസ് | 155 |
| | 2. കുടുംബശ്രീ സ്ഥിതിവിവര കണക്ക് പനമരം പഞ്ചായത്ത് | 171 |
| | 3. കുടുംബശ്രീ സ്ഥിതിവിവര കണക്ക് | |

തിരുനെല്ലി പഞ്ചായത്ത് 171

4. കുടുംബശ്രീ സ്ഥിതിവിവര കണക്ക്

അടിമാലി പഞ്ചായത്ത് 172

5. കുടുംബശ്രീ സ്ഥിതിവിവര കണക്ക്

മറയൂർ പഞ്ചായത്ത് 172

6. കുടുംബശ്രീ സ്ഥിതി വിവര കണക്ക്

മുതലമട പഞ്ചായത്ത് 173

7. കുടുംബശ്രീ സ്ഥിതി വിവര കണക്ക്

പുതൂർ പഞ്ചായത്ത് 173

8. പഠനം നടത്തിയ സങ്കേതങ്ങൾ 174

പട്ടികകൾ 175

സഹായക ഗ്രന്ഥങ്ങൾ

180

# അദ്ധ്യായം 1

## ആമുഖം

കേവല ദാരിദ്ര്യ നിർമ്മാർജ്ജനത്തിനായി കേരള സർക്കാർ ആവിഷ്കരിച്ച സുപ്രധാന പദ്ധതിയായ കുടുംബശ്രീ ലോകത്തിലെ തന്നെ ഏറ്റവും വലിയ വനിതാ കൂട്ടായ്മകളിൽ ഒന്നാണ്. ''സ്ത്രീകളിലൂടെ കുടുംബങ്ങളിലേക്ക്, കുടുംബങ്ങളിലൂടെ സമൂഹത്തിലേക്ക്'' എന്നതാണ് കുടുംബശ്രീയുടെ ആപ്തവാക്യം. ആപ്തവാക്യം പോലെ തന്നെ കുടുംബത്തിലും സമൂഹത്തിലും വലിയ സ്വാധീനം ചെലുത്താൻ കുടുംബശ്രീക്ക് കഴിഞ്ഞിട്ടുണ്ട്. അയൽക്കൂട്ടം, എ.ഡി.എസ് (ഏരിയ ഡെവലപ്മെന്റ് സൊസൈറ്റി) സി.ഡി. എസ് (കമ്മ്യൂണിറ്റി ഡെവലപ്മെന്റ് സൊസൈറ്റി) എന്നീ മൂന്ന് തലങ്ങളിലായാണ് കുടുംബശ്രീ പ്രവർത്തിക്കുന്നത്. ഈ ത്രിതല സംഘടനാ സംവിധാനത്തിന്റെ അടിസ്ഥാനഘടകമായ അയൽക്കൂട്ടങ്ങളുടെ പ്രധാന ലക്ഷ്യം ദാരിദ്ര്യ ലഘൂകരണവും തുടർന്നുള്ള ദാരിദ്ര്യ നിർമ്മാർജ്ജനവുമാണ്. ഓരോ ജനവാസപ്രദേശത്തെയും പത്തോ ഇരുപതോ കുടുംബങ്ങളിലെ പത്തു മുതൽ ഇരുപത് വരെ അംഗങ്ങൾ ഉൾപ്പെട്ട സ്ത്രീകളുടെ കൂട്ടായ്മയാണ് കുടുംബശ്രീ അയൽക്കൂട്ടം.

സ്ത്രീ ശാക്തീകരണത്തിലൂന്നിയ, സാമ്പത്തിക സാമൂഹ്യ ശാക്തീകരണത്തിലൂടെയുള്ള ദാരിദ്ര്യ നിർമ്മാർജ്ജനമാണ് കുടുംബശ്രീയുടെ ലക്ഷ്യം. സ്വതന്ത്രവനിതാ കൂട്ടായ്മയായ അയൽക്കൂട്ടത്തിന്റെ ഭരണപരവും സംഘടനാപരവുമായ പ്രവർത്തനത്തിലൂടെ ലഭിക്കുന്ന ശേഷിയും ആത്മവിശ്വാസവും മുഖേന സ്ത്രീകൾ സ്വയം ശാക്തീകരിക്കപ്പെടുന്നു. മിതവ്യയ സമ്പാദ്യ ശീലത്തിലൂടെയും, വായ്പാവശ്യങ്ങൾ നേടുന്നതിലൂടെയും സ്ത്രീകൾക്ക് ധനം കൈകാര്യം ചെയ്യുവാനുള്ള കഴിവ് വർദ്ധിക്കുന്നു. എല്ലാ കൈകളിലും പണം എത്തിക്കുന്ന ഈ നവീനരീതി ദാരിദ്ര്യം കുറയ്ക്കുക തന്നെ ചെയ്യുന്നു. സംഘടനാപ്രവർത്തനത്തിന്റെ ഭാഗമായി അയൽപക്ക സമൂഹങ്ങളിലും ബാങ്കുകൾ ഉൾപ്പെടെയുള്ള ധനകാര്യ സ്ഥാപനങ്ങളിലും മറ്റ് സ്ഥാപനങ്ങളുടെ ഓഫീസുകളിലും വിവിധ നിലവാരത്തിലും പദവിയിലുമുള്ള പൊതുജനങ്ങളുമായി സ്ത്രീകൾക്ക് ഇടപെടേണ്ടി വരുന്നു. അതിലൂടെയുണ്ടാകുന്ന വ്യക്തിത്വ വികാസവും സൂക്ഷ്മ സംരംഭ പ്രവർത്തനങ്ങളിലൂടെ നേടുന്ന അധിക വരുമാനവും ദാരിദ്ര്യ ലഘൂകരണത്തിനു സഹായകമാകുന്നു.

കേരളത്തിലെ ദരിദ്ര കുടുംബങ്ങൾക്ക് പ്രതീക്ഷയോടെ ജീവിതത്തെ നോക്കിക്കാണാനുള്ള ഒരു സാഹചര്യമുണ്ടായി എന്നതാണ് കുടുംബശ്രീയുടെ ഏറ്റവും വലിയ നേട്ടം. സൂക്ഷ്മ സംരംഭങ്ങളിലൂടെ പട്ടിണിക്കെതിരെ പൊരുതുവാൻ പാവപ്പെട്ട സ്ത്രീകളെ കുടുംബശ്രീ പ്രാപ്തരാക്കി. ഭക്ഷ്യ സുരക്ഷിതത്വവും സാമൂഹ്യ സുരക്ഷിതത്വവും വിദ്യാഭ്യാസ ആരോഗ്യ സേവനവും അടിസ്ഥാന സൗകര്യവിപുലനവും കുടുംബശ്രീയെ ഒരു സമഗ്ര പദ്ധതിയായി മാറ്റി. ഇത്തരത്തിൽ ശരാശരി സ്ത്രീകൾക്ക് ഒരു സ്വത്വബോധം നൽകാൻ കുടുംബശ്രീക്ക് കഴിഞ്ഞിട്ടുണ്ട്.

എന്നാൽ പട്ടിക വർഗ്ഗക്കാർക്കിടയിലെ ദാരിദ്ര്യ നിർമ്മാർജ്ജനമെന്ന ലക്ഷ്യം കൈവരിക്കുന്നതിന് കുടുംബശ്രീയ്ക്ക് ഇനിയും ബഹുദൂരം പോകേണ്ടതുണ്ട്. ഗോത്ര വനിതകളെ സംബന്ധിച്ചിടത്തോളം വലിയൊരു ശതമാനം ഇന്നും കുടുംബശ്രീ പ്രവർത്തനത്തിൽ നിന്നും അകന്നു നിൽക്കുകയാണ്. കേരളത്തിലെ പട്ടികവർഗ്ഗങ്ങൾക്കിടയിലെ സ്ത്രീകളുടെ ജീവിതാവസ്ഥ പൊതു വിഭാഗത്തിലെ സ്ത്രീ സമൂഹം നേടിയ വിദ്യാഭ്യാസ ആരോഗ്യനേട്ടങ്ങൾക്ക് അപവാദമായിരിക്കേ ഇവരെ ഒഴിച്ചുനിർത്തിക്കൊണ്ട് കേരളത്തിലെ സ്ത്രീ മുന്നേറ്റത്തെക്കുറിച്ച് പഠനം നടത്തുന്നത്അപൂർണ്ണമായ ഒന്നാകും. അതുകൊണ്ട് തന്നെ സമൂഹത്തിലെ പാർശ്വവൽക്കരിക്കപ്പെട്ട ഒരു വിഭാഗം എന്ന നിലയിൽ കുടുംബശ്രീ പദ്ധതികൾ ഒരു പടി കൂടി മികവുറ്റ രീതിയിൽ നടപ്പിലാക്കേണ്ടത് പട്ടിക വർഗ്ഗ മേഖലയിലാണ്. ഈയൊരു പശ്ചാത്തലത്തിലാണ് **"ഗോത്രവിഭാഗങ്ങൾക്കിടയിൽ കുടുംബശ്രീ പദ്ധതിയുടെ കാര്യക്ഷമത"** എന്ന പഠനം കൂടുതൽ പ്രാധാന്യമർഹിക്കുന്നത്. പഠനത്തിന്റെ ഉദ്ദ്യേശ്യ ലക്ഷ്യങ്ങൾ താഴെ പറയുന്നവയാണ്.

**ലക്ഷ്യങ്ങൾ**

- പട്ടികവർഗ്ഗ സ്ത്രീ ശാക്തീകരണത്തിൽ കുടുംബശ്രീ വഹിക്കുന്ന പങ്ക് പരിശോധിക്കുക.
- കുടുംബശ്രീ പ്രവർത്തനങ്ങളുടെ ഭാഗമായി ഗോത്ര വനിതകളിലുണ്ടായ സാമൂഹിക രാഷ്ട്രീയ ശാക്തീകരണം വിലയിരുത്തുക.
- അയൽക്കൂട്ട പ്രവർത്തനങ്ങളുടെ ഭാഗമായി ഗോത്രസ്ത്രീകൾ സാമ്പത്തിക സ്വാതന്ത്ര്യം കൈവരിച്ചിട്ടുണ്ടോ എന്ന് പരിശോധിക്കുക.
- കുടുംബശ്രീയിൽ പ്രവർത്തിക്കുന്നതിന്റെ ഭാഗമായി പട്ടികവർഗ്ഗ സ്ത്രീകളുടെ പദവിയിൽ വന്നിട്ടുള്ള മാറ്റങ്ങൾ പരിശോധിക്കുക.
- കുടുംബശ്രീ പ്രവർത്തനങ്ങളിൽ ഗോത്രസ്ത്രീകൾ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങളും വെല്ലുവിളികളും മനസിലാക്കുക.


**പഠനത്തിന്റെ പ്രാധാന്യം**

ഒരു സമൂഹത്തിന്റെ ശാക്തീകരണം അല്ലെങ്കിൽ വികസനം എവിടെയെത്തി നിൽക്കുന്നു എന്നതിന്റെ അളവുകോൽ, ആ സമൂഹത്തിലെപട്ടികവർഗ്ഗക്കാരുൾപ്പെടുന്ന പാർശ്വവൽകൃത സമൂഹത്തിന്റെ വളർച്ച എത്രത്തോളം സാധ്യമായി എന്നതിനെ ആശ്രയിച്ചായിരിക്കും അടയാളപ്പെടുത്തുക. വികസന സൂചികയുടെ കാര്യത്തിൽ കേരളം ലോകത്തെ വികസിത രാജ്യങ്ങൾക്കൊപ്പമാണെങ്കിലും പട്ടിക വർഗ്ഗ വിഭാഗങ്ങളുടെ ജീവിതാവസ്ഥ കേരളത്തിന്റെ മുഖ്യധാരാ സൂചികകളിൽ നിന്നും ഏറെ താഴെയാണ്. 1.45ശതമാനം ഗോത്ര ജനതയുള്ള കേരളത്തിൽ ശരാശരി വരുമാനം വിദ്യാഭ്യാസ നിലവാരം എന്നീ സൂചികകളുടെ അടിസ്ഥാനത്തിൽ പരിശോധിക്കുമ്പോഴും മേൽപറഞ്ഞ വിഭാഗങ്ങളുടെ അവസ്ഥ പൊതുവിഭാഗ നിലവാരത്തേക്കാൾ താഴെയാണ്. അതുകൊണ്ട് തന്നെ ദാരിദ്ര്യ നിർമ്മാർജ്ജനവും സ്ത്രീ ശാക്തീകരണവും ലക്ഷ്യമാക്കി ആവിഷ്ക്കരിച്ച കുടും

ബശ്രീ പദ്ധതികൾ കൂടുതൽ കാര്യക്ഷമമായി നടപ്പിലാക്കേണ്ടത് പട്ടികവർഗ്ഗ മേഖലയിലാണ്. കുടുംബശ്രീ രൂപീകരിച്ച് 21 വർഷമായിട്ടും വലിയൊരു വിഭാഗം ഗോത്രവനിതകളിലേക്ക് പദ്ധതിയുടെ പ്രയോജനം ഇനിയും പൂർണ്ണമായും എത്തിച്ചേർന്നിട്ടില്ല. പട്ടികവർഗ്ഗ വനിതകൾക്കിടയിൽ കുടുംബശ്രീ പ്രവർത്തനങ്ങളുടെ കാര്യക്ഷമത, തദ്വാരയുള്ള വികസനം എന്നിവ പരിശോധിക്കുന്നതിനുള്ള പഠനങ്ങളും നാമമാത്രമാണ്. ഈയൊരു സാഹചര്യത്തിൽ കുടുംബശ്രീ പദ്ധതികൾ ഗോത്രവിഭാഗങ്ങളിലേക്ക് എത്തിച്ചേരേണ്ടതിന്റെ ആവശ്യകതയും വികസനത്തിൽ പിന്നോട്ടായതിന്റെ കാരണങ്ങൾ കണ്ടെത്തി പരിഹാരമാർഗ്ഗങ്ങൾ നിർദ്ദേശിക്കാൻകഴിയും എന്നതുംആണ്ഈ പഠനത്തിലൂടെ ഉദ്ദേശിച്ചിട്ടുള്ളത്.

**പഠനമേഖല**


കേരളത്തിലെ പട്ടികവർഗ്ഗ വിഭാഗങ്ങൾ കൂടുതലായി അധിവസിക്കുന്ന വയനാട്, ഇടുക്കി, പാലക്കാട് ജില്ലകളിലെ ആറ് പഞ്ചായത്തുകളിലാണ് പഠനം പ്രധാനമായും കേന്ദ്രീകരിച്ചിരിക്കുന്നത്. വയനാട് ജില്ലയിലെ തിരുനെല്ലി, പനമരം പഞ്ചായത്തുകൾ, പാലക്കാട് ജില്ലയിലെ പുതൂർ, മുതലമട പഞ്ചായത്തുകൾ, ഇടുക്കി ജില്ലയിലെ മറയൂർ, അടിമാലി പഞ്ചായത്തുകൾ എന്നിവയാണ് പ്രസ്തുത പഠനമേഖലകൾ. കേരളത്തിലെ മുപ്പത്തിയേഴ്ആദിവാസി വിഭാഗങ്ങളിൽ പത്തൊമ്പത് സമുദായങ്ങൾ ഈ പഞ്ചായത്തുകളിൽ ഉൾപ്പെട്ടിട്ടുണ്ട്.


STUDY AREA MAP
KARNATAKA STATE
TAMILNADU STATE
INDIA
WAYAND DISTRICT
PALAKKAD DISTRICT
IDUKKI DISTRICT
NATIONAL HIGHWAY
RAILWAY
0 12.5 25 50 75 100 KM
Kerala Institute for Research Training and Development Studies of Scheduled Castes and Scheduled Tribes
(KIRTADS)
KOZHIKODE

## 1.വയനാട്

കേരളത്തിന്റെ മൊത്തം പട്ടികവർഗ്ഗ ജനസംഖ്യയുടെ (4,84,839) 31.23 ശതമാനവും അധിവസിക്കുന്നത് വയനാട് ജില്ലയിലാണ്. 2011ലെ സെൻസസ് പ്രകാരം 1,51,443 ആണ് വയനാട് ജില്ലയിലെ പട്ടികവർഗ്ഗ ജനസംഖ്യഅതിൽ 74476 പേർ പുരുഷന്മാരും 76967 പേർ സ്ത്രീകളുമാണ്. വയനാട് ജില്ലയിൽ ഏറ്റവുമധികം പട്ടികവർഗ്ഗ വിഭാഗക്കാർ കാണപ്പെടുന്നത് തിരുനെല്ലി, പനമരം എന്നീ ഗ്രാമപഞ്ചായത്തുകളിലാണ്.

### പനമരം പഞ്ചായത്ത്




വയനാട് ജില്ലയിൽ പട്ടികവർഗ്ഗക്കാർ കൂടുതലായി അധിവസിക്കുന്ന പഞ്ചായത്താണ് പനമരം. ഈ പഞ്ചായത്തിലെ മൊത്തം ജനസംഖ്യയുടെ 25 ശതമാനത്തോളം പട്ടികവർഗ്ഗ വിഭാഗക്കാരാണ്. പ്രധാനമായും കാർഷിക മേഖലയെ ആശ്രയിച്ചു നിൽക്കുന്ന ഒരു പ്രദേശമാണ് പനമരം ഗ്രാമ പഞ്ചായത്ത്.


2011 ലെ സെൻസസ് പ്രകാരം 45627 ആണ് പനമരം പഞ്ചായത്തിലെ ആകെ ജനസംഖ്യ. അതിൽ 22668 പേർ പുരുഷൻമാരും 22959 പേർ സ്ത്രീകളുമാണ്. പട്ടിക ജാതി വിഭാഗക്കാർ താരതമ്യേന കുറവാണ്. 963 ആണ് പട്ടിക ജാതി ജനസംഖ്യ. ഇത് ആകെ ജനസംഖ്യയുടെ 2.1 ശതമാനം

മാത്രമാണ്. എന്നാൽ ജില്ലയിലെ ആകെ ജനസംഖ്യയുടെ 23.7 ശതമാനം പട്ടിക വർഗ്ഗ വിഭാഗമാണ്. ആകെ  പട്ടിക വർഗ്ഗജനസംഖ്യ 10815 ആണ്. ഇത് ജില്ലയിലെ മൊത്തം പട്ടിക വർഗ്ഗ ജനസംഖ്യ യുടെ 7.141 ശതമാനമാണ്. പണിയൻ, കാട്ടുനായിക്കൻ, കുറിച്യൻ, മുള്ളുക്കുറുമൻ എന്നീ വിഭാ ഗങ്ങളാണ് പനമരം പഞ്ചായത്തിൽ പ്രധാനമായും അധിവസിക്കുന്ന പട്ടിക വർഗ്ഗ വിഭാഗങ്ങൾ.

## കുടുംബശ്രീ സ്ഥിതിവിവര കണക്ക്

പനമരം പഞ്ചായത്തിലെ ആകെ കുടുംബശ്രീ അയൽക്കൂട്ടങ്ങൾ 551 ആണ്. അതിൽ 119 എണ്ണം പട്ടിക വർഗ അയൽക്കൂട്ടങ്ങളാണ്. പഞ്ചായത്തിലെ ആകെ കുടുംബശ്രീ പ്രവർത്തകർ 6362 ആണ്. അതിൽ 1505 പേർ പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവരാണ്. ഇത് ആകെ കുടുംബശ്രീ പ്രവർത്തകരുടെ 23.65 ശതമാനമാണ്. **(അനുബന്ധം:1)**

## തിരുനെല്ലി പഞ്ചായത്ത്




വയനാട് ജില്ലയുടെ വടക്ക് കിഴക്ക് ഭാഗത്തായി മാനന്തവാടി ബ്ലോക്കിൽ കർണ്ണാടകം അതിർത്തിയോട് ചേർന്ന് 201.16 ചതുരശ്ര കിലോമീറ്റർ വിസ്തീർണ്ണമുള്ള തിരുനെല്ലി ഗ്രാമപഞ്ചാ യത്ത് 1937 ൽ സ്ഥാപിതമായി. പഞ്ചായത്തിന്റെ നല്ലൊരു ഭാഗം വനപ്രദേശമാണ്. ജനസംഖ്യയിൽ ഭൂരിഭാഗവും. കൃഷിയേയും അനുബന്ധ മേഖലകളേയും ആശ്രയിച്ച് ഉപജീവനം നടത്തുന്ന കർഷ

കരും കർഷക തൊഴിലാളികളുമാണ്. 2011 ലെ സെൻസസ് പ്രകാരം 28644 ആണ് പഞ്ചായത്തിലെ ആകെ ജനസംഖ്യ. അതിൽ 14142 പേർ പുരുഷൻമാരും 14502 പേർ സ്ത്രീകളുമാണ്. പട്ടികജാതി വിഭാഗക്കാർ താരതമ്യേന വളരെ കുറവാണ്. പട്ടികജാതി വിഭാഗ ജനസംഖ്യ ആകെയുള്ളത് 577 ആണ്. ഇത് ആകെ ജനസംഖ്യയുടെ 2 ശതമാനം മാത്രമാണ്. 290 പുരുഷൻമാരും 287 സ്ത്രീകളുമാണ് പട്ടികജാതി വിഭാഗത്തിലുള്ളത്. ജില്ലയിലെ ആകെ ജനസംഖ്യയുടെ 45 ശതമാനത്തിൽ അധികം വരുന്ന ജനവിഭാഗമാണ് പട്ടികവർഗ്ഗ  വിഭാഗം. ആകെ പട്ടികവർഗ്ഗ ജനസംഖ്യ 13103 ആണ്. ഇതിൽ 6373 പുരുഷൻമാരും 6730 സ്ത്രീകളും ഉൾപ്പെടുന്നു. ഇത് ജില്ലയിലെ മൊത്തം പട്ടികവർഗ്ഗ ജനസംഖ്യയുടെ 8.652 ശതമാനമാണ്. തിരുനെല്ലി പഞ്ചായത്തിൽ പ്രധാനമായും അധിവസിക്കുന്ന പട്ടികവർഗ്ഗ വിഭാഗങ്ങൾ അടിയാൻ, പണിയൻ, കാട്ടുനായിക്കൻ, വെട്ടക്കുറുമൻ, കുറിച്യൻ എന്നിവരാണ്.


## കുടുംബശ്രീ സ്ഥിതിവിവര കണക്ക്

തിരുനെല്ലി പഞ്ചായത്തിൽ ആകെ 307 അയൽക്കൂട്ടങ്ങളുണ്ട്. അതിൽ 87 എണ്ണം പട്ടികവർഗ്ഗ അയൽക്കൂട്ടങ്ങളാണ്. പഞ്ചായത്തിലെ ആകെ കുടുംബശ്രീ പ്രവർത്തകർ 3903 ആണ്. അതിൽ 1346 പേർ പട്ടികവർഗ്ഗ വിഭാഗത്തിൽപെട്ടവരാണ്.  ഇത് ആകെ കുടുംബശ്രീ പ്രവർത്തകരുടെ 34.48 ശതമാനമാണ്.(**അനുബന്ധം:2)**

## 2. ഇടുക്കി

കേരളത്തിലെ പട്ടിക വർഗ്ഗ ജനസംഖ്യയിൽ രണ്ടാം സ്ഥാനത്ത് നിൽക്കുന്നജില്ലയാണ് ഇടുക്കി. 2011 ലെ സെൻസസ് പ്രകാരം സംസ്ഥാനത്തെ മൊത്തം പട്ടികവർഗ്ഗ ജനസംഖ്യയുടെ 11.51 ശതമാനവും അധിവസിക്കുന്നത് ഇടുക്കി ജില്ലയിലാണ്. 2011-ലെ സെൻസസ് പ്രകാരം ഇടുക്കി ജില്ലയിലെ പട്ടികവർഗ്ഗ ജനസംഖ്യ 55815 ആണ്. ഇതിൽ 27995 പേർ പുരുഷന്മാരും 27820 പേർ സ്ത്രീകളുമാണ്. അടിമാലി, മറയൂർ പഞ്ചായത്തുകളിലാണ് ഗോത്ര വിഭാഗക്കാർ കൂടുതലായി കാണപ്പെടുന്നത്.

# അടിമാലി പഞ്ചായത്ത്





**1960** ൽ നിലവിൽ വന്ന പഴയ മന്നാംകണ്ടം പഞ്ചായത്ത് 1995 മുതലാണ് അടിമാലി പഞ്ചായത്ത് എന്ന പേരിൽ അറിയപ്പെടാൻ തുടങ്ങിയത്. ആദ്യകാലത്ത് മന്നാൻ സമുദായത്തിൽപ്പെട്ട ഗോത്രവിഭാഗങ്ങൾ ഈ പ്രദേശത്ത് താമസിച്ചിരുന്നതുകൊണ്ടാണ് മന്നാംകണ്ടം എന്ന പേര് വന്നത്. 271.53 ച.കി.മി. വിസ്തീർണ്ണമുള്ള അടിമാലി പഞ്ചായത്ത് ഭൂപ്രകൃതി കൊണ്ട്അനുഗ്രഹീതമാണ്. പഞ്ചായത്തിന്റെ മൊത്തം വിസ്തൃതിയുടെ 40 ശതമാനവും വനപ്രദേശമാണ്.

2011 ലെ സെൻസസ് പ്രകാരം ഗ്രാമപഞ്ചായത്തിലെ ആകെ ജനസംഖ്യ 40,598 ആണ്. അതിൽ 20,270 പേർ പുരുഷൻമാരും 20,328 പേർ സ്ത്രീകളുമാണ്. പഞ്ചായത്തിലെ പട്ടിക ജാതി ജനസംഖ്യ 3158 ആണ്. ഇത് മൊത്തം ജനസംഖ്യയുടെ 7.77 ശതമാനമാണ്. ജില്ലയിലെ ആകെ ജനസംഖ്യയുടെ 16.39 ശതമാനം വരുന്നതാണ് പട്ടിക വർഗ്ഗ വിഭാഗം. ആകെ പട്ടിക വർഗ്ഗ ജനസംഖ്യ 6655 ആണ്. അടിമാലി പഞ്ചായത്തിൽ പ്രധാനമായും കാണപ്പെടുന്ന പട്ടികവർഗ്ഗ വിഭാഗങ്ങൾ മന്നാൻ, മുതുവാൻ, മല അരയൻ, ഉള്ളാടൻ, ഊരാളി എന്നിവരാണ്.

## കുടുംബശ്രീ സ്ഥിതിവിവരകണക്ക്.

അടിമാലി പഞ്ചായത്തിലെ ആകെ കുടുംബശ്രീ അയൽക്കൂട്ടങ്ങൾ 458 എണ്ണമാണ്. അതിൽ 128 എണ്ണം പട്ടിക വർഗ്ഗ വിഭാഗത്തിൽപെട്ടതാണ്. പഞ്ചായത്തിലെ മൊത്തം കുടുംബശ്രീ പ്രവർത്തകർ 5836 ആണ്. അതിൽ 1280 പേർ പട്ടിക വർഗ്ഗവിഭാഗത്തിൽപ്പെട്ടവരാണ്. ആകെ കുടുംബശ്രീ പ്രവർത്തകരുടെ 21.93 ശതമാനമാണ് പട്ടികവർഗ്ഗ വിഭാഗം.(**അനുബന്ധം3**)

## മറയൂർ പഞ്ചായത്ത്




ഇടുക്കി ജില്ലയിലെ ദേവികുളം ബ്ലോക്കിൽ സ്ഥിതി ചെയ്യുന്ന മറയൂർ പഞ്ചായത്ത് 1953 ലാണ് നിലവിൽ വന്നത്. പഞ്ചായത്തിന്റെ അതിർത്തികൾ കിഴക്ക് കാന്തല്ലൂർ ഗ്രാമപഞ്ചായത്ത്, തെക്ക് കാന്തല്ലൂർ, മൂന്നാർ ഗ്രാമപഞ്ചായത്തുകൾ, വടക്ക് കോയമ്പത്തൂർ, പടിഞ്ഞാറ് മൂന്നാർ ഗ്രാമപഞ്ചായത്ത് എന്നിവയാണ്. 108.7 ച.കി.മീ. വിസ്തൃതിയിൽ വ്യാപിച്ചു കിടക്കുന്ന ഗ്രാമപഞ്ചായത്തിന്റെ 70 ശതമാനം വനപ്രദേശമാണ്.

2011 ലെ സെൻസസ് പ്രകാരം പഞ്ചായത്തിലെ ആകെ ജനസംഖ്യ 12399 ആണ്. അതിൽ 6192 പേർ പുരുഷൻമാരും, 6207 പേർ സ്ത്രീകളുമാണ്. പട്ടികജാതി ജനസംഖ്യ 3990 ആകുന്നു. ഇതിൽ 1994 പേർ പുരുഷന്മാരും 1996 പേർ സ്ത്രീകളുമാണ്. ഇത് പഞ്ചായത്തിലെ മൊത്തം ജനസംഖ്യയുടെ 32.18 ശതമാനമാണ്. ആകെ പട്ടികവർഗ്ഗ ജനസംഖ്യ 3436 ആണ്. ഇതിൽ 1753 പേർ

പുരുഷന്മാരും 1683 പേർ സ്ത്രീകളുമാണ്.ആകെ ജനസംഖ്യയുടെ 27.71 ശതമാനവും പട്ടികവർഗ്ഗ മാണ്.മറയൂർ പഞ്ചായത്തിൽ കാണപ്പെടുന്ന പ്രധാന പട്ടികവർഗ്ഗവിഭാഗങ്ങൾ ഹിൽപ്പുലയ, മുതു വാൻ എന്നിവരാണ്.


## കുടുംബശ്രീ സ്ഥിതി വിവരകണക്ക്

മറയൂർ പഞ്ചായത്തിൽ ആകെ 106 കുടുംബശ്രീ അയൽക്കൂട്ടങ്ങൾ ഉണ്ട്. അതിൽ 40 എണ്ണം പട്ടിക വർഗ്ഗ അയൽക്കൂട്ടങ്ങളാണ്. പഞ്ചായത്തിലെ ആകെ കുടുംബശ്രീ അംഗങ്ങൾ 1499 ആണ്. അതിൽ 579 പേർ പട്ടിക വർഗ്ഗ വിഭാഗത്തിൽപ്പെടുന്നവരാണ്. ആകെ കുടുംബശ്രീ അംഗങ്ങളുടെ 38.62 ശത മാനമാണ് പട്ടിക വർഗ്ഗ വിഭാഗക്കാർ. (**അനുബന്ധം4**)

## 3. പാലക്കാട്

കേരളത്തിൽ പട്ടികവർഗ്ഗക്കാർ കൂടുതലായി അധിവസിക്കുന്ന ജില്ലയാണ് പാലക്കാട്. സംസ്ഥാനത്തെ മൊത്തം പട്ടിക വർഗ്ഗക്കാരിൽ 10.1 ശതമാനവും അധിവസിക്കുന്നത് പാലക്കാട് ജില്ലയിലാണ്. പ്രത്യേക ദുർബല ഗോത്ര വിഭാഗങ്ങളിൽ ഉൾപ്പെടുന്ന കുറുമ്പർ, കാടർ എന്നീ സമു ദായങ്ങളെ പഠനത്തിന്റെ ഭാഗമാക്കുന്നതിനായി കുറുമ്പർ കൂടുതലായി അധിവസിക്കുന്ന പുതൂർ പഞ്ചായത്തും കാടർ അധിവസിക്കുന്ന മുതലമട പഞ്ചായത്തും പഠനത്തിനായി തെരെഞ്ഞെടുത്തു. 2011-ലെ സെൻസസ് പ്രകാരം 48972 ആണ് പാലക്കാട് ജില്ലയിലെ പട്ടികവർഗ്ഗ ജനസംഖ്യ. ഇതിൽ 24314 പേർ പുരുഷന്മാരും 24658 പേർ സ്ത്രീകളുമാണ്.

## മുതലമട പഞ്ചായത്ത്




പാലക്കാട് ജില്ലയിൽ ചിറ്റൂർ താലൂക്കിൽ കൊല്ലങ്കോട് ബ്ലോക്കിലാണ് മുതലമട ഗ്രാമപഞ്ചായത്ത് സ്ഥിതി ചെയ്യുന്നത്. കിഴക്ക് തമിഴ്നാട്, പടിഞ്ഞാറ് കൊല്ലങ്കോട്, വടവന്നൂർ ഗ്രാമപഞ്ചായത്തുകൾ, തെക്ക് തൃശ്ശൂർ ജില്ല, വടക്ക് പട്ടഞ്ചേരി, വടവന്നൂർ ഗ്രാമപഞ്ചായത്തുകൾ എന്നിവയാണ് മുതലമട പഞ്ചായത്തിന്റെ അതിരുകൾ.


2011- ലെ സെൻസസ് പ്രകാരം 37,060 ആണ് മുതലമട പഞ്ചായത്തിലെ ആകെ ജനസംഖ്യ. അതിൽ 18,401 പേർ പുരുഷൻമാരും 18,659 പേർ സ്ത്രീകളുമാണ്. പട്ടികജാതിക്കാരുടെ മൊത്തം അംഗസംഖ്യ 6428 ആണ്. അതിൽ 3100 പേർപുരുഷൻമാരും 3328 പേർ സ്ത്രീകളുമാണ്. പഞ്ചായത്തിലെ മൊത്തം പട്ടികവർഗ്ഗ, ജനസംഖ്യ 4167 ആണ്. അതിൽ 2382 പേർ സ്ത്രീകളും 2385 പേർ പുരുഷന്മാരുമാണ്. മുതലമട പഞ്ചായത്തിൽ പ്രധാനമായും കാണപ്പെടുന്ന ഗോത്ര വർഗ്ഗങ്ങൾ മലസർ, ഇരവാലൻ, കാടർ എന്നിവരാണ്.

## കുടുംബശ്രീ സ്ഥിതി വിവര കണക്ക്

മുതലമട പഞ്ചായത്തിലെ ആകെ അയൽക്കൂട്ടങ്ങൾ 307 എണ്ണമാണ്. അതിൽ 43 എണ്ണം പട്ടികവർഗ്ഗ അയൽക്കൂട്ടങ്ങളാണ്. പഞ്ചായത്തിൽ ആകെ 4236 കുടുംബശ്രീ പ്രവർത്തകരുണ്ട്.

അതിൽ 595 പേർ പട്ടികവർഗ്ഗത്തിൽപ്പെട്ടവരാണ്. ഇത് മൊത്തം അംഗങ്ങളുടെ 14.04ശതമാനമാണ്.(**അനുബന്ധം5**)

## പുതൂർ പഞ്ചായത്ത്




പാലക്കാട് ജില്ലയിലെ മണ്ണാർക്കാട് താലൂക്കിൽ സ്ഥിതി ചെയ്യുന്ന പുതൂർ പഞ്ചായത്ത് 1968 ലാണ് രൂപം കൊണ്ടത്. 413.47 ച.കി.മീറ്ററിൽ സ്ഥിതി ചെയ്യുന്ന പുതൂർ പഞ്ചായത്തിലെ ജനസംഖ്യയിൽ ഭൂരിഭാഗവും പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട കുറുമ്പ ഗോത്രവർഗ്ഗക്കാരാണ്. പരമ്പരാഗത കൃഷി രീതിയെ ആശ്രയിച്ച് ഉപജീവനം നടത്തുന്ന കർഷകരും കർഷക തൊഴിലാളികളുമാണ് ജനസംഖ്യയിൽ ഭൂരി പക്ഷവും.

2011 ലെ സെൻസസ് പ്രകാരം 12170 ആണ് പഞ്ചായത്തിലെ ആകെ ജനസംഖ്യ. അതിൽ 6063പേർ പുരുഷൻമാരുമാരും 6107 പേർ സ്ത്രീകളും ആണ്. 2011-ലെ സെൻസസ് പ്രകാരം പട്ടികജാതി ജനസംഖ്യ 558 ആണ്. അതിൽ 279 സ്ത്രീകളും 279 പേർ പുരുഷൻമാരുമാണ്. എന്നാൽ പഞ്ചായത്തിലെ ഭൂരിപക്ഷം വരുന്ന പട്ടികവർഗ്ഗത്തിന്റെ ആകെ അംഗസംഖ്യ 8131ആണ്. അതിൽ 4028സ്ത്രീകളും 4103പുരുഷൻമാരും ഉൾപ്പെടുന്നു. ഇരുളർ, മുഡുഗർ, കുറുമ്പർ തുടങ്ങിയ ഗോത്ര വിഭാഗങ്ങളാണ് പഞ്ചായത്തിൽ പ്രധാനമായും അധിവസിച്ചു വരുന്നത്.

## കുടുംബശ്രീ സ്ഥിതി വിവര കണക്ക്

പുതൂർ പഞ്ചായത്തിലെ കുടുംബശ്രീ അയൽക്കൂട്ടങ്ങൾ 58 എണ്ണമാണ്. അതിൽ 24 എണ്ണം പട്ടികവർഗ്ഗ അയൽക്കൂട്ടങ്ങളാണ്. പഞ്ചായത്തിലെ ആകെ കുടുംബശ്രീ പ്രവർത്തകർ 655 ആണ്. അതിൽ 281 പേർ പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവരാണ്. ഇത് മൊത്തം അംഗങ്ങളുടെ 42.9 ശതമാനമാണ്.(**അനുബന്ധം6**)

വയനാട്, ഇടുക്കി, പാലക്കാട് ജില്ലകളിൽ നിന്നും പട്ടികവർഗ്ഗ ജനസംഖ്യയുടെ അടിസ്ഥാനത്തിൽ തെരഞ്ഞെടുക്കപ്പെട്ട പഞ്ചായത്തുകളാണ് തിരുനെല്ലി, പനമരം, അടിമാലി, മറയൂർ, പുതൂർ, മുതലമട എന്നിവ ഓരോ പഞ്ചായത്തിൽ നിന്നും അമ്പത് വീതം ഗോത്രവർഗ്ഗ വനിതകളെ തെരഞ്ഞെടുത്തു. ആറ് പഞ്ചായത്തുകളിൽ നിന്നുമായി 19 പട്ടിക വർഗ്ഗ സമുദായങ്ങളിൽപ്പെട്ട 300 വനിതകളെയാണ് പഠനത്തിനായി തെരഞ്ഞെടുത്തത്.

## രീതിശാസ്ത്രം

ഗോത്രവിഭാഗങ്ങൾക്കിടയിൽ കുടുംബശ്രീയുടെ കാര്യക്ഷമത മനസ്സിലാക്കുന്നതിനായി 2018 നവംബർ അവസാന വാരം മുതൽ 2019 മാർച്ച് മാസം വരെയുള്ള കാലയളവിലാണ് പഠനത്തിന്റെ ഫീൽഡ് വർക്ക് പൂർത്തിയാക്കിയത്. ഗോത്രസ്ത്രീകളുടെ സാമ്പത്തിക, രാഷ്ട്രീയ, സാമൂഹിക ശാക്തീകരണം, കുടുംബശ്രീ പ്രവർത്തനങ്ങളിൽ നേരിടുന്ന വെല്ലുവിളികൾ എന്നിവയെ അടിസ്ഥാനമാക്കി ഒരു സർവ്വേ ഷെഡ്യൂൾ തയ്യാറാക്കുകയും, അതിന്റെ അടിസ്ഥാനത്തിൽ വിവരങ്ങൾ ശേഖരിക്കുകയും ചെയ്തു. വയനാട് ജില്ലയിലെ, പനമരം പഞ്ചായത്തിൽ അമ്മാനി പണിയ സങ്കേതത്തിൽ പ്രാഥമിക പഠനം നടത്തുകയും തുടർന്ന് മറ്റ് പഞ്ചായത്തുകളിൽ പഠനം പൂർത്തിയാക്കുകയും ചെയ്തു. ഫീൽഡ് സർവ്വെയുടെ ഭാഗമായി അയൽക്കൂട്ടങ്ങൾ സന്ദർശിക്കുകയും അയൽക്കൂട്ട പ്രവർത്തനങ്ങൾ നേരിൽ കാണുകയും ചെയ്തിട്ടുണ്ട്. ഓരോ പഞ്ചായത്തിലേയും വിവിധ സങ്കേതങ്ങൾ സന്ദർശിച്ചാണ് പഠനത്തിന് ആവശ്യമായ വിവരങ്ങൾ ശേഖരിച്ചിട്ടുള്ളത്. അഭിമുഖങ്ങൾ, കേസ് സ്റ്റഡി,പങ്കാളിത്ത നിരീക്ഷണം, സർവ്വേ, ഗ്രൂപ്പ് ചർച്ച എന്നിവയിലൂടെയാണ് പഠനത്തിന് ആവശ്യമായ വിവര ശേഖരണം നടത്തിയത്.

2019 ഫെബ്രുവരി 4,5 തീയതികളിൽ കിർടാഡ്സിൽ സംഘടിപ്പിച്ച ശില്പശാലയിൽ കുടുംബശ്രീ പ്രവർത്തകരായ 47 പട്ടികവർഗ്ഗ വനിതകൾ പങ്കെടുത്തു. അവരുമായി നടത്തിയ ഗ്രൂപ്പ് ചർച്ചയിലെ വിവരങ്ങൾ, അഭിമുഖങ്ങൾ എന്നിവയും ഈ പഠനത്തിനായി ഉപയോഗിച്ചിട്ടുണ്ട്.

## പ്രാഥമിക സ്രോതസ്സുകൾ

- ഫീൽഡ് വർക്ക്
- സർവ്വേ
- അഭിമുഖങ്ങൾ
- കേസ്സ്റ്റഡി
- ഗ്രൂപ്പ് ചർച്ച

## ദ്വിതീയ സ്രോതസ്സുകൾ

- പുസ്തകങ്ങൾ
- ജേർണലുകൾ
- സെൻസസ് റിപ്പോർട്ടുകൾ

## സാമ്പിൾ

പഠനത്തിനായി തിരഞ്ഞെടുത്ത ആറ് പഞ്ചായത്തുകളിൽ, ഓരോ പഞ്ചായത്തിൽ നിന്നും അമ്പത് വീതം കുടുംബശ്രീ പ്രവർത്തകരായ ഗോത്രസ്ത്രീകളെ തിരഞ്ഞെടുത്തു. കേരളത്തിലെ 37 പട്ടിക വർഗ്ഗ വിഭാഗങ്ങളിൽ 19 സമുദായങ്ങളും ഈ പ്രദേശങ്ങളിൽ അധിവസിക്കുന്നവരാണ്. ആറ് പഞ്ചായത്തുകളിൽ നിന്നുമായി മൊത്തം 300 പേരാണ് പഠനത്തിന്റെ സാമ്പിൾ. കേരള ത്തിലെ ഗോത്രവനിതകളുടെ കൃത്യമായ പ്രാതിനിധ്യം കിട്ടിയതു കൊണ്ട് തന്നെ കുടുബശ്രീയുടെ കാര്യക്ഷമത ഗോത്രവർഗ്ഗങ്ങൾക്കിടയിൽ എത്രത്തോളം ഫലപ്രദമായി നടക്കുന്നുണ്ടെന്ന കൃത്യ മായ വിവരം ലഭ്യമാക്കാൻ കഴിഞ്ഞിട്ടുണ്ട്.

### പട്ടിക 1.1 ആറ് പഞ്ചായത്തുകളിൽ നിന്നും തിരഞ്ഞെടുക്കപ്പെട്ട പട്ടികവർഗ്ഗ സമുദായ ങ്ങളും സാമ്പിളും.

| ജില്ല | പഞ്ചായത്ത് | സമുദായം | അംഗങ്ങൾ | ആകെ |
|---|---|---|---|---|
| വയനാട് | തിരുനെല്ലി | അടിയാൻ | 19 | 50 |
| | | കാട്ടുനായിക്കൻ | 13 | |
| | | കുറിച്യൻ | 6 | |
| | | പണിയൻ | 7 | |
| | | വെട്ടക്കുറുമൻ | 5 | |
| | പനമരം | അടിയാൻ | 8 | 50 |
| | | കാട്ടുനായിക്കൻ | 4 | |
| | | കുറിച്യൻ | 10 | |
| | | കുറിച്യൻ കൺവെർട്ടഡ് | 2 | |
| | | മുള്ളുക്കുറുമൻ | 2 | |
| | | പണിയൻ | 21 | |
| | | വെട്ടക്കുറുമൻ | 3 | |
| ഇടുക്കി | അടിമാലി | മല അരയൻ | 5 | 50 |
| | | മന്നാൻ | 20 | |
| | | മുതുവാൻ | 15 | |
| | | ഉള്ളാടൻ | 5 | |
| | | ഊരാളി | 5 | |
| | മറയൂർ | മുതുവാൻ | 25 | 50 |

| | | | | |
|---|---|---|---|---|
| | | ഹിൽപുലയ | 25 | |
| പാലക്കാട് | പൂതൂർ | കുറുമ്പർ | 15 | 50 |
| | | ഇരുളർ | 30 | |
| | | മുഡുഗർ | 5 | |
| | മുതലമട | ഇരവാലൻ | 20 | 50 |
| | | മലസർ | 15 | |
| | | കാടർ | 15 | |
| ആകെ | | | 300 | 300 |

## പഠനത്തിന്റെ ക്രമീകരണം

ആറ് അദ്ധ്യായങ്ങളിലായാണ് പഠനം ക്രമീകരിച്ചിരിക്കുന്നത്.

- ഒന്നാം അധ്യായം : കുടുംബശ്രീ ഘടന, രീതിശാസ്ത്രം
- രണ്ടാം അധ്യായം : ഗോത്രസ്ത്രീകളുടെ സാമ്പത്തിക ശാക്തീകരണം.
- മൂന്നാം അധ്യായം : ഗോത്രവനിതകളുടെ സാമൂഹിക, രാഷ്ട്രീയ ശാക്തീകരണം.
- നാലാം അധ്യായം: പട്ടികവർഗ്ഗവനിതകൾ കുടുംബശ്രീ പ്രവർത്തനത്തിലൂടെ കൈവരിച്ചിട്ടുള്ള മാറ്റങ്ങൾ
- അഞ്ചാം അധ്യായം : കുടുംബശ്രീ പ്രവർത്തനങ്ങളിലൂടെ ഗോത്രസ്ത്രീകളുടെ പദവിയിൽ വന്നിട്ടുള്ള മാറ്റങ്ങൾ.
- ആറാം അധ്യായം : ഉപസംഹാരം, കണ്ടെത്തലുകൾ, നിർദ്ദേശങ്ങൾ.

ഒന്നാം അദ്ധ്യായത്തിൽ പഠനത്തിന്റെ ലക്ഷ്യങ്ങൾ, പഠനമേഖല, പഠന വിധേയമാക്കിയ സമുദായങ്ങൾ, രീതിശാസ്ത്രം, പഠനത്തിന്റെ പ്രാധാന്യം എന്നിവയെക്കുറിച്ച് പ്രതിപാദിക്കുന്നു.

പഠനത്തിൽ പങ്കെടുത്ത അംഗങ്ങളുടെ അടിസ്ഥാന വിവരങ്ങൾ, കുടുംബശ്രീ പങ്കാളിത്തം തുടങ്ങിയ വിശദാംശങ്ങളാണ് രണ്ടാം അദ്ധ്യായത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. ഗോത്രസ്ത്രീകൾ കുടുംബശ്രീയിലൂടെ സാമ്പത്തിക ശാക്തീകരണം കൈവരിച്ചിട്ടുണ്ടോയെന്നുള്ള പരിശോധനയാണ് മൂന്നാം അദ്ധ്യായത്തിൽ ചർച്ച ചെയ്തിട്ടുള്ളത്. പട്ടികവർഗ്ഗസ്ത്രീകളുടെ രാഷ്ട്രീയ, സാമൂഹിക ശാക്തീകരണത്തിന്റെ വിശദാംശങ്ങളാണ് നാലാം അദ്ധ്യായത്തിന്റെ പ്രതിപാദ്യ വിഷയം. അഞ്ചാം അദ്ധ്യായത്തിൽ വിശദമാക്കുന്നത് ഗോത്രസ്ത്രീകളുടെ പദവിയിൽ വന്നിട്ടുള്ള മാറ്റങ്ങളാണ്. കുടുംബശ്രീ പ്രവർത്തനത്തിൽ ഗോത്രസ്ത്രീകൾ നേരിടുന്ന പ്രശ്നങ്ങളും വെല്ലുവിളികളും, പഠനസംഗ്രഹം, നിർദ്ദേശങ്ങൾ എന്നിവയാണ് അവസാന അദ്ധ്യായത്തിൽ പ്രതിപാദിക്കുന്നത്.

# അദ്ധ്യായം 2

## പഠനത്തിൽ പങ്കെടുത്ത അംഗങ്ങളുടെ അടിസ്ഥാന വിവരങ്ങളും കുടുംബശ്രീ പങ്കാളിത്തവും

പട്ടികവർഗ്ഗസ്ത്രീകളുടെ കുടുംബശ്രീ പങ്കാളിത്തത്തെപ്പറ്റി മനസ്സിലാക്കാനായി പഠനം നടത്തിയ ഗോത്രസ്ത്രീകളുടെ അടിസ്ഥാന വിവരങ്ങളാണ് ഈ അദ്ധ്യായത്തിൽ വിശദമാക്കുന്നത്. ആറു പഞ്ചായത്തുകളിലെ മുന്നൂറ് ഗോത്രവനിതകളുടെ പ്രായം, വിദ്യാഭ്യാസ നിലവാരം, മുഖ്യ തൊഴിൽ, ഉപതൊഴിൽ തുടങ്ങിയ അടിസ്ഥാന വിവരങ്ങളും അവരുടെ കുടുംബശ്രീ പ്രവർത്തനവും പങ്കാളിത്തവും ഈ അദ്ധ്യായത്തിൽ പരിശോധിക്കുന്നുണ്ട്.

### പനമരം പഞ്ചായത്ത്

**പട്ടിക 2.1 പ്രായം**

| വയസ്സ് | എണ്ണം | ശതമാനം |
|---|---|---|
| 25വയസ്സിന് താഴെ | 3 | 6 |
| 26-35 | 21 | 42 |
| 36-45 | 18 | 36 |
| 46-59 | 6 | 12 |
| 60-70 | 2 | 4 |
| ആകെ | 50 | 100 |

മേൽ പട്ടിക പ്രകാരംപനമരംപഞ്ചായത്തിൽ നിന്നും പഠനത്തിൽ പങ്കെടുത്ത 42 ശതമാനം പേരും 26-35 പ്രായ പരിധിയിൽ ഉൾപ്പെട്ടവരാണ്. 36 ശതമാനം പേർ 36-45 പ്രായ പരിധിയിൽ ഉൾപ്പെടുന്നുണ്ട്. എന്നാൽ 60-70 പ്രായ പരിധിയിൽ ഉൾപ്പെട്ടവർ 4 ശതമാനം മാത്രമാണ്. 26-45 പ്രായ പരിധിയിൽ ഉൾപ്പെടുന്ന ഗോത്രവനിതകളുടെ പങ്കാളിത്തമാണ് അയൽക്കൂട്ടങ്ങളിൽ കൂടുതലായിട്ടുള്ളത് എന്ന് അനുമാനിക്കാവുന്നതാണ്.

**പട്ടിക 2.2 മുഖ്യതൊഴിൽ**

| മുഖ്യതൊഴിൽ | എണ്ണം | ശതമാനം |
|---|---|---|
| കൃഷി | 2 | 4 |
| തൊഴിലുറപ്പ് | 5 | 10 |
| സർക്കാർ/അർദ്ധസർക്കാർ | 1 | 2 |
| പ്രൈവറ്റ് മേഖല | 1 | 2 |
| കൂലി | 28 | 56 |
| തൊഴിലില്ലാത്തവർ | 13 | 26 |
| ആകെ | 50 | 100 |

മേൽ പട്ടിക പ്രകാരം പഠനത്തിൽ പങ്കെടുത്ത 26 ശതമാനം പേരും തൊഴിൽ രഹിതരാണെന്നുള്ളത് പ്രത്യേക ശ്രദ്ധ അർഹിക്കേണ്ട കാര്യമാണ്. 56 ശതമാനം പേരുടെ മുഖ്യവരുമാന മാർഗ്ഗം കൂലിവേലയാണ്. 10 ശതമാനം പേർ തൊഴിലുറപ്പ് പ്രധാന വരുമാന മാർഗ്ഗമായി സ്വീകരിച്ചവരാണ്. 2 ശതമാനം പേർക്ക് മാത്രമാണ് സർക്കാർ/അർദ്ധസർക്കാർജോലിയുള്ളത്.

**പട്ടിക 2.3 ഉപ തൊഴിൽ**

| ഉപ തൊഴിൽ | എണ്ണം | ശതമാനം |
|---|---|---|
| തൊഴിലുറപ്പ് | 23 | 62.16 |
| ഉപ തൊഴിലില്ലാത്തവർ | 14 | 37.83 |
| ആകെ | 37 | 100 |

പട്ടിക 2.3 പ്രകാരം മുഖ്യ തൊഴിലുള്ളവരിൽ 62.17 ശതമാനം പേരും തൊഴിലുറപ്പ് ഉപതൊഴിലായി സ്വീകരിച്ചവരാണ്. എന്നാൽ ഇതിൽ 37.83 ശതമാനം പേർ ഉപതൊഴിൽ ഒന്നും തന്നെയില്ലാത്തവരാണെന്ന് പട്ടികയിൽ നിന്നും അനുമാനിക്കാവുന്നതാണ്.

**പട്ടിക 2.4 വിദ്യാഭ്യാസ നിലവാരം**

| വിദ്യാഭ്യാസ നിലവാരം | എണ്ണം | ശതമാനം |
|---|---|---|
| നിരക്ഷരർ | 6 | 12 |
| പ്രൈമറി | 10 | 20 |
| അപ്പർ പ്രൈമിറ | 12 | 24 |
| ഹൈസ്കൂൾ | 17 | 34 |
| ഹയർ സെക്കന്ററി | 3 | 6 |
| ഹയർ സെക്കന്ററി പാസ്സ് | 1 | 2 |
| ബിരുദം | 1 | 2 |
| ആകെ | 50 | 100 |

പട്ടിക 2.4 പ്രകാരംപഠനത്തിൽ പങ്കെടുത്ത 44 ശതമാനത്തോളം പേർ അപ്പർ പ്രൈമറിയോ അതിനു താഴെയോ വിദ്യാഭ്യാസം നേടിയവരാണ്. ഹയർ സെക്കന്ററി വിദ്യാഭ്യാസ യോഗ്യതയുള്ള 4 പേരും ബിരുദം യോഗ്യതയുള്ള ഒരാളും മാത്രമാണ് പഠനത്തിന്റെ ഭാഗമായിട്ടുള്ളത്.

**പട്ടിക 2.5 അയൽക്കൂട്ടത്തിലെ പദവി**

| അയൽക്കൂട്ടത്തിലെ പദവി | എണ്ണം | ശതമാനം |
|---|---|---|
| മെമ്പർ | 32 | 64 |
| സെക്രട്ടറി | 7 | 14 |
| പ്രസിഡണ്ട് | 10 | 20 |
| ആരോഗ്യ വളണ്ടിയർ | 1 | 2 |
| ആകെ | 50 | 100 |

മേൽ പട്ടിക പ്രകാരം പനമരം പഞ്ചായത്തിൽ നിന്നും പഠനത്തിൽ പങ്കെടുത്ത 64 ശതമാനം പേരും അയൽകൂട്ടത്തിലെ  അംഗങ്ങൾ മാത്രമാണ്. എന്നാൽ 20 ശതമാനം പേർ അയൽക്കൂട്ട പ്രസിഡണ്ടുമാരായും 14 ശതമാനം പേർ അയൽക്കൂട്ട സെക്രട്ടറിമാരായും നേതൃ സ്ഥാനങ്ങളിൽ എത്തിയിട്ടുണ്ട്. പഠനത്തിന്റെ ഭാഗമായ ഒരാൾ ആരോഗ്യ വോളണ്ടിയറായും പ്രവർത്തിക്കുന്നുണ്ട്. കൂടാതെ പഠനത്തിൽ പങ്കെടുത്ത ഒരു അംഗം ഏരിയാ ഡെവലപ്മെന്റ് സൊസൈറ്റിയിലും മറ്റൊരു അംഗം കമ്മ്യൂണിറ്റി ഡെവലപ്മെന്റ് സൊസൈറ്റിയിലും പ്രവർത്തിക്കുന്നുണ്ട്.

## തിരുനെല്ലി പഞ്ചായത്ത്

**പട്ടിക 2.6** പ്രായം

| വയസ്സ് | എണ്ണം | ശതമാനം |
|---|---|---|
| 15-25 | 11 | 22 |
| 26-35 | 12 | 24 |
| 36-45 | 17 | 34 |
| 46-59 | 6 | 12 |
| 60-70 | 4 | 8 |
| ആകെ | 50 | 100 |

മേൽ പട്ടികപ്രകാരംതിരുനെല്ലി പഞ്ചായത്തിൽ നിന്നും പഠനത്തിൽ പങ്കെടുത്ത 34 ശത മാനം പേരും 36-45 പ്രായ പരിധിയിൽ  ഉൾപ്പെടുന്നവരാണ്. 24 ശതമാനം പേർ 26-35 പ്രായ പരി ധിയിൽ ഉൾപ്പെടുന്നുണ്ട്. എന്നാൽ 60-70 പ്രായ പരിധിയിൽ ഉൾപ്പെട്ടവർ 8 ശതമാനം മാത്രമാണ്. 18-45 പ്രായ പരിധിയിൽ ഉൾപ്പെടുന്ന ഗോത്രവനിതകളുടെ പങ്കാളിത്തമാണ് അയൽക്കൂട്ടങ്ങളിൽ കൂടുതലായിട്ടുള്ളത് എന്ന് അനുമാനിക്കാവുന്നതാണ്.

### പട്ടിക 2.7 മുഖ്യതൊഴിൽ

| മുഖ്യതൊഴിൽ | എണ്ണം | ശത മാനം |
|---|---|---|
| കൃഷി | 3 | 6 |
| മൃഗപരിപാലനം | 6 | 12 |
| പാരമ്പര്യ തൊഴിൽ | 1 | 2 |
| കാർഷികേതര തൊഴിൽ | 1 | 2 |
| തൊഴിലുറപ്പ് | 14 | 28 |
| തോട്ടം തൊഴിലാളികൾ | 2 | 4 |
| സർക്കാർ/ അർദ്ധസർക്കാർ | 2 | 4 |
| കൂലി | 10 | 20 |
| തൊഴിലില്ലാത്തവർ | 11 | 22 |
| ആകെ | 50 | 100 |

മേൽ പട്ടിക പ്രകാരം പഠനത്തിൽ പങ്കെടുത്ത 22 ശതമാനം പേർ തൊഴിൽ രഹിതരാണ് എന്നാൽ 28 ശതമാനം പേർ തൊഴിലുറപ്പ് പ്രധാന വരുമാന മാർഗ്ഗമായി സ്വീകരിച്ചവരാണ്. 4 ശത മാനം (2പേർ) പേർക്ക് മാത്രമാണ് സർക്കാർ ജോലിയുള്ളത്. അതിൽ ഒരാൾ ഗവ.ഹോസ്റ്റലിലെ പാചക തൊഴിലാളിയും മറ്റൊരാൾ അംഗനവാടി ടീച്ചറുമാണ്. പട്ടികയിലെ ഭൂരിഭാഗം പേരും കൃഷിയും, മൃഗപരിപാലനവും, കൂലി വേലയും മുഖ്യ തൊഴിലാക്കിയവരാണ്.

**പട്ടിക 2.8 ഉപ തൊഴിൽ**

| ഉപ തൊഴിൽ | എണ്ണം | ശതമാനം |
|---|---|---|
| കൃഷി | 2 | 5.12 |
| മൃഗപരിപാലനം | 2 | 5.12 |
| തൊഴിലുറപ്പ് | 12 | 30.76 |
| വന ജോലി | 1 | 2.56 |
| ഉപ തൊഴിലില്ലാത്തവർ | 22 | 56.41 |
| ആകെ | 39 | 100 |

പട്ടിക 2.8 പ്രകാരം 56.41 ശതമാനം പേരും ഉപതൊഴിൽ ഒന്നും തന്നെയില്ലാത്തവരാണ്. എന്നാൽ 30.76 ശതമാനം പേർ മുഖ്യതൊഴിലില്ലാത്തപ്പോൾ തൊഴിലുറപ്പിന് പോകുന്നവരാണ്. പഠനത്തിൽ പങ്കെടുത്ത ഭൂരിഭാഗം പേരും മുഖ്യമായും തൊഴിലുറപ്പിനെ ആശ്രയിച്ച് ജീവിക്കുന്നവരാണെന്ന് മേൽ പട്ടികകളിൽ നിന്നും മനസ്സിലാക്കാവുന്നതാണ്.

**പട്ടിക 2.9 വിദ്യാഭ്യാസ നിലവാരം**

| വിദ്യാഭ്യാസ നിലവാരം | എണ്ണം | ശതമാനം |
|---|---|---|
| നിരക്ഷരർ | 14 | 28 |
| പ്രൈമറി | 14 | 28 |
| അപ്പർ പ്രൈമിറ | 5 | 10 |
| ഹൈസ്കൂൾ | 13 | 26 |
| ഹൈസ്കൂൾ പാസ് | 4 | 8 |
| ആകെ | 50 | 100 |

മേൽ പട്ടിക പ്രകാരംപഠനത്തിൽ പങ്കെടുത്ത 28 ശതമാനം പേരും നിരക്ഷരരാണെന്നതാണ്. 28 ശതമാനം പേർ പ്രൈമറി വിദ്യാഭ്യാസം മാത്രം ലഭിച്ചവരാണ്. ഹൈസ്കൂൾ വിദ്യാഭ്യാസം പൂർത്തി യാക്കിയത് വെറും 8 ശതമാനം മാത്രമാണ്. വിദ്യാഭ്യാസപരമായ പിന്നോക്കാവസ്ഥ പട്ടിക വർഗ്ഗ ക്കാരുടെ ഇടയിൽ രൂക്ഷമാണെന്ന് മേൽ പട്ടികയിൽ നിന്നും അനുമാനിക്കാവുന്നതാണ്.

**പട്ടിക 2.10 അയൽക്കൂട്ടത്തിലെ പദവി**

| അയൽക്കൂട്ടത്തിലെ പദവി | എണ്ണം | ശതമാനം |
|---|---|---|
| മെമ്പർ | 38 | 76 |
| സെക്രട്ടറി | 8 | 16 |
| പ്രസിഡണ്ട് | 4 | 8 |
| ആകെ | 50 | 100 |

മേൽ പട്ടിക പ്രകാരം തിരുനെല്ലി പഞ്ചായത്തിൽ നിന്നും പഠനത്തിൽ പങ്കെടുത്ത 76 ശതമാനം പേരും അയൽക്കൂട്ടത്തിലെ അംഗങ്ങൾ മാത്രമാണ്. 16 ശതമാനം പേർ അയൽക്കൂട്ടത്തിന്റെ സെക്രട്ടറിമാരായും 8 ശതമാനം പേർ പ്രസിഡണ്ടുമാരായും പ്രവർത്തിക്കുന്നവരാണ്. നിലവിൽ ഏരിയ ഡെവലപ്മെന്റ് സൊസൈറ്റിയിൽ ആംഗങ്ങളായി 6 (12%) പേർ മാത്രമാണുള്ളത്. ഇതിൽ 4 പേർ മെമ്പർ പദവിയിലും ഒരാൾ സെക്രട്ടറിയായും മറ്റൊരാൾ പ്രസിഡണ്ട് പദവിയിലും പ്രവർത്തിക്കുന്നുണ്ട്.കൂടാതെ പഠനത്തിന്റെ ഭാഗമായ 8 ശതമാനം പേർ കമ്മ്യൂണിറ്റി ഡെവലപ്മെന്റ് സൊസൈറ്റിയിൽ അംഗങ്ങളാണ്.

## അടിമാലി പഞ്ചായത്ത്

**പട്ടിക 2.11** പ്രായം

| വയസ്സ് | എണ്ണം | ശതമാനം |
|---|---|---|
| 15-25 | 4 | 8 |
| 26-35 | 16 | 32 |
| 36-45 | 12 | 24 |
| 46-59 | 11 | 22 |
| 60-70 | 7 | 14 |
| ആകെ | 50 | 100 |

പട്ടിക 2.11 പ്രകാരം അടിമാലി പഞ്ചായത്തിൽ നിന്നും പഠനത്തിൽ പങ്കെടുത്ത 32 ശതമാനം പേരും 26-35 പ്രായ പരിധിയിൽ ഉൾപ്പെടുന്നവരാണ്. 24 ശതമാനം പേർ 36-45 പ്രായ പരിധിയിൽ ഉൾപ്പെ

ടുന്നുണ്ട്. 26-59 പ്രായ പരിധിയിൽ ഉൾപ്പെടുന്ന ഗോത്ര വനിതകളുടെ പങ്കാളിത്തമാണ് അയൽക്കൂട്ടങ്ങളിൽ കൂടുതലായിട്ടുള്ളത് എന്ന് അനുമാനിക്കാവുന്നതാണ്.

**പട്ടിക 2.12 മുഖ്യതൊഴിൽ**

| മുഖ്യ തൊഴിൽ | എണ്ണം | ശതമാനം |
|---|---|---|
| കൃഷി | 6 | 12 |
| വനവിഭവ ശേഖരണം | 2 | 4 |
| അദ്ധ്യാപകർ | 3 | 6 |
| ചെറു കച്ചവടം | 1 | 2 |
| വന ജോലികൾ | 1 | 2 |
| തൊഴിലുറപ്പ് | 13 | 26 |
| സ്വയംതൊഴിൽ | 1 | 2 |
| തയ്യൽ | 1 | 2 |
| സർക്കാർ/ അർദ്ധ സർക്കാർ | 2 | 4 |
| കൂലി | 9 | 18 |
| സ്വകാര്യ മേഖലയിലെ ജോലികൾ | 1 | 2 |
| തൊഴിലില്ലാത്തവർ | 10 | 20 |
| ആകെ | 50 | 100 |

മേൽ പട്ടിക പ്രകാരം പഠനത്തിൽ പങ്കെടുത്ത 20 ശതമാനം പേർ തൊഴിൽ രഹിതരാണ്. എന്നാൽ 26 ശതമാനം പേർ തൊഴിലുറപ്പ് പ്രധാന വരുമാന മാർഗ്ഗമായി സ്വീകരിച്ചവരാണ്. 4 ശതമാനം പേർക്ക് മാത്രമാണ് സർക്കാർ ജോലിയുള്ളത്. 18 ശതമാനം പേർ കൂലി വേല ചെയ്യുന്നവരാണ്.

**പട്ടിക 2.13 ഉപ തൊഴിൽ**

| ഉപ തൊഴിൽ | എണ്ണം | ശതമാനം |
|---|---|---|
| തൊഴിലുറപ്പ് | 16 | 40 |
| കൂലി | 4 | 10 |
| ഉപ തൊഴിൽ ഇല്ലാത്തവർ | 20 | 50 |
| ആകെ | 40 | 100 |

പട്ടിക പ്രകാരം മുഖ്യ തൊഴിലുള്ളവരിൽ 50 ശതമാനം പേരും ഉപതൊഴിൽ ഒന്നും തന്നെയില്ലാത്തവരാണ്. എന്നാൽ 40 ശതമാനം പേർ മുഖ്യതൊഴിലില്ലാത്തപ്പോൾ തൊഴിലുറപ്പിന് പോകുന്നവരാണ്. 10 ശതമാനം പേർ കൂലിവേല ഉപതൊഴിലായി സ്വീകരിച്ചവരാണ്.

**പട്ടിക 2.14 വിദ്യാഭ്യാസ നിലവാരം**

| വിദ്യാഭ്യാസ നിലവാരം | എണ്ണം | ശതമാനം |
|---|---|---|
| നിരക്ഷരർ | 9 | 18 |
| പ്രൈമറി | 10 | 20 |
| അപ്പർ പ്രൈമിറ | 9 | 18 |
| ഹൈസ്കൂൾ | 12 | 24 |
| ഹൈസ്കൂൾ പാസ്സ് | 4 | 8 |
| ഹയർ സെക്കന്ററി | 4 | 8 |
| ഹയർ സെക്കന്ററി പാസ്സ് | 1 | 2 |
| ബിരുദം | 1 | 2 |
| ആകെ | 50 | 100 |

മുകളിൽ കൊടുത്തിരിക്കുന്നപട്ടിക പ്രകാരം അടിമാലി പഞ്ചായത്തിൽ നിന്നും പഠനത്തിൽ പങ്കെടുത്ത 18 ശതമാനം പേർ നിരക്ഷരരാണ്. 24 ശതമാനം പേർ ഹൈസ്ക്കൂൾ തലം വരെ പഠിച്ച വരും 18 ശതമാനം പേർ അപ്പർ പ്രൈമറി തലം വരെ പഠിച്ചവരുമാണ്. കൂടാതെ സാങ്കേതിക വിദ്യാ ഭ്യാസം ലഭിച്ച 6 അംഗങ്ങളുണ്ട്. ഇതിൽ 3 പേർ തയ്യൽപരിശീലന കോഴ്സ് പൂർത്തിയാക്കിയവരാ ണ്. നേഴ്സിംഗ്, ടീച്ചേഴ്സ് ട്രെയിനിംഗ് കോഴ്സ്, ഹോട്ടൽ മാനേജ്മെന്റ് തുടങ്ങിയ കോഴ്സുകൾ പൂർത്തിയാക്കിയ 3 പേർ വീതവും പഠനത്തിന്റെ ഭാഗമായിട്ടുണ്ട്.

**പട്ടിക 2.15 അയൽക്കൂട്ടത്തിലെ പദവി**

| അയൽക്കൂട്ടത്തിലെ പദവി | എണ്ണം | ശതമാനം |
|---|---|---|
| മെമ്പർ | 33 | 66 |
| സെക്രട്ടറി | 11 | 22 |
| പ്രസിഡണ്ട് | 6 | 12 |
| ആകെ | 50 | 100 |

പട്ടിക 2.15 പ്രകാരം അടിമാലി പഞ്ചായത്തിൽ നിന്നും പഠനത്തിന്റെ ഭാഗമായ 66 ശതമാനം പേരും അയൽക്കൂട്ടത്തിലെ അംഗങ്ങൾ മാത്രമാണ്. എന്നാൽ 22 ശതമാനം പേർ അയൽക്കൂട്ട സെക്രട്ടറിമാരായും 12 ശതമാനം പേർ അയൽക്കൂട്ട പ്രസിഡണ്ടുമാരായും പ്രവർത്തിക്കുന്നുണ്ട്.

കൂടാതെ എ.ഡി.എസ് ൽ അംഗങ്ങളായ 5 പേരുണ്ട്. അതിൽ ഒരു അംഗം എ.ഡി.എസ് സെക്രട്ട റിയായും മറ്റൊരു അംഗം എ.ഡി.എസ് പ്രസിഡണ്ടായും പ്രവർത്തിക്കുന്നുണ്ട്.

## മറയൂർ പഞ്ചായത്ത്

**പട്ടിക 2.16 പ്രായം**

| വയസ്സ് | എണ്ണം | ശതമാനം |
|---|---|---|
| 15-25 | 6 | 12 |
| 26-35 | 14 | 28 |
| 36-45 | 17 | 34 |
| 46-59 | 11 | 22 |
| 60-70 | 2 | 4 |
| ആകെ | 50 | 100 |

മേൽ പട്ടിക 2.16 പ്രകാരംമറയൂർ പഞ്ചായത്തിൽ നിന്നും പഠനത്തിൽ പങ്കെടുത്ത 34 ശത മാനം പേരും 36-45 പ്രായപരിധിയിൽ ഉൾപ്പെടുന്നവരാണ്. 28 ശതമാനം പേർ 26-35 പ്രായ പരിധി യിൽ ഉൾപ്പെടുന്നുണ്ട്.എന്നാൽ 60-70 പ്രായപരിധിയിൽ ഉൾപ്പെട്ടവർ 4 ശതമാനം മാത്രമാണ്. 18-59 പ്രായപരിധിയിൽ ഉൾപ്പെടുന്ന ഗോത്ര വനിതകളുടെ പങ്കാളിത്തമാണ് അയൽക്കൂട്ടങ്ങളിൽ കൂടുത ലായിട്ടുള്ളത് എന്ന് മേൽ പട്ടികയിൽ നിന്നും അനുമാനിക്കാവുന്നതാണ്.

### പട്ടിക 2.17 മുഖ്യതൊഴിൽ

| മുഖ്യ തൊഴിൽ | എണ്ണം | ശതമാനം |
|---|---|---|
| കൃഷി | 8 | 16 |
| വനവിഭവ ശേഖരണം | 1 | 2 |
| വന ജോലികൾ | 2 | 4 |
| തൊഴിലുറപ്പ് | 2 | 4 |
| സർക്കാർ/ അർദ്ധ സർക്കാർ | 2 | 4 |
| കൂലി | 35 | 70 |
| ആകെ | 50 | 100 |

മേൽ പട്ടിക പ്രകാരം മറയൂർ പഞ്ചായത്തിൽ പഠനത്തിൽ പങ്കെടുത്ത 70 ശതമാനം പേരും കൂലി വേല ചെയ്യുന്നവരാണ്. 16 ശതമാനം പേർ കൃഷി മുഖ്യ തൊഴിലായി സ്വീകരിച്ചവരാണ്. 4 ശത മാനം പേർക്ക് മാത്രമാണ് സർക്കാർ ജോലിയുള്ളത്.

**പട്ടിക 2.18 ഉപതൊഴിൽ**

| ഉപ തൊഴിൽ | എണ്ണം | ശതമാനം |
|---|---|---|
| കൃഷി | 5 | 10 |
| കൂലി | 2 | 4 |
| തൊഴിലുറപ്പ് | 33 | 66 |
| ചെറു കച്ചവടം | 1 | 2 |
| ഉപ തൊഴിൽ ഇല്ലാത്തവർ | 9 | 18 |
| ആകെ | 50 | 100 |

പട്ടിക 2.18 പ്രകാരം 66 ശതമാനം പേരും മുഖ്യ തൊഴിലില്ലാത്തപ്പോൾ തൊഴിലുറപ്പിന് പോകുന്നവരാണ്. പഠനത്തിൽ പങ്കെടുത്ത 18 ശതമാനം പേർ ഉപതൊഴിൽ ഒന്നും തന്നെയില്ലാത്ത വരാണ്. പട്ടിക വർഗ്ഗ മേഖലയിൽ തൊഴിലുറപ്പ് പദ്ധതി വളരെയധികം സ്വാധീനം ചെലുത്തിയിട്ടു ണ്ടെന്ന് മനസ്സിലാക്കാവുന്നതാണ്.

**പട്ടിക 2.19 വിദ്യാഭ്യാസ നിലവാരം**

| വിദ്യാഭ്യാസ നിലവാരം | എണ്ണം | ശതമാനം |
|---|---|---|
| നിരക്ഷരർ | 20 | 40 |
| പ്രൈമറി | 15 | 30 |
| അപ്പർ പ്രൈമിറ | 7 | 14 |
| ഹൈസ്കൂൾ | 6 | 12 |
| ഹൈസ്കൂൾ പാസ്സ് | 2 | 4 |
| ആകെ | 50 | 100 |

പട്ടിക 2.19 പ്രകാരംപഠനത്തിൽ പങ്കെടുത്ത 40 ശതമാനം പേരും നിരക്ഷരരാണ്. 26 ശത മാനം പേർ പ്രൈമറി വിദ്യാഭ്യാസം മാത്രം ലഭിച്ചവരാണ്. ഹൈസ്ക്കൂൾ വിദ്യാഭ്യാസം പൂർത്തിയാ ക്കിയത് 12 ശതമാനം മാത്രമാണ്. പട്ടിക വർഗ്ഗക്കാരുടെ വിദ്യാഭ്യാസപരമായ പിന്നോക്കാവസ്ഥ യാണ് മേൽ പട്ടികയിൽ നിന്നും പ്രകടമാകുന്നത്.

**പട്ടിക 2.20 അയൽക്കൂട്ടത്തിലെ പദവി**

| അയൽക്കൂട്ടത്തിലെ പദവി | എണ്ണം | ശതമാനം |
|---|---|---|
| മെമ്പർ | 23 | 46 |
| സെക്രട്ടറി | 13 | 26 |
| പ്രസിഡണ്ട് | 14 | 28 |
| ആകെ | 50 | 100 |

മേൽ പട്ടിക പ്രകാരം മറയൂർ പഞ്ചായത്തിൽ നിന്നും പഠനത്തിൽ പങ്കെടുത്ത 46 ശതമാനം പേരും അയൽക്കൂട്ട അംഗങ്ങൾ മാത്രമാണ്. എന്നാൽ 28 ശതമാനം പേർ അയൽക്കൂട്ടത്തിന്റെ പ്രസിഡണ്ടുമാരായും 26 ശതമാനം പേർ സെക്രട്ടറിമാരായും പ്രവർത്തിക്കുന്നവരാണ്. ഇതിൽ 12 പേർ ഏരിയ ഡവലപ്മെന്റ് സൊസൈറ്റിയിലെ അംഗങ്ങളാണ്. എ.ഡി.എസ് സെക്രട്ടറി, പ്രസിഡണ്ട് തുടങ്ങിയ നേതൃസ്ഥാനങ്ങളിലേയ്ക്ക് ആരും തന്നെ എത്തിയിട്ടില്ലായെന്ന് കാണാൻ കഴിയും. എന്നാൽ പഠനത്തിന്റെ ഭാഗമായ ഒരു അംഗം സി.ഡി.എസ് ചെയർ പേഴ്സണായി പ്രവർത്തിക്കുന്നുണ്ട്.

## മുതലമട പഞ്ചായത്ത്

**പട്ടിക 2.21** പ്രായം

| വയസ്സ് | എണ്ണം | ശതമാനം |
|---|---|---|
| 25 ന് വയസ്സിന് താഴെ | 1 | 2 |
| 26-35 | 15 | 30 |
| 36-45 | 16 | 32 |
| 46-59 | 15 | 30 |
| 60-70 | 3 | 6 |
| ആകെ | 50 | 100 |

പട്ടിക 2.21 പ്രകാരം മുതലമട പഞ്ചായത്തിൽ നിന്നും പഠനത്തിൽ പങ്കെടുത്ത 32 ശതമാനം പേരും 36-45 പ്രായ പരിധിയിൽ ഉൾപ്പെടുന്നവരാണ്. 26-35 പ്രായപരിധിയിലും 46-59 പ്രായപരിധിയിലും ഉൾപ്പെട്ട 30ശതമാനം വീതം പേർ പഠനത്തിന്റെ ഭാഗമായിട്ടുണ്ട്. എന്നാൽ 60-70 പ്രായപരിധിയിൽ ഉൾപ്പെട്ടവർ 6 ശതമാനം മാത്രമാണ്. 25-59 പ്രായ പരിധിയിൽ ഉൾപ്പെടുന്ന ഗോത്ര വനിതകളുടെ പങ്കാളിത്തമാണ് അയൽക്കൂട്ടങ്ങളിൽ കൂടുതലായിട്ടുള്ളത് എന്ന് അനുമാനിക്കാവുന്നതാണ്.

### പട്ടിക 2.22 മുഖ്യതൊഴിൽ

| മുഖ്യ തൊഴിൽ | എണ്ണം | ശതമാനം |
|---|---|---|
| കൃഷി | 1 | 2 |
| മൃഗപരിപാലനം | 2 | 4 |
| പരമ്പരാഗത തൊഴിൽ | 2 | 4 |
| വന ജോലി | 5 | 10 |
| തൊഴിലുറപ്പ് | 1 | 2 |
| തോട്ടം തൊഴിലാളി | 1 | 2 |
| സർക്കാർ/അർദ്ധ സർക്കാർ | 1 | 2 |
| കൂലി | 29 | 58 |
| സ്വയം തൊഴിൽ | 1 | 2 |
| തൊഴിൽരഹിതർ | 7 | 14 |
| ആകെ | 50 | 100 |

മേൽ പട്ടിക പ്രകാരം പഠനത്തിൽ പങ്കെടുത്ത 58 ശതമാനം പേരും കൂലിവേല ചെയ്യുന്നവരാണ്. എന്നാൽ 14 ശതമാനം പേർ തൊഴിൽരഹിതരാണ്. സർക്കാർ ജോലിയുള്ള 2 ശതമാനം പേരാണുള്ളത് എന്നും മേൽ പട്ടികയിൽ നിന്നും വ്യക്തമാണ്.

**പട്ടിക 2.23 ഉപതൊഴിൽ**

| ഉപ തൊഴിൽ | എണ്ണം | ശതമാനം |
|---|---|---|
| തൊഴിലുറപ്പ് | 19 | 44.18 |
| ഉപ തൊഴിൽ ഇല്ലാത്തവർ | 24 | 55.81 |
| ആകെ | 43 | 100 |

പട്ടിക പ്രകാരം മുഖ്യ തൊഴിലുള്ള 55.81 ശതമാനം പേരും ഉപതൊഴിൽ ഒന്നുമില്ലാത്തവരാണ്. എന്നാൽ പഠനത്തിന്റെ ഭാഗമായ 44.18 ശതമാനം പേർ തൊഴിലുറപ്പ് ഉപതൊഴിലായി സ്വീകരിച്ചവരാണ്.

**പട്ടിക 2.24 വിദ്യാഭ്യാസ നിലവാരം**

| വിദ്യാഭ്യാസ നിലവാരം | എണ്ണം | ശതമാനം |
|---|---|---|
| നിരക്ഷരർ | 28 | 56 |
| പ്രൈമറി | 6 | 12 |
| അപ്പർ പ്രൈമിറ | 3 | 6 |
| ഹൈസ്കൂൾ | 6 | 12 |
| ഹൈസ്കൂൾ പാസ്സ് | 3 | 6 |
| ഹയർ സെക്കന്ററി | 3 | 6 |
| ഹയർ സെക്കന്ററി പാസ്സ് | 1 | 2 |
| ആകെ | 50 | 100 |

മേൽപട്ടിക പ്രകാരം പഠനത്തിൽ പങ്കെടുത്ത 56 ശതമാനം പേരും നിരക്ഷരരാണ്. 12 ശതമാനം പേർ പ്രാഥമിക വിദ്യാഭ്യാസം മാത്രം ലഭിച്ചവരാണ്. എന്നാൽ 6 ശതമാനം പേർ ഹൈസ്ക്കൂൾ വിദ്യാഭ്യാസവും 2 ശതമാനം പേർ ഹയർ സെക്കന്ററി വിദ്യാഭ്യാസവും പൂർത്തിയാക്കിയവരാണ്. കൂടാതെ സാങ്കേതിക വിദ്യാഭ്യാസം ലഭിച്ച 3 അംഗങ്ങളുണ്ട്. ഇവർ നേഴ്സിംഗ്, തയ്യൽ, ഡിപ്ലോമ തുടങ്ങിയ കോഴ്സുകൾ പൂർത്തിയാക്കിയവരാണ്. പഠനത്തിൽ പങ്കെടുത്ത വനിതകളിൽ പകുതിയിലധികം പേരും നിരക്ഷരരാണെന്നാണ് മേൽവിശകലനങ്ങളിൽനിന്നും മനസ്സിലാകുന്നത്.

**പട്ടിക 2.25 അയൽക്കൂട്ടത്തിലെ പദവി**

| അയൽക്കൂട്ടത്തിലെ പദവി | എണ്ണം | ശതമാനം |
|---|---|---|
| മെമ്പർ | 38 | 76 |
| സെക്രട്ടറി | 5 | 10 |
| പ്രസിഡണ്ട് | 7 | 14 |
| ആകെ | 50 | 100 |

പട്ടിക പ്രകാരം മുതലമട പഞ്ചായത്തിൽ നിന്നും പഠനത്തിന്റെ ഭാഗമായ 76 ശതമാനം പേരും അയൽക്കൂട്ട അംഗങ്ങൾ മാത്രമാണ്. എന്നാൽ 14 ശതമാനം പേർ അയൽക്കൂട്ട പ്രസിഡണ്ടുമാരായും 10 ശതമാനം പേർ സെക്രട്ടറിമാരായും പ്രവർത്തിക്കുന്നവരാണ്. ഇതിൽ 2 പേർ ഏരിയ ഡവലപ്മെന്റ് സൊസൈറ്റിയിലെ അംഗങ്ങളും മറ്റൊരാൾ സി.ഡി.എസ് അംഗവുമാണ്.

## പുതൂർ പഞ്ചായത്ത്

**പട്ടിക 2.26** പ്രായം

| വയസ്സ് | എണ്ണം | ശതമാനം |
|---|---|---|
| 25 ന് വയസ്സിന് താഴെ | 3 | 6 |
| 26-35 | 18 | 36 |
| 36-45 | 19 | 38 |
| 46-59 | 9 | 18 |
| 60-70 | 1 | 2 |
| ആകെ | 50 | 100 |

മേൽപട്ടിക പ്രകാരംപുതൂർ പഞ്ചായത്തിൽ നിന്നും പഠനത്തിൽ പങ്കെടുത്ത 38 ശതമാനം പേരും 36-45 പ്രായ പരിധിക്കുള്ളിൽ ഉൾപ്പെടുന്നവരാണ്. 36 ശതമാനം പേർ 26-35 പ്രായപരിധിയിൽ ഉൾപ്പെടുന്നുണ്ട്. എന്നാൽ 60-70 പ്രായ പരിധിയിൽ ഉൾപ്പെട്ടവർ 2 ശതമാനം മാത്രമാണ്. 26-59 പ്രായ പരിധിയിൽ ഉൾപ്പെടുന്ന ഗോത്ര വനിതകളുടെ പങ്കാളിത്തമാണ് അയൽക്കൂട്ടങ്ങളിൽ കൂടുതലായിട്ടുള്ളത് എന്ന് അനുമാനിക്കുന്നതാണ്.

**പട്ടിക 2.27 മുഖ്യതൊഴിൽ**

| മുഖ്യ തൊഴിൽ | എണ്ണം | ശതമാനം |
|---|---|---|
| കൃഷി | 1 | 2 |
| വന ജോലികൾ | 1 | 2 |
| തൊഴിലുറപ്പ് | 12 | 24 |
| സർക്കാർ/ അർദ്ധ സർക്കാർ | 3 | 6 |
| കൂലി | 30 | 60 |
| തൊഴിലില്ലാത്തവർ | 3 | 6 |
| ആകെ | 50 | 100 |

മേൽ പട്ടിക പ്രകാരം പഠനത്തിൽ പങ്കെടുത്ത 60 ശതമാനം പേരും കൂലി വേല മുഖ്യ തൊഴിലായി സ്വീകരിച്ചവരാണ്. 6 ശതമാനം പേർക്ക് മാത്രമാണ് സർക്കാർ ജോലിയുള്ളത്. പഠനത്തിൽ പങ്കെടുത്ത 6 ശതമാനം പേർ തൊഴിൽ രഹിതരുമാണ്.

**പട്ടിക 2.28 ഉപതൊഴിൽ**

| ഉപ തൊഴിൽ | എണ്ണം | ശതമാനം |
|---|---|---|
| തൊഴിലുറപ്പ് | 12 | 25.33 |
| അനിമേറ്റർ | 1 | 2.12 |
| ഉപ തൊഴിലില്ലാത്തവർ | 34 | 72.34 |
| ആകെ | 47 | 100 |

പട്ടിക പ്രകാരം മുഖ്യ തൊഴിലുള്ള 72.34 ശതമാനം പേരും ഉപതൊഴിൽ ഒന്നും തന്നെയില്ലാത്തവരാണ് എന്നാൽ 25.53 ശതമാനം പേരും തൊഴിലുറപ്പ് ഉപതൊഴിലായി സ്വീകരിച്ചവരാണ്.

**പട്ടിക 2.29 വിദ്യാഭ്യാസ നിലവാരം**

| വിദ്യാഭ്യാസ നിലവാരം | എണ്ണം | ശതമാനം |
|---|---|---|
| നിരക്ഷരർ | 20 | 40 |
| പ്രൈമറി | 7 | 14 |
| അപ്പർ പ്രൈമിറ | 5 | 10 |
| ഹൈസ്കൂൾ | 7 | 14 |
| ഹൈസ്കൂൾ പാസ്സ് | 4 | 8 |
| ഹയർ സെക്കന്ററി | 2 | 4 |
| ഹയർ സെക്കന്ററി പാസ്സ് | 4 | 8 |
| ബിരുദം | 1 | 2 |
| ആകെ | 50 | 100 |

മുകളിലെപട്ടിക  പ്രകാരംപുതൂർ പഞ്ചായത്തിൽ നിന്നും പഠനത്തിൽ പങ്കെടുത്ത 40 ശതമാനം പേരും നിരക്ഷരരാണ്. 8 ശതമാനം വീതം ഹൈസ്ക്കൂളും ഹയർ സെക്കന്ററിയും പാസായവരാണ്. ബിരുദതലം വരെ പഠിച്ച ഒരാൾ മാത്രമാണ പഠനത്തിന്റെ ഭാഗമായിട്ടുള്ളത്.

**പട്ടിക 2.30 അയൽക്കൂട്ടത്തിലെ പദവി**

| അയൽക്കൂട്ടത്തിലെ പദവി | എണ്ണം | ശതമാനം |
|---|---|---|
| മെമ്പർ | 38 | 76 |
| സെക്രട്ടറി | 6 | 12 |
| പ്രസിഡണ്ട് | 6 | 12 |
| ആകെ | 50 | 100 |

പട്ടിക പ്രകാരം പുതൂർ പഞ്ചായത്തിൽ നിന്നും പഠനത്തിന്റെ ഭാഗമായ 76 ശതമാനം പേരും അയൽക്കൂട്ട അംഗങ്ങൾ മാത്രമാണ്. എന്നാൽ 12 ശതമാനം വീതം പേർ അയൽക്കൂട്ട സെക്രട്ടറിമാരായും പ്രസിഡന്റുമാരായും പ്രവർത്തിക്കുന്നുണ്ടെന്ന് പട്ടികയിൽ നിന്നും ദൃശ്യമാണ്.ഏരിയ ഡവലപ്മെന്റ് സൊസൈറ്റിയിൽ അംഗങ്ങളായ 4 പേരിൽ 2 പേർ എ.ഡി.എസ് പ്രസിഡണ്ട്, സെക്രട്ടറി തുടങ്ങിയ പദവിയിലും പ്രവർത്തിക്കുന്നു. കൂടാതെ കമ്മ്യൂണിറ്റി ഡവലപ്മെന്റ് സൊസൈറ്റിയിൽ ചെയർ പേഴ്സണായ ഒരു അംഗവും പഠനത്തിന്റെ ഭാഗമായിട്ടുണ്ട്.

പഠനത്തിന്റെ ഭാഗമായ ഗോത്രസ്ത്രീകളെ പ്രായത്തിന്റെ അടിസ്ഥാനത്തിൽ വിശകലനം ചെയ്യുമ്പോൾ ഏറ്റവും കൂടുതൽ പേർ 26-45 പ്രായപരിധിയിലുള്ളവരാണെന്ന് കാണാൻ കഴിയും. ഇവരാണ് പട്ടികവർഗ്ഗക്കാർക്കിടയിലെ അദ്ധ്വാന വിഭാഗം. ആറു പഞ്ചായത്തിലേയും ഗോത്ര സ്ത്രീകളുടെ വിദ്യാഭ്യാസ നിലവാരം പരിശോധിച്ചതിൽ നിന്നും മനസ്സിലാകുന്നത് പഠനത്തിൽ പങ്കെടുത്ത ഭൂരിഭാഗം ഗോത്രസ്ത്രീകളും (60%) നിരക്ഷരരാണെന്നുള്ളതാണ്. നിരക്ഷരരുടെ കാര്യത്തിൽ മുന്നിൽ നിൽക്കുന്നത് മുതലമട പഞ്ചായത്താണ്. പ്രസ്തുത പഞ്ചായത്തിൽ നിന്നും പഠനത്തിലുൾപ്പെട്ട 56 ശതമാനം പേരും നിരക്ഷരരാണ്. ഇവരെ സാക്ഷരരാക്കുന്നതിന് പ്രത്യേക പദ്ധതികൾ ആവിഷ്ക്കരിക്കേതുണ്ട്. കൂടാതെ സാങ്കേതിക, പ്രൊഫഷണൽ കോഴ്സുകൾക്കോ, ബിരുദാനന്തര ബിരുദ പഠനത്തിനോ പോയിട്ടുള്ളവർ വിരളമാണ്. ഹയർസെക്കന്ററി തലം വരെ എത്തിയവർ വിരലിലെണ്ണാവുന്നവർ മാത്രമാണ്. വിദ്യാഭ്യാസ പ്രവർത്തനങ്ങൾക്ക് കൂടുതൽ ഊന്നൽ നൽകേണ്ട ആവശ്യകതയിലേക്കാണ് ഇത് വിരൽ ചൂണ്ടുന്നത്.

പഠനത്തിൽ പങ്കെടുത്ത ഭൂരിഭാഗം പേരും പ്രധാനമായും ആശ്രയിക്കുന്നത് കൂലിപ്പണിയാണ്. കൂടാതെ തൊഴിലുറപ്പ് പദ്ധതിയും ഗോത്രവർഗ്ഗ മേഖലയിൽ വളരെയധികം സ്വാധീനം ചെലുത്തിയിട്ടുണ്ടെന്ന് പഠനത്തിൽ നിന്നും വ്യക്തമാണ്. ഗോത്രസ്ത്രീകൾ അനുഭവിക്കുന്ന മറ്റൊരു പ്രശ്നമാണ് രൂക്ഷമായ തൊഴിലില്ലായ്മ. സ്വയംതൊഴിൽ സംരംഭങ്ങളിലൂടെ ഇവർക്ക് വേണ്ട വരുമാനം കണ്ടെത്തി കൊടുക്കേണ്ടത് അനിവാര്യമാണ്. ഇപ്പോൾ സീസണിൽ മാത്രമാണ് തൊഴിൽ ലഭിക്കുന്നത്. ആൺ-പെൺ വേതനത്തിൽ വ്യത്യാസം നിലനിൽക്കുന്ന്ുണ്ട്. അഭ്യസ്ത വിദ്യരായ ചെറുപ്പക്കാർക്ക് സ്വയംതൊഴിൽ ചെയ്യുന്നതിന് വേണ്ടി സാമ്പത്തിക സഹായവും തൊഴിൽ പരിശീലനവും നൽകണം.

പട്ടികവർഗ്ഗക്കാർക്കിടയിലെ തന്നെ അദ്ധ്വാനവർഗ്ഗമായ ഗോത്രസ്ത്രീകൾക്കിടയിലെ നിരക്ഷരതയും വിദ്യാഭ്യാസപരമായ പിന്നോക്കാവസ്ഥയും കുടുംബശ്രീ പ്രവർത്തനത്തിൽ നേരിടുന്ന പ്രധാന വെല്ലുവിളിയാണെന്ന് മേൽ പറഞ്ഞ വിവരങ്ങൾ അപഗ്രഥിച്ചതിൽ നിന്നും മനസ്സിലാക്കാൻ കഴിഞ്ഞിട്ടുണ്ട്. കൂടാതെ ഗോത്രസ്ത്രീകളുടെ കുടുംബശ്രീ പങ്കാളിത്തത്തെപ്പറ്റി പരിശോധിച്ചാൽ ഭൂരിഭാഗം പേരും അയൽക്കൂട്ടത്തിലെ അംഗങ്ങൾ മാത്രമാണ്. ഏരിയ ഡെവലപ്മെന്റ് സൊസൈറ്റിയിലോ കമ്മ്യൂണിറ്റി ഡെലപ്മെന്റ് സൊസൈറ്റിയിലോ നേതൃസ്ഥാനങ്ങളിലേക്കെത്തിയവർ നാമമാത്രമാണെന്നും പഠനത്തിൽ നിന്നും വ്യക്തമായിട്ടുണ്ട്.

# അദ്ധ്യായം 3

# സാമ്പത്തിക ശാക്തീകരണം

## ആമുഖം

സ്ത്രീ ശാക്തീകരണത്തിൽ സാമ്പത്തിക ശാക്തീകരണം എന്നത് മുഖ്യ ഘടകമാണ്. ഗോത്രസ്ത്രീകളെ സാമ്പത്തിക തുല്യ പദവിയിലേയ്ക്ക് ഉയർത്തുക എന്നത് വളരെ വലിയ കടമ്പ യാണ്. ഗോത്രജനതയെ മനുഷ്യരായി പോലും പരിഗണിക്കാതിരുന്ന ഒരു കാലഘട്ടമുണ്ടായിരുന്നു. അത്തരം സാഹചര്യത്തിൽ ആ വിഭാഗത്തിലെ സ്ത്രീകളുടെ അവസ്ഥ ദയനീയമായിരുന്നു എന്നത് എടുത്ത് പറയേണ്ടതില്ല. ഈ അവസ്ഥയിൽ നിന്നും ഏറെ മുമ്പോട്ടു പോയെങ്കിലും സാമ്പത്തിക മായി ഉന്നമനത്തിലെത്തുവാൻ സാധിച്ചിട്ടില്ല. ഗോത്ര വനിതകളുമായി ബന്ധപ്പെട്ട് അവരുടെ ജീവി താവശ്യങ്ങൾ നിറവേറ്റുന്നതിനും, ജീവിത നിലവാരം ഉയർത്തുന്നതിനും സാമൂഹിക നീതിയിലധി ഷ്ഠിതമായ സാമ്പത്തിക ഉന്നമനം അനിവാര്യമാണ്. പൊതു സമൂഹത്തിലെ സ്ത്രീകളുടെ സാമ്പ ത്തിക ശാക്തീകരണത്തിന്റെ അതേ മാനദണ്ഡങ്ങളിൽ ഗോത്ര വനിതകളുടെ സാമ്പത്തിക ശാക്തീകരണത്തെ അളക്കുവാൻ സാധിക്കുകയില്ല. ഗോത്ര സ്ത്രീ സാമ്പത്തിക വികസനം സാദ്ധ്യ മാക്കുന്നതിന് പ്രാദേശിക- പ്രകൃതി - വിഭവങ്ങൾ എന്നിവയെ സമഗ്രമായി പരിഗണിച്ചു കൊണ്ടുള്ള തൊഴിൽ സംരഭങ്ങൾ, സംരഭക ശേഷി വികസനം എന്നിവ ഏറെ പ്രധാനപ്പെട്ടതുമാ ണ്. ഏറ്റവും ദാരിദ്ര്യത്തിൽ കഴിയുന്ന ഒരു വിഭാഗത്തിന് അവരുടെ ജീവിത സാഹചര്യങ്ങൾക്കനു സരിച്ചുള്ള പുത്തൻ നയങ്ങൾ ആവിഷ്ക്കരിക്കേണ്ടതുണ്ട്.

ഗോത്രവനിതകളുടെ സാമ്പത്തിക ശാക്തീകരണം എന്നതിന് പകരമായി 'സാമ്പത്തിക സ്വാതന്ത്ര്യം' എന്ന പദമാണ് ഉപയോഗിക്കുന്നത്. സാമ്പത്തികമായുള്ള ശാക്തീകരണ പ്രക്രിയക ളിൽ വ്യക്തികളുടെ സ്വയംപര്യാപ്തത എന്നതിന് പ്രാധാന്യമേറെയാണ്. അതുകൊണ്ടു തന്നെ സ്വന്തമായി സമ്പാദിക്കുന്ന പണം സ്വന്തം ഇഷ്ടപ്രകാരം ചിലവഴിക്കുവാൻ സാധിക്കുകയും, ക്രയ വിക്രയ ശീലം ത്വരിതപ്പെടുകയും, സാമ്പത്തിക അച്ചടക്കം കൈവരിക്കുകയും ചെയ്യുന്ന സാഹച ര്യത്തെ സാമ്പത്തിക സ്വാതന്ത്ര്യം എന്ന് വിളിക്കാവുന്നതാണ്.

ഗോത്രസ്ത്രീകളുടേയും അവരുടെ കുടുംബങ്ങളേയും സാമ്പത്തികമായി സ്വയംപര്യാപ്ത രാക്കുകയും, ദാരിദ്ര്യത്തിന്റെയും എല്ലാ ഇല്ലായ്മകളിൽ നിന്നും സമഗ്ര വികസനത്തിന്റേയും സാമ്പത്തിക സ്വാതന്ത്ര്യത്തിന്റേയും പ്രകാശധാരയിലേയ്ക്ക് കൊണ്ടു വരുന്നതിന് കുടുംബ പ്രസ്ഥാനത്തിന് സാധിച്ചിട്ടുണ്ടോ എന്നുമുള്ള പരിശോധനയുമാണ് ഈ അദ്ധ്യായത്തിൽ നടത്തി യിരിക്കുന്നത്.

**പനമരം**

## ബാങ്ക് അക്കൗണ്ട്  ആരംഭിച്ചവർ

ബാങ്ക്അക്കൗണ്ടുകൾ, തുറക്കുക എന്നത് സാമ്പത്തിക വിനിമയരംഗത്ത് മുന്നേറ്റമുണ്ടാകുന്നതിന്റെ അടിസ്ഥാന സൂചികകളിൽ ഒന്നാണ്. പഠന വിധേയമാക്കിയിട്ടുള്ള മുഴുവൻ ഗോത്രവനിതകളും ബാങ്ക് അക്കൗണ്ട് ഉള്ളവരാണ്. വിവിധ പദ്ധതികളുടെ പ്രയോജനങ്ങൾ ബാങ്ക് അക്കൗണ്ടിലൂടെ മാത്രമേ ലഭ്യമാകുകയുള്ളൂ എന്നതിനാലാണ് ഭൂരിഭാഗവും അക്കൗണ്ടുകൾ ആരംഭിച്ചിട്ടുള്ളത്.

പട്ടിക 3.1**വരവ്  ചിലവ് കണക്കുകൾ എഴുതി വയ്ക്കുന്ന ശീലം**

| വരവ് ചിലവ് കണക്കുകൾ എഴുതിവയ്ക്കുന്ന ശീലമുണ്ടോ? | അംഗങ്ങൾ | ശതമാനം |
|---|---|---|
| ഉണ്ട് | 7 | 14 |
| ഇല്ല | 43 | 86 |
| ആകെ | 50 | 100 |

പഠനത്തിന്റെ ഭാഗമായ 86 ശതമാനം പേർക്കും വരവ് ചിലവ് കണക്കുകൾ എഴുതി സൂക്ഷിക്കുന്ന ശീലമില്ലെന്നാണ് മേൽ പട്ടികയിൽ നിന്നും വ്യക്തമാകുന്നത്. എന്നാൽ കണക്കുകൾ എഴുതി സൂക്ഷിക്കുന്ന 14 ശതമാനം പേരും അയൽക്കൂട്ട പ്രവർത്തനത്തിന്റെ ഭാഗമായതിനാലാണ് തങ്ങൾക്ക് ഈ മാറ്റമുണ്ടായെതെന്നാണ് അഭിപ്രായപ്പെട്ടത്. പണം കൈകാര്യം ചെയ്യുന്നതിൽ തികച്ചും അജ്ഞരായ പട്ടികവർഗ്ഗക്കാരുടെ ഇടയിലെ ചെറിയ ഒരു വിഭാഗത്തിനെങ്കിലും നേരിയ തോതിലെങ്കിലുമുള്ള മാറ്റം വരുത്താൻ കുടുംബശ്രീയ്ക്ക് കഴിഞ്ഞത് പ്രശംസനീയമാണ്. എങ്കിലും ഭൂരിഭാഗം  വരുന്ന ഗോത്രസ്ത്രീകളിൽ വരവ് ചിലവ് കണക്കുകൾ കൈകാര്യം ചെയ്യുന്നതിൽ ഒരു തരത്തിലുമുള്ള  സ്വാധീനവും ചെലുത്താൻ അയൽക്കൂട്ട പ്രവർത്തനങ്ങൾ സഹായിച്ചിട്ടില്ലെന്നുള്ളത് പ്രത്യേകം ശ്രദ്ധിക്കേണ്ട കാര്യമാണ്.

പട്ടിക 3.2**ത്രിഫ്റ്റ് തുക**

ഒരു അയൽകൂട്ടത്തിലെ ഏറ്റവും പിന്നോക്കം നിൽക്കുന്ന അംഗത്തിന് നിക്ഷേപിക്കുവാൻ കഴിയുന്ന തുകയാണ് ത്രിഫ്റ്റ് തുക. നിശ്ചിത തുക പ്രതിവാര അയൽകൂട്ട യോഗങ്ങളിൽ നിക്ഷേപിക്കണമെന്നാണ് കുടുംബശ്രീ ബൈലോ നിർദ്ദേശിക്കുന്നത്. പനമരം പഞ്ചായത്തിലെ പഠന വിധേയമാക്കിയ അയൽക്കൂട്ടങ്ങളിൽ നിശ്ചയിക്കപ്പെട്ടിട്ടുള്ള ത്രിഫ്റ്റ് തുകയുടെ വിശദാംശ ങ്ങളാണ് താഴെ പട്ടികയിൽ നൽകിയിരിക്കുന്നത്.

| തുക | അംഗങ്ങൾ | ശതമാനം |
|---|---|---|
| 10 രൂപ | 6 | 12 |
| 20 രൂപ | 25 | 50 |
| 30 രൂപ | 10 | 20 |
| 50 രൂപ | 9 | 18 |
| ആകെ | 50 | 100 |

മേൽ പട്ടിക പ്രകാരം 20 ശതമാനം പേർ 30 രൂപയും 18 ശതമാനം പേർ 50 രൂപയും ത്രിഫ്റ്റ് തുക യായി തീരുമാനിച്ചിട്ടുണ്ട്. പനമരം പഞ്ചായത്തിലെ ഗോത്രവനിതകൾക്ക് അടയ്ക്കുവാൻ സാധി ക്കുന്ന അനുയോജ്യമായ ത്രിഫ്റ്റ് തുക പരിധി 20 രൂപയ്ക്കും മുപ്പത് രൂപയ്ക്കും ഇടയിലാണെന്ന് അനുമാനിക്കാവുന്നതാണ്.

**ത്രിഫ്റ്റ് തുക കൃത്യമായി അടയ്ക്കുവാൻ സാധിക്കുന്നവർ**

അയൽകൂട്ട രൂപീകരണ ഘട്ടങ്ങളിൽ ത്രിഫറ്റ് എത്രയാവണം എന്നത് അംഗങ്ങളെല്ലാവരും കൂടി ചേർന്ന് തീരുമാനമെടുക്കുന്നുണ്ട്. എന്നാൽ ഈ തീരുമാനം പ്രാവർത്തികമാവുന്നത് ചുരുക്കം ചില അയൽകൂട്ടങ്ങളിൽ മാത്രമാണ്. ത്രിഫ്റ്റ് തുക കൃത്യമായി തീരുമാനിക്കപ്പെട്ടുവെങ്കിലും, ഈ വിധത്തിൽ പ്രതിവാര ത്രിഫ്റ്റ് നിക്ഷേപം നടത്തുന്നതിന് പട്ടിക വർഗ്ഗ വനിതകൾക്ക് സാധിക്കുന്നുണ്ടോ എന്നുള്ള പരിശോധനയാണ് പട്ടിക 3.3ൽ നടത്തിയിട്ടുള്ളത്.

പട്ടിക 3.3

| ത്രിഫ്റ്റ തുക അടയ്ക്കുന്നുണ്ടോ? | അംഗങ്ങൾ | ശതമാനം |
|---|---|---|
| ഉണ്ട് | 21 | 42 |
| ഇല്ല | 29 | 58 |
| ആകെ | 50 | 100 |

പ്രസ്തുത പഞ്ചായത്തിലെ ഗോത്ര വനിതകൾ ഇരുപത് മുതൽ മുപ്പത് രൂപ വരെയാണ് ത്രിഫ്റ്റ് തുകയായി തീരുമാനിച്ചിട്ടുള്ളത്തെങ്കിലുംപട്ടിക 3.3പ്രകാരം 58% ത്തിനും ഈയൊരു തുക അട യ്ക്കുവാൻ സാധിക്കുന്നില്ല എന്നത് പട്ടികവർഗ്ഗ മേഖലയിലെ സാമ്പത്തിക പിന്നോക്കാവസ്ഥ വെളിവാക്കുന്നതാണ്.

പട്ടിക 3.4**അയൽക്കൂട്ടത്തിലെ സമ്പാദ്യം**

| തുക | അംഗങ്ങൾ | ശതമാനം |
|---|---|---|
| 1000-5000 | 3 | 6 |
| 5000-10000 | 4 | 8 |
| 10000-15000 | 6 | 12 |
| 15000-20000 | 2 | 4 |
| 20000-25000 | 3 | 6 |
| 25000ന് മുകളിൽ | 2 | 4 |
| അറിവില്ലാത്തവർ | 30 | 60 |
| ആകെ | 50 | 100 |

അയൽക്കൂട്ടത്തിൽ പ്രതിവാര നിക്ഷേപം നടത്തുന്നുവെങ്കിലും തങ്ങളുടെ സമ്പാദ്യമെത്ര യെന്ന് പോലും അറിവില്ലാത്തവരാണ് 60%വും. 1000 നും 5000 നും ഇടയിൽ സമ്പാദ്യമുണ്ടെന്ന് അഭിപ്രായപ്പെട്ടവർ 6% വും 25000 ന് മുകളിൽ സമ്പാദ്യമുള്ളവർ 4%വുമാണ്. പ്രസ്തുത പഞ്ചായ ത്തിലെ ഭൂരിഭാഗത്തിനും താൻ നിക്ഷേപിച്ച തുക എത്രയെന്ന് പോലും ധാരണയില്ല എന്നത് കുടും ബശ്രീ പ്രസ്ഥാനത്തിന്റെ മുഖ്യ ലക്ഷ്യങ്ങളിലൊന്നായ സാമ്പത്തിക ശാക്തീകരണം നേടിയെടുക്കു ന്നതിന് ഏറെ ദൂരം പോകേണ്ടതുണ്ട് എന്നതിന്റെ ദൃഷ്ടാന്തമാണ്.

പട്ടിക 3.5**ആന്തരിക വായ്പ പ്രയോജനകരമായവർ**

| ആന്തരിക വായ്പ പ്രയോജന പ്പെട്ടിട്ടു ണ്ടോ? | അംഗങ്ങൾ | ശതമാനം |
|---|---|---|
| ഉണ്ട് | 28 | 56 |
| ഇല്ല | 13 | 26 |
| ഭാഗികമായി | 9 | 18 |
| ആകെ | 50 | 100 |

കുടുംബശ്രീ അയൽക്കൂട്ടം മുഖേന ലഭ്യമാകുന്ന ആന്തരിക വായ്പകൾ പ്രയോജനകരമാണെന്ന് അഭിപ്രായപ്പെട്ടവർ പ്രസ്തുത പഞ്ചായത്തിൽ 56 ശതമാനം ആകുന്നു. 18 ശതമാനം പേർക്ക് ഭാഗികമായ വിധത്തിൽ അയൽക്കൂട്ട വായ്പകൾ പ്രയോജനകരമായിട്ടുണ്ട്. എന്നാൽ 26 ശതമാനം പേർക്ക് ആന്തരിക വായ്പകൾ പ്രയോജനകരമായിട്ടില്ല. കൂടാതെ കുട്ടികളുടെ വിദ്യാഭ്യാസവുമായി ബന്ധപ്പെട്ട ആവശ്യങ്ങൾക്കായി 24 ശതമാനം പേർക്കും ചികിത്സ, ആശുപത്രി ചിലവുകൾ തുടങ്ങി ആരോഗ്യപരമായ ആവശ്യങ്ങൾക്കായി 20 ശതമാനം പേർക്കും ആന്തരിക വായ്പകൾ പ്രയോജനകരമായിട്ടുണ്ടെന്നും പഠനത്തിൽ നിന്നും വ്യക്തമായിട്ടുണ്ട്.

**ലിങ്കേജ് വായ്പകൾ**

മികവുറ്റ രീതിയിൽ പ്രവർത്തിക്കുന്ന അയൽകൂട്ടങ്ങൾക്ക് അവയുടെ സമ്പാദ്യത്തിന് ആനുപാതികമായി ബാങ്കിൽ നിന്നും വായ്പ ലഭിക്കുന്നുണ്ട്. ഈ വായ്പക്കാണ് ലിങ്കേജ് വായ്പ എന്ന് പറയുന്നത്. ലിങ്കേജ് വായ്പകൾ ലഭ്യമാകുന്നതിന് ബാങ്കുകൾ ഗ്രേഡിംഗ് നടത്തേണ്ടതുണ്ട്. എന്നാൽ ഭൂരിഭാഗം പട്ടികവർഗ്ഗ അയൽകൂട്ടങ്ങളും ഏറെ കുറെ മന്ദഗതിയിൽ പ്രവർത്തിക്കുന്നവയാണ്. അതിനാൽ തന്നെ എസ്.ടി അയൽകൂട്ടങ്ങൾക്ക് ബാങ്കുകൾ ലിങ്കേജ് വായപകൾ നൽകാൻ തയ്യാറാവുന്നുമില്ല. കൂടാതെ അതിദരിദ്രരായ ഈ വിഭാഗത്തിലെ സ്തീകൾക്ക് ലോൺ തിരിച്ചടവ് സാധ്യമല്ല എന്ന ധാരണയാലും ബാങ്കുകൾ ലിങ്കേജ് വായ്പകൾ നിഷേധിക്കുന്നുണ്ട്.പനമരം പഞ്ചായത്തിൽ കുടുംബശ്രീ ലിങ്കേജ് വായ്പകൾലഭ്യമായിട്ടുണ്ടോഎന്നുള്ളപരിശോധനയാണ് പട്ടിക 3.7ൽ നടത്തിയിട്ടുള്ളത്.

പട്ടിക 3.6

| ലിങ്കേജ് വായ്പകൾ ലഭ്യ മായിട്ടുണ്ടോ? | അംഗങ്ങൾ | ശതമാനം |
|---|---|---|
| ഉണ്ട് | 12 | 24 |
| ഇല്ല | 38 | 76 |
| ആകെ | 50 | 100 |

മേൽ പട്ടിക പ്രകാരം 24% പേർക്ക് മാത്രമാണ് ലിങ്കേജ് വായ്പകൾ ലഭ്യമായിട്ടുള്ളത്.പനമരം പഞ്ചായത്തിൽ ആന്തരിക വായ്പകൾ ഏറെ പേർക്ക് ഗുണകരമായിട്ടുണ്ട്, എന്നാൽ ലിങ്കേജ് വായ്പയെപ്പറ്റി ഭൂരിഭാഗത്തിനും ധാരണയില്ല. ആയതിനാൽ കുടുംബശ്രീ ആന്തരിക വായ്പകളി ലൂടെ പരിഹരിക്കുവാൻ സാധിക്കാതെ വരുന്ന ചിലവുകൾക്ക് ഇതര പണ സ്രോതസ്സുകളെ ആശ്ര യിക്കേണ്ടി വരുന്നുണ്ട്. ലിങ്കേജ് വായ്പ അനുവദിച്ചു നൽകുന്നതിനുള്ള മാനദണ്ഡങ്ങൾക്കനുസൃ തമായി പ്രവർത്തിക്കുന്ന അയൽക്കൂട്ടങ്ങൾ ചുരുക്കമാണ് എന്നതിനാലും പൊതുവിൽ വായ്പ എടുക്കുന്നവരുടെ എണ്ണം വളരെ താഴെയാണ്.

പട്ടിക 3.7**കടബാധ്യതയുള്ളവർ**

| കടബാധ്യത യുണ്ടോ? | അംഗങ്ങൾ | ശതമാനം |
|---|---|---|
| ഉണ്ട് | 27 | 54 |
| ഇല്ല | 23 | 46 |
| ആകെ | 50 | 100 |

മേൽ പട്ടിക പ്രകാരം പനമരം പഞ്ചായത്തിലെ 54 ശതമാനം പേർക്കും കടബാധ്യതയുണ്ട്. മുൻകാലങ്ങളുമായി താരതമ്യം ചെയ്യുമ്പോൾ കടബാധ്യതയുടെ തോത് കുറവാണെന്നത്, കുടും ബശ്രീ പട്ടികവർഗ്ഗക്കാർക്കിടയിൽ ചെറിയ തോതിലെങ്കിലുമുള്ള സ്വാധീനം ചെലുത്തിയതിന്റെ അടയാളമായി കാണാം. എങ്കിലും അയൽക്കൂട്ടത്തിലെ ആന്തരിക വായ്പയും കുടുംബശ്രീ ലിങ്കേജ് വായ്പയും ലഭ്യമായിട്ടും പഠനത്തിൽ പങ്കെടുത്ത ഭൂരിഭാഗം പേർക്കും കടബാധ്യതയു ണ്ടെന്നുള്ളത് പ്രത്യേക ശ്രദ്ധ നൽകേണ്ട കാര്യമാണ്.

പട്ടിക 3.8**കടം വാങ്ങാനുള്ള പ്രധാന കാരണ**ങ്ങൾ

| കാരണങ്ങൾ | അംഗങ്ങൾ | ശതമാനം |
|---|---|---|
| ഭക്ഷ്യ വസ്തുക്കൾ വാങ്ങുന്നതിനായി | 16 | 59.25 |
| വിദ്യാഭ്യാസ ആവശ്യങ്ങൾക്ക് | 2 | 8.3 |
| ആരോഗ്യം | 2 | 8.3 |
| വീട് നിർമ്മാണവും പുനരുദ്ധാരണവും | 7 | 25.92 |
| ആകെ | 27 | 100 |

പനമരം പഞ്ചായത്തിലെ ഗോത്ര വനിതകളിൽ 59.25 ശതമാനവുംകടം വാങ്ങിയത് ഭക്ഷ്യ വസ്തുക്കൾ വാങ്ങുന്നതിനായിട്ടാണ്. 25.92 ശതമാനം പേർ ഗൃഹ നിർമ്മാണത്തിനും പുനരുദ്ധാരണത്തിനുമായാണ് കടം വാങ്ങിയിട്ടുള്ളത്. വിദ്യാഭ്യാസം, ആരോഗ്യപരമായ ആവശ്യങ്ങൾ എന്നിവയ്ക്കായി കടം വാങ്ങിയവർ 8.3 ശതമാനം വീതമാണ്. നിരവധി ഗൃഹ നിർമ്മാണ പദ്ധതികളും ദാരിദ്ര്യ നിർമ്മാർജ്ജന പദ്ധതികളും നിലവിലുണ്ടെങ്കിലും പ്രസ്തുത പഞ്ചായത്തിലെ ഭൂരിഭാഗം പേരും ഭക്ഷ്യവസ്തുക്കൾ വാങ്ങുന്നതിനും വീടു നിർമ്മാണത്തിനും കടം വാങ്ങിയിരിക്കുന്നു എന്നത് വളരെയേറെ ശ്രദ്ധ ചെലുത്തേണ്ട വസ്തുതയാണ്.

പട്ടിക 3.9**കടം വാങ്ങിയ പണം പൂർണ്ണമായി തിരിച്ചു നൽകാൻ സാധിച്ചവർ**

| കടംതിരിച്ചു നൽകാൻ സാധിച്ചിട്ടു ണ്ടോ? | അംഗങ്ങൾ | ശതമാനം |
|---|---|---|
| ഉണ്ട് | 5 | 18.51 |
| ഇല്ല | 19 | 70.37 |
| ഭാഗികമായി | 3 | 11.11 |
| ആകെ | 27 | 100 |

പട്ടിക 3.9 പ്രകാരം പനമരം പഞ്ചായത്തിൽ കടം വാങ്ങിയ പണംപൂർണ്ണമായി തിരിച്ചു നൽകാൻ സാധിച്ചവർ 18.51 ശതമാനം മാത്രമാണ്. കടബാധ്യതയുള്ളവരിൽ 70.37 ശതമാനം പേർക്കും പണം തിരിച്ച് നൽകാൻ സാധിച്ചിട്ടില്ല. സ്ഥിരമായ തൊഴിലില്ലാത്തത് പട്ടികവർഗ്ഗ

ക്കാർക്കിടയിലെ ദാരിദ്ര്യം വർദ്ധിക്കുന്നതിനും കടബാധ്യത കൂടുന്നതിനും കാരണമായിട്ടുണ്ടെന്ന് പഠനത്തിൽ നിന്നും ബോധ്യമായിട്ടുണ്ട്.

## തൊഴിലുറപ്പ് പദ്ധതി

പട്ടികവർഗ്ഗ മേഖലയെ സംബന്ധിച്ചിടത്തോളം തൊഴിലുറപ്പ് ജോലി ഏറെ ആശ്വാസകരമാണ്.എന്നാൽ തൊഴിൽ ദിനങ്ങൾ കുറവായതും വേതനം വൈകുന്നതും ഏറെ പ്രയാസങ്ങൾ സൃഷ്ടിക്കുന്നുണ്ട്. തൊഴിലുറപ്പ് പദ്ധതി വിഭാവനം ചെയ്യും വിധത്തിൽ സാമ്പത്തിക മേഖലയിലും ജീവിത നിലവരത്തിലുമുള്ള ഉന്നമനം പട്ടികവർഗ്ഗ മേഖലയിൽ പ്രകടമാകുന്നുണ്ടോയെന്നുള്ള പരിശോധനയാണ് ചുവടെ വിശകലനം ചെയ്തിട്ടുള്ളത്.

പട്ടിക 3.10**തൊഴിലുറപ്പ് ജോലിയിലെ പങ്കാളിത്തം**

| തൊഴിലുറപ്പ് ജോലിയിലെ പങ്കാളിത്തമുണ്ടോ? | അംഗങ്ങൾ | ശതമാനം |
|---|---|---|
| ഉണ്ട് | 41 | 82 |
| ഇല്ല | 9 | 18 |
| ആകെ | 50 | 100 |

പനമരം പഞ്ചായത്തിൽ 82 ശതമാനം പേർ തൊഴിലുറപ്പ് ജോലിചെയ്യുന്നവരാണ്. ആകെയുള്ള അമ്പത് പേരിൽ 18 ശതമാനം പേർ മാത്രമാണ് തൊഴിലുറപ്പ് ജോലി ചെയ്യാത്തത്. പ്രസ്തുത പഞ്ചായത്തിലെ ഭൂരിഭാഗവും തൊഴിലുറപ്പ് ജോലിയെ ആശ്രയിക്കുന്നു എന്നതാണ് പഠ നത്തിൽ നിന്നും മനസ്സിലാകുന്നത്.

പട്ടിക 3.11**തൊഴിലുറപ്പിലൂടെയുള്ള സാമ്പത്തിക മാറ്റം**

| കുടുംബ വരുമാനത്തിൽ മാറ്റമുണ്ടോ? | അംഗങ്ങൾ | ശതമാനം |
|---|---|---|
| ഉണ്ട് | 26 | 63 |
| ഇല്ല | 9 | 21.95 |
| ഭാഗികമായി | 6 | 14.63 |
| ആകെ | 26 | 100 |

തൊഴിലുറപ്പിലൂടെ കുടുംബ വരുമാനത്തിൽ മാറ്റമുണ്ടാക്കുവാൻ സാധിക്കുമെന്നും, സാമ്പത്തികമായി മുന്നേറുവാൻ തൊഴിലുറപ്പ് വേതനം സഹായകമാണെന്നും അഭിപ്രായപ്പെട്ടവർ പനമരം പഞ്ചായത്തിൽ 63 ശതമാനം ആകുന്നു. ഗോത്ര വനിതകളിലെ സാമ്പത്തിക ശാക്തീകരണത്തിൽ തൊഴിലുറപ്പ് വരുമാനത്തിന് ചെറുതല്ലാത്ത പങ്കുണ്ട് എന്നതാണ് പ്രസ്തുത പഠനത്തിൽ നിന്നും മനസ്സിലാക്കുവാൻ സാധിച്ചിട്ടുള്ളത്.

പട്ടിക 3.12**തൊഴിലുറപ്പ് വേതനം കൃത്യമായി ലഭിച്ചവർ**

| വേതനം കൃത്യമായി ലഭിച്ചിട്ടുണ്ടോ? | അംഗങ്ങൾ | ശതമാനം |
|---|---|---|
| ഉണ്ട് | 18 | 43.90 |
| ഇല്ല | 23 | 56.09 |
| ആകെ | 41 | 100 |

പട്ടിക 3.13**വേതനം ലഭിച്ച രീതി**

| രീതി | അംഗങ്ങൾ | ശതമാനം |
|---|---|---|
| മാസത്തിലൊരിക്കൽ | 7 | 17.07 |
| രണ്ടുമാസത്തിലൊരിക്കൽ | 12 | 29.26 |
| മൂന്ന് മാസത്തിലൊരിക്കൽ | 22 | 53.65 |
| ആകെ | 41 | 100 |

പനമരം പഞ്ചായത്തിൽ തൊഴിലുറപ്പ് വേതനം കൃത്യമായി ലഭിച്ചവർ 43.90 ശതമാനം ആണ്. മാസത്തിലൊരിക്കൽ ലഭിച്ചവർ 17.07 ശതമാനവും രണ്ട് മാസത്തിലൊരിക്കൽ ലഭിച്ചവർ 29.26 ശതമാനവും മൂന്നുമാസത്തിലൊരിക്കൽ ലഭിച്ചവർ 53.65 ശതമാനവും ആണ്. ഭൂരിഭാഗം പേർക്കും മൂന്നുമാസത്തിലൊരിക്കലാണ തൊഴിലുറപ്പ് വേതനം ലഭിച്ചിട്ടുള്ളത് എന്നതാണ് മനസ്സിലാക്കുവാൻ സാധിച്ചിട്ടുള്ളത്.

**തിരുനെല്ലി** പട്ടിക 3.14**ബാങ്ക് അക്കൗണ്ട് ആരംഭിച്ചവർ**

| ബാങ്ക് അക്കൗണ്ട് | അംഗങ്ങൾ | ശതമാനം |
|---|---|---|
| ഉണ്ട് | 41 | 82 |
| ഇല്ല | 9 | 18 |
| ആകെ | 50 | 100 |

തിരുനെല്ലി പഞ്ചായത്തിൽ 82% പേർ ബാങ്ക് അക്കൗണ്ട് ഉള്ളവരാണ്. സർക്കാർ ആനുകൂല്യങ്ങളും, മറ്റ് പണമിടപാടുകളും ബാങ്ക് അക്കൗണ്ട് വഴി ക്രയ വിക്രയം ചെയ്യപ്പെടുന്ന ഇന്നത്തെ കാലത്തും സ്വന്തമായി അക്കൗണ്ട് ആരംഭിക്കുവാൻ സാധിക്കാത്തവരായി 18% ഗോത്ര വനിതകൾ പ്രസ്തുത പഞ്ചായത്തിൽഉണ്ടെന്നുള്ളത് പ്രത്യേകം ശ്രദ്ധ ചെലുത്തേണ്ടതാണ്.

പട്ടിക 3.15**വരവ് ചിലവ് കണക്കുകൾ എഴുതി വെക്കുന്ന ശീലം**

| ഒരവ് ചിലവ് കണക്കുകൾ എഴുതിവെക്കുന്ന ശീലമുണ്ടോ? | അംഗങ്ങൾ | ശതമാനം |
|---|---|---|
| ഉണ്ട് | 6 | 12 |
| ഇല്ല | 44 | 88 |
| ആകെ | 50 | 100 |

മേൽ പട്ടിക പ്രകാരം തിരുനെല്ലി പഞ്ചായത്തിൽ നിന്നും പഠനത്തിന്റെ ഭാഗമായ 88 ശതമാനം പേർക്കും വരവ് ചിലവ് കണക്കുകൾ എഴുതി സൂക്ഷിക്കുന്ന ശീലമില്ല. കുടുംബശ്രീ അയൽക്കൂട്ട സംഘാടനത്തിലൂടെ കൈവരിക്കപ്പെട്ട ,വരവ് ചിലവ് കണക്കുകൾ എഴുതി സൂക്ഷിക്കുന്ന ശീലം സ്വകുടുംബത്തിൽ പ്രായോഗികമാക്കുവാൻ ഗോത്ര സ്ത്രീകൾക്ക് കഴിഞ്ഞിട്ടില്ല എന്ന് അനുമാനിക്കാവുന്നതാണ്.

പട്ടിക 3.16**ത്രിഫ്റ്റ് തുക**

| തുക | അംഗങ്ങൾ | ശതമാനം |
|---|---|---|
| 10 രൂപ | 10 | 20 |
| 20 രൂപ | 18 | 36 |
| 30 രൂപ | 8 | 16 |
| 50 രൂപ | 14 | 28 |
| ആകെ | 50 | 100 |

തിരുനെല്ലി പഞ്ചായത്തിൽ 36 ശതമാനം പേർ 20 രൂപയും 28 ശതമാനം പേർ 50 രൂപയും 20 ശതമാനം പേർ 10 രൂപയും 16 ശതമാനം പേർ 30 രൂപയും ത്രിഫ്റ്റ് തുകയായി തീരുമാനിച്ചിട്ടുണ്ട്. പ്രസ്തുത പഞ്ചായത്തിലെ ഗോത്ര വനിതകൾക്ക് നിക്ഷേപിക്കുവാൻ അനുയോജ്യമായ ത്രിഫ്റ്റ് തുക 20 രൂപയാണ് എന്നതാണ് പഠനത്തിൽ നിന്നും അനുമാനിക്കുവാൻ സാധിക്കുന്നത്.

പട്ടിക 3.17**ത്രിഫ്റ്റ് തുക കൃത്യമായി അടയ്ക്കുവാൻ സാധിക്കുന്നവർ**

| അടയ്ക്കുന്നുണ്ടോ? | അംഗങ്ങൾ | ശതമാനം |
|---|---|---|
| ഉണ്ട് | 18 | 36 |
| ഇല്ല | 32 | 64 |
| ആകെ | 50 | 100 |

തിരുനെല്ലി പഞ്ചായത്തിൽ 36% പേർ ആഴ്ച നിക്ഷേപം നടത്തുന്നതിൽ കൃത്യത പാലിക്കുന്നുണ്ട്. 64% പേർക്ക് ത്രിഫ്റ്റ് കൃത്യമായി അടയ്ക്കുവാൻ സാധിക്കുന്നില്ല.പട്ടിക 3.16പ്രകാരം20 രൂപയാണ് തിരുനെല്ലി പഞ്ചായത്തിൽ ഗോത്ര വനിതകൾ കൂടുതലായി നിക്ഷേപം നടത്തിയ ത്രിഫ്റ്റ് തുക, എന്നാൽ 64% പേർക്കും ഈയൊരു തുക പോലും അടയ്ക്കുവാൻ സാധിക്കുന്നില്ല എന്നതാണ് പഠനത്തിൽ നിന്നും അനുമാനിക്കുവാൻ സാധിക്കുന്നത്.

**പട്ടിക 3.18അയൽക്കൂട്ടത്തിലെ സമ്പാദ്യം**

| തുക | അംഗങ്ങൾ | ശതമാനം |
|---|---|---|
| 1000 5000 | 9 | 18 |
| 500010000 | 3 | 6 |
| 1000015000 | 8 | 16 |
| 1500020000 | 1 | 2 |
| 2000025000 | 2 | 4 |
| അറിവില്ലാത്തവർ | 27 | 54 |
| ആകെ | 50 | 100 |

തിരുനെല്ലി പഞ്ചായത്തിൽ 54 ശതമാനം പേർക്കും സമ്പാദ്യം എത്രയെന്ന് അറിവില്ല. ഇതിൽ 1000 മുതൽ 5000 വരെ സമ്പാദ്യമുള്ളവർ 18% വും 20000 മുതൽ 25000 വരെ സമ്പാദ്യമുള്ളവർ 4 ശതമാനം പേരുമാണുള്ളത്. ആഴ്ച തോറും അയൽക്കൂട്ട നിക്ഷേപം നടത്തുന്നുവെങ്കിലും 54 ശതമാനം പേരും സ്വസമ്പാദ്യത്തെപ്പറ്റി അജ്ഞരാണ്. ഇതര ഗോത്ര വിഭാഗങ്ങളുമായി താരതമ്യം ചെയ്യുമ്പോൾ സാമൂഹികമായി നല്ല മാറ്റം കൈവരിച്ചിട്ടുള്ളവരാണ് തിരുനെല്ലിയിൽ അധിവസിക്കുന്ന പട്ടികവർഗ്ഗക്കാർ. എന്നിരുന്നിട്ടും അയൽക്കൂട്ട നിക്ഷേപം വഴിയുള്ള സമ്പാദ്യത്തെപ്പറ്റി യാതൊരു ധാരണയുമില്ല എന്നത് പരിശോധിക്കപ്പെടേണ്ടതാണ്.

പട്ടിക 3.19**ആന്തരിക വായ്പ പ്രയോജനകരമായവർ**

| ആന്തരിക വായ്പ പ്രയോജനകരമായിട്ടുണ്ടോ? | അംഗങ്ങൾ | ശതമാനം |
|---|---|---|
| ഉണ്ട് | 30 | 60 |
| ഇല്ല | 6 | 12 |
| ഭാഗികമായി | 14 | 28 |
| ആകെ | 50 | 100 |

തിരുനെല്ലി പഞ്ചായത്തിൽ 60 ശതമാനം പേർക്ക് ആന്തരിക വായ്പകൾ പ്രയോജനകരമായിട്ടുണ്ട്. ഭാഗികമാം വിധത്തിൽ ഈ വായ്പകൾ പ്രയോജനകരമായവർ 28 ശതമാനം ആകുന്നു. എന്നാൽ 12 ശതമാനം പേർക്ക് ആന്തരിക വായ്പകൾ യാതൊരു വിധത്തിലും പ്രയോജനകരമായിട്ടില്ല. കൂടാതെ, പ്രസ്തുത പഞ്ചായത്തിലെ ഗോത്ര വനിതകളിൽ 42 ശതമാനം പേർക്ക് കുടുംബത്തിലെ ദൈനംദിന ആവശ്യങ്ങൾക്കും, 40 ശതമാനം പേർക്ക് ചികിത്സ, ആശുപത്രി ചിലവുകൾ തുടങ്ങി ആരോഗ്യപരമായ ആവശ്യങ്ങൾക്കുംആന്തരിക വായ്പകൾ പ്രയോജനകരമായിട്ടുണ്ടെന്നും പഠനത്തിൽ നിന്നും വ്യക്തമായിട്ടുണ്ട്.

**പട്ടിക 3.20 ലിങ്കേജ് വായ്പ**

| ലിങ്കേജ് വായ്പ | അംഗങ്ങൾ | ശതമാനം |
|---|---|---|
| ഉണ്ട് | 5 | 10 |
| ഇല്ല | 45 | 90 |
| ആകെ | 50 | 100 |

മേൽ പട്ടിക പ്രകാരം 90 ശതമാനം പേരും ലിങ്കേജ് വായ്പകൾ എടുത്തിട്ടില്ല. പ്രസ്തുത പഞ്ചായത്തിലെ കൂടുതൽ പേരും ആന്തരിക വായ്പകളെ ആശ്രയിക്കുന്നവരാണ. എന്നാൽ ചെറു വായ്പകൾ കൈകാര്യം ചെയ്യുവാനല്ലാതെ ലിങ്കേജ് ലോൺ പോലുള്ള ഒന്നു കൂടി ഉയർന്ന തലത്തിലുള്ള പണമിടപാടുകൾ കൈകാര്യം ചെയ്യുവാനുള്ള പ്രാപ്തി ഗോത്ര വനിതകൾക്ക് കൈവന്നിട്ടില്ല എന്ന് കരുതേണ്ടിയിരിക്കുന്നു.

പട്ടിക 3.21**കടബാധ്യത**

| കട ബാധ്യത | അംഗങ്ങൾ | ശതമാനം |
|---|---|---|
| ഉണ്ട് | 28 | 56 |
| ഇല്ല | 22 | 44 |
| ആകെ | 50 | 100 |

മേൽ പട്ടിക 3.21 പ്രകാരം തിരുനെല്ലി പഞ്ചായത്തിലെ 56 ശതമാനം പേരും കടബാധ്യത ഉള്ളവരാണ്. പ്രസ്തുത പഞ്ചായത്തിൽ നിന്നും പഠനം നടത്തിയവരിൽ പകുതിയിലധികം പേർക്കും കടബാധ്യത ഉള്ളത് പ്രത്യേക പരിഗണന നൽകേണ്ട വിഷയമാണ്.

പട്ടിക 3.22**കടം വാങ്ങാനുള്ള പ്രധാന കാരണ**ങ്ങൾ

| കാരണങ്ങൾ | അംഗങ്ങൾ | ശതമാനം |
|---|---|---|
| ഭക്ഷ്യവസ്തുക്കൾ വാങ്ങുന്നതിന് | 13 | 46.42 |
| കൃഷി | 5 | 17.85 |
| വിവാഹം | 8 | 28.57 |
| ആരോഗ്യം | 2 | 7.14 |
| ആകെ | 28 | 100 |

തിരുനെല്ലി പഞ്ചായത്തിൽ കടബാധ്യതയുള്ളവരിൽ 46.42 ശതമാനം പേരും കടം വാങ്ങിയിരിക്കുന്നത് ഭക്ഷ്യ വസ്തുക്കൾ വാങ്ങുന്നതിനായാണ്. 28.57 ശതമാനം പേർ വിവാഹാവശ്യങ്ങൾക്കും 17.85 ശതമാനം പേർ കൃഷി ആവശ്യത്തിനും കടം വാങ്ങിയിട്ടുണ്ട് എന്നതും മേൽ പട്ടികയിൽ നിന്നും വ്യക്തമാണ്.

പട്ടിക 3.23 **കടം വാങ്ങിയ പണം പൂർണ്ണമായി തിരിച്ചു നൽകാൻ സാധിച്ചവർ**

| കടം വാങ്ങിയ പണം തിരിച്ചു നൽകാൻ സാധിച്ചിട്ടുണ്ടോ? | അംഗങ്ങൾ | ശതമാനം |
|---|---|---|
| ഉണ്ട് | 4 | 14.28 |
| ഇല്ല | 18 | 64.28 |
| ഭാഗികമായി | 6 | 21.42 |
| ആകെ | 28 | 100 |

തിരുനെല്ലി പഞ്ചായത്തിലെ 64.28 ശതമാനം പേർക്കും കടം വാങ്ങിയ പണം പൂർണ്ണമായും തിരികെ നൽകാൻ സാധിച്ചിട്ടില്ല. 21.42 ശതമാനം പേർ ഭാഗികമായി കടം വീട്ടിയപ്പോൾ കേവലം 14.28 ശതമാനം പേർക്ക് മാത്രമാണ് പണം തിരികെ നൽകുവാൻ സാധിച്ചത്.

**പട്ടിക 3.24തൊഴിലുറപ്പ് ജോലിയിലെ പങ്കാളിത്തം**

| തൊഴിലുറപ്പ് ജോലിയിൽപങ്കാളിത്തമുണ്ടോ? | അംഗങ്ങൾ | ശതമാനം |
|---|---|---|
| ഉണ്ട് | 26 | 52 |
| ഇല്ല | 24 | 48 |
| ആകെ | 50 | 100 |

തിരുനെല്ലി പഞ്ചായത്തിൽ പഠന വിധേയമാക്കിയവരിൽ 52 ശതമാനം പേർ തൊഴിലുറപ്പ് ജോലിക്ക് പോകുന്നവരാണ്. തൊഴിലുറപ്പ് ജോലിയിൽ പങ്കാളികളാവാത്തവർ 48 ശതമാനവുമാകുന്നു. ഇതര പഞ്ചായത്തുകളുമായി താരതമ്യം ചെയ്യുമ്പോൾ തിരുനെല്ലി പഞ്ചായത്തിലെ തൊഴിലുറപ്പ് ജോലിയിലെ പങ്കാളിത്തം കുറവാണ് എന്നും പഠനത്തിൽ നിന്നും അനുമാനിക്കുവാൻ സാധിക്കുന്നുണ്ട്.

**പട്ടിക 3.25തൊഴിലുറപ്പിലൂടെയുള്ള സാമ്പത്തിക മാറ്റം**

| സാമ്പത്തിക മാറ്റം | അംഗങ്ങൾ | ശതമാനം |
|---|---|---|
| ഉണ്ട് | 21 | 80.76 |
| ഇല്ല | 2 | 7.69 |
| ഭാഗികമായി | 3 | 11.53 |
| ആകെ | 26 | 100 |

പട്ടിക 3.25 പ്രകാരം തിരുനെല്ലി പഞ്ചായത്തിൽ തൊഴിലുറപ്പ് ജോലി ചെയ്യുന്നവരിൽ 80.76 ശതമാനം പേർക്ക് സാമ്പത്തിക ഉന്നമനം നേടുന്നതിന് തൊഴിലുറപ്പ് വരുമാനം ഏറെ പ്രയോജനകരമായിട്ടുണ്ട്. തൊഴിൽ സാധ്യതകൾ കുറഞ്ഞ് വരികയും തൊഴിലില്ലായ്മ രൂക്ഷമാകുകയും ചെയ്യുന്ന സാഹചര്യത്തിൽ തൊഴിലുറപ്പ് വരുമാനത്തിലൂടെ മാത്രമേ സാമ്പത്തിക നേട്ടം സാധ്യമാകൂ എന്നതാണ് ഭൂരിഭാഗം അഭിപ്രായപ്പെടുന്നത്.

**പട്ടിക 3.26 തൊഴിലുറപ്പ് വേതനം കൃത്യമായി ലഭിച്ചവർ**

| വേതനം ലഭിച്ചിട്ടുണ്ടോ? | അംഗങ്ങൾ | ശതമാനം |
|---|---|---|
| ഉണ്ട് | 8 | 30.76 |
| ഇല്ല | 18 | 69.23 |
| ആകെ | 26 | 100 |

പട്ടിക 3.27**വേതനം ലഭിച്ച രീതി**

| രീതി | അംഗങ്ങൾ | ശതമാനം |
|---|---|---|
| മാസത്തിലൊരിക്കൽ | 3 | 11.53 |
| രണ്ടുമാസത്തിലൊരിക്കൽ | 4 | 15.38 |
| മൂന്ന് മാസത്തിലൊരിക്കൽ | 19 | 73.07 |
| ആകെ | 26 | 100 |

തിരുനെല്ലി പഞ്ചായത്തിൽ തൊഴിലുറപ്പ് വേതനം കൃത്യമായി ലഭിച്ചവർ30.76 ശതമാണ്. ഇതിൽ മാസത്തിലൊരിക്കൽ വേതനം ലഭിച്ചവർ 11.53ശതമാനവും രണ്ട് മാസത്തിലൊരിക്കൽ വേതനം ലഭിച്ചവർ 15.38 ശതമാനവും മൂന്ന് മാസത്തിലൊരിക്കൽ വേതനം ലഭിച്ചവർ 73.07 ശതമാനവുമാണ്. ഭൂരിഭാഗം പേർക്കും മൂന്നു മാസത്തിലൊരിക്കലാണ് തൊഴിലുറപ്പ് വേതനം ലഭിച്ചിട്ടുള്ളത് എന്നതാണ് മനസ്സിലാക്കുവാൻ സാധിച്ചിട്ടുള്ളത്.

**മുതലമട പഞ്ചായത്ത്**

**പട്ടിക 3.28 ബാങ്ക് അക്കൗണ്ട് ആരംഭിച്ചവർ**

| ബാങ്ക് അക്കൗണ്ട് | അംഗങ്ങൾ | ശതമാനം |
|---|---|---|
| ഉണ്ട് | 48 | 96 |
| ഇല്ല | 2 | 4 |
| ആകെ | 50 | 100 |

പട്ടിക 3.28 പ്രകാരം മുതലമട പഞ്ചായത്തിൽ 96 ശതമാനം പേർ ബാങ്ക് അക്കൗണ്ട് ഉള്ളവരാണ്. ഗോത്ര വിഭാഗങ്ങൾക്കിടയിൽ തന്നെ പിന്നാക്കം നിൽക്കുന്ന ഇരവാലൻ, മലസർ കൂടാതെ പ്രത്യേക ദുർബല ഗോത്ര വിഭാഗത്തിൽ ഉൾപ്പെടുന്ന കാടർ എന്നീ സമുദായങ്ങളിൽ നിന്നുമുള്ളവരാണ് ഈ പഞ്ചായത്തിൽ അധിവസിക്കുന്നത്, എന്നിരുന്നിട്ടും 96 ശതമാനം പേർക്കും ബാങ്ക് അക്കൗണ്ടുകൾ ആരംഭിക്കുവാൻ സാധിച്ചിട്ടുണ്ട് എന്നത് പ്രശംസനീയമാണ്.

**പട്ടിക 3.29 വരവ്  ചിലവ് കണക്കുകൾ എഴുതി വയ്ക്കുന്ന ശീലം**

| **ഒരവ് ചിലവ് എഴുതിവയ്ക്കുന്ന ശീലം** | അംഗങ്ങൾ | ശതമാനം |
|---|---|---|
| ഉണ്ട് | 7 | 14 |
| ഇല്ല | 43 | 86 |
| ആകെ | 50 | 100 |

പട്ടിക 3.29 പ്രകാരം മുതലമട പഞ്ചായത്തിലെ 86 ശതമാനം പേരും വരവ് ചിലവ് കണക്കുകൾ എഴുതി സൂക്ഷിക്കുന്ന ശീലമില്ലാത്തവരാണ്. പ്രസ്തുത പഞ്ചായത്തിൽ കണക്കുകൾ എഴുതി സൂക്ഷിക്കുന്നവർ കേവലം 14 ശതമാനമാണ്. വരവ് ചിലവ് കണക്കുകൾ എഴുതിവെച്ച് കുടുംബത്തിലെ സാമ്പത്തിക അച്ചടക്കം പാലിക്കുന്നതിൽ ഗോത്ര സ്ത്രീകൾക്ക് സാധിച്ചിട്ടില്ല എന്നതാണ മേൽ വിശകലനങ്ങളിൽ നിന്നും മനസ്സിലാക്കുവാൻ സാധിച്ചിട്ടുള്ളത്.

**പട്ടിക 3.30ത്രിഫ്റ്റ് തുക**

| തുക | അംഗങ്ങൾ | ശതമാനം |
|---|---|---|
| 20 രൂപ | 10 | 20 |
| 30 രൂപ | 8 | 16 |
| 50 രൂപ | 22 | 44 |
| 10 രൂപ | 10 | 20 |
| ആകെ | 50 | 100 |

പട്ടിക 3.30പ്രകാരം മുതലമട പഞ്ചായത്തിലെ 44 ശതമാനം പേരും ത്രിഫ്റ്റ് തുകയായി നിശ്ചയിച്ചിട്ടുള്ളത് 50 രൂപയാണ്. എന്നാൽ പ്രസ്തുത പഞ്ചായത്തിൽ 10 രൂപ മാത്രം നിക്ഷേപം നടത്തുന്നവർ 20% ഉണ്ടെന്നുള്ളത് ശ്രദ്ധിക്കേണ്ടതാണ്.

**പട്ടിക 3.31ത്രിഫ്റ്റ് തുക കൃത്യമായി അടയ്ക്കുവാൻ സാധിക്കുന്നവർ**

| ത്രിഫ്റ്റ് തുകഅടയ്ക്കുന്നുണ്ടോ? | അംഗങ്ങൾ | ശതമാനം |
|---|---|---|
| ഉണ്ട് | 6 | 12 |
| ഇല്ല | 44 | 88 |
| ആകെ | 50 | 100 |

പട്ടിക 3.31പ്രകാരം മുതലമട പഞ്ചായത്തിൽ ത്രിഫ്റ്റ് തുക കൃത്യമായി അടയ്ക്കുവാൻ സാധിക്കുന്നവർ വെറും 12% മാത്രമാണ്. 88% പേർക്കും ത്രിഫ്റ്റ് തുക കൃത്യതയോടെ അടയ്ക്കുവാൻ സാധിക്കുന്നില്ല. പട്ടികവർഗ്ഗക്കാർക്കായി നിരവധി വികസന പദ്ധതികൾ നടപ്പിലാക്കിയിട്ടും പ്രസ്തുത പഞ്ചായത്തിലെ 88% പേർക്കും തന്റെ വരുമാനത്തിന്റെ ചെറിയൊരു ശതമാനം പോലും ത്രിഫ്റ്റ് വെയ്ക്കുവാൻ സാധിക്കുന്നില്ലഎന്നത് പരിശോധിക്കപ്പെടേതാണ്. പ്രസ്തുത പഞ്ചായത്തിൽ അയൽക്കൂട്ട ത്രിഫ്റ്റായി 50 രൂപ നിശ്ചയിച്ചതിനാലാണ് ഭൂരിഭാഗത്തിനും ത്രിഫ്റ്റ് നിക്ഷേപത്തിൽ കൃത്യത പാലിക്കാൻ സാധിക്കാത്തത് എന്ന് അനുമാനിക്കാവുന്നതാണ്.

**പട്ടിക 3.32അയൽക്കൂട്ടത്തിലെ സമ്പാദ്യം**

| തുക | അംഗങ്ങൾ | ശതമാനം |
|---|---|---|
| 10005000 | 2 | 4 |
| 500010000 | 1 | 2 |
| 1500020000 | 4 | 8 |
| 2000025000 | 4 | 8 |
| 25000 ന് മുകളിൽ | 5 | 10 |
| അറിവില്ലാത്തവർ | 34 | 68 |
| ആകെ | 50 | 100 |

പട്ടിക3.32 പ്രകാരം മുതലമട പഞ്ചായത്തിൽ 68% അംഗങ്ങൾക്ക് സമ്പാദ്യത്തെ കുറിച്ച് ധാരണയില്ല. 1000 മുതൽ 5000 വരെ സമ്പാദ്യമുള്ളവർ 4% വും 25000 മുകളിൽ സമ്പാദ്യമുള്ളവർ 10% വും ആണ്. ചെറു സമ്പാദ്യത്തിലൂടെ ദാരിദ്ര്യ ലഘൂകരണം എന്നതാണ് കുടുംബശ്രീയുടെ ആത്യന്തിക ലക്ഷ്യം. എന്നാൽ പ്രതിവാര ത്രിഫ്റ്റ് നിക്ഷേപത്തിലൂടെയുള്ള സമ്പാദ്യമെത്രയെന്നതിനെപ്പറ്റി പോലും യാതൊരുതരത്തിലുള്ള ധാരണയുമില്ലാതെ ഒരു സമൂഹത്തിൽ ദാര്യദ്ര്യ ലഘൂകരണം എങ്ങിനെ സാധ്യമാകുമെന്നത് ഏറെ പ്രതിസന്ധികൾ സൃഷ്ടിക്കുമെന്നത് സംശയാതീതമാണ്.

**പട്ടിക 3.33ആന്തരിക വായ്പ പ്രയോജനകരമായവർ**

| ആന്തരിക വായ്പ പ്രയോജനകരമായിട്ടുണ്ടോ? | അംഗങ്ങൾ | ശതമാനം |
|---|---|---|
| ഉണ്ട് | 18 | 36 |
| ഇല്ല | 20 | 40 |
| ഭാഗികമായി | 12 | 24 |
| ആകെ | 50 | 100 |

പട്ടിക 3.33പ്രകാരം മുതലമട പഞ്ചായത്തിൽ 40 ശതമാനം പേർക്ക് ആന്തരിക വായ്പകൾ പ്രയോജനകരമായിട്ടില്ല. 24 ശതമാനം പേർക്ക് ആന്തരിക വായ്പകൾ ഭാഗികമാം വിധത്തിൽ പ്രയോജനപ്പെടുത്തുവാൻ സാധിച്ചിട്ടുണ്ട്. അയൽക്കൂട്ടത്തിലെ ആന്തരിക വായ്പകൾ പൂർണ്ണമായും പ്രയോജനകരമായവർ 36 ശതമാനമാകുന്നു.

പ്രസ്തുത പഞ്ചായത്തിലെ ഗോത്രവനിതകളിൽ 30 ശതമാനം പേർക്ക് ദൈനംദിനാവശ്യങ്ങൾക്കുള്ള ചിലവ് കണ്ടെത്തുന്നതിനും 16 ശതമാനം പേർക്ക് കുട്ടികളുടെ വിദ്യാഭ്യാസപരമായ ആവശ്യങ്ങൾക്കു വേണ്ടിയും ആന്തരിക വായ്പകൾ സഹായകരമാകുന്നുണ്ടെന്നാണ് മനസ്സിലാക്കുവാൻ സാധിച്ചിട്ടുള്ളത്.

**പട്ടിക 3.34ലിങ്കേജ്വായ്പകൾ**

| **ലിങ്കേജ്വായ്പ** | അംഗങ്ങൾ | ശതമാനം |
|---|---|---|
| ഉണ്ട് | 9 | 18 |
| ഇല്ല | 41 | 82 |
| ആകെ | 50 | 100 |

പട്ടിക 3.34പ്രകാരം മുതലമട പഞ്ചായത്തിൽ 18 ശതമാനം പട്ടികവർഗ്ഗ വനിതകൾ മാത്രമാണ് കുടുംബശ്രീ ലിങ്കേജ് വായപകൾ എടുത്തിട്ടുള്ളത്. 82 ശതമാനം പേരും വായ്പകൾ എടുത്തിട്ടില്ല. അയൽകൂട്ട അംഗങ്ങളുടെ ആവശ്യങ്ങളുടെ തോത് വർദ്ധിക്കുമ്പോൾ ലഘു സമ്പാദ്യ വായ്പ കൊണ്ട് മാത്രം അവരുടെ ആവശ്യങ്ങൾ പരിഹരിക്കാതെ വരികയും ഇതര പണമിടപാട് സ്ഥാപനങ്ങളിൽ നിന്നും കടം വാങ്ങാൻ നിർബന്ധിതരാവുകയും ചെയ്യുന്ന സാഹചര്യമുണ്ട്. ഈയൊരു സ്ഥിതിയെ മറികടക്കുവാനായിട്ടാണ് കുടുംബശ്രീ ബാങ്ക് ലിങ്കേജ് വായ്പകൾ അയൽകൂട്ടങ്ങൾക്ക് ലഭ്യമാകുന്നത്. എന്നാൽ ലിങ്കേജ് വായ്പ ലഭിക്കുന്നതിന് നിരവധിയായ നടപടി ക്രമങ്ങളുണ്ട്. അതുകൊണ്ടു തന്നെ ആകസ്മികമായ ചിലവുകൾക്ക് ലിങ്കേജ് വായ്പകൾ ആശ്രയിക്കുക അസാധ്യമാണ്. പ്രസ്തുത പഞ്ചായത്തിലെ ലിങ്കേജ് വായ്പ എടുത്തി

ട്ടുള്ളവരുടെ എണ്ണം കുറയുവാനുള്ള കാരണമായ മേൽ പറഞ്ഞ വസ്തുതയെ പരിഗണിക്കാവുന്ന താണ്.

**പട്ടിക 3.35കടബാധ്യത**

| **കട ബാധ്യത** | അംഗങ്ങൾ | ശതമാനം |
|---|---|---|
| ഉണ്ട് | 29 | 58 |
| ഇല്ല | 21 | 42 |
| ആകെ | 50 | 100 |

പട്ടിക 3.35 പ്രകാരം മുതലമട പഞ്ചായത്തിലെ 58 ശതമാനം അംഗങ്ങൾക്കും കടബാധ്യത യുണ്ട്. കുടുംബശ്രീയുടെ ആന്തരിക വായ്പയും, ലിങ്കേജ് വായ്പയും കടബാധ്യത കുറച്ചു കൊണ്ട് വരാൻ ഒരു പരിധി വരെ സഹായിച്ചുവെങ്കിലും ഇത്രയധികം ഗോത്രസ്ത്രീകൾ പുറമേ നിന്നും കടം വാങ്ങിയിട്ടുള്ളത് പ്രത്യേക ശ്രദ്ധ ചെലുത്തേണ്ട വസ്തുതയാണ്.

പട്ടിക 3.36**കടം വാങ്ങാനുള്ള പ്രധാന കാരണ**ങ്ങൾ

| കാരണങ്ങൾ | അംഗങ്ങൾ | ശതമാനം |
|---|---|---|
| ഭക്ഷ്യവസ്തുക്കൾ വാങ്ങുന്നതിന് | 6 | 20.68 |
| ആരോഗ്യം | 6 | 20.68 |
| വീട് നിർമ്മാണവും പുനരുദ്ധാരണവും | 11 | 37.93 |
| മറ്റുള്ളവ | 6 | 20.68 |
| ആകെ | 29 | 100 |

പട്ടിക3.36 പ്രകാരം മുതലമട പഞ്ചായത്തിൽ കടബാധ്യതയുള്ള 58 ശതമാനം പേരിൽ 37.93 ശത മാനം അയൽകൂട്ട അംഗങ്ങളും കടം വാങ്ങിയിട്ടുള്ളത് വീടു നിർമ്മാണത്തിനും പുനരുദ്ധാരണത്തിനുമായിട്ടാണ്. ആരോഗ്യപരമായ ആവശ്യങ്ങൾക്കും ഭക്ഷ്യവസ്തുക്കൾ വാങ്ങുന്നതിനുമായി കടം വാങ്ങിയത് 20.68 ശതമാനമാണ്.

പട്ടിക 3.37**കടം വാങ്ങിയ പണം പൂർണ്ണമായി തിരിച്ചു നൽകാൻ സാധിച്ചവർ**

| കടം വാങ്ങിയ പണം തിരിച്ചു നൽകാൻ സാധിച്ചിട്ടുണ്ടോ? | അംഗങ്ങൾ | ശതമാനം |
|---|---|---|
| ഉണ്ട് | 7 | 24.13 |
| ഇല്ല | 9 | 31.03 |
| ഭാഗികമായി | 13 | 44.82 |
| ആകെ | 29 | 100 |

പട്ടിക3.37 പ്രകാരം മുതലമട പഞ്ചായത്തിലെ കടബാധ്യതയുള്ള 29 പേരിൽ 31.03 ശതമാനം പേർക്കും കടം വീട്ടാൻ സാധിച്ചിട്ടില്ല. 44.82 ശതമാനം പേർ ഭാഗികമായി പണം തിരികെ നൽകിയി ട്ടുണ്ട്. പട്ടികവർഗ്ഗക്കാർക്കിടയിലെ രൂക്ഷമായ തൊഴിലില്ലായ്മയും ദാരിദ്ര്യവുമാണ് കടം വാങ്ങുന്ന തിനും അത് തിരികെ നൽകാൻ കഴിയാത്തതിനും കാരണമായിട്ടുള്ളത് എന്ന് അനുമാനിക്കാവുന്ന താണ്.

പട്ടിക 3.38**തൊഴിലുറപ്പ് ജോലിയിലെ പങ്കാളിത്തം**

| തൊഴിലുറപ്പ് ജോലിയിൽ പങ്കാളിത്തം | അംഗങ്ങൾ | ശതമാനം |
|---|---|---|
| ഉണ്ട് | 32 | 64 |
| ഇല്ല | 18 | 36 |
| ആകെ | 50 | 100 |

പട്ടിക 3.38പ്രകാരം 64 ശതമാനം പേർ തൊഴിലുറപ്പ് പദ്ധതിയിൽ ജോലി ചെയ്യുന്നവരാണ് . സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന പ്രസ്തുത പഞ്ചായത്തിലെ ഗോത്ര വനിതകൾക്ക് ഏറെ പ്രതീക്ഷ നൽകുന്ന ഒന്നാണ് തൊഴിലുറപ്പ് പദ്ധതി. എന്നാൽ പറമ്പിക്കുളം കാടർ കോളനിയിൽ നിന്നും പഠനത്തിലുൾപ്പെട്ടവരിൽ ആരും തന്നെ തൊഴിലുറപ്പ് ജോലിയിൽ പങ്കാളികളല്ല എന്ന താണ് മനസ്സിലാക്കാൻ സാധിക്കുന്നത്.

പട്ടിക 3.39**തൊഴിലുറപ്പിലൂടെയുള്ള സാമ്പത്തിക മാറ്റം**

| സാമ്പത്തിക മാറ്റം | അംഗങ്ങൾ | ശതമാനം |
|---|---|---|
| ഉണ്ട് | 20 | 62.5 |
| ഇല്ല | 2 | 6.25 |
| ഭാഗികമായി | 10 | 31.25 |
| ആകെ | 32 | 100 |

പട്ടിക 3.39പ്രകാരം തൊഴിലുറപ്പ് വേതനത്തിലൂടെ കുടുംബത്തിന്റെ വരുമാനത്തിൽ മാറ്റം വരു ത്തുവാൻ സാധിക്കുമെന്നും, സാമ്പത്തിക മുന്നേറ്റം സാധ്യമാണന്നുമാണ്62.5 ശതമാനം പേരും അഭിപ്രായപ്പെട്ടിട്ടുള്ളത്. ഗോത്രസ്ത്രീ സാമ്പത്തിക ശാക്തീകരണം ത്വരിതപ്പെടുത്തുന്നതിനുള്ള പ്രേരക ശക്തിയായി തൊഴിലുറപ്പ് വേതനത്തെ ഗോത്രവനിതകൾ നോക്കി കാണുന്നുണ്ട് എന്ന താണ് മനസ്സിലാക്കുവാൻ സാധിക്കുന്നത്.

പട്ടിക 3.40**തൊഴിലുറപ്പ് വേതനം കൃത്യമായി ലഭിച്ചവർ**

| വേതനം ലഭിച്ചിട്ടുണ്ടോ? | അംഗങ്ങൾ | ശതമാനം |
|---|---|---|
| ഉണ്ട് | 4 | 12.5 |
| ഇല്ല | 28 | 87.5 |
| ആകെ | 32 | 100 |

പട്ടിക 3.41**വേതനം ലഭിച്ച രീതി**

| വേതനം ലഭിച്ച രീതി | അംഗങ്ങൾ | ശതമാനം |
|---|---|---|
| മാസത്തിലൊരിക്കൽ | 1 | 3.25 |
| രണ്ടുമാസത്തിലൊരിക്കൽ | 3 | 9.37 |
| മൂന്ന് മാസത്തിലൊരിക്കൽ | 28 | 87.5 |
| ആകെ | 32 | 100 |

പട്ടിക 3.41പ്രകാരം മുതലമട പഞ്ചായത്തിൽ തൊഴിലുറപ്പ് വേതനം കൃത്യമായി ലഭിച്ചവർ 12.5 ശതമാനമാണ്. ഇതിൽ രണ്ട് മാസത്തിലൊരിക്കൽ ലഭിച്ചവർ 9.37 ശതമാനവും മാസത്തിലൊരിക്കൽ ലഭിച്ചവർ 3.25 ശതമാനവും മൂന്ന് മാസത്തിലൊരിക്കൽ ലഭിച്ചവർ 87.5 ശത മാനവും ആണ്. ഭൂരിഭാഗം പേർക്കും മൂന്നുമാസത്തിലൊരിക്കലാണ തൊഴിലുറപ്പ് വേതനം ലഭിച്ചി ട്ടുള്ളത് എന്നതാണ് മനസ്സിലാക്കുവാൻ സാധിച്ചിട്ടുള്ളത്.

## പുതൂർ പഞ്ചായത്ത്

പട്ടിക 3.42**ബാങ്ക് അക്കൗണ്ട് ആരംഭിച്ചവർ**

| ബാങ്ക് അക്കൗണ്ട് | അംഗങ്ങൾ | ശതമാനം |
|---|---|---|
| ഉണ്ട് | 47 | 94 |
| ഇല്ല | 3 | 6 |
| ആകെ | 50 | 100 |

ഗോത്ര വിഭാഗങ്ങൾക്കിടയിൽ തന്നെ പിന്നാക്കം നിൽക്കുന്ന ഇരുളർ, മുഡുഗർ കൂടാതെ പ്രത്യേക ദുർബല ഗോത്ര വിഭാഗത്തിൽ ഉൾപ്പെടുന്ന കുറുമ്പർ എന്നീ സമുദായങ്ങളിൽ നിന്നു മുള്ളവരാണ് ഈ പഞ്ചായത്തിൽ അധിവസിക്കുന്നതെങ്കിൽ പോലും 94 ശതമാനം പേർക്കും ബാങ്ക് അക്കൗണ്ടുകൾ ആരംഭിക്കുവാൻ സാധിച്ചിട്ടുണ്ട് എന്നത് പ്രശംസനീയമാണ്. വിവിധ പദ്ധ

തികളുടെ പ്രയോജനങ്ങൾ ബാങ്ക് അക്കണ്ടൌണ്ടിലൂടെ മാത്രമേ ലഭ്യമാകുകയുള്ളൂ എന്നതിനാലാണ് ഭൂരിഭാഗവും അക്കൗണ്ടുകൾ ആരംഭിച്ചിട്ടുള്ളത്.

പട്ടിക 3.43**വരവ് ചിലവ് കണക്കുകൾ എഴുതി വയ്ക്കുന്ന ശീലം**

| വരവ് ചിലവ് എഴുതി വയ്ക്കുന്ന ശീലം | അംഗങ്ങൾ | ശതമാനം |
|---|---|---|
| ഉണ്ട് | 8 | 16 |
| ഇല്ല | 42 | 84 |
| ആകെ | 50 | 100 |

പുതൂർ പഞ്ചായത്തിൽ നിന്നും പഠനത്തിൽ പങ്കെടുത്ത 84 ശതമാനം പേർക്കും വരവ് ചിലവ് കണക്കുകൾ എഴുതി സൂക്ഷിക്കുന്ന ശീലമില്ല. 16 ശതമാനം വനിതകൾ മാത്രമാണ് വരവ് ചിലവ് കണക്കുകൾ എഴുതി സൂക്ഷിക്കുന്ന ശീലം പിന്തുടരുന്നത്.

പട്ടിക 3.44**ത്രിഫ്റ്റ് തുക**

| തുക | അംഗങ്ങൾ | ശതമാനം |
|---|---|---|
| 20 രൂപ | 47 | 94 |
| 25 രൂപ | 1 | 2 |
| 50 രൂപ | 2 | 4 |
| ആകെ | 50 | 100 |

പുതൂർ പഞ്ചായത്തിൽ നിന്നുമുള്ള ഗോത്ര വനിതകൾക്ക് അയൽക്കൂട്ട നിക്ഷേപം നടത്തുവാൻ സാധിക്കുന്ന, ഏറ്റവും അനുയോജ്യമായ ത്രിഫ്റ്റ് തുക 20 രൂപയാണെന്നുള്ളത് മേൽ പട്ടികയിൽ നിന്നും വ്യക്തമാണ്. 94 ശതമാനവും 20 രൂപയാണ് ത്രിഫ്റ്റ് തുകയായി തീരുമാനിച്ചിട്ടുള്ളത്. കേവലം 6 ശതമാനം മാത്രമാണ് 20 രൂപയ്ക്ക് മേൽ ത്രിഫ്റ്റ് തുകയായി തീരുമാനിച്ചിട്ടുള്ളത്.

പട്ടിക 3.45**ത്രിഫ്റ്റ് തുക കൃത്യമായി അടയ്ക്കുവാൻ സാധിക്കുന്നവർ**

| ത്രിഫ്റ്റ് തുകഅടയ്ക്കുന്നുണ്ടോ? | അംഗങ്ങൾ | ശതമാനം |
|---|---|---|
| ഉണ്ട് | 20 | 40 |
| ഇല്ല | 30 | 60 |
| ആകെ | 50 | 100 |

പുതൂർ പഞ്ചായത്തിലെ 60 ശതമാനം പേർക്കും പ്രതിവാര ത്രിഫ്റ്റ് നിക്ഷേപം ചിട്ടയോടെ നടത്തുവാൻ സാധിക്കുന്നില്ല. ചെറിയ തുകയായ 20 രൂപ പോലും ആഴ്ചയിൽ സമ്പാദ്യം എന്ന നിലയിൽ നീക്കിവെയ്ക്കുവാൻ സാധിക്കുന്നില്ല എന്നത് പരിശോധിക്കപ്പെടേണ്ടതാണ്.

**പട്ടിക 3.46അയൽക്കൂട്ടത്തിലെ സമ്പാദ്യം**

| തുക | അംഗങ്ങൾ | ശതമാനം |
|---|---|---|
| 1000 5000 | 1 | 2 |
| 500010000 | 1 | 2 |
| 1000015000 | 1 | 2 |
| 1500020000 | 3 | 6 |
| 2000025000 | 3 | 6 |
| 25000 ന് മുകളിൽ | 1 | 2 |
| അറിവില്ലാത്തവർ | 40 | 80 |
| ആകെ | 50 | 100 |

പുതൂർ പഞ്ചായത്തിലെ കണക്കുകൾ അനുസരിച്ച് 80 ശതമാനം അംഗങ്ങൾക്കും സമ്പാദ്യം എത്രയെന്ന് അറിയില്ല. 1000 മുതൽ 5000 വരെ സമ്പാദ്യമുള്ളവർ 2 ശതമാനം വും 25000 മുകളിൽ സമ്പാദ്യമുള്ളവർ 2 ശതമാനവും മാത്രമാണ് . പട്ടിക വർഗ്ഗ വനിതകളിൽ വലിയൊരു ശതമാനത്തിനും അയൽക്കൂട്ട നിക്ഷേപത്തിലൂടെ സമ്പാദിക്കുവാൻ സാധിച്ചിട്ടുള്ള തുകയെത്രയെന്നത് അറിവില്ല. കുടുംബശ്രീ പ്രസ്ഥാനം പ്രവർത്തനമാരംഭിച്ചിട്ട് വർഷങ്ങളായിട്ടും സാമ്പത്തിക കാര്യങ്ങളിൽ ഗോത്ര വനിതകൾ ഏറെ പിറകിലാണ് എന്ന് തന്നെ മേൽ പട്ടികയിൽ നിന്നും അനുമാനിക്കുവാൻ സാധിക്കുന്നു.

പട്ടിക 3.47**ആന്തരിക വായ്പ പ്രയോജനകരമായവർ**

| ആന്തരിക വായ്പ പ്രയോജനകരമായിട്ടുണ്ടോ? | അംഗങ്ങൾ | ശതമാനം |
|---|---|---|
| ഉണ്ട് | 33 | 66 |
| ഇല്ല | 15 | 30 |
| ഭാഗികമായി | 2 | 4 |
| ആകെ | 50 | 100 |

പുതൂർ പഞ്ചായത്തിലെ 66 ശതമാനം ഗോത്ര വനിതകൾക്ക് ആന്തരിക വായ്പയുടെ പ്രയോജനം ലഭിച്ചിട്ടുണ്ട്. 4 ശതമാനം പേർക്ക് ഭാഗികമാം വിധത്തിൽ വായ്പകൾ പ്രയോജനപ്പെട്ടിട്ടുണ്ട്. എന്നാൽ 30 ശതമാനത്തിന് ആന്തരിക വായ്പയിലൂടെ യാതൊരാവശ്യവും നിറവേറ്റു

വാൻ സാധിച്ചിട്ടില്ലെന്നാണ് പട്ടിക3.47ൽ നിന്നും മനസ്സിലാക്കാൻ സാധിക്കുന്നത്. പ്രസ്തുത പഞ്ചായത്തിൽ നിന്നുള്ള ഗോത്ര വനിതകളിൽ ആന്തരിക വായ്പകൾ പ്രയോജനപ്പെടുത്തുവാൻ സാധിച്ചിട്ടുള്ള മേഖലകൾ പരിശോധിച്ചാൽ 40 ശതമാനം പേർക്ക് ദൈനംദിന ആവശ്യങ്ങൾക്കും ,30 ശതമാനം പേർക്ക് കുട്ടികളുടെ വിദ്യാഭ്യാസ ആവശ്യങ്ങൾക്കും സഹായകരമായിട്ടുണ്ടെന്ന താണ് പഠനത്തിൽ നിന്നും മനസ്സിലാക്കുവാൻ സാധിച്ചിട്ടുള്ളത്.

പട്ടിക 3.48**ലിങ്കേജ് വായ്പ**

| ലിങ്കേജ് വായ്പ | അംഗങ്ങൾ | ശതമാനം |
|---|---|---|
| ഉണ്ട് | 9 | 18 |
| ഇല്ല | 41 | 82 |
| ആകെ | 50 | 100 |

പുതൂർ പഞ്ചായത്തിൽ 82 ശതമാനം പേരും വായ്പകൾ എടുത്തിട്ടില്ല. 18 ശതമാനം പട്ടികവർഗ്ഗ വനിതകൾ മാത്രമാണ് ലിങ്കേജ് വായപകൾ എടുത്തിട്ടുള്ളത്. കൂടുതൽ പേരും ആന്തരിക വായ്പ കളെ ആശ്രയിക്കുന്നവരാണ്. ചെറു വായ്പകൾ കൈകാര്യം ചെയ്യുവാനല്ലാതെ ലിങ്കേജ് ലോൺ പോലുള്ള ഒന്നു കൂടി ഉയർന്ന നിലക്കുള്ള പണമിടപാടുകൾ കൈകാര്യം ചെയ്യുവാനുള്ള പ്രാപ്തി ഗോത്ര വനിതകൾക്ക് കൈവന്നിട്ടില്ല എന്ന് വേണം കരുതുവാൻ.

പട്ടിക 3.49**കടബാധ്യത**

| **കട ബാധ്യത** | അംഗങ്ങൾ | ശതമാനം |
|---|---|---|
| ഉണ്ട് | 25 | 50 |
| ഇല്ല | 25 | 50 |
| ആകെ | 50 | 100 |

പുതൂർ പഞ്ചായത്തിൽ കടബാധ്യതയുള്ളവർ 50 ശതമാനമാണ്. പഠനത്തിൽ പങ്കെടുത്ത പകുതി പേർക്കും കടബാധ്യതയില്ല എന്നത് ആശാവഹമായ വസ്തുതയാണെങ്കിലും അവശേഷി ക്കുന്ന പകുതി പേർക്ക് കടം വീട്ടാനാകാത്ത അവസ്ഥയിലാണെന്നുള്ളതും പഠനത്തിൽ നിന്നും വ്യക്തമായിട്ടുണ്ട്.

**പട്ടിക 3.50കടം വാങ്ങാനുള്ള പ്രധാന കാരണങ്ങൾ**

| കാരണങ്ങൾ | അംഗങ്ങൾ | ശതമാനം |
|---|---|---|
| കൃഷി | 1 | 4 |
| ഭക്ഷ്യവസ്തുക്കൾ വാങ്ങുന്നതിന് | 10 | 40 |
| ആരോഗ്യം | 5 | 20 |
| വിദ്യാഭ്യാസ ആവശ്യങ്ങൾക്ക് | 3 | 12 |
| വീട് നിർമ്മാണവും പുനരുദ്ധാരണവും | 3 | 12 |
| മറ്റുള്ളവ | 3 | 12 |
| ആകെ | 25 | 100 |

പുതൂർ പഞ്ചായത്തിൽ കടബാധ്യതയുള്ള 25 പേരിൽ 40 ശതമാനവും കടം വാങ്ങിയിട്ടുള്ളത് ഭക്ഷണ സാധനങ്ങൾ വാങ്ങുന്നതിനായാണ്. അവശേഷിക്കുന്നവരിൽ 20 ശത മാനം പേർ ആരോഗ്യപരമായ ആവശ്യങ്ങൾക്കും 12 ശതമാനം വീതം പേർ വീടു നിർമ്മാണത്തിനും, വിദ്യാഭ്യാസ ആവശ്യങ്ങൾക്കും മറ്റ് ആവശ്യങ്ങൾക്കുമായിട്ടാണ് കടം വാങ്ങിയിട്ടുള്ളത്.

**പട്ടിക 3.51കടം വാങ്ങിയ പണം പൂർണ്ണമായി തിരിച്ചു നൽകാൻ സാധിച്ചവർ**

| കടം വാങ്ങിയ പണം തിരിച്ചു നൽകാൻ സാധിച്ചിട്ടുണ്ടോ? | അംഗങ്ങൾ | ശതമാനം |
|---|---|---|
| ഉണ്ട് | 5 | 20 |
| ഇല്ല | 13 | 52 |
| ഭാഗികമായി | 7 | 28 |
| ആകെ | 25 | 100 |

പട്ടിക 3.51 പ്രകാരം 52 ശതമാനം അംഗങ്ങൾക്ക് പണം തിരിച്ചടയ്ക്കുവാൻ സാധിച്ചിട്ടില്ല. കടം വാങ്ങിയവരിൽ ഭൂരിഭാഗത്തിനും അത് വീട്ടാൻ കഴിയുന്നില്ല എന്നു മാത്രമല്ല ദൈനംദിനാവ ശ്യങ്ങൾക്കായി പലചരക്ക് കടയിൽ നിന്നും സാധനങ്ങൾ വാങ്ങുക വഴി കടം കൂടുതലാകു കയും തദ്വാര പട്ടിക വർഗ്ഗക്കാർ കൂടുതൽ കടക്കെണിയിൽ അകപ്പെടുന്ന അവസ്ഥ സംജാതമാ കുകയും ചെയ്യുന്നുണ്ടെന്നും പഠനത്തിൽ നിന്നും ബോധ്യപ്പെട്ടിട്ടുണ്ട്.

**പട്ടിക 3.52തൊഴിലുറപ്പ് ജോലിയിലെ പങ്കാളിത്തം**

| തൊഴിലുറപ്പ് ജോലിയിൽ പങ്കാളിത്തം | അംഗങ്ങൾ | ശതമാനം |
|---|---|---|
| ഉണ്ട് | 40 | 80 |
| ഇല്ല | 10 | 20 |
| ആകെ | 50 | 100 |

പുതുർ പഞ്ചായത്തിൽ 80 ശതമാനം പേർ തൊഴിലുറപ്പ് ജോലികൾ ചെയ്യുന്നുണ്ട്. ആകെയുള്ള അമ്പത് പേരിൽ 20 ശതമാനം മാത്രമാണ് തൊഴിലുറപ്പ് ജോലിയിൽ

പങ്കാളികല്ലാത്തത്. തൊഴിലില്ലായ്മ രൂക്ഷമായിട്ടുള്ള പ്രസ്തുത പഞ്ചായത്തിലെ തൊഴിലില്ലായ്മ ക്കുള്ള ബദൽ സംവിധാനം എന്ന നിലയിൽ തൊഴിലുറപ്പ് ജോലി ഉയർന്നു വന്നിട്ടുണ്ട്.

**പട്ടിക 3.53തൊഴിലുറപ്പിലൂടെയുള്ള സാമ്പത്തിക മാറ്റം**

| **സാമ്പത്തിക മാറ്റം** | അംഗങ്ങൾ | ശതമാനം |
|---|---|---|
| ഉണ്ട് | 38 | 95 |
| ഇല്ല | 2 | 5 |
| ഭാഗികമായി | 0 | 0 |
| ആകെ | 40 | 100 |

പട്ടിക3.53 പ്രകാരം 95 ശതമാനം പേരും അഭിപ്രായപ്പെട്ടിട്ടുള്ളത് തൊഴിലുറപ്പിലൂടെ കുടുംബ വരുമാനത്തിൽ മാറ്റം വരുത്തുവാൻ സാധിക്കും എന്നതാണ്. ഒരു കുടുംബം സാമ്പ ത്തികമായി ഉയരുന്നത് ചിലവുകൾ നികത്തുവാൻ ഉതകും വിധം വരുമാനം ഉണ്ടാകുമ്പോഴാണ്. ആ നിലയ്ക്ക് സ്ത്രീ കേന്ദ്രീകൃതമായ വരുമാനോൽപാദനം തൊഴിലുറപ്പിലൂടെ മാത്രമേ സാധ്യ മാകുകയുള്ളൂ എന്ന പ്രതീക്ഷയാണ് പ്രസ്തുത പഞ്ചായത്തിലുള്ള ഭൂരിഭാഗം പങ്ക് വഹിച്ചിട്ടുള്ള ത്.

**പട്ടിക 3.54തൊഴിലുറപ്പ് വേതനം കൃത്യമായി ലഭിച്ചവർ**

| വേതനം ലഭിച്ചിട്ടുണ്ടോ? | അംഗങ്ങൾ | ശതമാനം |
|---|---|---|
| ഉണ്ട് | 18 | 45 |
| ഇല്ല | 22 | 55 |
| ആകെ | 40 | 100 |

**പട്ടിക 3.55വേതനം ലഭിച്ച രീതി**

| വേതനം ലഭിച്ച രീതി | അംഗങ്ങൾ | ശതമാനം |
|---|---|---|
| മാസത്തിലൊരിക്കൽ | 18 | 45 |
| രണ്ടുമാസത്തിലൊരിക്കൽ | 22 | 55 |
| ആകെ | 40 | 100 |

പുതുർ പഞ്ചായത്തിൽ തൊഴിലുറപ്പ് വേതനം കൃത്യമായി ലഭിച്ചവർ 45 ശതമാനം ആണ്. ഇതിൽ മാസത്തിലൊരിക്കൽ വേതനം ലഭിച്ചവർ 45 ശതമാനവും രണ്ട് മാസത്തിലൊരിക്കൽ വേതനം ലഭിച്ചവർ 55 ശതമാനവുംആണ്. ഭൂരിഭാഗംപേർക്കുംരണ്ട്

മാസത്തിലൊരിക്കലാണ്തൊഴിലുറപ്പ് വേതനംലഭിച്ചിട്ടുള്ളത്എന്നതാണ്മനസ്സിലാക്കുവാൻ സാധിച്ചിട്ടുള്ളത്.

## അടിമാലി പഞ്ചായത്ത്

**പട്ടിക 3.56ബാങ്ക് അക്കൗണ്ട് ആരംഭിച്ചവർ**

| ബാങ്ക് അക്കൗണ്ട് | അംഗങ്ങൾ | ശതമാനം |
|---|---|---|
| ഉണ്ട് | 49 | 98 |
| ഇല്ല | 1 | 2 |
| ആകെ | 50 | 100 |

മേൽ പട്ടിക പ്രകാരം 98 ശതമാനം പേർക്കും ബാങ്ക് അക്കൗണ്ട് ഉള്ളവരാണ്. സാമ്പത്തിക ഉന്നമനം അളക്കുന്നതിന്റെ പല ഘടകങ്ങളിൽ ഒന്ന് എന്നുള്ള നിലയിൽ ബാങ്ക് അക്കൗണ്ട് ആരം ഭിച്ചതിനെ പരിഗണിക്കാവുന്നതാണ്. ആയതിനാൽ തന്നെയും പ്രസ്തുത പഞ്ചായത്തിൽ ഭൂരിഭാ ഗവും ബാങ്ക് അക്കൗണ്ടുകൾ ആരംഭിച്ചിട്ടുണ്ട് എന്നത് എടുത്തു പറയേണ്ടതാണ്.

പട്ടിക 3.57**വരവ് ചിലവ് കണക്കുകൾ എഴുതി വയ്ക്കുന്ന ശീലം**

| **വരവ് ചിലവ് കണക്കുകൾ എഴുതി വയ്ക്കുന്ന ശീലം** | അംഗങ്ങൾ | ശതമാനം |
|---|---|---|
| ഉണ്ട് | 10 | 20 |
| ഇല്ല | 40 | 80 |
| ആകെ | 50 | 100 |

മേൽ പട്ടിക പ്രകാരം അടിമാലി പഞ്ചായത്തിലെ 80 ശതമാനവും വരവ് ചിലവ് കണക്കു കൾ എഴുതി സൂക്ഷിക്കാറില്ല. കണക്കുകൾ എഴുതി വെച്ച് കുടുംബത്തിലെ സാമ്പത്തിക അച്ച ടക്കം പാലിക്കുവാൻ ഗോത്ര സ്ത്രീകൾക്ക് സാധിച്ചിട്ടില്ല എന്ന് മേൽ പട്ടികയിൽ നിന്നും അനുമാ നിക്കാവുന്നതാണ്.

പട്ടിക 3.58**ത്രിഫ്റ്റ് തുക**

| തുക | അംഗങ്ങൾ | ശതമാനം |
|---|---|---|
| 10 | 8 | 16 |
| 20 | 17 | 34 |
| 50 | 15 | 30 |
| 30 | 10 | 20 |
| ആകെ | 50 | 100 |

മേൽ പട്ടിക പ്രകാരം 34 ശതമാനം പേർ ത്രിഫ്റ്റ് തുകയായി തീരുമാനിച്ചിട്ടുള്ളത് 20 രൂപയാണ്. 50 രൂപ ത്രിഫ്റ്റായി തീരുമാനിച്ചവർ 30 ശതമാനവും 10 രൂപ തീരുമാനിച്ചവർ 16 ശത മാനവും ആണ്. അടിമാലി പഞ്ചായത്തിലെ ഗോത്രവനിതകൾക്ക് നിക്ഷേപിക്കുവാൻ സാധിക്കുന്ന, അനുയോജ്യമായ ത്രിഫ്റ്റ് തുക പരിധി ആഴ്ചയിൽ 20 രൂപയാണ്. കൂടാതെ പ്രസ്തുത പഞ്ചായ ത്തിൽ 10 രൂപ മാത്രം ത്രിഫ്റ്റായി തീരുമാനിച്ചവർ 16 ശതമാനം ഉണ്ടെന്നുള്ളത് പ്രത്യേകം ശ്രദ്ധി ക്കേണ്ടതാണ്.

## പട്ടിക 3.59 ത്രിഫ്റ്റ് തുക കൃത്യമായി അടയ്ക്കുവാൻ സാധിക്കുന്നവർ

| ത്രിഫ്റ്റ് തുകഅടയ്ക്കുന്നുണ്ടോ? | അംഗങ്ങൾ | ശതമാനം |
|---|---|---|
| ഉണ്ട് | 32 | 64 |
| ഇല്ല | 18 | 36 |
| ആകെ | 50 | 100 |

മേൽ പട്ടിക പ്രകാരം 64 ശതമാനം പേർ ത്രിഫ്റ്റ് തുക കൃത്യമായി അടയ്ക്കുവാൻ സാധിക്കുന്നുണ്ട്. 36 ശതമാനം പേർക്ക് ആഴ്ച നിക്ഷേപം ശരിയായ വിധത്തിൽ നടത്തുവാൻ സാധിക്കുന്നില്ല. പഠനം നടത്തിയ മറ്റ് പഞ്ചായത്തുകളുമായി താരതമ്യം ചെയ്യുമ്പോൾ ത്രിഫ്റ്റ് സ്വരൂപണത്തിൽ കൃത്യത പാലിക്കുവാൻ സാധിച്ചിട്ടുള്ളത് അടിമാലി പഞ്ചായത്തിലെ ഗോത്ര വനി തകൾക്ക് മാത്രമാണ്. 64 ശതമാനം പേർക്കും കൃത്യമായി ത്രിഫ്റ്റ് നിക്ഷേപിക്കുവാൻ സാധിക്കു ന്നുവെന്നത് പ്രശംസനീയമാണ്.

## പട്ടിക 3.60അയൽക്കൂട്ടത്തിലെ സമ്പാദ്യം

| തുക | അംഗങ്ങൾ | ശതമാനം |
|---|---|---|
| 10005000 | 1 | 2 |
| 500010000 | 1 | 2 |
| 1000015000 | 1 | 2 |
| 1500020000 | 3 | 6 |
| 2000025000 | 3 | 6 |
| 25000 ന് മുകളിൽ | 1 | 2 |
| അറിവില്ലാത്തവർ | 40 | 80 |
| ആകെ | 50 | 100 |

മേൽ പട്ടിക അനുസരിച്ച് 80 ശതമാനം അംഗങ്ങൾക്കും സമ്പാദ്യം എത്രയെന്ന് അറിയില്ല. 1000 മുതൽ 5000 വരെയും 25000 മുകളിലും സമ്പാദ്യമുള്ളവർവെറും 2 ശതമാനം മാത്രമാണ്. കുടുംബശ്രീ സംഘാടനത്തിനും  സാമൂഹിക വിഷയങ്ങളിൽ ഇടപെടുന്നതിലും ഏറെ മുന്നിൽ നിൽക്കുന്നവരാണ് അടിമാലി പഞ്ചായത്തിലെ പട്ടികവർഗ്ഗ വനിതകൾ. വിദ്യാഭ്യാസ തലത്തിലും സാമൂഹിക തലത്തിലും ഏറെ മുന്നിലായിട്ട് കൂടിയും സമ്പാദ്യത്തെ കുറിച്ച് അറിവില്ല എന്നത് വൈരുദ്ധ്യമാണ്.

**പട്ടിക 3.61ആന്തരിക വായ്പ പ്രയോജനകരമായവർ**

| ആന്തരിക വായ്പ പ്രയോജനകരമായിട്ടുണ്ടോ? | അംഗങ്ങൾ | ശതമാനം |
|---|---|---|
| ഉണ്ട് | 32 | 64 |
| ഭാഗികമായി | 9 | 18 |
| ഇല്ല | 9 | 18 |
| ആകെ | 50 | 100 |

മേൽ പട്ടിക പ്രകാരം അടിമാലി പഞ്ചായത്തിലെ ഗോത്ര വനിതകളിൽ 64 ശതമാനം പേർക്ക് ആന്തരിക വായ്പയിലൂടെ പ്രയോജനം ലഭ്യമായിട്ടുണ്ട്. കൂടാതെ 36 ശതമാനം പേർക്ക് ദൈനംദിനാവശ്യങ്ങൾക്കായുള്ള ചിലവ് കണ്ടെത്തുന്നതിനും 28 ശതമാനം പേർക്ക ആരോഗ്യപരമായ ആവശ്യങ്ങൾക്കും ആന്തരിക വായ്പകൾ പ്രയോജനപ്പെട്ടിട്ടുണ്ട്എന്നത് പഠനത്തിൽ നിന്നും വ്യക്തമായിട്ടുണ്ട്.

**പട്ടിക 3.62ലിങ്കേജ് വായ്പ**

| ലിങ്കേജ് വായ്പ | അംഗങ്ങൾ | ശതമാനം |
|---|---|---|
| ഉണ്ട് | 12 | 24 |
| ഇല്ല | 38 | 76 |
| ആകെ | 50 | 100 |

മേൽ പട്ടിക പ്രകാരം അടിമാലി പഞ്ചായത്തിൽ ലിങ്കേജ് വായപകൾ എടുത്തിട്ടുള്ളവർ 24 ശതമാനം ആണ്. ഇതര പഞ്ചായത്തുകളുമായി താരതമ്യം ചെയ്യുമ്പോൾ ഏറെക്കുറെ മെച്ചപ്പെട്ട പ്രവർത്തനം കാഴ്ച വെയ്ക്കുന്നവരാണ് അടിമാലി പഞ്ചായത്തിലെ ഗോത്ര വനിതകൾ. എന്നിരുന്നിട്ടും ലിങ്കേജ് വായ്പയുടെ സാദ്ധ്യതകളെ കണ്ടെത്തി ഉപയോഗപ്പെടുത്തുന്നതിന് പ്രസ്തുത പഞ്ചായത്തിലെ അയൽക്കൂട്ട അംഗങ്ങൾക്ക് സാധിച്ചിട്ടില്ല എന്നത് പരിശോധിക്കപ്പെടേണ്ടതാണ്.

**പട്ടിക 3.63കടബാധ്യത**

| കടബാധ്യത | അംഗങ്ങൾ | ശതമാനം |
|---|---|---|
| ഉണ്ട് | 31 | 62 |
| ഇല്ല | 19 | 38 |
| ആകെ | 50 | 100 |

മേൽ പട്ടിക പ്രകാരം അടിമാലി പഞ്ചായത്തിൽ നിന്നും പഠനത്തിൽ പങ്കെടുത്ത 62 ശതമാനം പേർക്കും കടബാധ്യതയുണ്ട്. ജാമ്യമോ മറ്റ് വ്യവസ്ഥകളോ ഒന്നും ഇല്ലാതെ തന്നെ എളുപ്പത്തിൽ ലഭ്യമാകുന്നു എന്ന കാരണത്താൽ ചെറുകിട സ്വകാര്യ ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും മറ്റ് വ്യക്തികളിൽ നിന്നും കടം വാങ്ങുന്ന പ്രവണത ഗോത്രസ്ത്രീകളിൽ വ്യാപകമായിട്ടുണ്ടെന്ന് പഠന ത്തിൽ നിന്നും വ്യക്തമായിട്ടുണ്ട്.

**പട്ടിക 3.64കടം വാങ്ങാനുള്ള പ്രധാന കാരണങ്ങൾ**

| | കാരണങ്ങൾ | അംഗങ്ങൾ | ശതമാനം |
|---|---|---|---|
| 1 | കൃഷി | 0 | 0 |
| 2 | ഭക്ഷ്യവസ്തുക്കൾ വാങ്ങുന്നതിന് | 8 | 25.80 |
| 3 | ഒിവാഹം | 0 | 0 |
| 4 | വിദ്യാഭ്യാസ ആവശ്യങ്ങൾക്ക് | 0 | 0 |
| 5 | ആരോഗ്യം | 8 | 25.80 |
| 6 | മൃഗപരിപാലനം | 0 | 0 |
| 7 | വീട് നിർമ്മാണവും പുനരുദ്ധാരണവും | 15 | 48.38 |
| 8 | മറ്റുള്ളവ | 0 | 0 |
| | ആകെ | 31 | 100 |

മേൽ പട്ടിക പ്രകാരം 48.38 ശതമാനം പേർ കടം വാങ്ങിയിരിക്കുന്നത് വീടു നിർമ്മാണത്തിനായാണ്. 25.80 ശതമാനം വീതം പേർ ആരോഗ്യപരമായ ആവശ്യങ്ങൾക്കും ഭക്ഷണ സാധനങ്ങൾ വാങ്ങുന്നതിനുമായി കടം വാങ്ങിയിട്ടുണ്ട്.

**പട്ടിക 3.65കടം വാങ്ങിയ പണം പൂർണ്ണമായി തിരിച്ചു നൽകാൻ സാധിച്ചവർ**

| കടം വാങ്ങിയ പണം തിരിച്ചു നൽകാൻ സാധിച്ചിട്ടുണ്ടോ? | അംഗങ്ങൾ | ശതമാനം |
|---|---|---|
| ഉണ്ട് | 6 | 19.35 |
| ഇല്ല | 16 | 51.61 |
| ഭാഗികമായി | 9 | 29.03 |
| ആകെ | 31 | 100 |

മേൽ പട്ടിക പ്രകാരം പണം കടം വാങ്ങിയവരിൽ 51.61 ശതമാനം പേർക്കും കടം വീട്ടാൻ സാധിച്ചിട്ടില്ല. കേവലം 19.35 ശതമാനം മാത്രമാണ് പണം തിരികെ നൽകിയിട്ടുളളത്. കടം വാങ്ങി യവരിൽ ഭൂരിഭാഗവും പണം തിരികെ നൽകാൻ കഴിയാതെ കൂടുതൽ കടക്കെണിയിലേക്കെ ത്തുന്ന അവസ്ഥയാണുളളത്. വല്ലപ്പോഴും ലഭിക്കുന്ന തൊഴിലിൽ നിന്നുള്ള വരുമാനത്തിലൂടെ ദൈനംദിനാവശ്യങ്ങൾ പോലും നിറവേറ്റാൻ കഴിയാത്ത സാഹചര്യമാണ്. പട്ടിക വിഭാഗങ്ങൾക്കിട യിൽ നിലനിൽക്കുന്നത് എന്നും പഠനത്തിൽ നിന്നും വ്യക്തമായിട്ടുണ്ട്.

**പട്ടിക 3.66തൊഴിലുറപ്പ് ജോലിയിലെ പങ്കാളിത്തം**

| തൊഴിലുറപ്പ് ജോലിയിൽ പങ്കാളിത്തം | അംഗങ്ങൾ | ശതമാനം |
|---|---|---|
| ഉണ്ട് | 43 | 86 |
| ഇല്ല | 7 | 14 |
| ആകെ | 50 | 100 |

അടിമാലി പഞ്ചായത്തിൽ 86 ശതമാനവും തൊഴിലുറപ്പ് ജോലി ചെയ്യുന്നുണ്ട്. 14 ശതമാനം മാത്രമാണ് തൊഴിലുറപ്പ് ജോലിയിൽ പങ്കാളികളാവാത്തത്. പ്രസ്തുത പഞ്ചായത്തിലെ ഗോത്ര വനിതകൾക്ക് ഏക ആശ്രയം എന്ന നിലയിൽ തന്നെ തൊഴിലുറപ്പ് ജൊലിയിൽ പങ്കാളിത്തമുണ്ടാ കുന്നുണ്ട് എന്നത് ഈ പദ്ധതിയുടെ വിജയമായി കണക്കാക്കാവുന്നതാണ്.

**പട്ടിക 3.67തൊഴിലുറപ്പിലൂടെയുള്ള സാമ്പത്തിക മാറ്റം**

| സാമ്പത്തിക മാറ്റം | അംഗങ്ങൾ | ശതമാനം |
|---|---|---|
| ഉണ്ട് | 22 | 51.16 |
| ഇല്ല | 6 | 13.95 |
| ഭാഗികമായി | 15 | 34.88 |
| ആകെ | 43 | 100 |

തൊഴിലുറപ്പ് വേതനം വഴി കുടുംബത്തിലെ വരുമാനം വർദ്ധിപ്പിക്കുവാൻ സാധിക്കുമെന്ന് അഭിപ്രായപ്പെട്ടവർ 51.16 ശതമാനം ആകുന്നു. അടിമാലി പഞ്ചായത്തിലെ 50 ശതമാനത്തിനും മുക

ളിൽ പേർ ഏറെ പ്രതീക്ഷയോടെ തൊഴിലുറപ്പിനെ ഉറ്റു നോക്കുന്നു എന്നതാണ് മേൽ പട്ടികയിൽ നിന്നും മനസ്സിലാവുന്നത്.

**പട്ടിക 3.68തൊഴിലുറപ്പ് വേതനം കൃത്യമായി ലഭിച്ചവർ**

| വേതനം ലഭിച്ചിട്ടുണ്ടോ? | അംഗങ്ങൾ | ശതമാനം |
|---|---|---|
| ഉണ്ട് | 11 | 25.58 |
| ഇല്ല | 32 | 74.41 |
| ആകെ | 43 | 100 |

**പട്ടിക 3.69വേതനം ലഭിച്ച രീതി**

| വേതനം ലഭിച്ച രീതി | അംഗങ്ങൾ | ശതമാനം |
|---|---|---|
| മാസത്തിലൊരിക്കൽ | 11 | 25.58 |
| രണ്ടുമാസത്തിലൊരിക്കൽ | 21 | 48.83 |
| മൂന്ന് മാസത്തിലൊരിക്കൽ | 11 | 25.58 |
| ആകെ | 43 | 100 |

അടിമാലി പഞ്ചായത്തിൽ തൊഴിലുറപ്പ് വേതനം കൃത്യമായി ലഭിച്ചവർ 25.58 ശതമാനം ആണ്. ഇതിൽ മാസത്തിലൊരിക്കൽ വേതനം ലഭിച്ചവർ 25.58 ശതമാനവും രണ്ട് മാസത്തിലൊരിക്കൽ വേതനം ലഭിച്ചവർ 48.83 ശതമാനവും മൂന്നുമാസത്തിലൊരിക്കൽ വേതനം ലഭിച്ചവർ 25.58 ശതമാനവും ആകുന്നു. ഭൂരിഭാഗം പേർക്കും രണ്ട് മാസത്തിലൊരിക്കലാണ തൊഴിലുറപ്പ് വേതനം ലഭിച്ചിട്ടുള്ളത് എന്നതാണ് മനസ്സിലാക്കുവാൻ സാധിച്ചിട്ടുള്ളത്.

**മറയൂർ**

**പട്ടിക 3.70ബാങ്ക് അക്കൗണ്ട് ആരംഭിച്ചവർ**

| ബാങ്ക് അക്കൗണ്ട് | അംഗങ്ങൾ | ശതമാനം |
|---|---|---|
| ഉണ്ട് | 49 | 98 |
| ഇല്ല | 1 | 2 |
| ആകെ | 50 | 100 |

പട്ടിക 3.70 പ്രകാരം മറയൂർ പഞ്ചായത്തിൽ 98 ശതമാനം പേർ ബാങ്ക് അക്കൗണ്ട് ഉള്ളവരാണ്. വനാന്തർഭാഗങ്ങളിൽ താമസിക്കുന്ന, പൊതു സമൂഹവുമായി യാതൊരു ബന്ധവും ഇല്ലാത്ത മുതുവാൻ സമുദായത്തിലെ വനിതകളും ബാങ്ക് അക്കൗണ്ടുകൾ ആരംഭിക്കുന്നതിന് തയ്യാറായി ട്ടുണ്ട് എന്നത് പ്രതീക്ഷ ഉളവാക്കുന്നതാണ്. കൂടാതെ സാമ്പത്തികമായി ഏറെ പിന്നിൽ നിൽക്കുന്ന ഹിൽപുലയ സമുദായത്തിലെ ഭൂരിഭാഗത്തിനും ബാങ്ക് അക്കൗണ്ട് ആരംഭിക്കുവാൻ സാധിച്ചുവെന്നത് സാമ്പത്തിക ശാക്തീകരണത്തിന്റെ ആദ്യ ചുവട് എന്ന നിലയ്ക്ക് കാണാവുന്ന താണ്.

പട്ടിക 3.71**വരവ് ചിലവ് കണക്കുകൾ എഴുതി വയ്ക്കുന്ന ശീലം**

| വരവ് ചിലവ് കണക്കുകൾ എഴുതി വയ്ക്കുന്ന ശീലം | അംഗങ്ങൾ | ശതമാനം |
|---|---|---|
| ഉണ്ട് | 15 | 30 |
| ഇല്ല | 35 | 70 |
| ആകെ | 50 | 100 |

പട്ടിക3.71 പ്രകാരം 70 ശതമാനം പേരും വരവ് ചിലവ് കണക്കുകൾ എഴുതി സൂക്ഷിക്കാ റില്ല എന്ന് വ്യക്തമാണ്. എന്നാൽ അയൽക്കൂട്ട പ്രവർത്തനത്തിന്റെ ഫലമായി 30 ശതമാനം പേർക്ക് കണക്കുകൾ എഴുതി സൂക്ഷിക്കാറുണ്ടെന്നുള്ളതും ശ്രദ്ധേയമാണ്.വരവ് ചിലവ് കണക്കു കൾ എഴുതി സൂക്ഷിക്കുന്നതിന്റെ ആവശ്യകതയെക്കുറിച്ചോ, വരവിനനുസരിച്ച് ചെലവ് നടത്തുന്ന തിനെക്കുറിച്ചോ, കണക്കുകൾ എഴുതി സൂക്ഷിക്കാത്തതിന്റെ ദോഷങ്ങളെപ്പറ്റിയോ ഒന്നും തന്നെ ഭൂരിഭാഗം ഗോത്ര സ്ത്രീകളും ബോധവതികളല്ല എന്നത് പഠനത്തിൽ നിന്നും വ്യക്തമായിട്ടുണ്ട്. ഈയൊരു സാഹചര്യത്തിൽ ഗോത്ര സ്ത്രീകൾക്ക് സാമ്പത്തിക അച്ചടക്കം കൈവരിക്കുവാൻ കൂടുതൽ കാര്യക്ഷമമായ ഇടപെടലുകൾ കുടുംബശ്രീയുടെ ഭാഗത്ത് നിന്ന് ഇനിയും ഉണ്ടാകേണ്ട ത് അനിവാര്യമാണ്.

**പട്ടിക 3.72ത്രിഫ്റ്റ്തുക**

| തുക | അംഗങ്ങൾ | ശതമാനം |
|---|---|---|
| 10 രൂപ | 18 | 36 |
| 20 രൂപ | 8 | 16 |
| 25രൂപ | 18 | 36 |
| 50 രൂപ | 6 | 12 |
| ആകെ | 50 | 100 |

പട്ടിക3.72 പ്രകാരം 10 രൂപയും, 25 രൂപയും ത്രിഫ്റ്റ് തുകയായി നിശ്ചയിച്ചിട്ടുള്ളവർ 36 ശതമാനം വീതമാണ്. പ്രസ്തുത പഞ്ചായത്തിലെ ഗോത്ര വനിതകൾക്ക് നിക്ഷേപിക്കുവാൻ അനുയോജ്യ മായ ത്രിഫ്റ്റ് തുക പരിധി 10 മുതൽ 25 രൂപ വരെയാണെന്നതാണ് മേൽ പട്ടികകളിൽ നിന്നും മന സ്സിലാകുന്നത്.

### പട്ടിക 3.73ത്രിഫ്റ്റ് തുക കൃത്യമായി അടയ്ക്കുവാൻ സാധിക്കുന്നവർ

| ത്രിഫ്റ്റ് തുകഅടയ്ക്കുന്നുണ്ടോ? | അംഗങ്ങൾ | ശതമാനം |
|---|---|---|
| ഉണ്ട് | 24 | 48 |
| ഇല്ല | 26 | 52 |
| ആകെ | 50 | 100 |

പട്ടിക 3.73 പ്രകാരം 48 ശതമാനം പേർ ത്രിഫ്റ്റ് തുക കൃത്യമായി നിക്ഷേപിക്കുന്നുണ്ട്. എന്നാൽ 52 ശതമാനവും ഈ വിധത്തിൽ ആഴ്ച നിക്ഷേപം നടത്തുവാൻ സാധിക്കാത്തവരാണ്. മറയൂർ പഞ്ചായത്തിലെ ഗോത്ര വനിതകൾക്ക് ത്രിഫ്റ്റ് തുകയായ 25 രൂപ പോലും ആഴ്ചയിൽ മാറ്റിവെയ്ക്കുവാൻ സാധിക്കുന്നില്ല എന്നതാണ് അനുമാനിക്കുവാൻ സാധിക്കുന്നത്.

### പട്ടിക 3.74അയൽക്കൂട്ടത്തിലെ സമ്പാദ്യം

| തുക | അംഗങ്ങൾ | ശതമാനം |
|---|---|---|
| 10005000 | 2 | 4 |
| 500010000 | 8 | 16 |
| 1000015000 | 4 | 8 |
| 1500020000 | 2 | 4 |
| 2000025000 | 2 | 4 |
| 25000 ന് മുകളിൽ | 4 | 8 |
| അറിവില്ലാത്തവർ | 28 | 56 |
| ആകെ | 50 | 100 |

പട്ടിക 3.74 പ്രകാരം മറയൂർ പഞ്ചായത്തിൽ 56 ശതമാനം പേർക്ക് സമ്പാദ്യം എത്രയെന്ന് അറിയില്ല. 1000 മുതൽ 5000 വരെ സമ്പാദ്യമുള്ളവർ 4 ശതമാനവും 25000 മുകളിൽ സമ്പാദ്യമുള്ളവർ 8 ശതമാനവും ആണ്.

**പട്ടിക 3.75ആന്തരിക വായ്പ പ്രയോജനകരമായവർ**

| ആന്തരിക വായ്പ പ്രയോജനകരമായിട്ടുണ്ടോ? | അംഗങ്ങൾ | ശതമാനം |
|---|---|---|
| ഉണ്ട് | 27 | 54 |
| ഇല്ല | 16 | 32 |
| ഭാഗികമായി | 7 | 14 |
| ആകെ | 50 | 100 |

പട്ടിക 3.75 പ്രകാരം 54 ശതമാനം പേർക്ക് ആന്തരിക വായ്പകൾ പ്രയോജനകരമായിട്ടുണ്ട്. എന്നാൽ 32 ശതമാനം പേർക്ക് കുടുംബശ്രീ ആന്തരിക വായ്പകളുടെ പ്രയോജനം ലഭിച്ചിട്ടില്ല. പ്രസ്തുത പഞ്ചായത്തിലെ 50 ശതമാനം പേരും ദൈനംദിനാവശ്യങ്ങൾക്കുള്ള വക കണ്ടെത്തുന്നതിനും, 42 ശതമാനം ആരോഗ്യപരമായ ആവശ്യങ്ങൾക്കു വേണ്ടിയും ആന്തരിക വായ്പകളെ പ്രയോജനപ്പെടുത്തിയിട്ടുണ്ട്.

**പട്ടിക 3.76ലിങ്കേജ് വായ്പ**

| ലിങ്കേജ് വായ്പ | അംഗങ്ങൾ | ശതമാനം |
|---|---|---|
| ഉണ്ട് | 0 | 0 |
| ഇല്ല | 50 | 100 |
| ആകെ | 50 | 100 |

മറയൂർ പഞ്ചായത്തിൽ പഠനം നടത്തിയ ഗോത്രവനിതകളിൽ ആർക്കും ലിങ്കേജ് വായ്പകൾ ലഭിച്ചിട്ടില്ല. പ്രസ്തുതപഞ്ചായത്തിൽ ആന്തരിക വായ്പകൾ ഏറെ പേർക്ക് ഗുണകരമായിട്ടുണ്ട്, എന്നാൽ ലിങ്കേജ് വായ്പയെപ്പറ്റി ഭൂരിഭാഗത്തിനും ധാരണയില്ല. ലിങ്കേജ് വായ്പ അനുവദിച്ചു നൽകുന്നതിനുള്ള മാനദണ്ഡങ്ങൾക്കനുസൃതമായി പ്രവർത്തിക്കുന്ന അയൽക്കൂട്ടങ്ങൾ ചുരുക്കമാണ് എന്നതിനാലും പൊതുവിൽ വായ്പ എടുക്കുന്നവരുടെ എണ്ണം വളരെ താഴെയാണ്.

**പട്ടിക 3.77കടബാധ്യത**

| **കട ബാധ്യത** | അംഗങ്ങൾ | ശതമാനം |
|---|---|---|
| ഉണ്ട് | 30 | 60 |
| ഇല്ല | 20 | 40 |
| ആകെ | 50 | 100 |

പട്ടിക 3.77 പ്രകാരം 60 ശതമാനം പേർക്ക് കടബാധ്യതയുള്ളതായാണ്പട്ടികയിൽ നിന്നും വ്യക്തമാവുന്നത്. അയൽക്കൂട്ടത്തിലെ ആന്തരിക വായ്പയും കുടുംബശ്രീ ലിങ്കേജ് വായ്പയും ലഭ്യമായിട്ടും പഠനത്തിൽ പങ്കെടുത്ത ഭൂരിഭാഗം പേർക്കും കടബാധ്യതയുണ്ടെന്നുള്ളത് പ്രത്യേക ശ്രദ്ധ നൽകേണ്ട കാര്യമാണ്.

**പട്ടിക 3.78കടം വാങ്ങാനുള്ള പ്രധാന കാരണങ്ങൾ**

| കാരണങ്ങൾ | അംഗങ്ങൾ | ശതമാനം |
|---|---|---|
| കൃഷി | 1 | 3.33 |
| ഭക്ഷ്യവസ്തുക്കൾ വാങ്ങുന്നതിന് | 23 | 76.66 |
| ആരോഗ്യം | 6 | 20 |
| ആകെ | 30 | 100 |

പട്ടിക3.78 പ്രകാരം 76.66 ശതമാനം പേരാണ് ഭക്ഷ്യ വസ്തുക്കൾ വാങ്ങുന്നതിനായി കടം വാങ്ങിയിരിക്കുന്നത്. ആരോഗ്യപരമായ ആവശ്യങ്ങൾക്ക് 20 ശതമാനവും, കാർഷികാവശ്യങ്ങൾക്ക് 3.33 ശതമാനവും കടം വാങ്ങിയിട്ടുണ്ട്.

**പട്ടിക 3.79കടം വാങ്ങിയ പണം പൂർണ്ണമായി തിരിച്ചു നൽകാൻ സാധിച്ചവർ**

| കടം വാങ്ങിയ പണം തിരിച്ചു നൽകാൻ സാധിച്ചിട്ടുണ്ടോ? | അംഗങ്ങൾ | ശതമാനം |
|---|---|---|
| ഉണ്ട് | 8 | 25.80 |
| ഇല്ല | 16 | 51.61 |
| ഭാഗികമായി | 7 | 22.58 |
| ആകെ | 30 | 100 |

മേൽ പട്ടിക പ്രകാരം മറയൂർ പഞ്ചായത്തിലെ കടബാധ്യതയുള്ള 30 പേരിൽ 51.61 ശതമാനം പേർക്കും പണം തിരികെ നൽകാൻ സാധിച്ചിട്ടില്ല. 25.8 ശതമാനം പേർ കടം വീട്ടിയപ്പോൾ 22.58 ശതമാനം പേർ ഭാഗികമായി പണം തിരിച്ച് നൽകിയവരാണ്.

**പട്ടിക 3.80തൊഴിലുറപ്പ് ജോലിയിലെ പങ്കാളിത്തം**

| തൊഴിലുറപ്പ് ജോലിയിൽ പങ്കാളിത്തം | അംഗങ്ങൾ | ശതമാനം |
|---|---|---|
| ഉണ്ട് | 40 | 80 |
| ഇല്ല | 10 | 20 |
| ആകെ | 50 | 100 |

പട്ടിക 3.80 പ്രകാരം 80 ശതമാനവും തൊഴിലുറപ്പ് ജോലികളിൽ പങ്കാളികളാവുന്നുണ്ട്. പഠനം നടത്തിയ അമ്പത് പേരിൽ 20 ശതമാനം മാത്രമാണ് തൊഴിലുറപ്പ് പദ്ധതിയിൽ അംഗമല്ലാതായുള്ളത്. പ്രസ്തുത പഞ്ചായത്തിലെ ഭൂരിഭാഗവും തൊഴിലുറപ്പ് ജോലിയിൽ പങ്കാളികളാകുകയും ഈ പദ്ധതിയെ ഏറെ പ്രതീക്ഷയോടെ നോക്കിക്കാണുന്നുമുണ്ട്. രൂക്ഷമായ തൊഴിലില്ലായ്മക്ക് പരിഹാരമെന്നോണം ഗോത്ര ജനത ആശ്രയിക്കുന്നത് തൊഴിലുറപ്പ് പദ്ധതിയെയാണ് എന്നത് പഠനത്തിൽ നിന്നും മനസ്സിലാക്കുവാൻ സാധിച്ചിട്ടുണ്ട്.

**പട്ടിക 3.81തൊഴിലുറപ്പിലൂടെയുള്ള സാമ്പത്തിക മാറ്റം**

| **സാമ്പത്തിക മാറ്റം** | അംഗങ്ങൾ | ശതമാനം |
|---|---|---|
| ഉണ്ട് | 35 | 87 |
| ഇല്ല | 2 | 5 |
| ഭാഗികമായി | 3 | 7.5 |
| ആകെ | 40 | 80 |

പട്ടിക 3.81 പ്രകാരം 87 ശതമാനം പേരും അഭിപ്രായപ്പെട്ടിട്ടുള്ളത് തൊഴിലുറപ്പിലൂടെ കുടുംബ വരുമാനത്തിൽ മാറ്റം വരുത്തുവാൻ സാധിച്ചിട്ടുണ്ടെന്നതാണ്. ഹിൽപുലയ, മുതുവാൻ എന്നീ സമുദായങ്ങളിൽ ഭൂരിഭാഗവും സാമ്പത്തികമായി പിന്നാക്കം നിൽക്കുന്നവരാണ്. ആയതിനാൽ തന്നെയും സ്ത്രീകളുടെ സാമ്പത്തിക മുന്നേറ്റം കൈവരിക്കുന്നതിനും, ദാരിദ്ര്യ ലഘൂകര

ണത്തിനും ഏറെ പ്രതീക്ഷയോടെയാണ് തോഴിലുറപ്പിലൂടെയുള്ള വരുമാനത്തെ നോക്കി കാണുന്നത്.

### പട്ടിക 3.82തൊഴിലുറപ്പ് വേതനം കൃത്യമായി ലഭിച്ചവർ

| വേതനം ലഭിച്ചിട്ടുണ്ടോ? | അംഗങ്ങൾ | ശതമാനം |
|---|---|---|
| ഉണ്ട് | 13 | 32.5 |
| ഇല്ല | 27 | 67.5 |
| ആകെ | 40 | 100 |

### പട്ടിക 3.83വേതനം ലഭിച്ച രീതി

| വേതനം ലഭിച്ച രീതി | അംഗങ്ങൾ | ശതമാനം |
|---|---|---|
| മാസത്തിലൊരിക്കൽ | 13 | 32.5 |
| രണ്ടുമാസത്തിലൊരിക്കൽ | 8 | 45 |
| മൂന്ന് മാസത്തിലൊരിക്കൽ | 9 | 22.5 |
| ആകെ | 40 | 100 |

പട്ടിക 3.83 പ്രകാരം മറയൂർ പഞ്ചായത്തിലെ തൊഴിലുറപ്പ് വേതനം കൃത്യമായി ലഭിച്ചവർ 32.5 ശതമാനവും രണ്ട് മാസത്തിലൊരിക്കൽ വേതനം ലഭിച്ചവർ 45 ശതമാനവും മൂന്നുമാസത്തിൽ വേതനം ലഭിച്ചവർ 22.5 ശതമാനവുമാണ്. ഭൂരിഭാഗം പേർക്കും രണ്ട് മാസത്തിലൊരിക്കലാണ് തൊഴിലുറപ്പ് വേതനം ലഭിച്ചിട്ടുള്ളത് എന്നതാണ് മനസ്സിലാക്കുവാൻ സാധിച്ചിട്ടുള്ളത്.

### സംരംഭങ്ങൾ

സ്ത്രീകൾ അന്യവൽക്കരിക്കപ്പെടുന്ന കമ്പോള വ്യവസ്ഥയുടെ ഭാഗമാക്കി സ്തീകളെ മാറ്റുന്നതിനും, സംരംഭങ്ങളിൽ പങ്കാളികളാക്കുന്നതിലുടെ ഉദ്പാദന വിപണന പ്രക്രിയയുടെ രസതന്ത്രങ്ങൾ മനസ്സിലാക്കുന്നതിനും സ്ത്രീപക്ഷ തൊഴിൽ സംസ്കാരം രൂപപ്പെടുത്തുന്നതിനും സംരംഭങ്ങൾ വഴി സാധിക്കും. ഒട്ടനവധി തൊഴിലവസരങ്ങളും, ഉൽപന്നങ്ങൾക്കുള്ള വിപണിയും സുലഭമായ നമ്മുടെ നാട്ടിൽ സംരംഭങ്ങൾ വഴിയുള്ള ഉൽപാദനവും അവ വിറ്റഴിക്കുവാനും സാധ്യതകളും ഏറെയാണ്. ദാരിദ്ര്യ നിർമ്മാർജ്ജനത്തിനും സാമ്പത്തിക ഉന്നമനത്തിനുമായുള്ള ശക്തമായ പോംവഴി എന്ന നിലയ്ക്ക് കുടുംബശ്രീ സംരംഭങ്ങളിലൂടെ വ്യത്യസ്തമായ വിജയ മുഹൂർത്തങ്ങൾ പൊതു വിഭാഗത്തിൽ സൃഷ്ടിക്കുവാൻ സാധിച്ചുവെങ്കിലും പട്ടിക വർഗ്ഗ മേഖലയിൽ സംരംഭങ്ങളുടെ എണ്ണം തുലോം തുച്ഛമാണ്.പഠനം നടത്തിയ പഞ്ചായത്തുകളിൽപ്രവർത്തിക്കുന്ന അയൽകൂട്ട സംരംഭങ്ങളുടെ കേസ് സ്റ്റഡീസ് ചുവടെ ചേർക്കുന്നു.

## സംരംഭങ്ങൾ – കേസ് സ്റ്റഡീസ്

### പനമരം പഞ്ചായത്ത്

പനമരം പഞ്ചായത്തിൽ അമ്മാനി, സങ്കേതത്തിൽ മുള്ളുക്കുറുമ സമുദായാംഗങ്ങളായ കുടുംബശ്രീ പ്രവർത്തകർ ആരംഭിച്ച പലചരക്ക് കട പ്രവർത്തിക്കുന്നുണ്ട്. കട നടക്കുന്ന കെട്ടിടം, ബ്ലോക്ക പഞ്ചായത്ത് നിർമ്മിച്ച് നൽകിയതാണ്. പ്രാരംഭഘട്ടത്തിൽ അയൽകൂട്ടാംഗങ്ങൾ കൂട്ടമായി ചേർന്ന് പലചരക്ക് കട ആരംഭിക്കുകയും പിന്നീട് ആരോഗ്യ കാരണങ്ങളാൽ പല അംഗങ്ങളും കൊഴിഞ്ഞ് പോയതിനാലും സമയകുറവ് മൂലവും കട നടത്തിപ്പ് മറ്റൊരു വ്യക്തിക്ക് നൽകുകയാണ് ചെയ്തിട്ടുള്ളത്. വാടകയിനത്തിൽ ലഭിക്കുന്ന തുക അയൽകൂട്ടത്തിന്റെ അക്കൗണ്ടിലേക്ക് നിക്ഷേപിക്കപ്പെടുന്നുണ്ട്.

### പുതൂർ പഞ്ചായത്ത്

പുതൂർ പഞ്ചായത്തിൽ ഇരുള സമുദായാംഗം നടത്തുന്ന സ്റ്റുഡിയോ പ്രവർത്തിക്കുന്നുണ്ട്. അമ്മാനി സങ്കേതത്തിലെ സംരംഭത്തിന് സമാന രീതിയിൽ പ്രാരംഭഘട്ടത്തിൽ അയൽകൂട്ടാംഗങ്ങൾ ഒരുമിച്ച് ലോൺ എടുത്താണ് സ്റ്റുഡിയോ ആരംഭിച്ചത്. എന്നാൽ പിന്നീട് പല അംഗങ്ങളും കൊഴിഞ്ഞു പോവുകയും സ്റ്റുഡിയോ നടത്തിപ്പ് ഇരുള സമുദായാംഗമായ അയൽകൂട്ട പ്രവർത്തക ഒറ്റയ്ക്ക് ഏറ്റെടുക്കുകയും ചെയ്യുന്ന സ്ഥിതിയാണുള്ളത്. പുതൂർ പഞ്ചായത്തിൽ തന്നെ ചീരക്കടവ് സങ്കേതത്തിൽ ഒരു വനിതാകാന്റീൻ ആരംഭിക്കുകയുണ്ടായി. കുടുംബശ്രീ സി.ഡി.എസിൽ നിന്നും ഒരു ലക്ഷം രൂപ വായ്പയായി നൽകുകയുണ്ടായി. എന്നാൽ കാന്റീൻ നടത്തുന്നതിനാവശ്യമായ കെട്ടിടനിർമ്മാണത്തിന് തന്നെ 2 ലക്ഷം രൂപയോളം ചിലവാകുകയും തുടർന്ന് നടത്തിപ്പിനാവശ്യമായ സാധന സാമഗ്രികൾ വാങ്ങുവാൻ സാധിക്കാതെ വരികയും ചെയ്തു. ഒരു മാസക്കാലം മാത്രമാണ് കാന്റീൻ പ്രവർത്തിച്ചത്. പിന്നീട് ലോൺതിരിച്ചടവും സാധനം വാങ്ങുന്ന കടയിൽ കടം കൂടിയതിനാലും കാന്റീൻ നടത്തിപ്പ് നിർത്തി വെക്കേണ്ട സ്ഥിതിയുമുണ്ടായിട്ടുണ്ട്. അയൽക്കൂട്ടത്തിന്റെ പേരിൽ ലോൺ എടുക്കുകയും വ്യക്തിഗതമായി കാന്റീൻ ആരംഭിക്കുകയുമാണ് ചെയ്തിട്ടുള്ളത്.

### അടിമാലി പഞ്ചായത്ത്

അടിമാലി പഞ്ചായത്തിൽ പെട്ടിമുടി സങ്കേതത്തിൽ വനിതാഹോട്ടൽ പ്രവർത്തിക്കുന്നുണ്ട്. മന്നാൻ സമുദായാംഗങ്ങളായ മൂന്ന് വനിതകളും പൊതു വിഭാഗത്തിൽപെട്ട ഒരു വനിതയും ചേർന്നാണ് ഹോട്ടൽ ആരംഭിച്ചിരിക്കുന്നത്, പട്ടികവർഗ്ഗത്തിലുൾപ്പെട്ട മൂന്ന് പേരിൽ രണ്ട് പേർ പത്താം ക്ലാസ് വിദ്യാഭ്യാസ യോഗ്യതയുള്ളവരും, ഒരാൾ എട്ടാംക്ലാസ് വിദ്യാഭ്യാസയോഗ്യതയുള്ളതുമാണ്. 2017 ൽ രൂപീകരിച്ച ഈ സംരംഭം തുടക്കം മുതൽക്കേ മികച്ച രീതിയിൽ പ്രവർത്തിക്കുന്നുണ്ട്.

### മറയൂർ പഞ്ചായത്ത്

മറയൂർ പഞ്ചായത്തിൽ കുമ്മിട്ടം കുഴി സങ്കേതത്തിൽ സോപ്പ്, സോപ്പ്പൊടി, പഞ്ചസാര, മുളക്പൊടി തുടങ്ങിയ അവശ്യ സാധനങ്ങൾ വിൽപ്പന നടത്തുന്നതിനായുള്ള ഒരു സംരംഭം ആരംഭിച്ചിരുന്നു, സങ്കേതത്തിനകത്തുള്ള വീടുകളിൽ മാത്രമാണ് വില്പന നടത്തിയിരുന്നത്. കൂടാതെ പലരും കടം വാങ്ങുകയും, പണം കൃത്യമായി ലഭിക്കാത്തതിനാൽ വില്പന ചരക്കുകൾ വാങ്ങുവാൻ സാധിക്കാതെ വരികയും ചെയ്തതിനാൽ സംരംഭങ്ങൾ പാതി വഴിയിൽ നിന്ന് പോകുന്ന സ്ഥിതിയുമുണ്ടായിട്ടുണ്ട്. മറയൂർ പഞ്ചായത്തിൽ തന്നെ ആലംപെട്ടി സങ്കേതത്തിൽ ഹിൽ പുലയ സമുദായാംഗങ്ങളായ കുടുംബശ്രീ പ്രവർത്തകർ ആഭരണ നിർമ്മാണം പരിശീലിക്കുകയും തുടർന്ന് വള, മാല തുടങ്ങിയ ആഭരണങ്ങൾ നിർമ്മിക്കുകയും ചെയ്തു. എന്നാൽ നിർമ്മാണത്തിനാവശ്യമായ വസ്തുക്കൾ ലഭിക്കാത്തതിനാലും വിറ്റഴിക്കാനുള്ള വിപണി ലഭ്യമാകാത്തതിനാലും ഈ സംരംഭവും പാതിവഴിയിൽ നിലച്ച് പോകുന്ന സ്ഥിതിയുണ്ടായിട്ടുണ്ട്.

മേൽ വിശകലനങ്ങളിൽ നിന്നും മനസ്സിലാക്കുവാൻ സാധിക്കുന്നത് പഠനം നടത്തിയ മേഖലകളിൽ ആരംഭിച്ചിട്ടുള്ള സംരംഭങ്ങളിൽ ഭൂരിഭാഗവും പരാജയപ്പെടുകയാണുണ്ടായതെന്നതാണ്. കൂടാതെ മുതലമട, തിരുനെല്ലി പഞ്ചായത്തുകളിൽ സംരംഭങ്ങൾ ഒന്നും തന്നെയില്ല എന്നതും ശ്രദ്ധിക്കപ്പെടേണ്ട വസ്തുതയാണ്. പ്രാരംഘട്ടത്തിൽ അയൽക്കൂട്ടങ്ങൾ സംഘം ചേർന്ന് വായ്പകൾ എടുക്കുകയും തുടർന്ന് സംരംഭങ്ങളുടെ നടത്തിപ്പ് ഒരു വ്യക്തിയിലേക്ക് മാത്രം ചുരുങ്ങുകയും ചെയ്യുന്നുണ്ട്. ഇത്തരം കൂട്ടായ പ്രവർത്തനങ്ങളുടെ മുന്നോട്ടുള്ള വളർച്ചയ്ക്ക് സഹായകരമാകും വിധം സാമ്പത്തിക സഹായങ്ങളോ പ്രോത്സാഹനമോ കുടുംബശ്രീ മിഷന്റെ ഭാഗത്ത് നിന്നുമുണ്ടാകുന്നില്ല.എന്നാൽ മറ്റ് പട്ടികവർഗ്ഗവിഭാഗങ്ങളുടെ സംരംഭങ്ങളുമായി താരതമ്യം ചെയ്യുമ്പോൾ അടിമാലി പഞ്ചായത്തിലെ മന്നാൻ വിഭാഗത്തിലെ വനിതകൾക്ക് സംരംഭങ്ങളെ വിജയിപ്പിക്കുവാൻ സാധിച്ചിട്ടുണ്ട് എന്നതാണ് പഠനത്തിൽ നിന്നും മനസ്സിലായിട്ടുള്ളത്. മികവുറ്റ പ്രവർത്തനം കാഴ്ചവെക്കുവാൻ മന്നാൻ വിഭാഗത്തിലെ വനിതകളെ പ്രാപ്തരാക്കിയ ഘടകങ്ങൾ, മറ്റുള്ളവരെ അപേക്ഷിച്ച് അവരുടെ ഉയർന്ന വിദ്യാഭ്യാസ നിലവാരവും പൊതുസമൂഹവുമായി ഇടപഴകാനുള്ള കഴിവുമാണ്. ഈ സംരംഭ വിജയത്തെ മാതൃകയാക്കി,പട്ടികവർഗ്ഗമേഖലയിലെ മറ്റ്സംരംഭങ്ങളേയും വിപുലപ്പെടുത്തേണ്ടത്അനിവാര്യമാണ് ്. കൂടാതെ പട്ടികവർഗ്ഗമേഖലയിലെ അനുകൂല സാഹചര്യങ്ങൾ വിലയിരുത്തി സംരംഭങ്ങൾ ആരംഭിക്കുകയും ഗോത്രവിഭാഗത്തിലെ സ്തീകൾക്ക് സാമ്പത്തിക മുന്നേറ്റം കൈവരിക്കാൻ ഉതകും വിധത്തിൽ അവയെ വിപുലീകരിക്കുകയും ചെയ്യേണ്ടതുണ്ട്.

### സംഘകൃഷി (ജോയിന്റ് ലയബിലിറ്റിഗ്രൂപ്പ്)

അയൽകൂട്ട പ്രദേശങ്ങളിലെ കൃഷിയോഗ്യമായ ഭൂമി ഉപയുക്തമാക്കി കൃഷിയിലൂടെ സമൂഹത്തിലെ പാവപ്പെട്ട വനിതകൾക്ക് വരുമാന മാർഗ്ഗം സൃഷ്ടിക്കുന്ന പ്രവർത്തനമാണ് സംഘകൃഷി. പ്രാചീനവും സമ്പന്നവുമായ കാർഷിക തൊഴിൽ സംസ്കൃതിയെ നഷ്ടപ്പെടുത്തി വിലയേറിയതും വിഷമയവുമായ നാടൻ വിഭവങ്ങൾ ഭക്ഷണക്രമത്തിൽ ഉൾപ്പെടുന്ന പുത്തൻ

ജീവിതശൈലിക്ക് പരിഹാരമെന്നോണം തനത് കൃഷിരീതികളും നാടൻ വിഭവങ്ങളും സംഘകൃഷിയിലൂടെ പ്രോത്സാഹിപ്പിക്കപ്പെടുന്നു.

ഉപയോഗ ശൂന്യമായികിടന്ന തരിശു നിലങ്ങൾ, ഉപയോഗിക്കപ്പെടാതെ പോകുന്ന സ്ത്രീകളുടെ മാനവ വിഭവശേഷി എന്നിവയെ ഫലപ്രദമായ വിധത്തിൽ ഉപയോഗിക്കുക വഴി പ്രകൃതി സൗഹൃദവും ജിവിതാധിഷ്ഠിതവും സുസ്ഥിരവുമായ ഒരു കാർഷികസംസ്കാരവും ഉദ്പാദനവിപണനങ്ങളിലൂടെ മികച്ച സാമ്പത്തിക മുന്നേറ്റവും കുടുംബശ്രീയിലൂടെ നേടിയെടുക്കാൻ സാധിച്ചിട്ടുണ്ട്.

പൊതു വിഭാഗങ്ങളിലെ സംഘകൃഷി കൂട്ടായ്മകളുടെ കാര്യത്തിൽ മേൽപറഞ്ഞ വസ്തുതകൾഏറെ കുറെ പ്രാപ്യമായെങ്കിലും പട്ടികവർഗ്ഗമേഖലയെ സംബന്ധിച്ചിടത്തോളം സംഘകൃഷി ഗ്രൂപ്പുകൾ വളരെ കുറവാണ്. പഠനം നടത്തിയ പഞ്ചായത്തുകളിലെ സംഘകൃഷി യുടെ വിശദാംശങ്ങളാണ് ചുവടെ പട്ടികയിൽ നൽകിയിട്ടുള്ളത്.

പട്ടിക 3.84

| പഞ്ചായത്ത് | സംഘകൃഷിയിൽ പങ്കാളികളായവർ |
|---|---|
| പനമരം | 6% |
| തിരുനെല്ലി | 8% |
| മുതലമട | 0% |
| പുതുർ | 24% |
| അടിമാലി | 38% |
| മറയൂർ | 18% |

പനമരം പഞ്ചായത്തിൽ 6 ശതമാനവും തിരുനെ 8 ശതമാനവും പേർ മാത്രമാണ് സംഘകൃഷിഗ്രൂപ്പിൽ് അംഗമായിട്ടുള്ളത്. മുതലമട പഞ്ചായത്തിലാകട്ടെ പഠനം നടത്തിയ ഒരംഗം പോലും സംഘകൃഷി ഗ്രൂപ്പുകളിൽ പങ്കാളികളായിട്ടില്ല. പുതുർ പഞ്ചായത്തിലെ 24 ശത മാനവുംഅടിമാലി പഞ്ചായത്തിലെ 38 ശതമാനവുംസംഘകൃഷിയിൽ പങ്കാളികളായിട്ടുണ്ട്. മറയൂർ പഞ്ചായത്തിൽ 18 ശതമാനം സംഘകൃഷിയിൽ പങ്കാളികളായിട്ടുണ്ട്. പഠനം നടത്തിയ

മേഖലകളിൽ സംഘകൃഷി പരാജയമാണെന്നതാണ് മേൽ വിശദീകരണത്തിൽ നിന്നും മനസ്സിലാക്കുവാൻ സാധിക്കുന്നത്.

## സംഘകൃഷി കേസ് സ്റ്റഡി-1

### മറയൂർ

**ആലം പൊടി സങ്കേതം : ഹിൽപുലയ സമുദായം**

മറയൂർ പഞ്ചായത്തിലെ ആലംപൊടിസങ്കേതത്തിൽ 4 അയൽക്കൂട്ടങ്ങൾ ചേർന്ന് സംഘകൃഷി ഗ്രൂപ്പുകൾ ആരംഭിച്ചിരുന്നു. 2015,16 വർഷങ്ങളിൽ 4 പേർ ചേർന്ന് ഒരു ലക്ഷം രൂപ വായ്പ എടുക്കുകയും സംഘകൃഷി തുടങ്ങുകയും ചെയ്തു. പ്രധാനമായും പയർ ആണ് കൃഷി ചെയ്തിരുന്നത്. ആദ്യവർഷത്തിലും രണ്ടാം വർഷത്തിലും 8000 രൂപ സബ്സിഡി ലഭിക്കുകയുണ്ടായി രണ്ട് തവണ വിജയം കൈവരിച്ചിട്ടുമുണ്ട്. എന്നാൽ 2017 ൽ ആരംഭിച്ച നെൽ കൃഷി പരാജയപ്പെടുകയുണ്ടായിട്ടുള്ളത്. 4 പേർ ചേർന്ന് ഒരു ലക്ഷം രൂപ ലോൺ എടുത്താണ് നെല്ല് കൃഷി ചെയ്തത്. എന്നാൽ മഴ കുറവായതിനാൽ രൂക്ഷമായ ജലക്ഷാമം നേരിടുകയും വെള്ളമില്ലാത്തതിനാൽ കൃഷി നശിച്ചുപോകുകയുമാണുണ്ടായിട്ടുള്ളത്. ഒരു ലക്ഷം രൂപയിൽ 9000 രൂപ തിരിച്ചടവ് നടത്തിയെങ്കിലും മിച്ചം വരുന്ന വായ്പ തുക അടയ്ക്കുവാൻ സാധിക്കാതെ പ്രതിസന്ധിയിലാവുന്ന സ്ഥിതിയാണ് ഇവിടെയുണ്ടായിട്ടുള്ളത്. കൂടാതെ നിലവിൽ ബാക്കിയുള്ള തുകയുടെ പലിശകൂടി വരുന്നതിൽ വലിയ ആശങ്കയിലാണ് സങ്കേതത്തിലെ അയൽക്കൂട്ടം പ്രവർത്തകർ

## സംഘകൃഷി കേസ് സ്റ്റഡി-2

### തിരുനെല്ലി

**മുണ്ടക്കുട്ടി സങ്കേതം-കുറിച്ച്യസമുദായം**

2013 ൽ രണ്ട് സംഘകൃഷിഗ്രൂപ്പുകൾ ഈ സങ്കേതത്തിൽ ആരംഭിച്ചിരിക്കുന്നു. 5 അംഗങ്ങൾ വീതമാണ് ഓരോഗ്രൂപ്പിലുമുണ്ടായിരുന്നത്. ഒരു ഗ്രൂപ്പ് ഇഞ്ചികൃഷിയും രണ്ടാമത്തെ ഗ്രൂപ്പ് നെൽകൃഷിയുമാണ് നടത്തിയിരുന്നത്. അംഗങ്ങളുടെ സ്വന്തം ആവശ്യങ്ങൾക്ക് ഉപയോഗിച്ച ശേഷം മിച്ചം വരുന്നത് വിൽക്കുന്നതിനും മെച്ചപ്പെട്ട ലാഭം ഉണ്ടാക്കുന്നതിനും സാധിച്ചിട്ടുണ്ട്. 2014 ൽ പച്ചക്കറികൃഷിയാണ് സംഘകൃഷിയിൽ ചെയ്തിരുന്നത്. നിലമൊരുക്കുന്നതിനായി കുടുംബശ്രീ സി ഡി എസിൽ നിന്നും കാട് വെട്ടി യന്ത്രം ലഭിച്ചിരുന്നു. കൂടാതെ കൃഷിഭവനിൽ നിന്നും ജൈവവളം, പഞ്ചായത്തിൽ നിന്നും പച്ചക്കറി തൈകൾ എന്നിവ ലഭിച്ചിരുന്നു. തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തിയാണ് പച്ചക്കറി നടുന്നതിനുള്ള കുഴിവെട്ടിയുണ്ടാക്കിയത്. 2014 ലും മികച്ച വിജയം നേടുവാൻ ഈ കൂട്ടായ്മക്ക് സാധിച്ചുവെങ്കിലും തുടർന്ന് സംഘകൃഷി ചെയ്യുവാൻ കഴിഞ്ഞിട്ടില്ല. ഇതിനുള്ള പ്രധാനകാരണം സ്വന്തമായി കൃഷിഭൂമി ഇല്ലെന്നുള്ളതാണ്. കൃഷി നടത്തുന്നതിന് സ്ഥലം പാട്ടത്തിനെടുക്കുന്ന വകയിൽ ഒരു വർഷത്തിൽ പതിനെട്ടായിരം

രൂപയാണ് നൽകികൊണ്ടിരുന്നത്. പിന്നീട് ഭൂവുടമ പാട്ടതുക ഉയർത്തിയതിനാൽ ഭൂമി ഏറ്റെടുക്കാൻ കഴിയാതെ വരികയും സംഘകൃഷി നിർത്തിവെക്കുകയും ചെയ്യുന്ന സ്ഥിതിയാണ് ഉണ്ടായിട്ടുള്ളത്.

## സംഘകൃഷി കേസ് സ്റ്റഡി-3

**തിരുനെല്ലി**

**കരിമം സങ്കേതം: അടിയാൻ സമുദായം**

കരിമം സങ്കേതത്തിലെ, അടിയാൻ വിഭാഗം 2004 ൽ കരിമം കോളനിയിലുള്ള കുടുംബശ്രീ പ്രവർത്തകർ നെൽകൃഷി സംഘകൃഷിയായി ചെയ്തിരുന്നു.മുഴുവൻ അംഗങ്ങൾക്കും തന്നെ കൃഷിപ്പണി നല്ലവണ്ണം അറിയുന്നവരായതിനാൽ തന്നെ അപ്രാവശ്യം നല്ല വിളവ് ലഭിക്കുകയുണ്ടായി. പുറം വിപണികളിൽ വില്പനക്ക് എത്തിക്കുക എന്ന ലക്ഷ്യത്തിലുപരിയായി സ്വന്തം കുടുംബത്തിന് അന്നതിനുള്ള വക കണ്ടെത്തുക എന്നതിനായിരുന്നു മുൻതൂക്കം. അതിനാൽ വിളവ് കിട്ടിയ നെല്ല് അംഗങ്ങൾ ഭാഗിച്ച് എടുക്കുകയുണ്ടായി. തുടർന്ന് 2005 ൽ ഇഞ്ചികൃഷി നടത്തിയിരുന്നു ഇതിൽ നിന്നും ലഭിച്ച ലാഭത്തിൽ നിന്നും ഒരു അയൽക്കൂട്ടാംഗത്തിന് സ്വർണ്ണക്കമ്മൽ വാങ്ങിക്കുവാൻ സാധിച്ചിട്ടുണ്ടെന്നാണ് മനസ്സിലാക്കുവാൻ സാധിച്ചിട്ടുള്ളത്. കൂടാതെ ലാഭവിഹിതത്തിൽ നിന്നും അയൽക്കൂട്ടം എന്ന നിലയിൽ പശുവിനെ വാങ്ങിക്കുകയും ചെയ്തിരുന്നു. എന്നാൽ ഈ കൂട്ടായമക്ക് തക്കതായ പ്രോത്സാഹനമോ ധനസഹായമ അധികൃതരുടെ ഭാഗത്തുനിന്നും ലഭിച്ചിട്ടില്ല. അതിനാൽ തന്നെ ഈ സംഘകൃഷി ഗ്രൂപ്പ് പ്രവർത്തനരഹിതമാവുകയാണുണ്ടായിട്ടുള്ളത്.

## സംഘകൃഷി കേസ് സ്റ്റഡി-4

അടിമാലി പഞ്ചായത്ത്-

കൊടകല്ല് സങ്കേതം: ഉള്ളാടൻ സമുദായം

അടിമാലി പഞ്ചായത്തിലെ കൊടകല്ല് സങ്കേതത്തിൽ ഉള്ളാടൻ സമുദായംഗങ്ങളായ, ദർശന അയൽക്കൂട്ടം 2007 ൽ സംഘകൃഷി നടത്തിയിരുന്നു. പയർ, പാവൽ, വാഴ എന്നിവയായിരുന്നു പ്രധാന കൃഷിവിളകൾ. എണ്ണായിരം രൂപ ലാഭം ഉണ്ടായെങ്കിലും കൃഷിയിടത്തിലെ പണി കൂലി ഇനത്തിൽ നല്ലൊരു തുക ചിലവായതിനാൽ മികച്ച ലാഭമുണ്ടാക്കുവാൻ സാധിച്ചില്ല. തുടർന്ന് 2011 ൽ വാഴകൃഷി നടത്തിയെങ്കിലും കുരങ്ങുകൾ വിളകൾ നശിപ്പിച്ചതിനാൽ ലാഭം നേടാൻ സാധിച്ചില്ല. വാഴകൃഷി പരാജയമായതിനാൽ 2012 ൽ കപ്പകൃഷി ചെയ്യുകയുണ്ടായി വിളവെടുത്ത കപ്പ അയൽകൂട്ടാംഗങ്ങൾ വീടുകൾ കയറിയിറങ്ങി വില്പന നടത്തുകയും 2500 രൂപ ലാഭം കിട്ടുകയും ചെയ്തിട്ടുണ്ട്. ഈ തുക സംഘത്തിൽ നിക്ഷേപിച്ചിരുന്നു. 2014 ൽ ഇഞ്ചി, മത്തൻ എന്നിവ കൃഷി ചെയ്തു വെങ്കിലും ലാഭമുണ്ടായില്ല. 2018 ൽ കപ്പകൃഷി ചെയ്തുവെങ്കിലും പ്രളയത്തിന്റെ ഭാഗമായി എല്ലാം നശിച്ച് പോകുന്ന സ്ഥിതിയാണുണ്ടായിട്ടുള്ളത്.

സംഘകൃഷി നടത്തുന്നതിൽ വളരെയേറെ താൽപര്യമുള്ളവരാണ് കുടുംബശ്രീ പ്രവർത്തകർ എന്നാൽ ഇത്തരം ഉദ്യമങ്ങൾ പ്രോത്സാഹിപ്പിക്കുന്നവിധത്തിലുള്ള ഇടപെടലുകൾ കുടുംബശ്രീ ജില്ലാ മിഷന്റെ ഭാഗത്തുനിന്നുണ്ടായില്ല പ്രളയത്തിൽ കൃഷി നശിച്ചുപോയിട്ടും നഷ്ടപരിഹാരം ലഭിച്ചിട്ടില്ല. കൂടാതെ സങ്കേതം വനാന്തർഭാഗത്തായതിനാൽ വിപണി കണ്ടെത്തുന്നതിന് വളരെയേറെ പ്രയാസം നേരിടുന്നുണ്ട്.

## സംഘകൃഷി കേസ് സ്റ്റഡി-5

**അടിമാലി**

**പെട്ടിമുടി സങ്കേതം: മന്നാൻ സമുദായം**

അടിമാലി പഞ്ചായത്തിൽ പെട്ടിമുടി സങ്കേതത്തിൽ 2018 ൽ ഒരു സംഘകൃഷി ഗ്രൂപ്പ് ആരംഭിച്ചിരുന്നു. 5 അംഗങ്ങൾ ചേർന്ന് 40000 രൂപ വായ്പ എടുത്താണ് കൃഷി ചെയ്തത്, വാഴ പയർ എന്നിവയായിരുന്നു പ്രധാന കൃഷിയിനങ്ങൾ 2018 ൽ പ്രളയം വന്നതോടു കൂടി കൃഷി മുഴുവൻ നശിച്ചുപോകുന്ന സ്ഥിതിയുണ്ടായി ഇതേ തുടർന്ന് വായ്പ എടുത്ത നാൽപതിനായിരം രൂപ അധിക ബാധ്യതയായി മാറിയിട്ടുണ്ട്. പ്രളയത്തിന്റെ നഷ്ടപരിഹാരം കിട്ടിയിട്ടില്ലെന്നതിനാൽ സംഘകൃഷി ചെയ്തതിലൂടെ കട ബാധ്യത കൂടുന്ന സ്ഥിതിയാണുണ്ടായിട്ടുള്ളതെന്ന് അംഗങ്ങൾ അഭിപ്രായപ്പെട്ടു. സംഘകൃഷി വിജയിച്ചാൽ മാത്രമേ ജില്ലാ മിഷനിൽ നിന്നും ഇൻസെന്റീവും സബ്സിഡിയും ലഭിക്കുകയുള്ളു. കൃഷിപരാജയമായതിനാൽ ഇത്തരത്തിലുള്ള സാമ്പത്തിക സഹായങ്ങളൊന്നും ലഭ്യമായിട്ടില്ല.

## സംഘകൃഷി കേസ് സ്റ്റഡി-6

**അടിമാലി**

**കൊരങ്ങാട്ടി സങ്കേതം :മലയരയ സമുദായം**

2014 ൽ കൊരങ്ങാട്ടി സങ്കേതത്തിൽ ഉള്ളാടൻ, മലയരയ സമുദായങ്ങൾ ഒരുമിച്ച് ചേർന്ന് സംഘകൃഷി ഗ്രൂപ്പ് ആരംഭിച്ചിരുന്നു. ഒരു ലക്ഷം രൂപ വായ്പയെടുത്താണ് കൃഷി ആരംഭിച്ചിട്ടുള്ളത്. 5 സെന്റ് കരഭൂമിയിൽ കപ്പ കൃഷി നടത്തിയെങ്കിലും വന്യമൃഗശല്യത്താൻ കൃഷി നശിച്ച് പോകുകയാണുണ്ടായത്. തുടർന്ന് അതേ സ്ഥലത്ത് 2015 ൽ പച്ചക്കറി കൃഷി ചെയ്യുകയും 3500 രൂപ ലാഭം നേടുകയും ചെയ്തിട്ടുണ്ട്. കൃഷിക്കാവശ്യമായ വിത്ത് വളം, കാർഷിക ഉപകരണങ്ങൾ എന്നിവ തദ്ദേശ സ്വയംഭരണസ്ഥാപനങ്ങളിൽ നിന്നോ കുടുംബശ്രീ സി.ഡി.എസിൽ നിന്നോ ലഭിച്ചിട്ടില്ല. സംഘകൃഷി തുടരുവാൻ ആഗ്രഹിക്കുന്നുവെങ്കിലും തക്കതായ പ്രോത്സാഹനം ലഭ്യമല്ലാത്തതിനാൽ തുടർന്ന് കൊണ്ടുപോകുവാൻ കഴിയാത്ത സ്ഥിതിയുണ്ട്.

## സംഘകൃഷി കേസ് സ്റ്റഡി–7

**<u>അടിമാലി</u>**

**കൊരങ്ങാട്ടി സങ്കേതം: മലയരയ ഉള്ളാടൻ സമുദായങ്ങൾ**

മലയരയ ഉള്ളാടൻ സമുദായത്തിൽ പെട്ട കുടുംബശ്രീ അംഗങ്ങൾ ഉൾപ്പെടുന്ന സംഘകൃഷി ഗ്രൂപ്പ് 2012 മുതൽക്ക് കൃഷി ചെയ്ത് പോരുന്നുണ്ട്. 2012 ൽ ഒരു ലക്ഷം രൂപ വായ്പയെടുത്ത് 50 സെന്റ് ഭൂമിയിൽ പയർ കൃഷി ചെയ്തു. അയൽക്കൂട്ടത്തിലെ ഒരംഗത്തിന്റെ ഉടമസ്ഥതയിലുള്ളതായിരുന്നു കൃഷിഭൂമി. വിത്ത്, വളം കാർഷിക ഉപകരണങ്ങൾ എല്ലാം സ്വന്തമായി എടുക്കുകയാണുണ്ടായിട്ടുള്ളത്. ഈ കൃഷി വൻവിജയമായിരുന്നു. തുടർന്ന് ഇതേ ഭൂമിയിൽ, 2013 ൽ ഇഞ്ചികൃഷിയിൽ 50 കിലോഗ്രാം വിളവ് ലഭിച്ചിട്ടുണ്ട്. 2014 ൽ ഒരേക്കർ വയലിൽ നെല്ലും അരയേക്കറിൽ കരഭൂമിയിൽ ഇഞ്ചിയും കൃഷിചെയ്യുകയുണ്ടായി 100 കി.ഗ്രാം നെല്ല് ലഭിച്ചിട്ടുണ്ട്. 2017 ലാവട്ടെ അമ്പത് കിലോഗ്രാം പയറാണ് വിളവായി ലഭിച്ചിട്ടുള്ളത്. ഈ വർഷങ്ങളിലെല്ലാം ഒരു ലക്ഷം രൂപ വായ്പ എടുത്താണ് കൃഷി നടത്തിയിട്ടുള്ളത് 2012ൽ 3000 രൂപ സബ്സിഡിയും 2000 രൂപ ഇൻസെന്റിവായും ലഭിച്ചിട്ടുണ്ട്. 2013 ൽ 5000 രൂപയാണ് സബ്സിഡിയായി ലഭിച്ചത്. 2500 രൂപ ഇൻസെന്റിവായി ലഭിക്കുകയും ചെയ്തു. തുടർന്ന് 2017 വരെ 5000 രൂപ സബ്സിഡി ഇനത്തിലും 2500 രൂപ ഇൻസെന്റിവായും ഈ അയൽക്കൂട്ടത്തിന് ലഭിച്ചിട്ടുണ്ട്.

സംഘകൃഷി പ്രോത്സാഹിക്കുന്നതിനായി കൃഷിഭവനിൽ നിന്നും മെതിയന്ത്രം ലഭിച്ചതല്ലാതെ വിത്ത്, വളം കാർഷിക ഉപകരണങ്ങൾ എന്നിവയെല്ലാം സ്വന്തമായിതയ്യാറാക്കിയാണ്ആവശ്യത്തിന് കൃഷിക്കായി ഉപയോഗിക്കുന്നത്. കുടുംബശ്രീ എന്ന നിലയിൽ വിപണനത്തിന് സൗകര്യമൊരുക്കിയില്ല എന്നതാണ് ഫീൽഡിൽ നിന്നും മനസ്സിലാക്കുവാൻ സഹായിച്ചിട്ടുണ്ട്. അംഗങ്ങൾ സ്വന്തം നിലയിൽ വിളവുകൾ വിപണിയിൽ എത്തിക്കുകയും സമീപത്തുള്ള കടയിൽ വിൽക്കുകയുമാണ് ചെയ്തിട്ടുള്ളത്.

പട്ടികവർഗ്ഗ മേഖലയിൽ കൃഷിക്ക് വളരെയേറെ പ്രാധാന്യമുണ്ട്. ഗോത്രവിഭാഗങ്ങളിൽ ഭൂരിഭാഗവും പ്രധാനജീവനോപാധിയായി കൃഷി ചെയ്തു വരുന്നവരുമാണ്.അതുകൊണ്ട് തന്നെ പട്ടികവർഗ്ഗ വനിതകളെ സ്വയം പര്യാപ്തമാക്കുന്നതിന് ഏറ്റവും അനുയോജ്യമായ പദ്ധതിയാണ് സംഘകൃഷി എന്നാൽ പഠനം നടത്തിയ മേഖലകളിൽ സംഘകൃഷി പരാജയമാണെന്നതാണ് മനസ്സിലാക്കുവാൻ സാധിക്കുന്നത്.ആധുനിക കാർഷിക യന്ത്രങ്ങൾ, മികച്ചയിനം വിത്തുകൾ കൃഷിയ്ക്കാവശ്യമായ വളങ്ങൾ എന്നിവ കുടുംബശ്രീ മുഖാന്തിരം ലഭ്യമാക്കുകയാണെങ്കിൽ മികച്ച വിജയം സംഘകൃഷിയിൽ നേടുവാൻ സാധിക്കും.

**ഉപസംഹാരം**

കുടുംബശ്രീ മുഖേനയുള്ള സാമ്പത്തിക ശാക്തീകരണം പഠന വിധേയമാക്കിയതിൽ നിന്നും ആന്തരിക വായ്പകൾ ഏറെ പ്രയോജനകരമാണെന്നാണ് മനസ്സിലാക്കുവാൻ സാധിച്ചിട്ടു ള്ളത്. പഠനത്തിലുൾപ്പെടുത്തിയിട്ടുള്ള 34 ശതമാനം പേർക്ക് ആന്തരിക വായ്പകൾ സഹായകരമാ യിട്ടുണ്ട്. എന്നാൽ പല അയൽക്കൂട്ടങ്ങളും പ്രാരംഭ ഘട്ടങ്ങളിൽ ത്രിഫ്റ്റ് സ്വരൂപണം പോലുള്ള പ്രവർത്തനങ്ങൾ കൃത്യമായി നടക്കുന്നുവെങ്കിലും തുടർന്ന് പ്രവർത്തന രഹിതമാകുകയും ചെയ്യുന്ന സ്ഥിതിയുണ്ടാവുന്നുണ്ട്. ആയതിനാൽ ഈ പ്രയോജനങ്ങൾ ചുരുങ്ങിയ കാലയളവിൽ മാത്രമേ  ലഭിക്കുന്നുള്ളൂ. പഠനം നടത്തിയ മുന്നൂറ് ഗോത്ര വനിതകളിൽ ഭൂരിഭാഗത്തിനും ബാങ്ക് അക്കൗണ്ട് ഉണ്ടെന്നുള്ളത് വലിയ നേട്ടമാണ്. ബാങ്കുകളിൽ പോവുന്നതിനും പണമിടപാടുകൾ നട ത്തുന്നതിനും ഭയപ്പെട്ടിരുന്ന അവസ്ഥയിൽ നിന്നും നേരിയ തോതിലെങ്കിലും മാറ്റമുണ്ടാകുന്നു എന്നത് പ്രതീക്ഷ നൽകുന്നതാണ്.

പഠനം നടത്തിയ ആറു പഞ്ചായത്തുകളിൽ ഭൂരിഭാഗം പേർക്കും കടബാധ്യത കൂടുതലായു ണ്ടെന്നുള്ളതും പഠനത്തിൽ നിന്നും വ്യക്തമായിട്ടുള്ളതാണ്. കുടുംബശ്രീ പ്രസ്ഥാനം വേരുറപ്പി ച്ചിട്ടും അയൽക്കൂട്ടാംഗങ്ങളായ ഗോത്രവനിതകളിൽ കടബാധ്യത കൂടുന്നതും, തിരിച്ചടവിനുള്ള പ്രാപ്തി കൈവന്നിട്ടില്ല എന്നതും പരിശേധിക്കപ്പെടേണ്ടതാണ്. സംരംഭ സാധ്യതകൾ ഏറെയുണ്ടെ ങ്കിലും ഇത്തരം സാധ്യതകളെ കണ്ടെത്തി സംരംഭങ്ങൾ രൂപീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതുണ്ട്.

ഗോത്ര വനിതകളുടെ സർവ്വോന്മുഖമായ വികസനത്തിന് സാമ്പത്തികമായ ഉയർച്ച പ്രധാന ഘടകമാണെന്നിരിക്കെ, അയൽക്കൂട്ടങ്ങളിൽ ത്രിഫ്റ്റ് സ്വരൂപണം കൃത്യമായി നടപ്പിലാക്കുന്ന തിനും ക്രമേണ സമ്പാദ്യം ഉയർത്തുന്നതിനും സംരംഭങ്ങൾ ആരംഭിക്കുന്നതിനും ഉതകുന്ന തര ത്തിലുള്ള കാര്യക്ഷമമായുള്ള ഇടപെടലുകളും പ്രോത്സാഹനവും കുടുംബശ്രീ മിഷന്റെ ഭാഗത്തു നിന്നും ഉണ്ടാവേണ്ടതുണ്ട്.

# അദ്ധ്യായം- 4

## ഗോത്ര സ്ത്രീകളുടെ രാഷ്ട്രീയ സാമൂഹിക ശാക്തീകരണം

### രാഷ്ട്രീയ ശാക്തീകരണം

മറ്റ് പല സൂചികകളോടൊപ്പം തന്നെ ഗോത്രസ്ത്രീകളുടെ രാഷ്ട്രീയ പ്രാതിനിധ്യവും സ്ത്രീ ശാക്തീകരണം അളക്കുന്നതിനുള്ള മുഖ്യോപാധിയാണ്. നിയമ നിർമ്മാണ നടപടികളിലെ ഗോത്ര സ്ത്രീ പ്രാതിനിധ്യം നിർണ്ണായകമാണ്. തീരുമാനമെടുക്കപ്പെടുന്ന പല പൊതു സഭകളിലും ഗോത്ര സ്ത്രീകളുടെ പങ്ക് അംഗീകരിക്കപ്പെടുകയും അർഹിക്കുന്ന പ്രാധാന്യം നൽകപ്പെടുകയും ചെയ്യേണ്ടുന്ന സ്ഥിതി സംജാതമാകുന്നതിനെ രാഷ്ട്രീയ ശാക്തീകണം എന്ന് വിളിക്കാവുന്നതാണ്. സ്ത്രീകൾക്കും പുരുഷന്മാർക്കും തുല്യ അവകാശം നൽകുന്ന ഒരു ഭരണഘടനയുണ്ട്. ലിംഗം, വർണ്ണം, മതം തുടങ്ങിയവയുടെ പേരിൽ യാതൊരു വിവേചനവും പാടില്ലെന്ന് ഭരണഘടന അനുശാസിക്കുന്നുണ്ടെങ്കിലും പൊതു ഇടങ്ങളിൽ ഗോത്ര സ്ത്രീകളോടുള്ള വിവേചനം പ്രത്യക്ഷ സത്യമാണ്. ഗ്രാമസഭ, ഊരുകൂട്ടം തുടങ്ങിയവയിലെ നിശ്ശബ്ദ കേൾവിക്കാരായി മാത്രം ഗോത്ര സ്ത്രീകൾ മാറ്റപ്പെടുന്നു.സ്ത്രീകൾക്ക് വേണ്ടിയുള്ള വികസനം എന്നതിൽ നിന്നും സ്ത്രീ പങ്കാളിത്തത്തോടെയുള്ള വികസനം എന്നുള്ള നിലയിലേക്ക് ശാക്തീകരണ പ്രക്രിയകൾ മാറിയിരിക്കുന്നു. രാഷ്ട്രീയം എന്നത് രാഷ്ട്രത്തെ സംബന്ധിക്കുന്നതാണ്. ഒരു സാമൂഹിക ജീവി എന്ന നിലയിൽ ഓരോ പൗരനെ പോലെയും ഗോത്ര സ്ത്രീകൾക്കും രാഷ്ട്രീയമുണ്ട്. അത് തുറന്ന് പറച്ചിലിന്റേയും, അഭിപ്രായം രേഖപ്പെടുത്തലിന്റേയും പൊതു സമൂഹങ്ങളിൽ തന്റേതായ ഇടം അടയാളപ്പെടുത്തലിന്റേതുമാണ്. ആധുനിക ജനാധിപത്യ പ്രക്രിയകളിൽ രാഷ്ട്രീയ പ്രാതിനധ്യം എന്നത് നിർണ്ണായക ഘടകമാണ്. കുടുംബശ്രീയിലൂടെ ഗോത്രവനിതകളിൽ രാഷ്ട്രീയപരമായ കാഴ്ചപാടുണ്ടാക്കിയെടുക്കുന്നതിലും, പങ്കാളിത്ത ആസൂത്രണ പ്രക്രിയകളിൽ പങ്കാളികളായി, തീരുമാനമെടുക്കുന്നതിന്റെ ഭാഗമാകാൻ കഴിയുന്നുണ്ടോ എന്നുമുള്ള പരിശോധനയാണ് അദ്ധ്യായത്തിൽ നടത്തിയിരിക്കുന്നത്.

**പനമരം പഞ്ചായത്ത് പട്ടിക 4.1 കുടുംബശ്രീ പ്രവർത്തനത്തിലൂടെ രാഷ്ട്രീയ പ്രവേശനം സാധ്യമായവർ.**

| രാഷ്ട്രീയ ചുവടുവെയ്പ്സാധ്യമായിട്ടുണ്ടോ? | എണ്ണം | ശതമാനം |
|---|---|---|
| ഉണ്ട് | 5 | 10 |
| ഇല്ല | 45 | 90 |
| ആകെ | 50 | 100 |

### പട്ടിക4.2 രാഷ്ട്രീയ പ്രവേശനം സാധിച്ചിട്ടില്ലാത്തതിനുള്ള പ്രധാന കാരണങ്ങൾ

| കാരണങ്ങൾ | എണ്ണം | ശതമാനം |
|---|---|---|
| ജനസംഖ്യാകുറവ് | 6 | 13.33 |
| പൊതു രംഗത്തുള്ള പരിചയക്കുറവ് | 21 | 46.66 |
| വിദ്യാഭ്യാസപിന്നാക്കാവസ്ഥ | 17 | 37.77 |
| രാഷ്ട്രീയ പാർട്ടികൾക്ക് താൽപര്യമില്ലാത്തതിനാൽ | 14 | 31.11 |

പനമരം പഞ്ചായത്തിൽ 10 ശതമാനം ഗോത്രവനിതകളാണ് രാഷ്ട്രീയത്തിൽ പ്രവർത്തിക്കുന്നത്. 90ശതമാനം പേർക്കും രാഷ്ട്രീയത്തിലേക്ക് ചുവട് വെയ്ക്കുവാൻ സാധിച്ചിട്ടില്ല. ഇതിനുള്ള പ്രധാന കാരണമായി അഭിപ്രായപ്പെട്ടിട്ടുള്ളത്. പൊതുരംഗത്തുള്ള പരിചയക്കുറവുകൊണ്ടാണെന്ന താണ്. 46.66ശതമാനം പേരും അഭിപ്രായപ്പെട്ടിട്ടുള്ളത് ഇപ്രകാരമാണ്. 37.77ശതമാനം വിദ്യാഭ്യാസ പിന്നാക്കാവസ്ഥയാണ് രാഷ്ട്രീയ പ്രവർത്തനത്തിൽ സജീവമാകുവാൻ സാധിക്കാത്തതിന്റെ മൂല കാരണമായിട്ടുള്ളത്. 31.11ശതമാനം അഭിപ്രായപ്പെട്ടിട്ടുള്ളത് രാഷ്ട്രീയപാർട്ടികൾക്ക് തങ്ങൾ രാഷ്ട്രീയപ്രവർത്തനം നടത്തുന്നതിൽ താൽപര്യം കാണിക്കാത്തതിനാലാണ് രാഷ്ട്രീയ ചുവടു വെയ്പ് സാധ്യമാകാത്തതെന്നാണ്.

### പട്ടിക4.3 ആസൂത്രണപ്രക്രിയകളിലെ പങ്കാളിത്തം

| സമുദായം | ആസൂത്രണപ്രക്രിയകളിലെ പങ്കാളിത്തം | | ആകെ |
|---|---|---|---|
| | ഉണ്ട് | ഇല്ല | |
| അടിയാൻ | 4 (50%) | 4 (50%) | 8 |
| പണിയൻ | 3 (14.28%) | 18 (85.71%) | 21 |
| കാട്ടുനായ്ക്കൻ | 1 (25%) | 3 (75%) | 4 |
| വെട്ടക്കുറുമൻ | 3 (100%) | 0 (0%) | 3 |
| കുറിച്യൻ | 8 (80%) | 2 (20%) | 10 |
| മുള്ളുക്കുറുമൻ | 2 (100%) | 0 (1%) | 2 |
| കൺവേർട്ടഡ് കുറിച്യൻ | 1 (50%) | 1 (50%) | 2 |
| ആകെ | 22 (44%) | 28 (56%) | 50 |

പനമരം പഞ്ചായത്തിൽ 56 ശതമാനത്തിനും ഗ്രാമസഭ, ഊരുകൂട്ടം തുടങ്ങിയ പങ്കാളിത്ത ആസൂത്രണ പ്രക്രിയകളിൽ അഭിപ്രായനിർദ്ദേശം സമർപ്പിക്കുവാൻ സാധിച്ചിട്ടില്ല. കുറിച്യ സമുദായത്തിൽപ്പെട്ട 86ശതമാനത്തിനും മുള്ളുക്കുറുമൻ, വെട്ടക്കുറുമൻ സമുദായത്തിൽ നിന്നുമുള്ള 100 ശതമാനത്തിനും ഇത്തരം പൊതുഇടങ്ങളിൽ സജീവമായി ഇടപെടുവാൻ സാധിക്കുന്നത്. എന്നാൽ പണിയ സമുദായത്തിലുള്ള 85.71 ശതമാനത്തിനും ഈ രീതിയിൽ ഉയർന്ന് വരുവാൻ സാധിച്ചിട്ടില്ല എന്നതാണ് മേൽ പട്ടികയിൽ നിന്നും മനസ്സിലാക്കുവാൻ കഴിയുന്നത്.

## പട്ടിക4.4 അധികാര സ്ഥാനങ്ങളിൽ എത്തുവാൻ ആഗ്രഹിക്കുന്നവർ.

ഗോത്ര വനിതകളെ സംബന്ധിച്ചിടത്തോളം രാഷ്ട്രീയ അധികാരസ്ഥാനങ്ങളിൽ എത്തിച്ചേർന്നവർ വളരെ ചുരുക്കമാണ്. ദൈനംദിന ജീവിതം മുന്നോട്ട് കൊണ്ടുപോകുന്നതിനും ജീവിത സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും തൊഴിൽ ചെയ്ത് വരുമാനം ഉണ്ടാക്കുക എന്നതിലുപരിയായി സാമൂഹികരാഷ്ട്രീയബോധനിലവാരം വെച്ചുപുലർത്തുന്നവരുടെ ശതമാനം ഗോത്രവിഭാഗങ്ങൾക്കിടയിൽ വളരെ താഴെയാണ്. ഭരണം, അധികാരം എന്നീ രണ്ട് തലങ്ങളിൽ ഗോത്ര വനിതകൾ രണ്ടാം തരക്കാരായാണ് പരിഗണിക്കപ്പെടുന്നത്. എന്നാൽ അയൽക്കൂട്ട പ്രവർത്തനങ്ങളിൽ സജീവമാകുന്നതിന്റെ ഭാഗമായി കുടുംബശ്രീ പ്രസ്ഥാനത്തിലെ ത്രിതല സംവിധാനങ്ങളിൽ, സെക്രട്ടറി, പ്രസിഡണ്ട്, മറ്റ് സ്ഥാനങ്ങൾ എന്നിവയിലെത്തിച്ചേരുന്നതിനുള്ള ആഗ്രഹം ഗോത്ര സ്ത്രീകളിൽ ഉടലെടുക്കുന്നുണ്ടോ എന്നുള്ള പരിശോധനയാണ് താഴെപട്ടികയിൽ കൊടുത്തിരിക്കുന്നത്.

| സമുദായം | അധികാര സ്ഥാനങ്ങളിൽ എത്തുവാൻ ആഗ്രഹിക്കുന്നുണ്ടോ | | | ആകെ എണ്ണം |
|---|---|---|---|---|
| | ഉണ്ട് | ഇല്ല | ഭാഗികമായി | |
| അടിയാൻ | 1 (12.5%) | 6 (75%) | 1 (12.5%) | 8 |
| പണിയൻ | 0 (0%) | 20 (95.23%) | 1 (4.76%) | 21 |
| കാട്ടുനായ്ക്കൻ | 1 (25%) | 3 (75%) | 0 (0%) | 4 |
| വെട്ടക്കുറുമൻ | 2 (66.6%) | 1 (33.33%) | 0 (0%) | 3 |
| കുറിച്യൻ | 3 (30%) | 5 (50%) | 2 (20%) | 10 |
| മുള്ളുക്കുറുമൻ | 2 (100%) | 0 (0%) | 0 (0%) | 2 |
| കൺവേർട്ടഡ് കുറിച്യൻ | 0 (0%) | 2 (100%) | 0 (0%) | 2 |
| ആകെ | 9 (18%) | 37 (74%) | 4 (8%) | 50 |

പനമരം പഞ്ചായത്തിലെ 74 ശതമാനവും കുടുബശ്രീ പ്രവർത്തനത്തിലൂടെ ഉന്നത അധികാരസ്ഥാനങ്ങളിൽ എത്തുവാൻ ആഗ്രഹിക്കുന്നില്ല. അടിയാൻ, കാട്ടുനായ്ക്കൻ വിഭാഗങ്ങളിലെ

75 ശതമാനവും കൺവെർട്ടഡ് കുറിച്യൻ വിഭാഗത്തിൽ നിന്നും പഠനത്തിൽ ഉൾപ്പെട്ടവരിൽ 100 ശതമാനവും പണിയൻ വിഭാഗത്തിൽ നിന്നുമുള്ള 95.23 ശതമാനവും ഇത്തരം അധികാര സ്ഥാന ങ്ങൾ ആഗ്രഹിക്കുന്നില്ല. എന്നാൽ വെട്ടുക്കുറുമൻ, മുള്ളുക്കുറുമൻ സമുദായങ്ങളിൽ നിന്നും പഠ ന വിധേയമാക്കിയവരിൽ ഭൂരിഭാഗവും കുടുംബശ്രീ പ്രവർത്തനത്തിലൂടെ ഉന്നത അധികാര സ്ഥാ നങ്ങളിൽ എത്തുവാൻ ആഗ്രഹിക്കുന്നുണ്ട്.

## തിരുനെല്ലി

### പട്ടിക4.5 കുടുംബശ്രീ പ്രവർത്തനത്തിലൂടെ രാഷ്ട്രീയ പ്രവേശനം സാധ്യമായവർ.

| രാഷ്ട്രീയ ചുവടുവെയ്പ്സാധ്യമായിട്ടുണ്ടോ? | എണ്ണം | ശതമാനം |
|---|---|---|
| ഉണ്ട് | 4 | 8 |
| ഇല്ല | 46 | 92 |
| ആകെ | 50 | 100 |

തിരുനെല്ലി പഞ്ചായത്തിൽ 8ശതമാനം പേർക്ക് മാത്രമാണ് കുടുംബശ്രീ അംഗമായതിലൂടെ രാഷ്ട്രീയപ്രവർത്തനത്തിൽ ചുവടു വെയ്ക്കാൻ സാധിച്ചിട്ടുള്ളത്. 92 ശതമാനം പേരും രാഷ്ട്രീയ ത്തിൽ പ്രവർത്തിക്കുന്നവരല്ല.

### പട്ടിക4.6 രാഷ്ട്രീയ പ്രവേശനം സാധിച്ചിട്ടില്ലാത്തതിനുള്ള പ്രധാന കാരണങ്ങൾ

| കാരണങ്ങൾ | എണ്ണം | ശതമാനം |
|---|---|---|
| ജനസംഖ്യാക്കുറവ് | 1 | 2 |
| പൊതു രംഗത്തുള്ള പരിചയക്കുറവ് | 20 | 40 |
| വിദ്യാഭ്യാസപിന്നാക്കാവസ്ഥ | 19 | 38 |
| രാഷ്ട്രീയ പാർട്ടികൾക്ക് താൽപര്യമില്ലാത്തതിനാൽ | 10 | 20 |

പൊതുരംഗത്തുള്ള പരിചയക്കുറവുമൂലം രാഷ്ട്രീയപ്രവർത്തനത്തിലിറങ്ങാത്തവർ 40 ശത മാനവും വിദ്യാഭ്യാസം കുറവായതിനാൽ രാഷ്ട്രീയ ചുവടുവെയ്പ് സാധ്യമാകാത്തവർ 38 ശത മാനവും ആകുന്നു.

### പട്ടിക4.7 ആസൂത്രണപ്രക്രിയകളിലെ പങ്കാളിത്തം

| സമുദായം | ആസൂത്രണപ്രക്രിയകളിലെപങ്കാളിത്തം | | ആകെ എണ്ണം |
|---|---|---|---|
| | ഉണ്ട് | ഇല്ല | |
| അടിയാൻ | 12 (63.15%) | 7 (36.84%) | 19 |
| പണിയൻ | 2 (28.57%) | 5 (71.42%) | 7 |
| കാട്ടുനായ്ക്ക ൻ | 3 (23.07%) | 10 (76.92%) | 13 |
| വെട്ടക്കുറുമൻ | 2 (40%) | 3 (60%) | 5 |
| കുറിച്യൻ | 5 (83.3%) | 1 (16.6%) | 6 |
| ആകെ | 24 (48%) | 26 (52%) | 50 |

മേൽ പട്ടിക പ്രകാരം തിരുനെല്ലി പഞ്ചായത്തിൽ കുടുംബശ്രീ അംഗമായ ശേഷം, ഗ്രാമസഭ, ഊരുകൂട്ടം തുടങ്ങിയവയിൽ പങ്കാളികളായി, അഭിപ്രായ നിർദ്ദേശങ്ങൾ സമർപ്പിക്കുവാൻ സാധിച്ചിട്ടുള്ളവർ 48 ശതമാനം ആകുന്നു. 52 ശതമാനം പേർക്കും ഈ നിലയിൽ ഉയർന്ന് വരുവാൻ സാധിച്ചിട്ടില്ല. ഇത്തരത്തിൽ സജീവമായി ഇടപെടുവാൻ സാധിച്ചിട്ടുള്ളവർ കുറിച്യൻ സമുദായത്തിലാണ് കൂടുതലായുള്ളത്. ഈ വിഭാഗത്തിലെ 83.3 ശതമാനത്തിന് പങ്കാളിത്ത ആസൂത്രണ പ്രക്രിയകളിൽ അഭിപ്രായ നിർദ്ദേശങ്ങൾ മുന്നോട്ട് വെക്കാൻ സാധിച്ചിട്ടുണ്ട്. അടിയാൻ സമുദായത്തിൽ നിന്നുള്ള 63.15 ശതമാനം പേർക്കാണ് ഈ ദിശയിലുള്ള രാഷ്ട്രീയ ഉന്നമനം സാധ്യമായിട്ടുള്ളത്. എന്നാൽ പണിയൻ വിഭാഗത്തിലെ 71.42 ശതമാനം പേർക്കും കാട്ടുനായ്ക്കൻ വിഭാഗത്തിലെ 76.92ശതമാനം പേർക്കും ഇത്തരം പങ്കാളിത്ത ആസൂത്രണ പ്രക്രിയകളിൽ പങ്കാളികളായി അഭിപ്രായങ്ങളും നിർദ്ദേശങ്ങളും രേഖപ്പെടുത്തുവാനുള്ള ശേഷി കൈവന്നിട്ടില്ല എന്നതാണ് മേൽ പട്ടികകളിൽ നിന്നും അനുമാനിക്കാൻ സാധിക്കുന്നത്.

**പട്ടിക4.8 അധികാര സ്ഥാനങ്ങളിൽ എത്തുവാൻ ആഗ്രഹിക്കുന്നവർ.**

| സമുദായം | അധികാര സ്ഥാനങ്ങളിൽ എത്തുവാൻ ആഗ്രഹിക്കുന്നുണ്ടോ | | ആകെ എണ്ണം |
|---|---|---|---|
| | ഉണ്ട് | ഇല്ല | |
| അടിയാൻ | 9 (47.37%) | 10 (52.63%) | 19 |
| പണിയൻ | 2 (28.57%) | 5 (71.42%) | 7 |
| കാട്ടുനായ്ക്കൻ | 4 (30.77%) | 9 (69.23%) | 13 |
| വെട്ടക്കുറുമൻ | 3 (60%) | 2 (40%) | 5 |
| കുറിച്യൻ | 5 (83.3%) | 1 (16.6%) | 6 |
| ആകെ | 23 (46%) | 27 (54%) | 50 |

തിരുനെല്ലി പഞ്ചായത്തിൽ 54 ശതമാനം പേർ കുടുബശ്രീ ഉന്നത അധികാരസ്ഥാനങ്ങളിൽ എത്തിച്ചേരുവാൻ ആഗ്രഹിക്കുന്നവരല്ല. പഠനത്തിൽ ഉൾപ്പെട്ടിട്ടുള്ള ഗോത്രവനിതകളിൽ അടിയാൻ സമുദായത്തിൽ നിന്നുമുള്ള 52.63 ശതമാനവും പണിയൻ വിഭാഗത്തിൽ നിന്നുമുള്ള 71.42 ശതമാനവും കാട്ടുനായ്ക്കൻ സമുദായത്തിൽ നിന്നുമുള്ള 69.23 ശതമാനവും ഇത്തരത്തിൽ അഭിപ്രായപ്പെടുന്നുണ്ട്. എന്നാൽ വെട്ടുക്കുറുമൻ, കുറിച്യൻ സമുദായങ്ങളിലെ അംഗങ്ങൾ കുടുംബശ്രീ അയൽക്കൂട്ട പ്രവർത്തനത്തിലൂടെ അധികാരത്തിന്റെ ഉന്നത തലങ്ങളിലേക്ക് എത്തിച്ചേരാനുള്ള ആഗ്രഹം വെച്ചുപുലർത്തുന്നവരാണ്.

## മുതലമട

### പട്ടിക4.9 കുടുംബശ്രീ പ്രവർത്തനത്തിലൂടെ രാഷ്ട്രീയ പ്രവേശനം സാധ്യമായവർ

| രാഷ്ട്രീയചുവടുവെയ്പ്സാധ്യമായിട്ടുണ്ടോ | എണ്ണം | ശതമാനം |
|---|---|---|
| ഉണ്ട് | 4 | 8 |
| ഇല്ല | 46 | 92 |
| ആകെ | 50 | 100 |

### പട്ടിക4.10 രാഷ്ട്രീയ പ്രവേശനം സാധിച്ചിട്ടില്ലാത്തതിനുള്ള പ്രധാന കാരണങ്ങൾ

| കാരണങ്ങൾ | എണ്ണം | ശതമാനം |
|---|---|---|
| ജനസംഖ്യാ കുറവ് | 5 | 10.86 |
| പൊതു രംഗത്തുള്ള പരിചയക്കുറവ് | 16 | 34.78 |
| വിദ്യാഭ്യാസ പിന്നോക്കാവസ്ഥ | 21 | 45.65 |
| വരുമാനമാർഗ്ഗങ്ങളുടെ കുറവ് | 4 | 8.88 |

മുതലമട പഞ്ചായത്തിൽ പഠനം നടത്തിയ 50 ഗോത്ര വനിതകളിൽ 8 ശതമാനം പേർക്ക് മാത്രമാണ് രാഷ്ട്രീയത്തിൽ ചുവടുവെയ്ക്കുവാൻ സാധിച്ചിട്ടുള്ളത്. 92 ശതമാനം പേർക്കും രാഷ്ട്രീയ ചുവടുവെയ്പ് സാധ്യമായിട്ടില്ല. 45.65 ശതമാനം പേർക്ക് രാഷ്ട്രീയത്തിൽ പ്രവർത്തിക്കുവാൻ സാധിക്കാത്തതിന്റെ കാരണമായിട്ടുള്ളത് വിദ്യാഭ്യാസ പിന്നോക്കാവസ്ഥയാണ്. പൊതു രംഗത്ത് പരിചയമില്ലാത്തതിനാൽ 34.78 ശതമാനം പേർക്ക് രാഷ്ട്രീയ ചുവടുവെയ്പ് സാധ്യമായിട്ടില്ല.

### പട്ടിക4.11 ആസൂത്രണപ്രക്രിയകളിലെ പങ്കാളിത്തം

| സമുദായം | ആസൂത്രണപ്രക്രിയകളിലെപങ്കാളിത്തം | | ആകെ എണ്ണം |
|---|---|---|---|
| | ഉണ്ട് | ഇല്ല | |
| ഇരവാലൻ | 4 (20%) | 16(80%) | 20 |
| മലസർ | 2 (13.33%) | 13(86.66%) | 15 |
| കാടർ | 5 (33.33%) | 10(66.66%) | 15 |
| ആകെ | 11 (22%) | 39(78%) | 50 |

മുതലമട പഞ്ചായത്തിൽ 78 ശതമാനത്തിനും ഗ്രാമസഭ, ഊരുകൂട്ടം എന്നിവയിൽ പങ്കാളി കളായി അഭിപ്രായ നിർദ്ദേശങ്ങൾ മുന്നോട്ട് വെക്കുവാൻ സാധിച്ചിട്ടില്ല. ഇരവാലൻ സമുദായ ത്തിലെ 80 ശതമാനവും, മലസർ സമുദായത്തിലെ 86.66 ശതമാനവും കാടർ സമുദായത്തിലെ 66.66 ശതമാനവും ഇത്തരത്തിലുള്ള രാഷ്ട്രീയ ശാക്തീകരണം കൈവരിക്കുവാൻ സാധിച്ചിട്ടില്ലാ ത്തവരാണ് എന്നതാണ് പട്ടിക 4.11 ൽ നിന്നും വ്യക്തമാകുന്നത്.

**പട്ടിക4.12 അധികാര സ്ഥാനങ്ങളിൽ എത്തുവാൻ ആഗ്രഹിക്കുന്നവർ.**

| സമുദായം | അധികാര സ്ഥാനങ്ങളിൽ എത്തുവാൻ ആഗ്രഹിക്കുന്നുണ്ടോ | | | ആകെ എണ്ണം |
|---|---|---|---|---|
| | ഉണ്ട് | ഇല്ല | ഭാഗികമായി | |
| ഇരവാലൻ | 2(10%) | 16(80%) | 2(10%) | 20 |
| മലസർ | 1(6.66%) | 13(86.66%) | 1(6.66%) | 15 |
| കാടർ | 3(20%) | 12(80%) | 0(0%) | 15 |
| ആകെ | 6(12%) | 41(82%) | 3(6%) | 50 |

മുതലമടപഞ്ചായത്തിൽ 82 ശതമാനവും കുടുബശ്രീ പ്രവർത്തനത്തിലൂടെ ഉന്നത അധി കാര സ്ഥാനങ്ങളിൽ എത്തുവാൻ ആഗ്രഹിക്കുന്നില്ല. ഇരവാലൻ സമുദായത്തിലെ 80 ശതമാന വും മലസർ സമുദായത്തിലെ 86.66 ശതമാനവും കാടർ സമുദായത്തിലെ 80 ശതമാനവും ഇ ത്തരത്തിൽ രാഷ്ട്രീയ അധികാരസ്ഥാനങ്ങളിൽ എത്തിച്ചേരുവാൻ ആഗ്രഹിക്കുന്നില്ല എന്ന് കാണാവുന്നതാണ്.

**പുതൂർ**

**പട്ടിക4.13 കുടുംബശ്രീ പ്രവർത്തനത്തിലൂടെ രാഷ്ട്രീയപ്രവേശനം സാധ്യമായവർ**

| രാഷ്ട്രീയ ചുവടുവെയ്പ്സാധ്യമായിട്ടുണ്ടോ | എണ്ണം | ശതമാനം |
|---|---|---|
| ഉണ്ട് | 7 | 14 |
| ഇല്ല | 40 | 80 |
| ആകെ | 50 | 100 |

**പട്ടിക4.14 രാഷ്ട്രീയത്തിലേക്ക് ചുവട് വെയ്ക്കുവാൻ സാധിച്ചിട്ടില്ലാത്തതിനുള്ളപ്രധാന കാരണങ്ങൾ**

| കാരണങ്ങൾ | എണ്ണം | ശതമാനം |
|---|---|---|
| ജനസംഖ്യാകുറവ് | 9 | 18 |
| പൊതുരംഗത്തുള്ള പരിചയക്കുറവ് | 19 | 38 |
| വിദ്യാഭ്യാസപിന്നോക്കാവസ്ഥ | 15 | 30 |
| വരുമാനമാർഗ്ഗങ്ങളുടെ കുറവ് | 7 | 14 |
| ആകെ | 50 | 100 |

പുതൂർ പഞ്ചായത്തിൽ 94 ശതമാനം വനിതകൾക്ക് കുടുംബശ്രീ അംഗമായതിലൂടെ രാഷ്ട്രീയ പ്രവേശനം സാധ്യമായിട്ടുണ്ട്. എന്നാൽ 86 ശതമാനത്തിനും കുടുംബശ്രീ അംഗമായതിലൂടെ രാഷ്ട്രീയത്തിലേക്ക് ചുവടുവെയ്ക്കുവാൻ സാധിച്ചിട്ടില്ല. പൊതു രംഗത്തുള്ള പരിചയക്കുറവ് മൂലം 38 ശതമാനത്തിനും വിദ്യാഭ്യാസ പിന്നോക്കാവസ്ഥയാൽ 30 ശതമാനത്തിനും രാഷ്ട്രീയ ചുവടുവെയ്പ് സാധ്യമായിട്ടില്ല.

**പട്ടിക 4.15 ആസൂത്രണപ്രക്രിയകളിലെ പങ്കാളിത്തം**

| സമുദായം | ആസൂത്രണപ്രക്രിയകളിലെപങ്കാളിത്തം | | ആകെ എണ്ണം |
|---|---|---|---|
| | ഉണ്ട് | ഇല്ല | |
| കുറുമ്പർ | 4(26.66%) | 11(73.33%) | 15 |
| ഇരുളർ | 15(50%) | 15(50%) | 30 |
| മുഡുഗർ | 3(60%) | 2(40%) | 5 |
| ആകെ | 22(44%) | 28(56%) | 50 |

പുതൂർ പഞ്ചായത്തിൽ 56 ശതമാനം പേർക്ക് ഊരുകൂട്ടം, ഗ്രാമസഭ എന്നിവയിൽ സജീവമായി പങ്കാളികളായി അഭിപ്രായങ്ങൾ പറയുവാൻ സാധിക്കുന്നില്ല എന്നതാണ് പട്ടിക 4.15 ൽ നിന്നും വ്യക്തമാകുന്നത്. ഇതിൽ കുറുമ്പരിൽ നിന്നുമുള്ള 73.33 ശതമാനത്തിനും ഇരുള വിഭാഗത്തിലെ 50 ശതമാനത്തിനും മുഡുഗ വിഭാഗത്തിലെ 40 ശതമാനത്തിനും ഇത്തരത്തിൽ അഭിപ്രായങ്ങൾ രേഖപ്പെടുത്തുവാൻ സാധിക്കും വിധത്തിൽ ഉയർന്നുവരുവാൻ കുടുംബശ്രീ പ്രവർത്തനത്തിലൂടെ സാധിച്ചിട്ടില്ല എന്നതാണ് മുകളിൽ കൊടുത്തിരിക്കുന്ന പട്ടികയിൽ നിന്നും മനസ്സിലാകുന്നത്.

**പട്ടിക4.16 അധികാര സ്ഥാനങ്ങളിൽ എത്തുവാൻ ആഗ്രഹിക്കുന്നവർ.**

| സമുദായം | അധികാര സ്ഥാനങ്ങളിൽ എത്തുവാൻ ആഗ്രഹിക്കുന്നുണ്ടോ | | | ആകെ എണ്ണം |
|---|---|---|---|---|
| | ഉണ്ട് | ഇല്ല | ഭാഗികമായി | |
| കുറുമ്പർ | 1 (6.66%) | 14 (93.33%) | 0 (0%) | 15 |
| ഇരുളർ | 4 (13.33%) | 19 (63.33%) | 7 (23.33%) | 30 |
| മുഡുഗർ | 1 (20%) | 3 (60%) | 1 (20%) | 5 |
| ആകെ | 6 (12%) | 36 (72%) | 8 (16%) | 50 |

പുതൂർ പഞ്ചായത്തിലെ 72 ശതമാനവും കുടുബശ്രീ ഉന്നത അധികാര സ്ഥാനങ്ങളിൽ എത്തുവാൻ ആഗ്രഹിക്കുന്നില്ല. കുറുമ്പ വിഭാഗത്തിൽ പഠനത്തിൽ ഉൾപ്പെട്ടിട്ടുള്ളവരിൽ 93.33 ശത മാനവും ഇരുള വിഭാഗത്തിലെ 63.33 ശതമാനവും മുഡുഗർ വിഭാഗത്തിലെ 60 ശതമാനവും ഇത്തരത്തിലുള്ള ഭരണ സ്ഥാനങ്ങൾ ആഗ്രഹിക്കുന്നില്ല എന്നതാണ് പട്ടികയിൽ നിന്നും മനസ്സിലാകുന്നത്.

**അടിമാലി**

പട്ടിക4.17 **കുടുംബശ്രീ പ്രവർത്തനത്തിലൂടെ രാഷ്ട്രീയത്തിലേക്കുള്ള ചുവടുവെയ്പ് സാധ്യമായവർ.**

| രാഷ്ട്രീയ ചുവടുവെയ്പ് സാധ്യമായിട്ടുണ്ടോ | എണ്ണം | ശതമാനം |
|---|---|---|
| ഉണ്ട് | 12 | 24 |
| ഇല്ല | 38 | 76 |
| ആകെ | 50 | 100 |

**പട്ടിക 4.18 രാഷ്ട്രീയത്തിലേക്ക് ചുവട് വെയ്ക്കുവാൻ സാധിച്ചിട്ടില്ലാത്തതി നുള്ളപ്രധാന കാരണങ്ങൾ**

| കാരണങ്ങൾ | എണ്ണം | ശതമാനം |
|---|---|---|
| ജനസംഖ്യാകുറവ് | 3 | 7.89 |
| പൊതുരംഗത്തുള്ള പരിചയക്കുറവ് | 11 | 28.94 |
| വിദ്യാഭ്യാസപിന്നോക്കാവസ്ഥ | 12 | 31.57 |
| വരുമാനമാർഗ്ഗങ്ങളുടെ കുറവ് | 5 | 13.15 |
| സംവരണം അല്ലാതെയുള്ള സീറ്റിൽ മത്സരിപ്പിക്കൽ | 6 | 12 |
| രാഷ്ട്രീയ പാർട്ടികൾ താൽപര്യം കാണിക്കാത്തത് | 7 | 18.2 |
| മറ്റ് കാരണങ്ങൾ | 6 | 12 |
| ആകെ | 50 | 100 |

അടിമാലി പഞ്ചായത്തിൽ 24 ശതമാനം പേർ കുടുംബശ്രീ പ്രവർത്തനത്തിൽ സജീവമായ തോടെ രാഷ്ട്രീയത്തിലേയ്ക്ക് പ്രവേശിച്ചിട്ടുണ്ട്. 76 ശതമാനം പേർക്കും ഇത്തരം രാഷ്ട്രീയ ചുവടുവെയ്പ് സാധ്യമായിട്ടില്ല. ഇതിനുള്ള പ്രധാന കാരണമായി 31.57 ശതമാനം പേരും അഭിപ്രാ യപ്പെട്ടിട്ടുള്ളത്. വിദ്യാഭ്യാസ പിന്നോക്കാവസ്ഥയാണ്. 28.94 ശതമാനത്തിന് പൊതുരംഗത്തെ പരിച യക്കുറവ് മൂലം രാഷ്ട്രീയപ്രവർത്തനത്തിൽ സജീവമാകുവാൻ സാധിക്കുന്നില്ല. 18.42 ശതമാനം പേർ മറ്റ് കാരണങ്ങളാൽ രാഷ്ട്രീയ ചുവടുവെയ്പ് അസാധ്യമായി തീർന്നിട്ടുള്ളവരാണ്.

**പട്ടിക4.19 ആസൂത്രണപ്രക്രിയകളിലെ പങ്കാളിത്തം**

| സമുദായം | ആസൂത്രണപ്രക്രിയകളിലെ പങ്കാളിത്തം | | ആകെ എണ്ണം |
|---|---|---|---|
| | ഉണ്ട് | ഇല്ല | |
| മന്നാൻ | 18 (90%) | 2(10%) | 20 |
| മുതുവാൻ | 0 (0%) | 15(100%) | 15 |
| മലയരയ | 1 (20%) | 4(80%) | 5 |
| ഉള്ളാടൻ | 4 (80%) | 1(20%) | 5 |
| ഊരാളി | 4 (80%) | 1(20%) | 5 |
| ആകെ | 27 (54%) | 23(46%) | 50 |

പട്ടിക 4.19 പ്രകാരം അടിമാലി പഞ്ചായത്തിൽ 54 ശതമാനം പങ്കാളിത്ത ആസൂത്രണ പ്രക്രിയക ളിൽ പങ്കെടുത്ത് അഭിപ്രായ നിർദ്ദേശങ്ങൾ രേഖപ്പെടുത്തുവാൻ സാധിച്ചിട്ടുള്ളവരാണ്. മന്നാൻ സമുദായത്തിലെ 90 ശതമാനത്തിനും, ഉള്ളാടൻ വിഭാഗത്തിലെ 80 ശതമാന ത്തിനും ഊരാളി സമു ദായത്തിലെ 80 ശതമാനത്തിനും ഈ ദിശയിലുള്ള പ്രാപ്തി കൈവന്നിട്ടുണ്ട്.

**പട്ടിക4.20 അധികാര സ്ഥാനങ്ങളിൽ എത്തുവാൻ ആഗ്രഹിക്കുന്നവർ.**

| സമുദായം | അധികാര സ്ഥാനങ്ങളിൽ എത്തുവാൻ ആഗ്രഹിക്കുന്നുണ്ടോ | | | ആകെ എണ്ണം |
|---|---|---|---|---|
| | ഉണ്ട് | ഇല്ല | ഭാഗികമായി | |
| മന്നാൻ | 4 (20%) | 11 (55%) | 5 (25%) | 20 |
| മുതുവാൻ | 2 (13.33%) | 7 (46.66%) | 6 (40%) | 15 |
| മലയരയ | 1 (20%) | 1 (20%) | 3 (60%) | 5 |
| ഉള്ളാടൻ | 2 (40%) | 3 (60%) | 0 (0%) | 5 |
| ഊരാളി | 0 (0%) | 1 (20%) | 4 (80%) | 5 |
| ആകെ | 9 (18%) | 23 (46%) | 18 (36%) | 50 |

പട്ടിക പ്രകാരം അടിമാലി പഞ്ചായത്തിൽ 46 ശതമാനവും കുടുംബശ്രീ ഉന്നത അധികാര സ്ഥാനങ്ങളിൽ എത്തുവാൻ ആഗ്രഹിക്കുന്നില്ല. 36 ശതമാനം ഭാഗികമായി ഇത്തരം ഭരണസ്ഥാന ങ്ങൾ ആഗ്രഹിക്കുന്നുണ്ട്. മന്നാൻ സമുദായത്തിലെ 20 അംഗങ്ങളിൽ 55 ശതമാനവും അധികാര സ്ഥാനങ്ങളിൽ എത്തിച്ചേരുവാൻ ആഗ്രഹിക്കുന്നില്ല. മുതുവാൻ സമുദായത്തിലെ 46 ശതമാനവും ഉള്ളാടൻ സമുദായത്തിലെ 60 ശതമാനവും മലയരയ സമുദായത്തിലെ 20 ശതമാനവും ഇത്തര ത്തിൽ ഉന്നതധികാര സ്ഥാനങ്ങളിൽ എത്തുവാൻ ആഗ്രഹിക്കുന്നില്ല.

## മറയൂർ

**പട്ടിക4.21 കുടുംബശ്രീ പ്രവർത്തനത്തിലൂടെ രാഷ്ട്രീയത്തിലേക്കുള്ള ചുവടുവെ യ്പ്സാധ്യമായവർ.**

| രാഷ്ട്രീയ ചുവടുവെയ്പ്സാധ്യമായിട്ടുണ്ടോ | എണ്ണം | ശതമാനം |
|---|---|---|
| ഉണ്ട് | 8 | 16 |
| ഇല്ല | 42 | 84 |
| ആകെ | 50 | 100 |

**പട്ടിക4.22കുടുംബശ്രീ പ്രവർത്തനത്തിലൂടെ രാഷ്ട്രീയത്തിലേക്കുള്ള ചുവടുവെ യ്ക്കുവാൻ സാധിച്ചിട്ടില്ലാത്തതിനുള്ള പ്രധാന കാരണങ്ങൾ**

| കാരണങ്ങൾ | എണ്ണം | ശതമാനം |
|---|---|---|
| പൊതുരംഗത്തുള്ള പരിചയക്കുറവ് | 19 | 38 |
| വിദ്യാഭ്യാസപിന്നോക്കാവസ്ഥ | 31 | 62 |
| ആകെ | 50 | 100 |

മറയൂർ പഞ്ചായത്തിൽ 16ശതമാനം പേർ കുടുംബശ്രീ പ്രവർത്തനങ്ങളിലൂടെ രാഷ്ട്രീയ ത്തിൽ പ്രവേശിച്ചുവെങ്കിലും, 84ശതമാനം പേർക്കും ഇത്തരം രാഷ്ട്രീയ ചുവടു വെയ്പ് സാധ്യമാ യിട്ടില്ല. 62ശതമാനം പേർക്ക് വിദ്യാഭ്യാസ പിന്നോക്കാവസ്ഥയാലും, 38 ശതമാനം പേർക്ക് പൊതുരംഗത്തുള്ള പരിചയക്കുറവ് മൂലവും രാഷ്ട്രീയപ്രവേശനം സാധ്യമായി തീർന്നിട്ടില്ല.

**പട്ടിക 4.23 ആസൂത്രണപ്രക്രിയകളിലെ പങ്കാളിത്തം**

| സമുദായം | ആസൂത്രണ പ്രക്രിയകളിലെ പങ്കാളിത്തം | | ആകെ എണ്ണം |
|---|---|---|---|
| | ഉണ്ട് | ഇല്ല | |
| ഹിൽപുലയ | 11 (44%) | 14 (56%) | 25 |
| മുതുവാൻ | 10 (40%) | 15 (60%) | 25 |
| ആകെ | 24 (48%) | 26 (52%) | 50 |

മറയൂർ പഞ്ചായത്തിൽ 52 ശതമാനത്തിനും ഗ്രാമസഭ, ഊരുകൂട്ടം തുടങ്ങിയവയിൽ പങ്കെടുത്ത് അഭിപ്രായ നിർദ്ദേശങ്ങൾ രേഖപ്പെടുത്തുവാൻ സാധിച്ചിട്ടില്ല. ഹിൽപ്പുലയ സമുദായത്തിൽ നിന്നുമുള്ള 56 ശതമാനത്തിനും മുതുവാൻ സമുദായത്തിൽ നിന്നുമുള്ള 60 ശതമാനത്തിനും ഇത്തരത്തിൽ മുന്നേറുവാൻ സാധിച്ചിട്ടില്ല.

**പട്ടിക 4.24അധികാര സ്ഥാനങ്ങളിൽ എത്തുവാൻ ആഗ്രഹിക്കുന്നവർ.**

| സമുദായം | അധികാര സ്ഥാനങ്ങളിൽ എത്തുവാൻ ആഗ്രഹിക്കുന്നുണ്ടോ | | | ആകെ എണ്ണം |
|---|---|---|---|---|
| | ഉണ്ട് | ഇല്ല | ഭാഗികമായി | |
| ഹിൽപുലയ | 2 (8%) | 14 (56%) | 9 (36%) | 25 |
| മുതുവാൻ | 3 (12%) | 19 (76%) | 3 (12%) | 25 |
| ആകെ | 5 (10%) | 33 (66%) | 12 (24%) | 50 |

മറയൂർ പഞ്ചായത്തിൽ നിന്നും ലഭ്യമായ വിവരപ്രകാരം കുടുംബശ്രീ ഉന്നതാധികാരസ്ഥാനങ്ങളിൽ എത്തിച്ചേരുവാൻ പൂർണ്ണമായും ആഗ്രഹിക്കുന്നവർ 10 ശതമാനവും ഭാഗികമായി ആഗ്രഹിക്കുന്നവർ 24 ശതമാനവും അധികാരസ്ഥാനങ്ങളിൽ എത്തിച്ചേരുവാൻ ആഗ്രഹിക്കാത്തവർ 66

ശതമാനവും ആകുന്നു. പഠനത്തിൽ ഉൾപ്പെട്ടിട്ടുള്ള 25 ഹിൽപ്പുലയ അംഗങ്ങളിൽ 8 ശതമാനം പേർ പൂർണ്ണമായും 36 ശതമാനം പേർ ഭാഗികമായും അധികാര സ്ഥാനങ്ങളിൽ എത്തിച്ചേരുവാൻ ആഗ്രഹിക്കുന്നുണ്ട്. 56 ശതമാനം പേർക്ക് ഇത്തരം അധികാര സ്ഥാനങ്ങളിൽ എത്തിച്ചേരുവാനുള്ള ആഗ്രഹം ഇല്ലാത്തവരാണ്.

ഗോത്രസ്ത്രീകളെ രണ്ടാം തരം പൗരത്വത്തിൽ നിന്നും മുൻനിരയിലേക്ക് കൊണ്ടുവരുവാൻ രാഷ്ട്രീയ ശാക്തീകരണം ശക്തമായ ഒരു ആയുധമാണ്. ഭരണവും അധികാരവും സ്ത്രീകളെ കൂടുതൽ ശക്തരാക്കുന്നു എന്നത് വസ്തുതയാണ്. കുടുംബശ്രീ അംഗമാകുന്നതിലൂടെ സാമൂഹികവും രാഷ്ട്രീയപരവുമായ പല പ്രശ്നങ്ങളുടെ ഭാഗഭാക്കായി മാറ്റുവാൻ പൊതുസമൂഹത്തിലെ സ്ത്രീകൾക്ക് കഴിഞ്ഞിട്ടുണ്ട്. എന്നാൽ പഠനം നടത്തിയ 300 ഗോത്ര വനിതകളിൽ കുറിച്യൻ, വെട്ടുക്കുറുമൻ, മുള്ളുക്കുറുമൻ, മന്നാൻ എന്നീ സമുദായങ്ങളിലെ അംഗങ്ങളിൽ മാത്രമാണ് നേരിയ തോതിലെങ്കിലും മാറ്റം ദൃശ്യമായിട്ടുള്ളത്. മറ്റ് സമുദായങ്ങളിലൊന്നും തന്നെ കുടുംബശ്രീ അംഗമായതിലൂടെ രാഷ്ട്രീയപരമായി ഉന്നമനത്തിലെത്തുവാൻ ഗോത്രവനിതകൾക്ക് സാധിച്ചിട്ടില്ല എന്നതാണ് മനസ്സിലാകുന്നത് 'ഗോത്രസ്ത്രീ ശാക്തീകരണം' എന്ന വലിയ കടമ്പ മുറിച്ചുകടക്കുന്നതിനും ഗോത്രസ്ത്രീകളുടെ രാഷ്ട്രീയ ശാക്തീകരണം അനിവാര്യമാണെന്നതിനാൽ തന്നെയും പൊതു ഇടങ്ങളിൽ ഇക്കൂട്ടരെ കൂടുതൽ സജീവമായി ഇടപെടാൻ പ്രാപ്തിയുള്ളവരാക്കി മാറ്റുവാനുള്ള കണക്കുകൂട്ടിയുള്ള പ്രവർത്തനം കുടുംബശ്രീ ത്രിതല സംവിധാനങ്ങൾ നടത്തേണ്ടതുണ്ട്. പഠനം നടത്തിയ 300 ഗോത്രവനിതകളിൽ 13.33 ശതമാനം പേർ മാത്രമാണ് രാഷ്ട്രീയ പ്രവേശനം നടത്തിയിട്ടുള്ളത്. ഗോത്രസ്ത്രീകളുടെ രാഷ്ട്രീയ ശാക്തീകരണം മനസ്സിലാക്കുന്നതിനുള്ള മറ്റൊരു ഘടകമായി പ്രസ്തുത അദ്ധ്യായത്തിൽ പരിഗണിച്ചിട്ടുള്ളത് ആസൂത്രണ പ്രക്രിയകളിലെ പങ്കാളിത്തമാണ്. ഗ്രാമസഭ, ഊരുകൂട്ടം എന്നിവയിൽ മികച്ച പങ്കാളിത്തം ഉണ്ടാകുന്നുവെങ്കിലും ഇത്തരം പൊതു സഭകളിൽ നിശ്ശബ്ദ പങ്കാളികൾ മാത്രമായി ഗോത്രസ്ത്രീകൾ മാറുന്നു. കൂടാതെ ഉന്നയിക്കപ്പെടുന്ന പല പ്രശ്നങ്ങൾക്കും പരിഹാരം കാണാൻ സാധിക്കാതെ വരികയും ചെയ്യുന്നുണ്ട്. ഈയൊരു സ്ഥിതിയിൽ മാറ്റമുണ്ടാകാത്തിടത്തോളം സ്ത്രീകളുടെ രാഷ്ട്രീയ ശാക്തീകരണം എന്നതിലേയ്ക്ക് എത്തിച്ചേരുക എളുപ്പമുള്ള പ്രക്രിയയല്ല.

## സാമൂഹിക ശാക്തീകരണം

സ്ത്രീ ശാക്തീകരണത്തിൽ സ്ത്രീകളുടെ സാമൂഹിക സാമ്പത്തിക ഉന്നമനത്തിന് വളരെയേറെ പ്രാധാന്യമുണ്ട്. സമൂഹത്തിലെ പാർശ്വവൽക്കരിക്കപ്പെട്ട പട്ടിക വർഗ്ഗ വനിതയെ സംബന്ധിച്ചിടത്തോളം സാമൂഹിക ശാക്തീകരണ പ്രവർത്തനങ്ങളുടെ പ്രാധാന്യം ഏറെയാണ്. വിദ്യാഭ്യാസ നിലവാരത്തിൽ, അഭിപ്രായ രൂപീകരണത്തിൽ, തൊഴിലിടങ്ങളിൽ, തന്റേതായ 'ഇടം' അടയാളപ്പെടുത്തുവാൻ കഴിയാതെ പോകുന്നവരാണ് ഗോത്രവനിതകൾ. സമ്പൂർണ്ണ ജനാധിപത്യ സമൂഹം എന്ന നിലയിൽ കേരളത്തിന്റെ മുഖ്യധാരയിലേക്ക് ഗോത്രവനിതകളെ ഉയർത്തികൊണ്ട് വരേണ്ടത്

അനിവാര്യമാണ്. ഇതിനായി പല പദ്ധതികളും രൂപകൽപന ചെയ്യുകയും, നടപ്പിലാക്കുകയും ചെയ്യുന്നുണ്ടെങ്കിലും ഗോത്ര മേഖലയിൽ ഇത്തരം പദ്ധതികളുടെ ഫലപ്രാപ്തി എത്രത്തോളമുണ്ടെന്നത് പരിശോധിക്കപ്പെടേണ്ട വസ്തുതയാണ്. ദാരിദ്ര്യ നിർമ്മാർജ്ജനം എന്നത് വരുമാനവും സമ്പത്തും മാത്രമല്ല ഓരോ വ്യക്തിയുടേയും കഴിവുകളുടെ വികാസം, അവകാശബോധം, മാനസിക മുന്നേറ്റം, തീരുമാനമെടുക്കുന്നതിലും, അധികാര സ്ഥാനങ്ങളിലുള്ള പ്രാധാന്യം തുടങ്ങി പല വിധ ഘടകങ്ങളെ ആശ്രയിച്ചാണ് ഉള്ളത്. കുടുംബശ്രീ മുന്നോട്ടു വെക്കുന്ന ഈയൊരു കാഴ്ചപ്പാടിനനുസൃതമായി ഗോത്രവനിതകളിലെ സാമൂഹ്യ ശാക്തീകരണത്തിന്റെ തോത് എത്രമാത്രമുണ്ടെന്ന പരിശോധനയാണ് ഈ അദ്ധ്യായത്തിലുൾപ്പെടുത്തിയിട്ടുള്ളത്. സാമൂഹ്യ ശാക്തീകരണം എന്ന അദ്ധ്യായത്തിൽ പ്രധാനമായും താഴെകൊടുത്തിരിക്കുന്ന വിഷയങ്ങളെയാണ് വിശകലനം ചെയ്തിരിക്കുന്നത്.

1. ഗോത്രവനിതകളിലെ സംഘാടന ശേഷി
2. കൂട്ടായ്മയിലൂടെയുള്ള സാമൂഹിക മാറ്റം
3. മാനസികമായി കരുത്താർജ്ജിച്ചവർ
4. പൊതു വിഭാഗങ്ങളുടെ  അയൽക്കൂട്ടങ്ങളുമായി ബന്ധപ്പെടുന്നവർ
5. കുടുംബപശ്ചാത്തലത്തിലെ മാറ്റം
6. കുടുംബശ്രീ അംഗത്വത്തിലൂടെ സാമൂഹികമാറ്റം ഉണ്ടായിട്ടുള്ളവർ
7. അറിവുപരമായ ശാക്തീകരണം

**പനമരം പഞ്ചായത്ത്**

**പട്ടിക 4.25 ഗോത്ര വനിതകളിലെ സംഘാടന ശേഷി**

| | ഗോത്ര വനിതകളിൽ സംഘാടന ശേഷിയുണ്ടോ | | | |
|---|---|---|---|---|
| സമുദായം | ഉണ്ട് | ഇല്ല | ഭാഗികമായി | ആകെ എണ്ണം |
| അടിയാൻ | 1 (12.5%) | 5 (62.5%) | 2 (25%) | 8 |
| പണിയൻ | 3 (14.28%) | 16(76.19%) | 2 (9.52%) | 21 |
| കാട്ടുനായ്ക്ക ൻ | 1 (25%) | 3 (75%) | 0 (0%) | 4 |
| വെട്ടക്കുറുമൻ | 3 (100%) | 0 (0%) | 0 (0%) | 3 |
| കുറിച്യൻ | 6 (60%) | 2 (20%) | 2 (20%) | 10 |
| മുള്ളുക്കുറുമൻ | 2 (100%) | 0 (0%) | 0 (0%) | 2 |
| കൺവേർട്ടഡ് കുറിച്യൻ | 2 (32%) | 0 (0%) | 0 (0%) | 2 |
| ആകെ | 18 (36%) | 26 (52%) | 6 (12%) | 50 |

മേൽ പട്ടിക പ്രകാരം പനമരം പഞ്ചായത്തിൽ 52 ശതമാനത്തിനും കുടുംബശ്രീ അംഗമായ തിലൂടെ സംഘാടക ശേഷിയിൽ വർദ്ധനവുണ്ടായിട്ടില്ല. കുറിച്യൻ സമൂദായത്തിൽ നിന്നുള്ള വനി തകളിൽ 60 ശതമാനത്തിനും വെട്ടക്കുറുമൻ സമുദായത്തിൽ നിന്നും പഠനത്തിലുൾപ്പെട്ടവരിൽ നൂറ് ശതമാനത്തിനും സംഘാടന ശേഷി വർദ്ധിച്ചപ്പോൾ, അടിയാൻ, പണിയൻ, കാട്ടുനായ്ക്കൻ സമുദായങ്ങളിലെ ഭൂരിഭാഗത്തിനും ഇത്തരത്തിലുള്ള കഴിവ് കൈവന്നിട്ടില്ല എന്നതാണ് വ്യക്തമാകുന്നത്.

**പട്ടിക 4.26 കൂട്ടായ്മയിലൂടെയുള്ള സാമൂഹിക മാറ്റം**

| സമുദായം | കൂട്ടായ്മയിലൂടെയുള്ള സാമൂഹിക മാറ്റമുണ്ടോ | | | ആകെ എണ്ണം |
|---|---|---|---|---|
| | ഉണ്ട് | ഇല്ല | ഭാഗികമായി | |
| അടിയാൻ | 3 (37.5%) | 3 (37.5%) | 2 (25%) | 8 |
| പണിയൻ | 5 (23.8%) | 16 (76.19%) | 0 (0%) | 21 |
| കാട്ടുനായ്ക്ക ൻ | 1 (25%) | 3 (75%) | 0 (0%) | 4 |
| വെട്ടക്കുറുമൻ | 2 (66.66%) | 0 (0%) | 1 (33.33%) | 3 |
| കുറിച്യൻ | 7 (70%) | 1 (10%) | 2 (20%) | 10 |
| മുള്ളുക്കുറുമൻ | 1 (50%) | 0 (0%) | 1 (50%) | 2 |
| കൺവേർട്ടഡ് കുറിച്യൻ | 2 (100%) | 0 (0%) | 0 (0%) | 2 |
| ആകെ | 21 (42%) | 23 (46%) | 6 (12%) | 50 |

മേൽ പട്ടിക പ്രകാരം പനമരം പഞ്ചയാത്തിൽ കൂട്ടായ്മയിലൂടെ സാമൂഹിക മാറ്റം കൈവരിച്ചവർ 42 ശതമാനമാകുന്നു. 46 ശതമാനം പേർക്ക് കുടുംബശ്രീ പ്രവർത്തനത്തിലൂടെ സാമൂഹികമാറ്റമുണ്ടായിട്ടില്ല. ഇതിൽ കുറിച്യൻ, മുള്ളുക്കുറുമൻ, കൺവേർട്ടഡ് കുറിച്യൻ എന്നീ വിഭാഗങ്ങളിൽ കൂട്ടായ്മയിലൂടെ സാമൂഹികമാറ്റം പ്രകടമായപ്പോൾ പ്രസ്തുത പഞ്ചായത്തിലെ അടിയാൻ, പണിയൻ, കാട്ടുനായിക്കൻ വിഭാഗങ്ങളിൽ യാതൊരു മാറ്റവുമുണ്ടായിട്ടില്ല എന്നതാണ് പഠനത്തിൽ നിന്നും വ്യക്തമായിട്ടുള്ളത്.

**പട്ടിക 4.27 മാനസികമായി കരുത്താർജ്ജിച്ചവർ**

| സമുദായം | മാനസികമായി കരുത്താർജ്ജിച്ചവരുണ്ടോ | | | ആകെ എണ്ണം |
|---|---|---|---|---|
| | ഉണ്ട് | ഇല്ല | ഭാഗികമായി | |
| അടിയാൻ | 1 (12.5%) | 5 (62.5%) | 2 (25%) | 8 |
| പണിയൻ | 4 (19.04%) | 13 (61.9%) | 4 (19.04%) | 21 |
| കാട്ടുനായ്ക്ക ൻ | 1 (25%) | 3 (75%) | 0 (0%) | 4 |
| വെട്ടക്കുറുമൻ | 3 (100%) | 0 (0%) | 0 (0%) | 3 |
| കുറിച്യൻ | 7 (70%) | 2 (20%) | 1 (10%) | 10 |
| മുള്ളുക്കുറുമൻ | 2 (100%) | 0 (0%) | 0 (0%) | 2 |
| കൺവേർട്ടഡ് കുറിച്യൻ | 1 (50%) | 1 (50%) | 0 (0%) | 2 |
| ആകെ | 19 (38%) | 24 (48%) | 7 (14%) | 50 |

മേൽപട്ടിക പ്രകാരം പനമരം പഞ്ചായത്തിൽ 48 ശതമാനം പേരും കുടുംബശ്രീ പ്രവർത്തനത്തിന്റെ ഭാഗമായി മാനസികമായി കരുത്താർജ്ജിച്ചിട്ടില്ല.മുള്ളുക്കുറുമൻ, വെട്ടക്കുറുമൻ സമുദായങ്ങളിൽ നിന്നുമുള്ള വനിതകളിൽ 100ശതമാനവും മാനസികമായി കരുത്താർജ്ജിച്ചതായി അഭിപ്രായപ്പെടുമ്പോൾ അടിയാൻ, പണിയൻ കാട്ടുനായ്ക്കൻ വിഭാഗങ്ങളിലെ ഗോത്രവനിതകളിൽ ഇത്തരം മാനസിക മുന്നേറ്റമുണ്ടായിട്ടില്ല എന്നതാണ് പട്ടിക ൽ നിന്നും മനസ്സിലാകുന്നത്.

**പട്ടിക 4.28 പൊതു വിഭാഗങ്ങളുടെ അയൽക്കൂട്ടവുമായി ബന്ധപ്പെടുന്നവർ**

| പൊതു അയൽക്കൂട്ടങ്ങളുമായി ബന്ധമുണ്ടോ | എണ്ണം | ശതമാനം |
|---|---|---|
| ഉണ്ട് | 26 | 52 |
| ഭാഗികമായി | 2 | 4 |
| ഇല്ല | 22 | 44 |
| ആകെ | 50 | 100 |

മേൽപട്ടിക പ്രകാരം 52 ശതമാനം പേർ മറ്റ് വിഭാഗങ്ങളുടെ അയൽക്കൂട്ടങ്ങളുമായി സാമൂഹിക ബന്ധം വച്ച് പുലർത്തുന്നവരാണ്. എന്നാൽ 44 ശതമാനത്തിന് ഈ നിലയിലുള്ള പരസ്പര

ബന്ധം ഉണ്ടാക്കുവാൻ സാധിച്ചിട്ടില്ല എന്നതാണ് മേൽ പട്ടികയിൽ നിന്നും വ്യക്തമാവുന്നത്. പൊതു സമൂഹവുമായി ഇടപെടുന്നതിൽ നിന്ന് ഗോത്രസ്ത്രീകളെ പിന്തിരിപ്പിക്കുന്നത് അവർക്കിടയിൽ കാലങ്ങളായി നിലനിൽക്കുന്ന അപകർഷതാബോധം ആണ്. ഇത്തരം സാഹചര്യങ്ങൾ മറികടക്കുവാൻ കുടുംബശ്രീ പ്രവർത്തനങ്ങൾ ഗോത്രസ്ത്രീകൾക്ക് സഹായകരമായിട്ടില്ലെന്നുള്ളത് പ്രത്യേകം ശ്രദ്ധ നൽകേണ്ട വസ്തുതയാണ്.

**പട്ടിക 4.29 കുടുംബ പശ്ചാത്തലത്തിൽ വന്ന മാറ്റം**

| കുടുംബാന്തരീക്ഷത്തിൽ മാറ്റമുണ്ടോ | എണ്ണം | ശതമാനം |
|---|---|---|
| ഉണ്ട് | 9 | 18 |
| ഭാഗികമായി | 4 | 8 |
| ഇല്ല | 37 | 74 |
| ആകെ | 50 | 100 |

മേൽപട്ടിക പ്രകാരം പനമരം പഞ്ചായത്തിൽ 74 ശതമാനം പേർക്കും കുടുംബശ്രീ അംഗമായതിന് ശേഷവും കുടുംബാന്തരീക്ഷത്തിൽ മാറ്റമുണ്ടായിട്ടില്ല. 18 ശതമാനം പേർക്ക് മാത്രമാണ് കുടുംബശ്രീ പ്രവർത്തനത്തിലൂടെ തന്റെ കുടുംബത്തിന്റെ അന്തരീക്ഷത്തിൽ മാറ്റമുണ്ടാക്കുവാൻ സാധിച്ചിട്ടുള്ളത്.

**പട്ടിക 4.30 കുടുംബശ്രീ അംഗമായതിലൂടെ സാമൂഹിക മാറ്റങ്ങൾ ഉണ്ടായിട്ടുള്ളവർ**

| സമുദായം | സാമൂഹിക മാറ്റങ്ങൾ ഉണ്ടായിട്ടുണ്ടോ | | | ആകെ എണ്ണം |
|---|---|---|---|---|
| | ഉണ്ട് | ഇല്ല | ഭാഗികമായി | |
| അടിയാൻ | 1 (12.5%) | 5 (62.5%) | 2 (25%) | 8 |
| പണിയൻ | 4 (19.04%) | 13 (61.9%) | 4 (19.04%) | 21 |
| കാട്ടുനായ്ക്ക ൻ | 1 (25%) | 3 (75%) | 0 (0%) | 4 |
| വെട്ടക്കുറുമൻ | 3 (100%) | 0 (0%) | 0 (0%) | 3 |
| കുറിച്യൻ | 8 (80%) | 2 (20%) | 0 (0%) | 10 |
| മുള്ളുക്കുറുമൻ | 2 (100%) | 0 (0%) | 0 (0%) | 2 |
| കൺവേർട്ടഡ് കുറിച്യൻ | 2 (100%) | 0 (0%) | 0 (0%) | 2 |
| ആകെ | 21 (42%) | 23 (46%) | 6 (12%) | 50 |

മേൽപട്ടിക പ്രകാരം 46ശതമാനം പേർക്കും കുടുംബശ്രീ മുഖേന സാമൂഹികമാറ്റമുണ്ടായിട്ടില്ല. മുള്ളുക്കുറുമൻ, വെട്ടക്കുറുമൻ, കൺവേർട്ടഡ് കുറിച്യൻ എന്നീ വിഭാഗങ്ങളിലെ 100 ശതമാനത്തിനും കുറിച്യൻ വിഭാഗത്തിലെ 80 ശതമാനത്തിനും സാമൂഹികമാറ്റമുണ്ടായിട്ടുണ്ട്. എന്നാൽ അടിയാൻ വിഭാഗത്തിൽ നിന്നുമുള്ള വനിതകളിൽ 12.5ശതമാനത്തിനും പണിയൻ വിഭാഗത്തിലെ 19.04ശതമാനത്തിനും കാട്ടുനായ്ക്കൻ വിഭാഗത്തിലെ 25ശതമാനത്തിനും മാത്രമാണ് സാമൂഹികമാറ്റമുണ്ടായിട്ടുള്ളത്. അവശേഷിക്കുന്ന ഭൂരിഭാഗവും കുടുംബശ്രീ പ്രവർത്തനത്തിലൂടെ യാതൊരു വിധ സാമൂഹിക മാറ്റവും കൈവന്നിട്ടില്ലാത്തവരാണെന്ന് പട്ടികയിൽ നിന്നും അനുമാനിക്കാവുന്നതാണ്.

**പട്ടിക 4.31 അറിവുപരമായ ശാക്തീകരണം**

| സമുദായം | അറിവുപരമായ ശാക്തീകരണമുണ്ടോ | | | ആകെ എണ്ണം |
|---|---|---|---|---|
| | ഉണ്ട് | ഇല്ല | ഭാഗികമായി | |
| അടിയാൻ | 2 (25%) | 6 (75%) | 0 (0%) | 8 |
| പണിയൻ | 1 (4.76%) | 18 (85.71%) | 0 (0%) | 19 |
| കുറിച്യൻ | 8 (80%) | 2 (20%) | 0 (0%) | 10 |
| കാട്ടുനായ്ക്കൻ | 1 (25%) | 2 (50%) | 1 (25%) | 4 |
| വെട്ടക്കുറുമൻ | 3 (100%) | 0 (0%) | 0 (0%) | 3 |
| മുള്ളുക്കുറുമൻ | 2 (100%) | 0 (0%) | 0 (0%) | 2 |
| കൺവേർട്ടഡ് കുറിച്യൻ | 2 (50%) | 0 (0%) | 2 (50%) | 4 |
| ആകെ | 19 (38%) | 28 (56%) | 3 (6%) | 50 |

മേൽപട്ടിക പ്രകാരംപനമരം പഞ്ചായത്തിൽ 56ശതമാനം പേർക്കും നിയമപരമായ അവകാശങ്ങളെപ്പറ്റി അറിവില്ല. അടിയാൻ സമുദായത്തിലെ 75 ശതമാനത്തിനും പണിയൻ സമുദായത്തിലെ 85.71 ശതമാനത്തിനും കാട്ടുനായ്ക്കൻ വിഭാഗത്തിലെ 50 ശതമാനത്തിനും ഇത്തരം അറിവുകൾ സ്വായത്തമാകുവാൻ സാധിച്ചിട്ടില്ല. എന്നാൽ കുറിച്യൻ, വെട്ടക്കുറുമൻ, മുള്ളുക്കുറുമൻ, കൺവേർട്ടഡ് കുറിച്യൻ സമുദായങ്ങളിൽ നിന്നും പഠനത്തിലുൾപ്പെട്ടിട്ടുള്ള ഗോത്ര വനിതകളിൽ ഭൂരിഭാഗത്തിനും അറിവ് പരമായി മുന്നേറുവാൻ സാധിച്ചിട്ടുണ്ടെന്നാണ് മേൽ പട്ടികയിൽ നിന്നും മനസ്സിലാകുന്നത്. പ്രസ്തുത പഞ്ചായത്തിലെ മനുഷ്യാവകാശങ്ങളെപ്പറ്റിയും, വനാവകാശത്തെപ്പറ്റിയും, ഭരണ ഘടനയെപ്പറ്റിയും കേട്ടറിവുള്ളവർ 38 ശതമാനമാകുന്നു.

## തിരുനെല്ലി പഞ്ചായത്ത്

### പട്ടിക 4.32 ഗോത്ര വനിതകളിലെ സംഘാടന ശേഷി

| സമുദായം | വനിതകളിൽ സംഘാടന ശേഷിയുണ്ടോ | | | ആകെ എണ്ണം |
|---|---|---|---|---|
| | ഉണ്ട് | ഇല്ല | ഭാഗികമായി | |
| അടിയാൻ | 11 (57.89%) | 5 (26.31%) | 3 (15.72%) | 19 |
| പണിയൻ | 2 (28.57%) | 5 (71.42%) | 0 (0%) | 7 |
| കാട്ടുനായ്ക്കൻ | 3 (23.07%) | 10 (76.92%) | 0 (0%) | 13 |
| വെട്ടക്കുറുമൻ | 3 (60%) | 2 (40%) | 0 (0%) | 5 |
| കുറിച്യൻ | 3 (50%) | 3 (50%) | 0 (0%) | 6 |
| ആകെ | 22 (44%) | 25 (50%) | 3 (6%) | 50 |

പട്ടിക 4.32 പ്രകാരം തിരുനെല്ലി പഞ്ചായത്തിൽ 50 ശതമാനം വനിതകൾക്കും കുടുംബശ്രീ പ്രവർത്തനങ്ങളിലൂടെ സംഘാടന ശേഷിയുള്ളവരായി മാറുവാൻ സാധിച്ചിട്ടില്ല. എന്നാൽ ഓരോ വിഭാഗത്തിനെയും പ്രത്യേകമായി പരിശോധിക്കുകയാണെങ്കിൽ അടിയാൻ വിഭാഗത്തിൽ 57.89 ശതമാനത്തിന് സംഘാടക ശേഷി വർദ്ധിച്ചിട്ടുള്ളതായാണ് കാണുന്നത് വെട്ടക്കുറുമൻ വിഭാഗത്തിലെ 60 ശതമാനം പേർക്കും കുറിച്യൻ വിഭാഗത്തിലെ 50 ശതമാനത്തിനും ഈ വിധത്തിലുള്ള ഉന്നമനം പ്രാപ്യമായിട്ടുണ്ട്. എന്നാൽ പണിയൻ, കാട്ടുനായ്ക്കൻ വിഭാഗങ്ങളിലെ 70 ശതമാനത്തിന് സംഘാടന പാടവം കൈവന്നിട്ടില്ല എന്നതാണ് മേൽ പട്ടികയിൽ നിന്നും അനുമാനിക്കാൻ സാധിക്കുന്നത്.

### പട്ടിക 4.33 കൂട്ടായ്മയിലൂടെയുള്ള സാമൂഹിക മാറ്റം

| സമുദായം | കൂട്ടായ്മയിലൂടെയുള്ള സാമൂഹിക മാറ്റമുണ്ടായിട്ടുണ്ടോ | | | ആകെഎണ്ണം |
|---|---|---|---|---|
| | ഉണ്ട് | ഇല്ല | ഭാഗികമായി | |
| അടിയാൻ | 9 (47.36%) | 7 (36.84%) | 3 (15.78%) | 19 |
| പണിയൻ | 3 (42.85%) | 3 (42.85%) | 1 (14.28%) | 7 |
| കാട്ടുനായ്ക്കൻ | 5 (38.46%) | 5 (38.46%) | 3 (23.07%) | 13 |
| വെട്ടക്കുറുമൻ | 1 (20%) | 2 (40%) | 2 (40%) | 5 |
| കുറിച്യൻ | 4 (66.66%) | 2 (33.33%) | 0 (0%) | 6 |
| ആകെ | 22 (44%) | 19(38%) | 9 (18%) | 50 |

പട്ടിക 4.33 പ്രകാരം തിരുനെല്ലി പഞ്ചായത്തിലെ 44 ശതമാനം പേർക്ക് കുടുംബശ്രീ പ്രവർത്തനത്തിന്റെ ഫലമായി കൂട്ടായ്മയിലൂടെ സാമൂഹിക മാറ്റം കൈന്നിട്ടുണ്ട്. 18 ശതമാനം പേർക്ക് ഭാഗികമായും കൂട്ടായ്മയിലൂടെ സാമൂഹിക മാറ്റം സാധ്യമായിട്ടുണ്ട്. ഇത്തരം മാറ്റം കൂടുതലായി കണ്ട് വന്നിട്ടുള്ളത് കുറിച്യൻ സമുദായത്തിലും, കുറവ് കാട്ടുനായ്ക്കൻ വിഭാഗത്തിലുമാകുന്നു. കാട്ടുനായ്ക്കൻ വിഭാഗത്തിൽ നിന്നുള്ളവരിൽ 38.46 ശതമാനത്തിന് മാത്രമാണ് ഇത്തരത്തിലുള്ള സാമൂഹിക മാറ്റം കൈവന്നിട്ടുള്ളത്. കുറിച്യൻ സമുദായത്തിലെ 66.66 ശതമാനം പേർക്ക് കൂട്ടായ്മയിലൂടെ സാമൂഹിക മാറ്റം കൈവരിച്ചിട്ടുണ്ട്.

## പട്ടിക 4.34മാനസികമായി കരുത്താർജ്ജിച്ചവർ

| സമുദായം | മാനസികമായി കരുത്താർജ്ജിച്ചവരുണ്ടോ | | | ആകെ എണ്ണം |
|---|---|---|---|---|
| | ഉണ്ട് | ഇല്ല | ഭാഗികമായി | |
| അടിയാൻ | 11 (57.89%) | 7 (36.84%) | 1 (5.26%) | 19 |
| പണിയൻ | 1 (14.28%) | 5 (71.42%) | 1 (14.28%) | 7 |
| കാട്ടുനായ്ക്കൻ | 4 (30.76%) | 5 (38.46%) | 4 (30.76%) | 13 |
| വെട്ടക്കുറുമൻ | 3 (60%) | 2 (40%) | 0 (0%) | 5 |
| കുറിച്യൻ | 4 (66.66%) | 2 (33.33%) | 0 (0%) | 6 |
| ആകെ | 23 (46%) | 21 (42%) | 6 (12%) | 50 |

മേൽപട്ടിക പ്രകാരം തിരുനെല്ലി പഞ്ചായത്തിൽ 46 ശതമാനം പേർ കുടുംബശ്രീ പ്രവർത്തനത്തിലൂടെ മാനസികമായി കരുത്താർജ്ജിച്ചിട്ടുണ്ട്. പണിയൻ, കാട്ടുനായ്ക്കൻ സമുദായങ്ങളിലൊഴികെ പ്രസ്തുത പഞ്ചായത്തിലെ മറ്റ് സമുദായങ്ങളിൽ ഭൂരിഭാഗത്തിനും മികച്ച മാനസിക മുന്നേറ്റമുണ്ടായിട്ടുണ്ട്. കാട്ടുനായ്ക്കൻ വിഭാഗത്തിലെ 30.76 ശതമാനത്തിനും പണിയൻ വിഭാഗത്തിലെ 14.72 ശതമാനത്തിനും മാത്രമാണ് മാനസികമായി കരുത്താർജ്ജിക്കുവാൻ സാധിച്ചിട്ടുള്ളത്. കുടുംബശ്രീ പ്രവർത്തനത്തിലൂടെ പണിയൻ വിഭാഗത്തിലെ സ്ത്രീകൾക്ക് യാതൊരു വിധ മാനസിക മുന്നേറ്റവും കൈവരിക്കാൻ സാധിച്ചിട്ടില്ല എന്നതാണ് മനസ്സിലാകുന്നത്. ഈ ഗോത്ര വിഭാഗവുമായി താരതമ്യം ചെയ്യുമ്പോൾ കാട്ടുനായ്ക്കൻ വിഭാഗത്തിന് നേരിയ മുന്നേറ്റമുണ്ടായിട്ടുണ്ടെങ്കിലും ഇതര പട്ടിക വർഗ്ഗ വിഭാഗങ്ങളേക്കാൾ വളരെ താഴെയാണ് ഈ മാറ്റം ഉണ്ടായിട്ടുണ്ട് എന്നതാണ് പട്ടികയിൽ നിന്നും വ്യക്തമാകുന്നത്.

## പട്ടിക4.35 പൊതു വിഭാഗങ്ങളുടെ അയൽക്കൂട്ടവുമായി ബന്ധപ്പെടുന്നവർ

| പൊതു അയൽക്കൂട്ടങ്ങളുമായി ബന്ധമുണ്ടോ | എണ്ണം | ശതമാനം |
|---|---|---|
| ഉണ്ട് | 25 | 50 |
| ഭാഗികമായി | 7 | 14 |
| ഇല്ല | 18 | 36 |
| ആകെ | 50 | 100 |

മേൽപട്ടിക പ്രകാരം തിരുനെല്ലി പഞ്ചായത്തിലെ 50 ശതമാനം പേർ മറ്റ് വിഭാഗങ്ങളുടെ അയൽക്കൂട്ടങ്ങളുമായി സാമൂഹിക ബന്ധം പുലർത്തുന്നവരാണ്. 14 ശതമാനം പേർക്ക് ഭാഗിക മായി സാമൂഹിക ബന്ധമുണ്ടാക്കുവാൻ സാധിച്ചിട്ടുണ്ട്. 36 ശതമാനത്തിന് കുടുംബശ്രീ അയൽക്കൂട്ടത്തിൽ അംഗമാകുന്നതിലൂടെ മറ്റ് വിഭാഗങ്ങളുടെ അയൽക്കൂട്ടങ്ങളുമായി സാമൂഹിക ബന്ധം സ്ഥാപിക്കുന്നതിന് സാധിച്ചിട്ടില്ല എന്നതാണ് പട്ടിക 9.5 ൽ മനസ്സിലാകുന്നത്. പൊതു സമൂ ഹവുമായി ഇടപെടുന്നതിൽ നിന്ന് ഗോത്രസ്ത്രീകളെ പിന്തിരിപ്പിക്കുന്നത് അവർക്കിടയിൽ കാലങ്ങ ളായി നിലനിൽക്കുന്ന അപകർഷതാബോധം ആണ്. ഇത്തരം സാഹചര്യങ്ങൾ മറി കടക്കുവാൻ കുടുംബശ്രീ പ്രവർത്തനങ്ങൾ ഗോത്രസ്ത്രീകൾക്ക് സഹായകരമായിട്ടില്ലെന്നുള്ളത് പ്രത്യേകം ശ്രദ്ധ നൽകേണ്ട വസ്തുതയാണ്.

## പട്ടിക 4.36 കുടുംബ പശ്ചാത്തലത്തിൽ വന്ന മാറ്റം

| കുടുംബാന്തരീക്ഷത്തിൽ മാറ്റമുണ്ടോ | എണ്ണം | ശതമാനം |
|---|---|---|
| ഉണ്ട് | 20 | 40 |
| ഭാഗികമായി | 4 | 8 |
| ഇല്ല | 26 | 52 |
| ആകെ | 50 | 100 |

മേൽപട്ടിക പ്രകാരം തിരുനെല്ലി പഞ്ചായത്തിൽ 52 ശതമാനം പേരുടേയും കുടുംബ പശ്ചാ ത്തലത്തിൽ കുടുംബശ്രീ മുഖാന്തിരം മാറ്റം വന്നിട്ടില്ല. 40 ശതമാനം പേർക്ക് പൂർണ്ണ തോതിൽ കുടുംബാന്തരീക്ഷത്തിൽ മാറ്റമുണ്ടാക്കുവാൻ സാധിച്ചപ്പോൾ 8 ശതമാനം പേർക്ക് ഭാഗികമായി കുടുംബ പശ്ചാത്തലത്തിൽ മാറ്റം വന്നിട്ടുണ്ട്.

## പട്ടിക 4.37 കുടുംബശ്രീ അംഗത്വത്തിലൂടെ സാമൂഹിക മാറ്റങ്ങൾ ഉണ്ടായിട്ടുള്ളവർ

| സമുദായം | സാമൂഹിക മാറ്റങ്ങൾ ഉണ്ടായിട്ടുണ്ടോ | | | ആകെ എണ്ണം |
|---|---|---|---|---|
| | ഉണ്ട് | ഇല്ല | ഭാഗികമായി | |
| അടിയാൻ | 13 (68.42%) | 5 (26.31%) | 1 (5.26%) | 19 |
| പണിയൻ | 1 (14.28%) | 5 (71.42%) | 1 (14.28%) | 7 |
| കാട്ടുനായ്ക്കൻ | 3 (23.07%) | 7 (53.84%) | 3 (23.07%) | 13 |
| വെട്ടക്കുറുമൻ | 4 (80%) | 0 (0%) | 1 (20%) | 5 |
| കുറിച്യൻ | 5 (80%) | 0 (0%) | 1 (20%) | 6 |
| ആകെ | 26 (52%) | 17 (34%) | 7 (14%) | 50 |

മേൽപട്ടിക പ്രകാരം 52 ശതമാനം പേർക്ക് കുടുംബശ്രീ അംഗത്വത്തിലൂടെ സാമൂഹിക മാറ്റമുണ്ടായിട്ടുണ്ട്. അടിയാൻ വിഭാഗത്തിലെ 68.42 ശതമാനത്തിനും വെട്ടക്കുറുമൻ, കുറുച്യൻ വിഭാഗങ്ങളിലെ 80 ശതമാനം പേർക്കും കുടുംബശ്രീ അംഗമായതിനാൽ മാറ്റമുണ്ടായിട്ടുണ്ട്. എന്നാൽ പണിയൻ വിഭാഗത്തിലും കാട്ടുനായ്ക്കൻ വിഭാഗത്തിലും ഈ നിലയ്ക്കുള്ള മാറ്റം പ്രകടമല്ല എന്നതാണ് പട്ടികയിൽ നിന്നും വ്യക്തമാകുന്നത്.

**പട്ടിക 4.38 അറിവുപരമായ ശാക്തീകരണം**

| സമുദായം | അറിവുപരമായ ശാക്തീകരണമുണ്ടോ | | | ആകെ എണ്ണം |
|---|---|---|---|---|
| | ഉണ്ട് | ഇല്ല | ഭാഗികമായി | |
| അടിയാൻ | 6 (31.57%) | 13 (68.42%) | 0 (0%) | 19 |
| പണിയൻ | 2 (28.57%) | 5 (71.42%) | 0 (0%) | 7 |
| കാട്ടുനായ്ക്കൻ | 3 (23.07%) | 9 (69.23%) | 1 (7.69%) | 13 |
| വെട്ടക്കുറുമൻ | 2 (40%) | 3 (60%) | 0 (0%) | 5 |
| കുറിച്യൻ | 3 (50%) | 3 (50%) | 0 (0%) | 6 |
| ആകെ | 16 (32%) | 33 (66%) | 1 (2%) | 50 |

മേൽപട്ടിക പ്രകാരം തിരുനെല്ലി പഞ്ചായത്തിൽ 66 ശതമാനത്തിനും നിയമപരമായ അവകാശങ്ങളെപ്പറ്റി അറിവില്ല. അടിയാൻ വിഭാഗത്തിലെ 68.42 ശതമാനത്തിനും കാട്ടുനായ്ക്കൻ വിഭാഗത്തിലെ 69.23 ശതമാനത്തിനും കുറിച്യൻ വിഭാഗത്തിലെ 50 ശതമാനം പേർക്കും നിയമപരമായ അറിവ് സ്വായത്തമാക്കുവാൻ സാധിച്ചിട്ടില്ല. മേൽ പറഞ്ഞ സമുദായങ്ങളുമായി താരതമ്യം ചെയ്യുമ്പോൾ അറിവുപരമായ ശാക്തീകരണം നേരിയ തോതിലെങ്കിലും കാണപ്പെട്ടത് കുറിച്യൻ, വെട്ടക്കുറുമൻ സമുദായങ്ങളിലാണ്. എന്നാൽ പഠനത്തിലുൾപ്പെട്ട പണിയൻ സമുദായ വനിതകളിൽ നിയമപരമായ യാതൊരു അറിവും ഇല്ലെന്നതാണ് പട്ടിക 4.38 ൽ നിന്നും മനസ്സിലാകുന്നത്.പ്രസ്തുത പഞ്ചായത്തിലെ നിയമങ്ങളെപ്പറ്റി ബോധവാന്മാരായിട്ടുള്ളവരിൽ 8 ശതമാനത്തിന് മനുഷ്യാവകാശങ്ങളെപ്പറ്റിയും, 4 ശതമാനത്തിന് ഗാർഹിക പീഡന നിയമത്തെപ്പറ്റിയും അറിവുള്ളവരാണ്.

**മുതലമട പഞ്ചായത്ത്**

**പട്ടിക 4.39 ഗോത്ര വനിതകളിലെ സംഘാടന ശേഷി**

| സമുദായം | വനിതകളിൽ സംഘാടന ശേഷിയുണ്ടോ | | | ആകെ എണ്ണം |
|---|---|---|---|---|
| | ഉണ്ട് | ഇല്ല | ഭാഗികമായി | |
| ഇരവാലൻ | 3 (15%) | 14 (70%) | 3 (15%) | 20 |
| മലസർ | 2 (13.33%) | 10 (66.66%) | 3 (20%) | 15 |
| കാടർ | 3 (20%) | 10 (66.66%) | 2 (13.33%) | 15 |
| ആകെ | 8 (16%) | 34 (68%) | 8 (16%) | 50 |

മേൽപട്ടിക പ്രകാരം മുതലമട പഞ്ചായത്തിലെ 68ശതമാനത്തിനും സംഘാടന ശേഷിയുള്ളവരായി മാറുവാൻ സാധിച്ചിട്ടില്ല എന്നതാണ് പട്ടികയിൽ നിന്നും വ്യക്തമാകുന്നത്. ഇരവാലൻ സമുദായ ത്തിൽ നിന്നുള്ളവരിൽ 70 ശതമാനത്തിനും മലസർ, കാടർ വിഭാഗങ്ങളിൽ നിന്നുമായി പഠനത്തി ലുൾപ്പെട്ടവരിൽ 66.66 ശതമാനത്തിനും സംഘാടന ശേഷിവർദ്ധിച്ചിട്ടില്ല.

**പട്ടിക 4.40 കൂട്ടായ്മയിലൂടെയുള്ള സാമൂഹിക മാറ്റം**

| സമുദായം | കൂട്ടായ്മയിലൂടെയുള്ള സാമൂഹിക മാറ്റമുണ്ടായിട്ടുണ്ടോ | | | ആകെ എണ്ണം |
|---|---|---|---|---|
| | ഉണ്ട് | ഇല്ല | ഭാഗികമായി | |
| ഇരവാലൻ | 9 (45%) | 4 (20%) | 7 (35%) | 20 |
| മലസർ | 5 (33.33%) | 8 (53.33%) | 2 (13.33%) | 15 |
| കാടർ | 5 (33.33%) | 9 (60%) | 1 (6.66%) | 15 |
| ആകെ | 19 (38%) | 21 (42%) | 10 (20%) | 50 |

പട്ടിക 4.40പ്രകാരം മുതലമട പഞ്ചായത്തിലെ 42 ശതമാനം പേർക്കും കൂട്ടായ്മയിലൂടെ സാമൂഹിക മാറ്റമുണ്ടായിട്ടില്ല. കാടർ സമുദായത്തിലെ 60 ശതമാനത്തിനും മലസർ സമുദായ ത്തിലെ 53.33 ശതമാനത്തിനും ഇത്തരം മാറ്റമുണ്ടായിട്ടില്ല. എന്നാൽ ഇരവാലൻ സമുദായത്തിൽ നിന്നുള്ള 20 വനിതകളിൽ 45 ശതമാനം പേർക്ക് കൂട്ടായ്മയിലൂടെ സാമൂഹിക മാറ്റമുണ്ടായിട്ടുണ്ട്.

**പട്ടിക 4.41 മാനസികമായി കരുത്താർജ്ജിച്ചവർ**

| സമുദായം | മാനസികമായി കരുത്താർജ്ജിച്ചവരുണ്ടോ | | | ആകെ എണ്ണം |
|---|---|---|---|---|
| | ഉണ്ട് | ഇല്ല | ഭാഗികമായി | |
| ഇരവാലൻ | 5 (25%) | 10 (50%) | 5 (25%) | 20 |
| മലസർ | 3 (20%) | 8 (53.33%) | 4 (26.66%) | 15 |
| കാടർ | 2 (13.33%) | 10 (66.66%) | 3 (20%) | 15 |
| ആകെ | 10 (20%) | 28 (56%) | 12 (24%) | 50 |

പട്ടിക 4.41പ്രകാരം മുതലമട പഞ്ചായത്തിൽ 20ശതമാനം പേർക്ക് മാത്രമാണ് കുടുംബശ്രീ പ്രവർത്തനത്തിലൂടെ മാനസികമായി കരുത്താർജ്ജിക്കുവാൻ സാധിച്ചിട്ടുള്ളത്. 56 ശത മാനത്തിനും ഇത്തരം മാനസികമുന്നേറ്റമുണ്ടായിട്ടില്ല. കാടർ സമുദായത്തിലെ 66.66 ശത മാനത്തിനും,ഇരവാലൻ സമുദായത്തിലെ 50 ശതമാനത്തിനും മലസർ സമുദായത്തിലെ 53.33ശത മാനത്തിനും ഈ നിലയിലുള്ള മാനസിക മുന്നേറ്റം കൈവരിക്കാൻ സാധിച്ചിട്ടില്ല എന്നതാണ് പട്ടിക 4.41ൽ നിന്നും വ്യക്തമാകുന്നത്.

**പട്ടിക 4.42 പൊതു വിഭാഗങ്ങളുടെ അയൽക്കൂട്ടവുമായി ബന്ധപ്പെടുന്നവർ**

| പൊതു അയൽക്കൂട്ടങ്ങളുമായി ബന്ധമുണ്ടോ | എണ്ണം | ശതമാനം |
|---|---|---|
| ഉണ്ട് | 17 | 34 |
| ഭാഗികമായി | 12 | 24 |
| ഇല്ല | 21 | 42 |
| ആകെ | 50 | 100 |

പട്ടിക4.42 പ്രകാരം മുതലമട പഞ്ചായത്തിൽ 42 ശതമാനവും മറ്റ് വിഭാഗക്കാരുടെ അയൽക്കൂട്ടങ്ങളുമായി സാമൂഹിക ബന്ധം പുലർത്തുന്നവരല്ല. 24 ശതമാനം പേർ ഭാഗികമായി സാമൂഹിക ബന്ധം പുലർത്തുന്നുണ്ട്. 34 ശതമാനം പേർക്ക് മറ്റ് വിഭാഗങ്ങളുടെ അയൽക്കൂട്ടങ്ങളു മായി സാമൂഹിക ബന്ധമുണ്ടാക്കുവാൻ സാധിച്ചിട്ടുണ്ട്.

**പട്ടിക 4.43 കുടുംബ പശ്ചാത്തലത്തിൽ വന്ന മാറ്റം**

| കുടുംബാന്തരീക്ഷ ത്തിൽ മാറ്റമുണ്ടോ | എണ്ണം | ശതമാനം |
|---|---|---|
| ഉണ്ട് | 8 | 16 |
| ഭാഗികമായി | 2 | 4 |
| ഇല്ല | 40 | 80 |
| ആകെ | 50 | 100 |

പട്ടിക4.43 പ്രകാരം മുതലമട പഞ്ചായത്തിൽ 80ശതമാനം പേരും കുടുംബശ്രീ പ്രവർത്തന ത്തിന്റെ ഭാഗമായി കുടുംബ പശ്ചാത്തലത്തിൽ മാറ്റമുണ്ടാക്കുവാൻ സാധിച്ചിട്ടില്ല. വെറും 16 ശത മാനം പേർക്ക് മാത്രമാണ് കുടുംബാന്തരീക്ഷത്തിൽ മാറ്റമുണ്ടായിട്ടുള്ളത്. കുടുംബശ്രീ അംഗത്വ ത്തിലൂടെ കൈവരിക്കുന്ന മാറ്റങ്ങൾ കുടുംബാംഗങ്ങളിലേയ്ക്ക് പകർന്ന് നൽകാൻ പ്രസ്തുത പഞ്ചായത്തിലെ ഗോത്രവനിതകൾ പരാജയപ്പെട്ടിട്ടുണ്ട് എന്നതിന് ഉദാഹരണമാണ് മേൽപറഞ്ഞ വസ്തുതകൾ.

**പട്ടിക 4.44 കുടുംബശ്രീ അംഗത്തിലൂടെ സാമൂഹിക മാറ്റങ്ങൾ ഉണ്ടായിട്ടുള്ളവർ**

| സമുദായം | സാമൂഹിക മാറ്റങ്ങൾ ഉണ്ടായിട്ടുണ്ടോ | | | ആകെഎണ്ണം |
|---|---|---|---|---|
| | ഉണ്ട് | ഇല്ല | ഭാഗികമായി | |
| ഇരവാലൻ | 7 (35%) | 11 (55% | 2 (10%) | 20 |
| മലസർ | 5 (33.33%) | 9 (60%) | 1 (6.66%) | 15 |
| കാടർ | 2 (13.33%) | 11 (73.33%) | 2 (13.33%) | 15 |
| ആകെ | 14 (28%) | 31 (62%) | 5 (10%) | 50 |

പട്ടിക4.44 പ്രകാരം മുതലമട പഞ്ചായത്തിൽ 62 ശതമാനം  പേർക്കും കുടുംബശ്രീ പ്രവർത്തനം മുഖേന സാമൂഹിക മാറ്റമുണ്ടായിട്ടില്ല. ഇരവാലൻ സമുദായത്തിലെ 55ശതമാനത്തിനും മലസർ സമുദായത്തിലെ 60 ശതമാനത്തിനും കാടർ സമുദായത്തിലെ 73.33ശതമാനത്തിനും ഇത്തരം സാമൂഹിക മാറ്റമുണ്ടായിട്ടില്ല.

**പട്ടിക 4.45 അറിവുപരമായ ശാക്തീകരണം**

| സമുദായം | അറിവുപരമായ ശാക്തീകരണമുണ്ടോ | | | ആകെ എണ്ണം |
|---|---|---|---|---|
| | ഉണ്ട് | ഇല്ല | ഭാഗികമായി | |
| ഇരവാലൻ | 6 (30%) | 10 (50%) | 4 (20%) | 20 |
| കാടർ | 4 (26.66%) | 10 (66.66%) | 1 (6.66%) | 15 |
| മലസർ | 3 (20%) | 9 (60%) | 3 (20%) | 15 |
| ആകെ | 13 (26%) | 29 (58%) | 8 (18%) | 50 |

പട്ടിക 4.45പ്രകാരം മുതലമട പഞ്ചായത്തിൽ 58ശതമാനം പേർക്കും കുടുംബ പ്രവർത്തനത്തിലും നിയമപരമായ അറിവ് നേടുവാൻ സാധിച്ചിട്ടില്ല. മലസർ വിഭാഗത്തിലെ 60 ശതമാനവും കാടർ സമുദായത്തിലെ 66.66 ശതമാനവും ഇരവാലൻ സമുദായത്തിലെ 50 ശതമാനവും അറിവുപ

രമായി കരുത്താർജ്ജിക്കുവാൻ സാധിച്ചിട്ടില്ലെന്നതാണ് മേൽ പട്ടികയിൽ നിന്നും മനസിലാവുന്നത്.പ്രസ്തുത പഞ്ചായത്തിലെ നിയമാവകാശങ്ങളെപ്പറ്റി അറിവുള്ളവരിൽ 20 ശതമാനം പേർക്ക് തൊഴിലുറപ്പ് നിയമങ്ങളെപ്പറ്റിയും 16 ശതമാനം പേർക്ക് വനാവകാശ നിയമങ്ങളെപ്പറ്റിയും 16ശതമാനം പേർക്ക് വിദ്യാഭ്യാസ നിയമങ്ങളെപ്പറ്റിയും അറിവുണ്ട് എന്നതാണ്പട്ടികയിൽ നിന്നും മനസ്സിലാകുന്നത്.

## പുതൂർ പഞ്ചായത്ത്

### പട്ടിക 4.46 ഗോത്ര വനിതകളിലെ സംഘാടന ശേഷി

| സമുദായം | വനിതകളിൽ സംഘാടന ശേഷിയുണ്ടോ | | | ആകെ എണ്ണം |
|---|---|---|---|---|
| | ഉണ്ട് | ഇല്ല | ഭാഗികമായി | |
| കുറുമ്പർ | 2 (13.33%) | 12 (80%) | 1 (6.66%) | 15 |
| ഇരുളർ | 5 (16.66%) | 17 (56.66%) | 8 (26.66%) | 30 |
| മുഡുഗർ | 0 (0%) | 3 (60%) | 2 (40%) | 5 |
| ആകെ | 7 (14%) | 32 (64%) | 11 (22%) | 50 |

പട്ടിക 4.46പ്രകാരംപുതൂർ പഞ്ചായത്തിലെ 64 ശതമാനത്തിനും കുടുംബശ്രീ അംഗമായതിലൂടെ സംഘാടന ശേഷി വർദ്ധിച്ചിട്ടില്ല. കുറുമ്പ വിഭാഗത്തിലെ 80 ശതമാനത്തിനും ഇരുള വിഭാഗത്തിലെ 56.66 ശതമാനത്തിനും മുഡുഗ വിഭാഗത്തിലെ 40ശതമാനത്തിനും ഈ രീതിയിലുള്ള സംഘാടന പാടവം കൈവന്നിട്ടില്ല എന്നതാണ് മനസ്സിലാകുന്നത്. ഈ മൂന്ന് സമുദായങ്ങളെ താരതമ്യം ചെയ്യുമ്പോൾ ഇരുള സമുദായത്തിലെ വനിതകളിൽ കുടുംബശ്രീ അംഗമായതിനാൽ സംഘാടന ശേഷിയിൽ നേരിയ തോതിൽ വർദ്ധനവുണ്ടായിട്ടുണ്ട് എന്നതാണ് മനസ്സിലാക്കുവാൻ സാധിക്കുന്നത്.

### പട്ടിക 4.47 കൂട്ടായ്മയിലൂടെയുള്ള സാമൂഹിക മാറ്റം

| സമുദായം | കൂട്ടായ്മയിലൂടെയുള്ള സാമൂഹിക മാറ്റമുണ്ടായിട്ടുണ്ടോ | | | ആകെ എണ്ണം |
|---|---|---|---|---|
| | ഉണ്ട് | ഇല്ല | ഭാഗികമായി | |
| കുറുമ്പർ | 2 (13.33%) | 10 (66.66%) | 3 (20%) | 15 |
| ഇരുളർ | 15 (50%) | 10 (30.33%) | 5 (16.66%) | 30 |
| മുഡുഗർ | 4 (80%) | 1 (20%) | 0 (0%) | 5 |
| ആകെ | 21 (42%) | 21 (42%) | 8 (16%) | 50 |

പട്ടിക 4.47 പ്രകാരം പുതൂർ  പഞ്ചായത്തിൽ 42ശതമാനം പേർക്ക് കൂട്ടായ്മയിലൂടെ സാമൂഹിക മാറ്റം കൈവരിക്കുവാൻ സാധിച്ചിട്ടുണ്ട്. ഇതിൽ ഇരുള വിഭാഗത്തിൽ നിന്നുമുള്ളഗോത്രവനിതകളുടെ 50 ശതമാനവും മുഡുഗ സമുദായത്തിലെ 80ശതമാനവും ഉൾപ്പെടുന്നു. എന്നാൽ കുറുമ്പ വിഭാഗത്തിലെ 66.66 ശതമാനം പേർക്കും ഈ ദിശയിലുള്ള സാമൂഹിക മാറ്റമുണ്ടായിട്ടില്ല എന്നതാണ് മേൽ പട്ടികയിൽ നിന്നും മനസ്സിലാകുന്നത്.

**പട്ടിക 4.48 മാനസികമായി കരുത്താർജ്ജിച്ചവർ**

| സമുദായം | മാനസികമായി കരുത്താർജ്ജിച്ചവരുണ്ടോ | | | ആകെ എണ്ണം |
|---|---|---|---|---|
| | ഉണ്ട് | ഇല്ല | ഭാഗികമായി | |
| കുറുമ്പർ | 1 (6.66%) | 10 (66.66%) | 4 (26.66%) | 15 |
| ഇരുളർ | 17 (56.66%) | 7 (23.33%) | 6 (20%) | 30 |
| മുഡുഗർ | 3 (60%) | 2 (40%) | 0 (0%) | 5 |
| ആകെ | 21 (42%) | 19 (38%) | 10 (20%) | 50 |

പട്ടിക 4.48പ്രകാരം പുതൂർ പഞ്ചായത്തിൽ 42 ശതമാനം പേർ കുടുംബശ്രീ അയൽക്കൂട്ട പ്രവർത്തനങ്ങളിലൂടെ മാനസികമായി കരുത്താർജ്ജിച്ചവരാണ്. മുഡുഗ വിഭാഗത്തിലെ 60 ശതമാനവും ഇരുള വിഭാഗത്തിലെ 56.66ശതമാനവും മാനസികമായി കരുത്താർജ്ജിക്കുവാൻ സാധിച്ചിട്ടുള്ളവരാണ്. എന്നാൽ കുറുമ്പ സമുദായത്തിലെ 6.66 പേർക്ക് മാത്രമാണ് ഈ നിലയിലുള്ള മാനസിക മുന്നേറ്റം പ്രാപ്യമായിട്ടുള്ളതെന്നതാണ് മേൽ പട്ടികയിൽ നിന്നും വ്യക്തമാവുന്നത്.

**പട്ടിക 4.49 പൊതു വിഭാഗങ്ങളുടെ അയൽക്കൂട്ടവുമായി ബന്ധപ്പെടുന്നവർ**

| പൊതു അയൽക്കൂട്ടങ്ങളുമായി ബന്ധമുണ്ടോ | എണ്ണം | ശതമാനം |
|---|---|---|
| ഉണ്ട് | 19 | 38 |
| ഇല്ല | 31 | 62 |
| ആകെ | 50 | 100 |

പട്ടിക 4.49പ്രകാരംപുതൂർ പഞ്ചായത്തിൽ 38 ശതമാനം  പേർ മറ്റ് വിഭാഗങ്ങളുടെ അയൽക്കൂട്ടങ്ങളുമായി സാമൂഹിക ബന്ധം പുലർത്തുന്നവരാണ്. എന്നാൽ 62 ശതമാനം  പേർക്ക് ഇത്തരത്തിലുള്ള സാമൂഹിക ബന്ധമുണ്ടാക്കുവാൻ സാധിച്ചിട്ടില്ല.

**പട്ടിക 4.50 കുടുംബ പശ്ചാത്തലത്തിൽ വന്ന മാറ്റം**

| കുടുംബാന്തരീക്ഷത്തിൽ മാറ്റമുണ്ടോ | എണ്ണം | ശതമാനം |
|---|---|---|
| ഉണ്ട് | 24 | 48 |
| ഇല്ല | 26 | 74 |
| ആകെ | 50 | 100 |

പട്ടിക 4.50പ്രകാരം പുതൂർ പഞ്ചായത്തിൽ 48 ശതമാനം പേർക്ക് കുടുംബശ്രീ അംഗമായതിന് ശേഷം കുടുംബ പശ്ചാത്തലത്തിൽ മാറ്റമുണ്ടായിട്ടുണ്ട്. 74 ശതമാനത്തിന് കുടുംബാന്തരീക്ഷത്തിൽ മാറ്റമുണ്ടായിട്ടില്ല.

## പട്ടിക 4.51 കുടുംബശ്രീ അംഗത്തിലൂടെ സാമൂഹിക മാറ്റങ്ങൾ ഉണ്ടായിട്ടുള്ളവർ

| സമുദായം | സാമൂഹിക മാറ്റങ്ങൾ ഉണ്ടായിട്ടുണ്ടോ | | | ആകെ**എണ്ണം** |
|---|---|---|---|---|
| | ഉണ്ട് | ഇല്ല | ഭാഗികമായി | |
| കുറുമ്പർ | 3 (20%) | 10 (66.66%) | 2 (13.33%) | 15 |
| ഇരുളർ | 15 (50 | 7 (23.33%) | 8 (26.66%) | 30 |
| മുഡുഗർ | 3 (60 | 2 (40%) | 0 (0%) | 5 |
| ആകെ | 21 (42 | 19 (38%) | 10 (20%) | 50 |

പട്ടിക 4.51 പ്രകാരംപുതൂർ പഞ്ചായത്തിൽ 42 ശതമാനത്തിന് കുടുംബശ്രീ അയൽക്കൂട്ട പ്രവർത്തനത്തിലൂടെ സാമൂഹിക മാറ്റമുണ്ടായിട്ടുണ്ട്. ഇതിൽ ഇരുള, മുഡുഗ സമുദായങ്ങളിലെ ഭൂരിഭാഗത്തിനും മാറ്റമുണ്ടാക്കുവാൻ സാധിച്ചപ്പോൾ കുറുമ്പ സമുദായത്തിലെ വെറും 20 ശതമാനം പേർ മാത്രമാണ് ഈ നിലയിലുള്ള സാമൂഹിക പരിവർത്തനത്തിന് വിധേയമായിട്ടുള്ളത് എന്നത് പരിശോധിക്കപ്പെടേണ്ട വസ്തുതയാണ്.

## പട്ടിക 4.52 അറിവുപരമായ ശാക്തീകരണം

| സമുദായം | അറിവുപരമായ ശാക്തീകരണമുണ്ടോ | | ആകെ **എണ്ണം** |
|---|---|---|---|
| | ഉണ്ട് | ഇല്ല | |
| കുറുമ്പർ | 3 (20%) | 12 (80%) | 15 |
| ഇരുളർ | 10 (33.33%) | 20 (66.66%) | 30 |
| മുഡുഗർ | 1 (20%) | 4 (80%) | 5 |
| ആകെ | 14 (28%) | 36 (72%) | 50 |

പുതൂർ പഞ്ചായത്തിൽ 72 ശതമാനം പേർക്ക് നിയമാകാര്യങ്ങളെപ്പറ്റി അറിവില്ല. ഇരുള സമുദായത്തിലെ 66 ശതമാനത്തിനും കുറുമ്പ വിഭാഗത്തിലെ 80 ശതമാനത്തിനും മുഡുഗ സമുദായത്തിലെ 80 ശതമാനത്തിനും നിയമാവകാശങ്ങളെപ്പറ്റി അറിവില്ല പുതൂർ പഞ്ചായത്തിൽ ഗോത്ര സ്ത്രീകൾക്ക് അറിവ് പരമായ ശാക്തീകരണം നടന്നിട്ടില്ലെന്നതാണ് മേൽ വിശകലനങ്ങളിൽ നിന്നും മനസ്സിലാകുന്നത്.

നിയമങ്ങളെപ്പറ്റി അറിവുണ്ടെന്നഭിപ്രായപ്പെട്ടവരിൽ ഭൂരിഭാഗത്തിനും വനാവകാശം, മനുഷ്യാവകാശം, തൊഴിലുറപ്പ് നിയമം എന്നിവയിൽ അറിവുള്ളതായാണ് മനസ്സിലാകുന്നത്.45.45ശതമാനം പേർക്ക് വനാവകാശത്തെപ്പറ്റിയും 39.39 ശതമാനം പേർക്ക് തൊഴിലുറപ്പ് നിയമത്തപ്പറ്റിയും 15.15 ശതമാനംപേർക്ക്മനുഷ്യാവകാശത്തെപ്പറ്റിയും കേട്ടറിവുണ്ട്.

## അടിമാലി പഞ്ചായത്ത്

### പട്ടിക 4.53 ഗോത്ര വനിതകളിലെ സംഘാടന ശേഷി

| സമുദായം | വനിതകളിൽ സംഘാടന ശേഷിയുണ്ടോ | | | ആകെ **എണ്ണം** |
|---|---|---|---|---|
| | ഉണ്ട് | ഇല്ല | ഭാഗികമായി | |
| മന്നാൻ | 13 (65%) | 5 (25%) | 2 (10%) | 20 |
| മുതുവാൻ | 5 (33.33%) | 7 (46.66%) | 3 (20%) | 15 |
| മലയരയ | 4 (80%) | 1 (20%) | 0 (0%) | 5 |
| ഉള്ളാടൻ | 3 (60%) | 2 (40%) | 0 (0%) | 5 |
| ഊരാളി | 3 (60%) | 1 (20%) | 1 (20%) | 5 |
| ആകെ | 28 (56%) | 16 (32%) | 6 (12%) | 50 |

പട്ടിക 4.53 പ്രകാരം അടിമാലി പഞ്ചായത്തിൽ 56 ശതമാനം പേർക്ക് കുടുംബശ്രീ അംഗമായതിലൂടെ സംഘാടന ശേഷി വർദ്ധിച്ചിട്ടുണ്ട്. 12 ശതമാനം പേർക്ക് ഭാഗികമായും സംഘാടന ശേഷിയിൽ വർദ്ധനവുണ്ടായിട്ടുണ്ട്. മന്നാൻ സമുദായത്തിൽ നിന്നുള്ളവരിൽ 65 ശതമാനത്തിനും മലയരയ സമുദായത്തിൽ നിന്നുള്ളവരിൽ 80ശതമാനത്തിനും, ഉള്ളാടൻ, ഊരാളി സമുദായത്തിൽ നിന്നും 60 ശതമാനം വീതം പേർക്കും സംഘാടന പാടവം വർദ്ധിച്ചിട്ടുണ്ട്. എന്നാൽ പ്രസ്തുത പഞ്ചായത്തിലെ മുതുവാൻ സമുദായത്തിൽ നിന്നുള്ള വനിതകളിൽ 33.33ശതമാനം പേർക്ക് മാത്രമാണ് കുടുംബശ്രീ പ്രവർത്തനത്തിലെ സംഘാടക ശേഷിയുള്ളവരായി മാറുവാൻ സാധിച്ചിട്ടുള്ളൂ.

### പട്ടിക 4.54 കൂട്ടായ്മയിലൂടെയുള്ള സാമൂഹിക മാറ്റം

| സമുദായം | കൂട്ടായ്മയിലൂടെയുള്ള സാമൂഹിക മാറ്റമുണ്ടായിട്ടുണ്ടോ | | | ആകെ**എണ്ണം** |
|---|---|---|---|---|
| | ഉണ്ട് | ഇല്ല | ഭാഗികമായി | |
| മന്നാൻ | 17 (85%) | 1 (5%) | 2 (10%) | 20 |
| മുതുവാൻ | 4 (26.66%) | 10 (66.66%) | 1 (6.66%) | 15 |
| മലയരയ | 5 (100%) | 0 (0%) | 0 (0%) | 5 |
| ഉള്ളാടൻ | 5 (100%) | 0 (0%) | 0 (0%) | 5 |
| ഊരാളി | 5 (100%) | 0 (0%) | 0 (0%) | 5 |
| ആകെ | 36 (72%) | 11 (22%) | 3 (6%) | 50 |

പട്ടിക 4.54 പ്രകാരം അടിമാലി പഞ്ചായത്തിലെ 72 ശതമാനം പേർക്ക് കൂട്ടായ്മയിലൂടെ സാമൂഹിക മാറ്റമുണ്ടായിട്ടുണ്ട്. മന്നാൻ സമുദായത്തിലെ 85 ശതമാനത്തിനും മലയരയ, ഉള്ളാടൻ, ഊരാളി സമുദായത്തിൽ നിന്നുള്ള 5 വീതം വനിതകളിൽ 100 ശതമാനത്തിനും കുടുംബശ്രീ പ്രവർത്തന ത്തിലൂടെ സാമൂഹിക പരിവർത്തനമുണ്ടായിട്ടുണ്ട്. എന്നാൽ മുതുവാൻ സമുദായത്തിലെ 66.66 ശതമാനത്തിനും ഈയൊരുമാറ്റമുണ്ടായിട്ടില്ല.

**പട്ടിക 4.55 മാനസികമായി കരുത്താർജ്ജിച്ചവർ**

| സമുദായം | മാനസികമായി കരുത്താർജ്ജിച്ചവരുണ്ടോ | | | ആകെ **എണ്ണം** |
|---|---|---|---|---|
| | ഉണ്ട് | ഇല്ല | ഭാഗികമായി | |
| മന്നാൻ | 16 (80%) | 4 (20%) | 0 (0%) | 20 |
| മുതുവാൻ | 3 (20%) | 10 (66.66%) | 2 (13.33%) | 15 |
| മലയരയ | 4 (60%) | 1 (20%) | 0 (0%) | 5 |
| ഉള്ളാടൻ | 5 (100%) | 0 (0%) | 0 (0%) | 5 |
| ഊരാളി | 3 (60%) | 2 (40%) | 0 (0%) | 5 |
| ആകെ | 31 (62%) | 17 (34%) | 2 (4%) | 50 |

പട്ടിക4.55 പ്രകാരം അടിമാലി പഞ്ചായത്തിൽ 62 ശതമാനം പേർക്ക് കുടുംബശ്രീ അയൽക്കൂട്ട പ്രവർത്തനത്തിലൂടെ മാനസികമായി കരുത്താർജ്ജിക്കുവാൻ സാധിച്ചിട്ടുണ്ട്. ഉള്ളാടൻ സമുദായ ത്തിലെ 100 ശതമാനത്തിനും ഊരാളി സമുദായത്തിലെ 60ശതമാനത്തിനും, മലയരയ, മന്നാൻ സമുദായങ്ങളിലെ 100 ശതമാനത്തിനും മാനസികമായി മുന്നേറുവാൻ സാധിച്ചപ്പോൾ മുതുവാൻ വിഭാഗത്തിലെ 66.66ശതമാനം പേർക്കും മാനസിക മുന്നേറ്റമുണ്ടായിട്ടില്ല എന്നതാണ് പട്ടിക 4.55 ൽ നിന്നും മനസ്സിലാക്കുവാൻ സാധിക്കുന്നത്.

**പട്ടിക 4.56 പൊതു വിഭാഗങ്ങളുടെ അയൽക്കൂട്ടവുമായി ബന്ധപ്പെടുന്നവർ**

| പൊതു അയൽക്കൂട്ടങ്ങളുമായി ബന്ധമുണ്ടോ | എണ്ണം | ശതമാനം |
|---|---|---|
| ഉണ്ട് | 20 | 40 |
| ഭാഗികമായി | 9 | 18 |
| ഇല്ല | 21 | 42 |
| ആകെ | 50 | 100 |

പട്ടിക 4.56പ്രകാരം അടിമാലി പഞ്ചായത്തിൽ 40 ശതമാനം പേർ മറ്റ് വിഭാഗക്കാരുടെ അയൽക്കൂ ട്ടങ്ങളുമായി സാമൂഹിക ബന്ധം പുലർത്തുന്നവരാണ് 42 ശതമാനം പേർക്ക് ഈ നിലയിലുള്ള സാമൂഹിക ബന്ധമുണ്ടാക്കുവാൻ സാധിച്ചിട്ടില്ല.

### പട്ടിക 4.57 കുടുംബ പശ്ചാത്തലത്തിൽ മാറ്റം

| കുടുംബാന്തരീക്ഷ ത്തിൽ മാറ്റമുണ്ടോ | എണ്ണം | ശതമാനം |
|---|---|---|
| ഉണ്ട് | 27 | 54 |
| ഭാഗികമായി | 3 | 6 |
| ഇല്ല | 20 | 40 |
| ആകെ | 50 | 100 |

പട്ടിക 4.57പ്രകാരം അടിമാലി പഞ്ചായത്തിൽ 54ശതമാനം പേർക്ക് കുടുംബശ്രീ പ്രവർത്ത കരായതിനാൽ കുടുംബ പശ്ചാത്തലത്തിൽ മാറ്റമുണ്ടായിട്ടുണ്ട്. 40 ശതമാനം പേർക്ക് ഇത്തരത്തി ലുള്ള മാറ്റമുണ്ടാക്കുവാൻ സാധിച്ചിട്ടില്ല. ഒരു കുടുംബത്തിലെ ഒരംഗം അയൽക്കൂട്ടത്തിൽ പങ്കാളി യാകുന്നതിലൂടെ ഒരു കുടുംബമാണ് കുടുംബശ്രീ പ്രസ്ഥാനത്തിന് കീഴിൽ വരുന്നത്. അതു കൊണ്ട് തന്നെ മാറ്റം എന്നത് വ്യക്തികേന്ദ്രീകൃതമല്ല. മറിച്ച് ഒരു കുടുംബത്തിൽ ആകെയുള്ളതാ ണ്. ഈയൊരു കാഴ്ചപ്പാടിൽ പരിശോധിക്കുമ്പോൾ അടിമാലി പഞ്ചായത്തിൽ 54 ശതമാനം പേർക്ക് കുടുംബാന്തരീക്ഷത്തിൽ മാറ്റം ഉണ്ടായിട്ടുണ്ട് എന്നത് കുടുംബശ്രീ പ്രസ്ഥാനത്തിന്റെ സ്വാധീനം കൂടുതലായുണ്ട് എന്നതിന് തെളിവാണ്.

### പട്ടിക 4.58 കുടുംബശ്രീ അംഗത്വത്തിലൂടെ സാമൂഹിക മാറ്റങ്ങൾ ഉണ്ടായിട്ടുള്ളവർ

| സമുദായം | സാമൂഹിക മാറ്റങ്ങൾ ഉണ്ടായിട്ടുണ്ടോ | | | ആകെ |
|---|---|---|---|---|
| | ഉണ്ട് | ഇല്ല | ഭാഗികമായി | |
| മന്നാൻ | 17 (85%) | 2 (10%) | 1 (5%) | 20 |
| മുതുവാൻ | 5 (33.33%) | 9 (60%) | 1 (6.66%) | 15 |
| മലയരയ | 5 (100%) | 0(0%) | 0 (0%) | 5 |
| ഉള്ളാടൻ | 5 (100%) | 0 (0%) | 0 (0%) | 5 |
| ഊരാളി | 5 (100%) | 0 (0%) | 0 (0%) | 5 |
| ആകെ | 37 (74%) | 11 (22%) | 2 (4%) | 50 |

പട്ടിക4.58 പ്രകാരം അടിമാലി പഞ്ചായത്തിൽ 74ശതമാനം പേർക്ക് കുടുംബശ്രീ പ്രവർത്ത നത്തിലൂടെ സാമൂഹിക മാറ്റമുണ്ടായിട്ടുണ്ട്. മലയരയ, ഉള്ളാടൻ ഊരാളി സമുദായങ്ങളിൽ നിന്നും പഠനത്തിലുൾപ്പെട്ടവരിൽ 100 ശതമാനത്തിനും മന്നാൻ സമുദായത്തിലെ 85ശതമാനത്തിനും കുടും ബശ്രീ അയൽക്കൂട്ട പ്രവർത്തന ഫലമായി സാമൂഹിക മാറ്റമുണ്ടായപ്പോൾ മുതുവാൻനത്തിനും സമുദായത്തിലെ 33.33 ശതമാനത്തിന് മാത്രമാണ് ഈ വിധത്തിലുള്ള മാറ്റം കൈവരിക്കുവാൻ സാധിച്ചിട്ടുള്ളത്.

**പട്ടിക 4.59 അറിവുപരമായ ശാക്തീകരണം**

| സമുദായം | അറിവുപരമായ ശാക്തീകരണമുണ്ടോ | | ആകെ |
|---|---|---|---|
| | ഉണ്ട് | ഇല്ല | |
| മന്നാൻ | 13 (65%) | 7 (35%) | 20 |
| മലയരയ | 5 (100%) | 0 (0%) | 5 |
| മുതുവാൻ | 5 (33.33%) | 10 (66.66%) | 15 |
| ഉള്ളാടൻ | 3 (60%) | 2 (40%) | 5 |
| ഊരാളി | 3 (60%) | 2 (40%) | 5 |
| ആകെ | 29 (58%) | 21 (42%) | 50 |

പട്ടിക 4.59പ്രകാരം അടിമാലി പഞ്ചായത്തിൽ 58 ശതമാനം പേർക്ക് നിയമാവകാശങ്ങളെ പ്പറ്റി അറിവുണ്ട്. ഇതിൽ പഠനത്തിലുൾപ്പെട്ടിട്ടുള്ള മന്നാൻ സമുദായത്തിലെ 65 ശതമാന ത്തിനും മലയരയ സമുദായത്തിലെ 100ശതമാനത്തിനും ഉള്ളാടൻ സമുദായത്തിലെ 60ശതമാനത്തിനും ഊരാളി സമുദായത്തിലെ 60ശതമാനത്തിനും അറിവുപരമായി മുന്നേറുവാൻ സാധിച്ചിട്ടുണ്ട്. എന്നാൽ മുതുവാൻ സമുദായത്തിലെ 66.66ശതമാനം  പേർക്കും ഈ നിലയിൽ മുന്നേറുവാൻ സാധിച്ചിട്ടില്ല.നിയമപരമായ അറിവുകൾ നേടിയിട്ടുള്ള മേഖലകൾ പരിശോധിച്ചാൽ 72ശത മാനത്തിന് വനാവകാശ നിയമങ്ങളെപ്പറ്റിയും 68.96ശതമാനത്തിന് മനുഷ്യാവകാശത്തെപ്പറ്റിയും 58.62ശതമാനത്തിന് ഭരണ ഘടനയെപ്പറ്റിയും 51.72ശതമാനത്തിന് വിദ്യാഭ്യാസ അവകാശങ്ങളെപ്പ റ്റിയും അറിവുണ്ട്.

**മറയൂർ പഞ്ചായത്ത്**

**പട്ടിക 4.60 ഗോത്ര വനിതകളിലെ സംഘാടന ശേഷി**

| സമുദായം | വനിതകളിൽ സംഘാടന ശേഷിയുണ്ടോ | | | ആകെ |
|---|---|---|---|---|
| | ഉണ്ട് | ഇല്ല | ഭാഗികമായി | |
| ഹിൽപുലയ | 5 (20%) | 19 (76%) | 1 (4%) | 25 |
| മുതുവാൻ | 6 (24%) | 16 (64%) | 3 (12%) | 25 |
| ആകെ | 11 (22%) | 35 (70%) | 4 (8%) | 50 |

പട്ടിക  4.60 പ്രകാരം മറയൂർ പഞ്ചായത്തിൽ 70 ശതമാനം  പേർക്കും കുടുംബശ്രീ അംഗ ത്വത്തിലൂടെ സംഘാടന ശേഷിയുള്ളവരായി മാറുവാൻ സാധിച്ചിട്ടില്ല. ഹിൽപുലയ സമുദായ

ത്തിൽ നിന്നുമുള്ള 76 ശതമാനത്തിനും മുതുവാൻ സമുദായത്തിലെ 64 ശതമാനത്തിനും ഈ ദിശയിലുള്ള മാറ്റം കൈവരിക്കുവാൻ സാധിച്ചിട്ടില്ല എന്നതാണ് വ്യക്തമാവുന്നത്.

**പട്ടിക 4.61 കൂട്ടായ്മയിലൂടെയുള്ള സാമൂഹിക മാറ്റം**

| സമുദായം | കൂട്ടായ്മയിലൂടെയുള്ള സാമൂഹിക മാറ്റമുണ്ടായിട്ടുണ്ടോ | | | ആകെ |
|---|---|---|---|---|
| | ഉണ്ട് | ഇല്ല | ഭാഗികമായി | |
| ഹിൽപുലയ | 8 (32%) | 13 (52%) | 4 (16%) | 25 |
| മുതുവാൻ | 3 (12%) | 17 (68%) | 5 (20%) | 25 |
| ആകെ | 11 (22%) | 30 (60%) | 9 (18%) | 50 |

പട്ടിക 4.61പ്രകാരം മറയൂർ പഞ്ചായത്തിലെ 60% ത്തിനും കൂട്ടായ്മയിലൂടെ സാമൂഹിക പരിവർത്തനമുണ്ടായിട്ടില്ല. ഹിൽപുലയ സമുദായത്തിലെ 52 ശതമാനംപേർക്കുംമുതുവാൻ സമുദായത്തിലെ 68 ശതമാനം പേർക്കും സാമൂഹിക മാറ്റം കൈവരിക്കുവാൻ സാധിച്ചിട്ടില്ല.

**പട്ടിക 4.62 മാനസികമായി കരുത്താർജ്ജിച്ചവർ**

| സമുദായം | മാനസികമായി കരുത്താർജ്ജിച്ചവരുണ്ടോ | | | ആകെ |
|---|---|---|---|---|
| | ഉണ്ട് | ഇല്ല | ഭാഗികമായി | |
| ഹിൽപുലയ | 5 (20%) | 14 (56%) | 6 (24%) | 25 |
| മുതുവാൻ | 4 (16%) | 19 (76%) | 2 (8%) | 25 |
| ആകെ | 9 (18%) | 33 (66%) | 8 (16%) | 50 |

പട്ടിക 4.62 പ്രകാരം മറയൂർ പഞ്ചായത്തിലെ 66 ശതമാനം പേർക്കുംമാനസികമായി കരുത്താർജ്ജിക്കുവാൻ സാധിച്ചിട്ടില്ല. ഹിൽപുലയ സമുദായത്തിലെ 56 ശതമാനത്തിനും മുതുവാൻ

സമുദായത്തിലെ 76 ശതമാനത്തിനും ഇത്തരത്തിൽ മാനസികമായി മുന്നേറുവാൻ സാധിച്ചിട്ടില്ല എന്നതാണ് മനസ്സിലാക്കുവാൻ സാധിക്കുന്നത്.

### പട്ടിക 4.63 പൊതു വിഭാഗങ്ങളുടെ അയൽക്കൂട്ടവുമായി ബന്ധപ്പെടുന്നവർ

| പൊതു അയൽക്കൂട്ടങ്ങളുമായി ബന്ധമുണ്ടോ | എണ്ണം | ശതമാനം |
|---|---|---|
| ഉണ്ട് | 20 | 40 |
| ഭാഗികമായി | 4 | 8 |
| ഇല്ല | 26 | 52 |
| ആകെ | 50 | 100 |

പട്ടിക 4.63പ്രകാരം മറയൂർ പഞ്ചായത്തിലെ 52ശതമാനം പേരും മറ്റ് വിഭാഗങ്ങളുടെ അയൽക്കൂട്ട വുമായി സാമൂഹിക ബന്ധം വച്ചു പുലർത്തുന്നവരല്ല. 40 ശതമാനം പേർക്ക് ഈ നിലയിലുള്ള സാമൂഹിക ബന്ധമുണ്ടാക്കുവാൻ സാധിച്ചവരായിട്ടുള്ളത്.

### പട്ടിക 4.64 കുടുംബ പശ്ചാത്തലത്തിൽ വന്ന മാറ്റം

| കുടുംബാന്തരീക്ഷ ത്തിൽ മാറ്റമുണ്ടോ | എണ്ണം | ശതമാനം |
|---|---|---|
| ഉണ്ട് | 10 | 20 |
| ഭാഗികമായി | 8 | 16 |
| ഇല്ല | 32 | 64 |
| ആകെ | 50 | 100 |

പട്ടിക 4.64 പ്രകാരം മറയൂർ പഞ്ചായത്തിൽ 64ശതമാനം പേർക്കും കുടുംബശ്രീ പ്രവർത്തനത്തിലൂടെ കുടുംബത്തിന്റെ അന്തരീക്ഷത്തിൽ മാറ്റമുണ്ടാക്കുവാൻ സാധിച്ചിട്ടില്ല. 20 ശതമാനം പേരുടെ കുടുംബാന്തരീക്ഷത്തിൽ മാത്രമാണ് മാറ്റമുണ്ടായിട്ടുള്ളത്.

### പട്ടിക 4.65 കുടുംബശ്രീ അംഗത്വത്തിലൂടെ സാമൂഹിക മാറ്റങ്ങൾ ഉണ്ടായിട്ടുള്ളവർ

| സമുദായം | സാമൂഹിക മാറ്റങ്ങൾ ഉണ്ടായിട്ടുണ്ടോ | | | ആകെ |
|---|---|---|---|---|
| | ഉണ്ട് | ഇല്ല | ഭാഗികമായി | |
| ഹിൽപുലയ | 7 (28%) | 10 (40%) | 8 (32%) | 25 |
| മുതുവാൻ | 6 (24%) | 17 (68%) | 2 (8%) | 25 |
| ആകെ | 13 (26%) | 27 (54%) | 10 (20%) | 50 |

പട്ടിക 4.65 പ്രകാരം മറയൂർ പഞ്ചായത്തിൽ 54 ശതമാനത്തിനും കുടുംബശ്രീ പ്രവർത്തന ത്തിലും സാമൂഹികമാറ്റമുണ്ടാക്കിയിട്ടില്ല. ഹിൽപുലയ സമുദായത്തിലെ 40 ശതമാനത്തിനും മുതു വാൻ സമുദായത്തിലെ 68ശതമാനത്തിനും സാമൂഹികമായി മാറ്റമുണ്ടാക്കിയിട്ടില്ല എന്നതാണ് മേൽ പട്ടികകളിൽ നിന്നും വ്യക്തമാകുന്നത്.

**പട്ടിക 4.66 അറിവുപരമായ ശാക്തീകരണം**

| സമുദായം | അറിവുപരമായ ശാക്തീകരണമുണ്ടോ | | | ആകെ |
|---|---|---|---|---|
| | ഉണ്ട് | ഇല്ല | ഭാഗികമായി | |
| ഹിൽപുലയ | 8 (32%) | 14 (56%) | 3 (12%) | 25 |
| മുതുവാൻ | 5 (20%) | 20 (80%) | 0 (0%) | 25 |
| ആകെ | 13 (26%) | 34 (68%) | 3 (6%) | 50 |

പട്ടിക 4.66 പ്രകാരം മറയൂർ പഞ്ചായത്തിലെ 68 ശതമാനം പേർക്കും നിയമപരമായ അവ കാശങ്ങളെപ്പറ്റി അറിവില്ല. ആകെയുള്ള 25 ഹിൽപുലയ അംഗങ്ങളിൽ 56 ശതമാനം പേർക്കും നിയമപരമായ അവകാശങ്ങളെപ്പറ്റി യാതൊരറിവുമില്ല. മുതുവാൻ സമുദായത്തിലാകട്ടെ 80 ശത മാനവും അഭിപ്രായപ്പെട്ടത് അവകാശങ്ങളെപ്പറ്റിയും നിയമങ്ങളെപ്പറ്റിയും അറിവ് കുടുംബശ്രീ മുഖേന ലഭിച്ചിട്ടില്ല എന്നതാണ്. പഠനത്തിലുൾപ്പെട്ട 50 പേരിൽ 34 ശതമാനം പേർക്ക് വനാവകാ ശത്തെപ്പറ്റിയും 44 ശതമാനം പേർക്ക് വിദ്യാഭ്യാസ അവകാശത്തെപ്പറ്റിയും 22 ശതമാനം ഗാർഹിക പീഡന നിയമത്തെപ്പറ്റിയും അറിവുണ്ട്. പഠനത്തിൽ പങ്കെടുത്ത ഭൂരിഭാഗം പേരും തൊഴിലുറപ്പ് നിയമത്തെപ്പറ്റി അറിവുള്ളവരാണ്.

**ഉപസംഹാരം**

ഗോത്ര വനിതകളിലെ സാമൂഹിക ശാക്തീകരണം പഠന വിഷയമാകുന്നതിന് ഏഴ് ഘടക ങ്ങളെയാണ് പഠനത്തിലുൾപ്പെടുത്തിയിട്ടുള്ളത്. മേൽപറഞ്ഞ ഘടകങ്ങളെ അടിസ്ഥാനപ്പെടുത്തി പട്ടികവർഗ്ഗ സ്ത്രീകളിൽ സാമൂഹിക മാറ്റങ്ങൾ എത്രത്തോളമുണ്ടെന്ന പരിശോധനയാണ് ഈ അദ്ധ്യായത്തിൽ വിശദീകരിച്ചിട്ടുള്ളത്. കുടുംബശ്രീ അയൽക്കൂട്ട യോഗങ്ങളിൽ പങ്കാളികളാകുക എന്നത് കേവലമായ ഒരു പ്രക്രിയയല്ല മറിച്ച് ജീവിതത്തിലെ പല പരിമിതികളും തരണം ചെയ്യുവാ നുള്ള ആന്തരിക ഊർജ്ജം ഇത്തരം കൂട്ടായ്മകളിലൂടെ ലഭിക്കുന്നു. ഒരു അയൽക്കൂട്ട യോഗം വിളിച്ചു ചേർക്കുന്നതിലൂടെ,പങ്കാളിയാകുന്നതിലൂടെ സംഘാടക വൈഭവവും, കൂട്ടായ്മയും വർദ്ധിക്കുന്നു. ഗോത്രവനിതകളിൽ ഇത്തരം സംഘാടക ശേഷിയും കൂട്ടായ്മയും വർദ്ധിച്ചി ട്ടുണ്ടോ എന്നുള്ള പരിശോധനയിൽ മനസ്സിലാക്കുവാൻ സാധിച്ചിട്ടുള്ളത് ഇപ്രകാരമാണ്.

പഠനം നടത്തിയ ആറ് പഞ്ചായത്തുകളിൽ അടിമാലി പഞ്ചായത്തൊഴികെ മറ്റു പഞ്ചായ ത്തുകളുലെ ഗോത്രവനിതകൾക്ക്, കുടുംബശ്രീ പ്രവർത്തനം കൊണ്ടുള്ളസംഘാടക പാടവമുള്ള

വരായി മാറുവാൻ കഴിഞ്ഞിട്ടില്ല. തിരുനെല്ലി പഞ്ചായത്തിലെ 50 ശതമാനത്തിനും പനമരം പഞ്ചായത്തിലെ 60 ശതമാനത്തിനും പുതൂർ പഞ്ചായത്തിലെ 64 ശതമാനത്തിനും മുതലമട പഞ്ചായത്തിലെ 68 ശതമാനത്തിനും മറയൂർ പഞ്ചായത്തിലെ 70 ശതമാനത്തിനും സംഘാടക ശേഷി വർദ്ധിച്ചിട്ടില്ല. എന്നാൽ  അടിമാലി പഞ്ചായത്തിലെ 56 ശതമാനം പേർക്ക് കുടുംബശ്രീ പ്രവർത്തനത്തിലൂടെ സംഘാടക ശേഷിയുള്ളവരായി മാറുവാൻ കഴിഞ്ഞുവെന്നത് പ്രതീക്ഷാജനകമായ വസ്തുതയാണ്. കൂടാതെ അടിയ, ഇരുള, മന്നാൻ തുടങ്ങിയ സമുദായത്തിലെ വനിതകളിൽ സംഘാടക ശേഷി വർദ്ധിക്കുവാൻ കുടുംബശ്രീ പ്രവർത്തനം സഹായകരമായി എന്നതാണ് പഠനത്തിൽ നിന്നും വ്യക്തമായിട്ടുള്ളത്.

ഗോത്രവനിതകളിൽ സംഘടിത മനോഭാവം പൊതുവിൽ കുറവാണ്. ഒരു പൊതു പ്രശ്നത്തിന് മുൻപിൽ ദൃഢമായ തീരുമാനമെടുക്കുവാനോ, പരിഹാരം കണ്ടെത്തുവാനോ ഉള്ള പ്രാപ്തി ഗോത്രവനിതകൾക്കില്ല. കുടുംബശ്രീ എന്ന ബൃഹത് പ്രസ്ഥാനത്തിൽ ഭാഗമാകുന്നതോടെ ജീവിതത്തിന്റെ  പല തുരുത്തുകളിൽ ഒറ്റപ്പെട്ട് പോകുന്നവർ സമാന ചിന്താഗതിയും ലക്ഷ്യവുമുള്ള ഒരു കൂട്ടമായി മാറ്റപ്പെടുകയാണ്. ഇത്തരം കൂട്ടായ്മകൾ ഗോത്ര വനിതകളുടെ സാമൂഹിക ഉന്നമനത്തിന് പ്രേരകശക്തിയായി മാറുന്നുണ്ടോ എന്നുള്ള പരിശോധനയും പഠനത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

മേൽപറഞ്ഞ വസ്തുതകൾ പഠന വിധേയമാക്കിയപ്പോൾ അടിമാലി പഞ്ചായത്തിലെ 72% പേർക്ക് കൂട്ടായ്മയിലൂടെ സാമൂഹിക മാറ്റം ഉണ്ടായിട്ടുണ്ട്. എന്നാൽ അവശേഷിക്കുന്ന അഞ്ച് പഞ്ചായത്തുകളിലെ സ്ഥിതി വിഭിന്നമാണ്. തിരുനെല്ലി പഞ്ചായത്തിലെ 44 ശതമാനം പേർക്കും പനമരം പഞ്ചായത്തിലെ 36 ശതമാനത്തിനും പുതൂർ, മുതലമട പഞ്ചായത്തുകളിലെ 42 ശതമാനത്തിനും മറയൂർ പഞ്ചായത്തിലെ 60 ശതമാനത്തിനും കൂട്ടായ്മയിലൂടെ സാമൂഹിക മാറ്റമുണ്ടായിട്ടില്ല. സാമൂഹിക ശാക്തീകരണത്തിൽ വ്യക്തി വികാസവും ഒരു പ്രധാന ഘടകമാണ്. ശാക്തീകരിക്കപ്പെടുന്ന ഒരു വ്യക്തിയിൽ ഉറച്ച നിലപാടുകളും തീരുമാനങ്ങളും എടുക്കുവാനുള്ള ഒരു മനസ്സ് പാകപ്പെടുന്നുണ്ട്. ഗോത്രവനിതകൾ അയൽക്കൂട്ട പ്രവർത്തനങ്ങളിൽ സജീവമാകുക വഴി അവർക്കിടയിൽ സാമൂഹിക ബോധം വർദ്ധിക്കുകയും പ്രശ്നങ്ങൾ അഭിമുഖീകരിക്കാനുള്ള മാനസിക ഉന്നമനത്തിലെത്തുകയും ചെയ്യേണ്ടതുണ്ട്. മർദ്ദിതരും പാർശ്വവർക്കരിക്കപ്പെട്ടവരുമായ ഒരു വിഭാഗത്തിലെ ഏറ്റവും കൂടുതൽ അവഗണിക്കപ്പെടുന്ന മറ്റൊരു വിഭാഗം എന്ന നിലയിൽ ഗോത്ര വനിതകളുടെ മാനസിക മുന്നേറ്റം സാമൂഹിക ശാക്തീകരണത്തിന്റെ മറ്റൊരു അളവു കോലാണ്. ഈയൊരു കാഴ്ചപ്പാടിന്റെ അടിസ്ഥാനത്തിലാണ് സാമൂഹിക ശാക്തീകരണം പഠന വിധേയമാക്കുന്നതിൽ ഗോത്ര വനിതകളുടെ മാനസിക മുന്നേറ്റവും ഉൾപ്പെടുത്തിയിട്ടുള്ളത്. തിരുനെല്ലി പഞ്ചായത്തിലെ പണിയൻ കാട്ടുനായ്ക്കൻ വിഭാഗങ്ങൾ ഒഴികെ മറ്റ് വിഭാഗങ്ങൾക്ക് മികച്ച മാനസിക മുന്നേറ്റമുണ്ടായിട്ടുണ്ട്. പനമരം പഞ്ചായത്തിലെ മുള്ളുക്കുറുമൻ, വെട്ടക്കുറുമൻ, കുറിച്യൻ വിഭാഗങ്ങളിലെ വനിതകൾ മാനസികമായി കരുത്താർജ്ജിച്ചിട്ടുണ്ട്. എന്നാൽ പ്രസ്തുത പഞ്ചായത്തിലെ അടിയാൻ, പണിയൻ വിഭാഗങ്ങളിലെ വനിതകൾക്ക് യാതൊരു മാനസിക മുന്നേറ്റവും പ്രാപ്യമായിട്ടില്ല.

പുതൂർ പഞ്ചായത്തിലെ ഇരുളർ, മുഡുഗർ വിഭാഗത്തിലെ വനിതകൾ മാനസികമായി കരുത്താർജ്ജിച്ചിട്ടുണ്ട്. എന്നാൽ പ്രത്യേക ദുർബല ഗോത്ര വിഭാഗത്തിലുൾപ്പെട്ട 'കുറുമ്പ'രിലെ വനിതകളിൽ 6.66 ശതമാനത്തിന് മാത്രമാണ് മാനസികമായി കരുത്താർജ്ജിക്കുവാൻ സാധിച്ചിട്ടുള്ളതെന്നത് പരിശോധിക്കപ്പെടേണ്ട വസ്തുതയാണ്. മുതലമട പഞ്ചായത്തിലാകട്ടെ ഇരവാലൻ, മലസർ, കാടർ സമുദായങ്ങളിലെ ഭൂരിഭാഗം വനിതകൾക്കും കുടുംബശ്രീ പ്രവർത്തനങ്ങളിലൂടെ കരുത്താർജ്ജിക്കുവാൻ സാധിച്ചിട്ടില്ല. മറയൂർ പഞ്ചായത്തിലെ മുതുവാൻ, ഹിൽപുലയ സമുദായങ്ങളിൽ ഭൂരിഭാഗവും മാനസികമായി മുന്നേറിയിട്ടില്ല.എന്നാൽ അടിമാലി പഞ്ചായത്തിലെ 62 ശതമാനം പേർക്ക് കുടുംബശ്രീ പ്രവർത്തനങ്ങളിലൂടെ മാനസികമായി കരുത്താർജ്ജിക്കുവാൻ സാധിച്ചിട്ടുണ്ടെന്നത് വളരെ ശ്രദ്ധേയമായ നേട്ടമാണ്.

പാരമ്പര്യമായി കൈമാറ്റം ചെയ്യപ്പെടുന്ന നിയമങ്ങളുടേയും, ചട്ടങ്ങളുടേയും, വിലക്കുകളുടേയും ആകെ തുകയാണ് ഗോത്ര സംസ്ക്കാരം. ഗോത്രജനത പൊതു സമൂഹവുമായും, അവർക്കിടയിൽ തന്നെയുള്ള മറ്റ് വിഭാഗങ്ങളുമായും പലവിധത്തിലുള്ള വിലക്കുകൾ പിന്തുടർന്ന് പോരുന്നുണ്ട്. കുടുംബശ്രീ പ്രവർത്തന ഫലമായി മറ്റ് വിഭാഗങ്ങളുടെ അയൽക്കൂട്ടങ്ങളുമായി ബന്ധപ്പെടുമ്പോൾ ഒരു പുത്തൻ സാമൂഹിക 'തലം' രൂപപ്പെടുന്നുണ്ട്. ഇത്തരം സാമൂഹിക ബന്ധങ്ങളിലൂടെ സ്വന്തം സമുദായങ്ങളിൽ കാലങ്ങളായി പിന്തുടർന്ന് പോരുന്ന ചില 'അരുത്'കൾക്കും നിയമങ്ങൾക്കും മാറ്റം വരുത്തുവാൻ സാധിച്ചിട്ടുണ്ടോ എന്നുമുള്ള പരിശോധനയും പഠനത്തിലുൾപ്പെടുന്നുണ്ട്. തിരുനെല്ലി പഞ്ചായത്തിലെ 50 ശതമാനവും പനമരം പഞ്ചായത്തിലെ 52ശതമാനവും മുതലമട പഞ്ചായത്തിലെ 24 ശതമാനവും പുതൂർ പഞ്ചായത്തിലെ 38 ശതമാനവും അടിമാലി പഞ്ചായത്തിലെ 42 ശതമാനവും മറയൂർ പഞ്ചായത്തിലെ 40 ശതമാനവും കുടുംബശ്രീ പ്രവർത്തന ഫലമായി മറ്റ് വിഭാഗങ്ങളുടെ അയൽക്കൂട്ടവുമായി സാമൂഹിക ബന്ധമുണ്ടാക്കുവാൻ സാധിച്ചിട്ടുള്ളവരാണ്. മേൽപറഞ്ഞ ആറു പഞ്ചായത്തുകളിൽ തിരുനെല്ലി, പനമരം പഞ്ചായത്തുകളിൽ നിന്നും പഠനത്തിലുൾപ്പെട്ടവരിൽ 50 ശതമാനത്തിന് മേൽ വനിതകൾക്ക് ഈ നിലയിലും സാമൂഹിക ബന്ധമുണ്ടാക്കുവാൻ സാധിച്ചുവെന്നത് പ്രതീക്ഷാജനകമാണ്.

പഠനത്തിൽ വിശകലനം ചെയ്തിട്ടുള്ള മറ്റൊരു ഘടകം ഗോത്ര വനിതകളുടെ അറിവുപരമായ ശാക്തീകരണമാണ്. നിങ്ങളുടെ 'അറിവ് കാലാനുസൃതമാണെങ്കിൽ  നിങ്ങൾ കൂടുതൽ സ്വതന്ത്രനാണ്' എന്നാണ് മുൻരാഷ്ട്രപതി എ.പി.ജെ അബ്ദുൽകലാം പറഞ്ഞിരിക്കുന്നത്. 'അറിവ്' ഒരു വ്യക്തിയെ കൂടുതൽ ശക്തനും സ്വതന്ത്രനും ആക്കുന്നു. അതുകൊണ്ട് തന്നെ ഗോത്ര വനിതകളുടെ സാമൂഹിക ശാക്തീകരണത്തിൽ അറിവുപരമായ ശാക്തീകരണത്തിന് നിസ്തുലമായ പങ്കുണ്ട്. ഗോത്ര വനിതകൾക്ക് നിയമങ്ങൾ, അവകാശങ്ങൾ എന്നീ മേഖലയിലുള്ള ജ്ഞാനം പരിശോധിക്കുകയാണ് ഈ അദ്ധ്യായ ഭാഗത്ത് ചെയ്തിട്ടുള്ളത്. പഠനം നടത്തിയ ആറു പഞ്ചായത്തുകളിൽ അടിമാലി പഞ്ചായത്തിലൊഴികെ മറ്റ് അഞ്ച് പഞ്ചായത്തുകളിലേയും കുടുംബശ്രീ പ്രവർത്തകരായ പട്ടികവർഗ്ഗ വനിതകൾക്ക് നിയമങ്ങളെപ്പറ്റിയും അവകാശങ്ങളെപ്പറ്റിയും അറിവില്ല. അടിമാലി പഞ്ചായത്തിലെ 58 ശതമാനം വനിതകൾക്ക് നിയമാവകാശങ്ങളെപ്പറ്റി അറിവുണ്ട്.

പ്രാധാനമായും ഭരണഘടന, മനുഷ്യാവകാശം, വനാവകാശം, തൊഴിലുറപ്പ് നിയമം, പെസ നിയമം അതിക്രമം തടയൽ നിയമം എന്നീ മേഖലകളിൽ അറിവുണ്ടോ എന്നതാണ് പരിശോധിച്ചിട്ടുള്ളത്. എന്നാൽ പഠനത്തിൽ ഉൾപ്പെട്ടിട്ടുള്ള ഭൂരിഭാഗത്തിനും ഇത്തരം അറിവുകൾ സ്വായത്തമാക്കുവാൻ സാധിച്ചിട്ടില്ല. കുടുംബശ്രീ, ജില്ലാമിഷനുകൾ വഴി നിയമങ്ങൾ, അവകാശങ്ങൾ എന്നിവയെപ്പറ്റി നിരവധിയായ ക്ലാസ്സുകളും മറ്റും സംഘടിപ്പിക്കുന്നുവെങ്കിലും ഈ വിധത്തിലുള്ള ക്ലാസ്സുകളിൽ ഗോത്ര സ്ത്രീകൾ പങ്കാളികളാകുന്നില്ല എന്നതിന്റെ തെളിവാണ് മേൽ പറഞ്ഞ നിയമാവകാശങ്ങളിലുള്ള അിറവില്ലായ്മ.

'സ്ത്രീകളിലൂടെ കുടുംബങ്ങളിലേയ്ക്ക്, കുടുംബങ്ങളിലൂടെ സമൂഹത്തിലേയ്ക്ക്' എന്നതാണ് കുടുംബശ്രീയുടെ ആപ്തവാക്യം. ഒരു സ്ത്രീ കുടുംബശ്രീയിൽ അംഗമാകുന്നതോടെ ഒരു കുടുംബം കൂടിയാണ് കുടുംബശ്രീ എന്ന പ്രസ്ഥാനത്തിന്റെ കുടക്കീഴിലേയ്ക്ക് വരുന്നത്. അതു കൊണ്ട് തന്നെ ഗോത്രസ്ത്രീ സാമൂഹിക ശാക്തീകരണം പഠന വിധേയമാക്കുമ്പോൾ കുടുംബ പശ്ചാത്തലത്തിൽ വന്നിട്ടുള്ള മാറ്റവും ഉൾപ്പെടുത്തേണ്ടത് അത്യന്താപേക്ഷിതമാണ്. തിരുനെല്ലി പഞ്ചായത്തിൽ 52 ശതമാനം പേർക്കും പനമരം പഞ്ചായത്തിൽ 74 ശതമാനത്തിനും പൂതൂർ പഞ്ചായത്തിലെ74ശതമാനത്തിനും മുതലമട പഞ്ചായത്തിലെ 80 ശതമാനത്തിനും അടിമാലി പഞ്ചായത്തിലെ 40 ശതമാനത്തിനും മറയൂർ പഞ്ചായത്തിലെ 64 ശതമാനത്തിനും കുടുംബശ്രീ പ്രവർത്തകരായതിന്റെ ഫലമായി തന്റെ കുടുംബ പശ്ചാത്തലത്തിൽ മാറ്റം വരുത്തുവാൻ സാധിച്ചിട്ടില്ല എന്നതാണ് മുൻ വിശകലനങ്ങളിൽ നിന്നും പ്രതിഫലിക്കുന്നത്. സ്ത്രീകളിലൂടെ കുടുംബങ്ങളിലേയ്ക്കും, കുടുംബങ്ങളിൽ നിന്നും സമൂഹത്തിലേയ്ക്കുമുള്ള ദാരിദ്ര്യ നിർമ്മാർജ്ജനം, സ്ത്രീ ശാക്തീകരണ പദ്ധതി എന്ന നിലയിൽ പട്ടിക വർഗ്ഗ മേഖലയിൽ വേരുറപ്പിക്കുവാൻ കുടുംബശ്രീ പ്രസ്ഥാനം പരാജയപ്പെടുന്നു എന്നു വേണം കരുതാൻ. കുടുംബശ്രീ പ്രവർത്തനത്തിലൂടെ എന്തെങ്കിലും തരത്തിലുള്ള സാമൂഹിക മാറ്റമുണ്ടായിട്ടുണ്ടോ എന്നുള്ള പരിശോധനയിൽ തിരുനെല്ലി പഞ്ചായത്തിൽ 54 ശതമാനംആളുകൾക്കും  പുതൂർ പഞ്ചായത്തിൽ 42 ശതമാനവും മുതലമട പഞ്ചായത്തിലെ 38 ശതമാനംആളുകളും അടിമാലി പഞ്ചായത്തിലെ 74 ശതമാനംആളുകളും മറയൂർ പഞ്ചായത്തിലെ 46 ശതമാനംആളുകൾക്കും സാമൂഹികമായ മാറ്റമുണ്ടായിട്ടുണ്ട്. മേൽപറഞ്ഞ പഞ്ചായത്തുകളിലെ അടിയാൻ, കുറിച്യൻ, വെട്ടക്കുറുമൻ, മുള്ളുക്കുറുമൻ, ഇരുളർ, മുഡുഗർ, മലയരയൻ, ഉള്ളാടൻ, ഊരാളി, മന്നാൻ സമൂദായങ്ങളിലെ ഭൂരിഭാഗത്തിനും സാമൂഹികമായ മാറ്റമുണ്ടായിട്ടുണ്ട്. എന്നാൽ തിരുനെല്ലി പഞ്ചായത്തിലെ പണിയ, കാട്ടുനായ്ക്ക പനമരം പഞ്ചായത്തിലെ അടിയാൻ, കാട്ടുനായ്ക്കൻ പുതൂർ പഞ്ചായത്തിലെ കുറുമ്പർ മുതലമട പഞ്ചായത്തിലെ ഇരവാലൻ, മലസർ, കാടർ, അടിമാലി പഞ്ചായത്തിലെ മുതുവാൻ, മറയൂർ പഞ്ചായത്തിലെ ഹിൽപുലയൻ, മുതുവാൻ എന്നീ സമുദായങ്ങളിൽ നിന്നും പഠനത്തിൽ ഉൾപ്പെട്ടിട്ടുള്ള വനിതകളിൽ സാമൂഹിക മാറ്റം ഉന്നയിച്ചിട്ടില്ല എന്നതാണ് പഠനത്തിൽ നിന്നും ഉരുത്തിരിഞ്ഞ് വന്നിട്ടുള്ള ചിത്രം.

# അദ്ധ്യായം-5

# കുടുംബശ്രീപ്രവർത്തനങ്ങളിലൂടെ ഗോത്രവനിതകൾ കൈവരിച്ചിട്ടുള്ള മാറ്റങ്ങൾ

സ്ത്രീകളുടെ കൂട്ടായ്മയിലൂടെ അയൽക്കൂട്ടം രൂപവൽക്കരിച്ച് ഏതെങ്കിലും ചെറുകിട സംരംഭങ്ങൾ വഴി കുടുംബങ്ങൾക്ക് ഒരു നിശ്ചിത വരുമാനം ഉണ്ടാക്കി അവരെ സമൂഹത്തിന്റെ മുഖ്യധാരയിലേയ്ക്ക് എത്തിക്കാനുള്ള ശ്രമമാണ് കുടുംബശ്രീയ്ക്കുള്ളത്. എന്നാൽ പൊതു വിഭാഗത്തിലെ സ്ത്രീകളെ അപേക്ഷിച്ച് കുടുംബശ്രീ പദ്ധതിയെ ഫലപ്രദമായ രീതിയിൽ വിനിയോഗിക്കാൻ പട്ടിക വിഭാഗ സ്ത്രീകൾക്ക് സാധിച്ചിട്ടില്ല എന്നതാണ് വസ്തുത. വിദ്യാഭ്യാസപരമായും സാമ്പത്തികപരമായും സാമൂഹിക-സാംസ്ക്കാരികമായും വളരെ പിന്നോക്കം നിൽക്കുന്ന ഗോത്രസ്ത്രീകളെ ഉന്നതിയിലേക്കുയർത്താൻ ഒരു പാട് പരിശ്രമങ്ങൾ ഉണ്ടാവേണ്ടതുണ്ട്. പ്രത്യേക പരിഗണന നൽകി പിന്തുണച്ചാൽ മാത്രമേ അവർക്ക് സാമൂഹിക പുരോഗതി കൈവരിക്കുവാൻ കഴിയുകയുള്ളൂ. വസ്തുതകൾ ഇങ്ങനെയൊക്കെയാണെങ്കിലും ഗോത്ര സ്ത്രീകൾക്കിടയിൽ ചെറിയ തോതിലെങ്കിലുമുള്ള സമ്പാദ്യ ശീലം വളർത്തിയെടുക്കാൻ ഈ പദ്ധതിയ്ക്കായി എന്നത് പ്രശംസനീയമാണ്. അതുകൊണ്ടു തന്നെ കുടുംബശ്രീ വഴി പട്ടിക വർഗ്ഗ വനിതകൾക്കുണ്ടായിട്ടുള്ള മാറ്റങ്ങളാണ് ഈ അദ്ധ്യായത്തിൽ പ്രധാനമായും ചർച്ച ചെയ്യുന്നത്.

ഗോത്രവിഭാഗങ്ങൾക്കിടയിൽ കുടുംബശ്രീ പദ്ധതിയുടെ കാര്യക്ഷമത എന്ന പഠനവുമായി ബന്ധപ്പെട്ട്, ആറു പഞ്ചായത്തുകളിലെ ഗോത്രവനിതകളിൽ കുടുംബശ്രീ മൂലമുണ്ടായിട്ടുള്ള മാറ്റങ്ങളാണ് പ്രസ്തുത അദ്ധ്യായത്തിൽ വിശദീകരിക്കുന്നത്. സ്ത്രീപക്ഷ മുന്നേറ്റങ്ങൾക്ക് ചുക്കാൻ പിടിക്കുന്ന കുടുംബശ്രീ പ്രസ്ഥാനത്തിന് ഗോത്രവനിതകളെ ഉയർത്തി കൊണ്ടുവരാൻ സാധിക്കുന്നുണ്ടോ എന്ന പരിശോധനയും ഈ അദ്ധ്യായത്തിൽ നടത്തുന്നുണ്ട്. സാമ്പത്തികമാറ്റം, സംഘടനാവൈഭവം, സാമൂഹികമാറ്റം, നേതൃത്വപാടവം, രാഷ്ട്രീയ ബോധ നിലവാരത്തിൽ വന്നിട്ടുള്ള മാറ്റം എന്നീ ഘടകങ്ങളെ അടിസ്ഥാനമാക്കിയുള്ള വിശകലനമാണ് നടത്തിയിട്ടുള്ളത്.

### പനമരം പഞ്ചായത്ത്

പനമരം പഞ്ചായത്തിൽ നിന്നും പണിയൻ, അടിയാൻ, കാട്ടുനായിക്കൻ, കുറിച്യൻ, മുള്ളുക്കുറുമൻ, വെട്ടക്കുറുമൻ സമുദായങ്ങളാണ് പഠനത്തിൽ ഉൾപ്പെട്ടിട്ടുള്ളത്. വയനാട് ജില്ലയിലെ പ്രധാനപ്പെട്ട ഗോത്രവിഭാഗമാണ് കുറിച്യൻ. കുറിക്ക് കൊള്ളുന്ന അമ്പെയ്യുന്നവൻ എന്നർത്ഥത്തിലാണ് ഈ നാമം ലഭിച്ചിരിക്കുന്നത്. നായാട്ടും, കൃഷിയും പ്രധാന ഉപജീവനമാർഗ്ഗമായി സ്വീകരിച്ച പ്രസ്തുത വിഭാഗത്തിലെ അധികാര കേന്ദ്രം പുരുഷനാണ്. മാതൃദായക ക്രമം പിന്തുടരുന്ന ഈ സമുദായത്തിൽ സമുദായ തലവനോടൊപ്പം (ഒടൈക്കാരൻ) അദ്ദേഹത്തിന്റെ ഭാര്യയ്ക്ക് പ്രാധാന്യം നൽകിയിരുന്നു. അതത് തറവാടുകളിലെ സ്ത്രീകളുമായി ബന്ധപ്പെട്ട

പ്രശ്നങ്ങൾ സമുദായ തലവനെ അറിയിക്കുവാനുള്ള ഉത്തരവാദിത്വം നിർവ്വഹിച്ചിരുന്നത് അദ്ദേ ഹത്തിന്റെ ഭാര്യയാണ്(ഒടൈക്കാരത്തി). എന്നാൽ മറ്റ് സ്ത്രീകൾക്ക് തങ്ങളുടെ പ്രശ്നങ്ങൾ നേരിട്ട് ഒടൈക്കാരനെ അറിയിക്കുവാനുള്ള സ്വാതന്ത്ര്യം ഇല്ലായിരുന്നു. വിധവകൾക്കും, വിവാ ഹബന്ധം വേർപെടുത്തിയവർക്കും പുനർവിവാഹം അനുവദനീയമാണ്. കുറിച്യൻ സമുദായ ത്തിലെ അംഗം തങ്ങളുടെ താവഴി നാമത്തിലാണ് അറിയപ്പെടുന്നത്. വിവാഹത്തിൽ പങ്കാളിയെ തെരഞ്ഞെടുക്കുന്നതിനുള്ള സ്വാതന്ത്ര്യവും, വധൂപണ സമ്പ്രദായവുംനിലനിൽക്കുന്നുണ്ട്.സമുദാ യത്തിനുള്ളിൽ സ്ത്രീകൾക്ക് പ്രാധാന്യം നൽകി പോരുന്നുഎന്ന് പറയാവുന്നതാണ്. കൂടാതെ കൃഷിപണിയിൽ പുരുഷനോടൊപ്പം സ്ത്രീകളും തുല്യപങ്കാളികളാണ്. വീട്ടുജോലികളും കൃഷി പണിയും  മികവുറ്റ രീതിയിൽ കൈകാര്യം ചെയ്യുവാനുള്ള പ്രാപ്തി കുറിച്യൻ വിഭാഗത്തിലെ സ്ത്രീകൾക്കുണ്ട്.

മൺപാത്ര നിർമ്മാണത്തിലും, കരകൗശല നിർമ്മാണത്തിലും, മരപ്പണിയിലും പ്രാവീണ്യ മുള്ള ഗോത്രവിഭാഗമാണ് വെട്ടക്കുറുമൻ. ഊരാളിക്കുറുമ എന്ന പേരിലും ഇവർ അറിയപ്പെടു ന്നുണ്ട്. മൺപാത്ര നിർമ്മാണം പ്രധാനമായും ചെയ്യുന്നത് സ്ത്രീകളാണ്. കൂടാതെ മുളകൊ ണ്ടുള്ള കുട്ട നിർമ്മാണത്തിലും മുഖ്യപങ്ക് വഹിക്കുന്നത് സ്ത്രീകളാണ്. സ്ത്രീകൾക്ക് പങ്കാളി കളെ തെരഞ്ഞെടുക്കുവാനുള്ള സ്വാതന്ത്ര്യം അനുവദിച്ചു നൽകുന്നുവെങ്കിലും നിശ്ചയിക്കപ്പെട്ട കുലത്തിൽ നിന്നു മാത്രമേ പങ്കാളിയെ തെരഞ്ഞെടുക്കുവാൻ പാടുള്ളൂ എന്നത് സമുദായ നിയമ മാണ്. പ്രത്യേക ദുർബല ഗോത്ര വിഭാഗത്തിൽപ്പെടുന്നവരാണ് കാട്ടുനായിക്കൻ. 'കാടിന്റെ നായ കൻ' എന്നർത്ഥത്തിലാണ് ഈ വിഭാഗത്തിന് പേര് ലഭിച്ചിരിക്കുന്നത്. പനമരം പഞ്ചായത്തിലെ മുക്രമൂല സങ്കേതത്തിൽ നിന്നുമാണ് കാട്ടുനായിക്കൻ വിഭാഗത്തിലെ സ്ത്രീകളെ പഠനത്തിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. ഗോത്ര വിഭാഗങ്ങളിൽ തന്നെ ഏറ്റവും പിന്നോക്കം നിൽക്കുന്ന ജനത യാണ് പ്രത്യേകദുർബലഗോത്ര വിഭാഗത്തിലുൾപ്പെട്ട കാട്ടുനായിക്കൻ. മുൻകാലങ്ങളിൽ പൂർണ്ണമായും കാടിനെ ആശ്രയിച്ചു പോരുന്നവരായിരുന്നു ഈ വിഭാഗം. സ്ത്രീകളും പുരുഷ നോടൊപ്പം തന്നെ വനവിഭവ ശേഖരണത്തിലും മറ്റും പങ്കാളികളാകാറുണ്ടായിരുന്നു.വധുപണ സമ്പ്രദായം നിലനിന്നിരുന്നുവെങ്കിലും പങ്കാളികളെ തിരെഞ്ഞെടുക്കാനുള്ള സ്വാതന്ത്ര്യം സ്ത്രീകൾക്കുണ്ടായിരുന്നില്ല.

പണിയൻ എന്നാൽ പണിയെടുക്കുന്നവർ എന്നാണർത്ഥം. ഭൂവുടമകളുടേയും, ജന്മിമാരു ടേയും വയലുകളിൽ പണിയെടുത്തിരുന്ന ഒരു വിഭാഗം എന്നുള്ള നിലയിൽ പണിയ വിഭാഗ ത്തിലെ സ്ത്രീകളും സാമൂഹിക- സാമ്പത്തിക പരാധീനതകളിൽ ജീവിച്ച് പോരുന്നവരാണ്. ആയതിനാൽ തന്നെ കുടുംബശ്രീ എന്ന ദാരിദ്ര്യ നിർമ്മാർജ്ജന പ്രവർത്തനത്തിന് വളരെ പ്രസ ക്തിയുണ്ട്. കല്യാണം കഴിഞ്ഞാൽ പെണ്ണിന്റെ വീട്ടുകാർക്ക്  ആണ്ടുതോറും പണമോ നെല്ലോ കൊടുത്തു കൊള്ളണം എന്ന നിയമം മുമ്പുണ്ടായിരുന്നു. ഇതിന് മുടക്കം വരുത്തിയാൽ പെണ്ണിനെ തിരിച്ചു വിളിച്ചു കൊണ്ടു പോകാനുള്ള അവകാശവും പെണ്ണിന്റെ മാതാപിതാ ക്കൾക്കുണ്ടായിരുന്നു. വിവാഹം ഉറപ്പിച്ചു കഴിഞ്ഞാൽ ചെറുക്കൻ പെണ്ണിന് ചെലവിന് കൊടുക്ക ണമെന്നാണ് നിയമം. വിവാഹ ബന്ധം വേർപെടുത്തൽ അനുവദനീയമാണ്. പെണ്ണിന്റെ വീട്ടിൽ

നിന്ന് കിട്ടിയതൊക്കെ വിവാഹ മോചനം നടക്കുന്ന സമയം തിരികെ കൊടുക്കണം. സ്ത്രീ ഒരു ഭാരമല്ല മറിച്ച് ഒരു ധനം തന്നെയാണെന്നാണ് ഇത്തരം ചടങ്ങുകൾ തെളിയിക്കുന്നത്.

## സംഘാടന വൈഭവം

കുറിച്യൻ, മുള്ളുക്കുറുമൻ, വെട്ടക്കുറുമൻ സമുദായങ്ങളിലെ സ്ത്രീകൾക്ക് മികവുറ്റ രീതിയിൽ അയൽക്കൂട്ടങ്ങളെ സംഘടിപ്പിക്കുവാൻ സാധിക്കുന്നത് ഈ വിഭാഗങ്ങളിലെ സ്ത്രീകളിൽ സംഘാടകശേഷി വർദ്ധിപ്പിക്കുവാൻ കുടുംബശ്രീ പ്രസ്ഥാനത്തിന് സാധിച്ചിട്ടുണ്ട് എന്നതിന്റെ തെളിവാണ്. പണിയൻ, അടിയാൻ, കാട്ടുനായിക്കൻ, സമുദായങ്ങളിലെ സ്ത്രീകളുടെ സ്ഥിതി വ്യത്യസ്തമാണ്. ഇതിൽ പണിയൻ വിഭാഗത്തിലെ സ്ത്രീകളുടെ അവസ്ഥ എടുത്ത് പറയേണ്ടതാണ്. ഗോത്ര വിഭാഗങ്ങൾക്കിടയിലെ വളരെ പിന്നാക്കം നിൽക്കുന്ന ഒരു വിഭാഗമാണ് പണിയൻ. ജനസംഖ്യാനിരക്കിൽ ഏറ്റവും കൂടുതൽ പണിയൻ വിഭാഗം ആണെങ്കിലും സാമൂഹിക- സാമുദായിക വിവക്ഷകളിൽ ഈ വിഭാഗമിന്നും പുറം തട്ടിൽ തന്നെയാണ്. അമ്മാനി, നടുവിൽമുറ്റം, തുടങ്ങിയ പണിയൻ സങ്കേതങ്ങളിൽ നടത്തിയ മുഖ്യ വിവര ശേഖരണത്തിൽ നിന്നും മനസ്സിലാക്കുവാൻ സാധിച്ചിട്ടുള്ളതെന്തെന്നാൽ ഭൂരിഭാഗം  അയൽക്കൂട്ടങ്ങളും പ്രവർത്തന രഹിതമാണ് എന്നുള്ളതാണ്. ഇത്തരത്തിൽ വീഴ്ച സംഭവിക്കുന്നതിന് ഹേതുവായിട്ടുള്ള മൂന്ന് ഘടകങ്ങൾ പണിയർക്കിടയിലെ താഴ്ന്ന വിദ്യാഭ്യാസ നിലവാരം, കൂട്ടായ്മ ഇല്ലാത്ത അവസ്ഥ, പൊതു സമൂഹവുമായി സംവദിക്കുന്നതിനുള്ള വിമുഖത തുടങ്ങിയവയാണ്. വിദ്യാഭ്യാസം ഇല്ലാത്തതിനാൽ കുടുംബശ്രീ മിനുട്ട്സ് എഴുതുന്നതിന് സാധിക്കുന്നില്ല കൂടാതെ പൊതു ഇടങ്ങളിൽ ഒത്ത് ചേരുന്നതിനും അഭിപ്രായം രേഖപ്പെടുത്തുന്നതിനുമുള്ള പ്രാഗത്ഭ്യം പണിയ സ്ത്രീകൾക്കില്ല. സമുദായികമായി കൈമാറ്റം ചെയ്യപ്പെടുന്ന വിധേയത്വ മനോഭാവം ഇന്നും മനസാ പിന്തുടരുന്നുണ്ടെന്നതിന്റെ തെളിവാണ് അയൽക്കൂട്ട സംഘാടനത്തിലെ പാളിച്ചകൾക്ക് ഹേതുവായിട്ടുള്ളത്. കുടുംബശ്രീ ഉന്നത തല ഉദ്യോഗസ്ഥർ നൽകുന്ന നിർദ്ദേശങ്ങൾ ഉൾക്കൊള്ളാൻ പണിയരുടെ സാമൂഹിക കാഴ്ചപാടുകളും പൊതുവിൽ ഉള്ള ഭയവും അനുവദിക്കുന്നില്ല എന്നും പഠനത്തിൽ നിന്നും വ്യക്തമായിട്ടുണ്ട്.

## സാമ്പത്തിക മാറ്റം

അയൽക്കൂട്ട പ്രവർത്തനത്തിന്റെ അടിസ്ഥാന ഘടകങ്ങളിലൊന്നാണ് ത്രിഫ്റ്റ് സമാഹരണം. പ്രസ്തുത പഞ്ചായത്തിലെ ഗോത്രവനിതകളിൽ ഭൂരിഭാഗം അംഗങ്ങൾക്കും ത്രിഫ്റ്റ് കണ്ടെത്തുന്നതിന് പ്രയാസം അനുഭവപ്പെടുന്നുണ്ട്. കൂലി വേല കുറവായതിനാലും കാർഷിക വൃത്തി കുറഞ്ഞതും, തൊഴിലുറപ്പ് വേതനത്തിൽ കൃത്യതയില്ലാത്തതിനാലും ത്രിഫ്റ്റ് കണ്ടെത്തുവാൻ സാധിക്കുന്നില്ല. കൂടാതെ പണിയ സമുദായത്തെ സംബന്ധിച്ചിടത്തോളം അടിമകളാണെന്ന ബോധം അവർക്കിടയിൽ പൂർണ്ണമായും ഇല്ലാതായിട്ടില്ല. 'തന്റേത്' 'തന്റേടം' എന്ന രണ്ട് പ്രയോഗങ്ങളുടെ അർത്ഥവും വ്യാപ്തിയും പണിയ സ്ത്രീകൾക്ക് അറിയില്ല. ആയതിനാൽ തന്നെ തന്റേതായി എന്തെങ്കിലും മാറ്റി വെക്കണം എന്ന കാഴ്ചപ്പാട് ഈ വിഭാഗത്തിലെ സ്ത്രീകൾക്കില്ല.

ഇത്തരം മനോഭാവമില്ലാത്തതിനാലാണ് സമ്പാദ്യം എന്ന നിലയിൽ ത്രിഫ്റ്റ് തുകയ്ക്ക് വലിയ പ്രാധാന്യം പണിയ സ്ത്രീകൾ നൽകാത്തതെന്ന് അനുമാനിക്കാവുന്നതാണ്.

### നേതൃത്വപാടവം

പ്രസ്തുത പഞ്ചായത്തിലെ കുറിച്യർ, മുള്ളുക്കുറുമൻ, വെട്ടക്കുറുമൻ സമുദായങ്ങളിലെ സ്ത്രീകൾ വിദ്യാഭ്യാസപരമായും സാമൂഹികപരമായും ഉയർന്ന് നിൽക്കുന്നവരാണ്. അതിനാൽ തന്നെ നേതൃത്വശേഷിയും സംഘാടനവൈഭവവും ഈ സമുദായങ്ങളിൽ കൂടുതലാണ് എന്നാൽ കാട്ടുനായിക്കൻ, അടിയാൻ, പണിയൻ വിഭാഗങ്ങളിലെ സ്ത്രീകളിൽ നേതൃത്വശേഷിയും സംഘാടനശേഷിയും വളർത്തിയെടുക്കാൻ കുടുംബശ്രീ പ്രവർത്തനത്തിന് സാധിച്ചിട്ടില്ല. ഒരു വ്യക്തിയിൽ നേതൃത്വ ഗുണം വളർത്തുന്നതിൽ ആ വ്യക്തി ജീവിക്കുന്ന സാമൂഹിക അന്തരീക്ഷത്തിനും, കുടുംബ പശ്ചാത്തലത്തിനും വലിയ പങ്കുണ്ട്. മറ്റുള്ളവരുടെ വയലുകളിൽ, വീടുകളിൽ പണിയെടുക്കേണ്ടവരാണ് തങ്ങൾ എന്നുള്ള ബോധം ദൃഡമായിരിക്കുന്ന ഒരു വർഗ്ഗത്തിൽ നേതൃത്വം ഉയർന്ന് വരണമെങ്കിൽ പുറമെ നിന്നുള്ള വലിയ പ്രോത്സാഹനവും ഊർജ്ജവും നൽകേണ്ടതായുണ്ട്. ഈ ദിശയിലും ഊർജ്ജം പകർന്ന് നൽകുവാൻ കുടുംബശ്രീ സംഘാടന സംവിധാനത്തിന് സാധിക്കുന്നില്ല  എന്നതാണ് പഠനത്തിൽ നിന്നും മനസ്സിലായിട്ടുള്ളത്.

### കൂട്ടായ പ്രവർത്തനങ്ങൾ

സംഘകൃഷി, സംരംഭങ്ങൾ തുടങ്ങിയ കൂട്ടായ ഉദ്യമങ്ങൾ ഏറ്റെടുത്ത് നടത്തുന്നതിന് പ്രസ്തുത പഞ്ചായത്തിലെ സമുദായങ്ങൾക്കായിട്ടില്ല. ഭൂരിഭാഗം അംഗങ്ങളും, തൊഴിലുറപ്പ്, കൂലിപ്പണി തുടങ്ങിയ തൊഴിലുകളിൽ വ്യാപൃതരായിരുന്നതിനാൽ കുടുംബശ്രീ നേതൃത്വത്തിൽ ഈ ദിശയിലുള്ള മുന്നേറ്റം ഉണ്ടാക്കുവാൻ സാധിച്ചിട്ടില്ല.

### സാമൂഹിക മാറ്റം

പ്രസ്തുത പഞ്ചായത്തിലെ ഗോത്രവനിതകളിൽ കാട്ടുനായിക്കൻ, പണിയൻ സമുദായങ്ങളൊഴികെ സാമൂഹികമാറ്റം പ്രകടമായിട്ടുണ്ട്. മേൽപറഞ്ഞ സമുദായങ്ങളിലെ സ്ത്രീകളിൽ സാമൂഹിക കാഴ്ചപാടുണ്ടാകുന്നതിന് കുടുംബശ്രീ പ്രസ്ഥാനത്തിന് സാധിച്ചിട്ടില്ല. എന്നാൽ പണിയൻസമുദായത്തിന്റെ സ്ഥിതി പരിശോധിക്കുകയാണെങ്കിൽ പണിയർ എന്ന വാക്കിന്റെ അർത്ഥമായി പറയുന്നത് ‘പണി എടുക്കുന്നവർ’ എന്നാണ്.  മുൻ കാലങ്ങളിൽ അടിമ പണി ചെയ്തിരുന്ന ഈ വിഭാഗം ഇപ്പോൾ കൃഷിപ്പണി, കൂലിപ്പണി തുടങ്ങിയ മേഖലകളിലേക്ക് മാറിയിട്ടുണ്ട്. പൊതു സമൂഹവുമായി ഇടപെടാനും സംസാരിക്കുവാനും പണിയൻ സ്ത്രീകൾ തയ്യാറാവുന്നത് മാറ്റത്തിന്റെ ദിശാസൂചകമാണ്. എന്നിരുന്നാലും വലിയ തോതിലുള്ള മാറ്റം ഈ വിഭാഗത്തിൽ ദൃശ്യമല്ല.

## രാഷ്ട്രീയ ബോധ നിലവാരത്തിൽ വന്നിട്ടുള്ള മാറ്റം

പ്രസ്തുത പഞ്ചായത്തിലെ ഗോത്രവനിതകളിൽ രാഷ്ട്രീയപരമായ മാറ്റം പ്രകടമല്ല. ഭൂരിഭാഗം വനിതകളും രാഷ്ട്രീയത്തോട് താൽപര്യമില്ല എന്ന അഭിപ്രായമാണ് രേഖപ്പെടുത്തിയിട്ടുള്ളത്. കുടുംബശ്രീ പ്രവർത്തന ഫലമായി പനമരം പഞ്ചായത്തിലെ ഗോത്രവനിതകളിൽ രാഷ്ട്രീയപരമായ കാഴ്ചപാടുകൾ പ്രകടമായിട്ടില്ല എന്നതാണ് മനസ്സിലാകുന്നത്.

പനമരം പഞ്ചായത്തിലെ ഗോത്രവനിതകളിൽ കുറിച്യൻ, വെട്ടക്കുറുമൻ, മുള്ളുക്കുറുമൻ സമുദായങ്ങളിൽ മാറ്റമുണ്ടാക്കുവാൻ കുടുംബശ്രീ പ്രസ്ഥാനത്തിന് സാധിച്ചിട്ടുണ്ട്. ഇതര ഗോത്രവിഭാഗങ്ങളുമായി താരതമ്യം ചെയ്യുമ്പോൾ മെച്ചപ്പെട്ട ജീവിത സാഹചര്യമുള്ളവരാണ് മേൽപറഞ്ഞ വിഭാഗങ്ങൾ ആയതിനാൽ തന്നെയും കുടുംബശ്രീ പ്രവർത്തനത്തോട് അനുകൂല കാഴ്ചപാടാണ് ഈ വിഭാഗങ്ങൾക്കിടയിലുള്ളത് എന്നാൽ പണിയൻ, കാട്ടുനായിക്കൻ, അടിയൻ വിഭാഗങ്ങളിൽ യാതൊരുവിധ സ്വാധീനവും ചെലുത്തുവാൻ കുടുംബശ്രീ പ്രസ്ഥാനത്തിന് സാധിച്ചിട്ടില്ല.

## തിരുനെല്ലി പഞ്ചായത്ത്

തിരുനെല്ലി പഞ്ചായത്തിൽ നിന്നും അടിയാൻ, വെട്ടക്കുറുമൻ ,പണിയൻ, കുറിച്യൻ, കാട്ടുനായിക്കൻ,  സമുദായങ്ങളിൽപ്പെട്ട കുടുംബശ്രീ പ്രവർത്തകരെയാണ് പഠന വിധേയമാക്കിയിട്ടുള്ളത്. വയനാട്ടിലെ ജന്മിമാരുടേയും ഭൂവുടമകളുടേയും അടിമകളായിരുന്നു അടിയാൻ വിഭാഗം. ആയതിനാൽ തന്നെയും ഈ വിഭാഗത്തിലെ സ്ത്രീകളുടെ പദവി താഴെ നിലയിലായിരുന്നുവെന്നത് എടുത്ത് പറയേണ്ടതില്ല. പുരുഷന്മാരോടൊപ്പം സ്ത്രീകളും വയലുകളിൽ ജോലി ചെയ്തിരുന്നു. പങ്കാളികളെ തെരഞ്ഞെടുക്കുന്നതിന് അടിയാൻ സ്ത്രീകൾക്ക് സ്വാതന്ത്ര്യം ഉണ്ടായിരുന്നുവെന്നതും, വധുപണം നിലവിലുണ്ടായിരുന്നുവെന്നതും കുറച്ചു കൂടി മെച്ചപ്പെട്ട പദവി സ്ത്രീകൾക്ക് ലഭിച്ചിരുന്നു എന്നതിന് അടിസ്ഥാനമായി പരിഗണിക്കാവുന്നതാണ്. എന്നിരുന്നാലും ഇതര വിഭാഗങ്ങളുമായി താരതമ്യം ചെയ്യുമ്പോൾ, അടിയാൻ വിഭാഗത്തിലെ സ്ത്രീകൾ സാമ്പത്തികമായും സാമൂഹികമായും പിന്നോക്കം നിന്നിരുന്നവരാണ് എന്നതാണ് മുൻ പഠനങ്ങളിൽ നിന്നും മനസ്സിലാക്കാൻ സാധിക്കുന്നത് അടിയാത്തികൾ എന്നാണ് അടിയ സമുദായത്തിലെ സ്ത്രീകളെ അറിയപ്പെട്ടിരുന്നത്. പിതൃദായക ക്രമം പിന്തുടരുന്ന ഈ വിഭാഗത്തിൽ അധികാര കേന്ദ്രം പുരുഷനാണ്. തീരുമാനങ്ങൾ എടുക്കുന്നതും നിയന്ത്രിക്കുന്നതും സമുദായത്തിലെ പുരുഷന്മാർ തന്നെയാണ്. നിരവധിയായകലാരൂപങ്ങളായ ആട്ടവും പാട്ടും സ്വന്തമായുള്ള അടിയ സമുദായത്തി നൃത്താവതരണത്തിൽ സ്ത്രീകൾ പങ്കാളികളാകുന്നില്ല. മറിച്ച് സംഘമായി പാടുന്ന പാട്ടുകളിൽ മാത്രമാണ് സ്ത്രീകൾ പങ്കെടുക്കുന്നത്. ഋതുമതിയായതിനു ശേഷമാണ് വിവാഹം നടത്തുന്നത്. വധൂവരന്മാരുടെ മാതാപിതാക്കൾ ഒരുമിച്ച് ചേർന്ന് ചർച്ച ചെയ്താണ് വിവാഹം തീരുമാനിക്കുന്നത്. പങ്കാളിയെ തിരഞ്ഞെടുക്കുന്നതിനുള്ള സ്വാതന്ത്ര്യം സ്ത്രീകൾക്ക് നൽകുന്നില്ല. എന്നാൽ വിധവകൾക്കും വിവാഹബന്ധം വേർ പിരിഞ്ഞവർക്കും പുനർ വിവാഹത്തിന് അനുമതി നൽകുന്നുണ്ട്.

അടിയ സമുദായമല്ലാത്തവരെ വിവാഹം കഴിക്കുക, മുറപ്പെണ്ണിനെ വിവാഹം കഴിക്കുക, ഭർത്താവ് മരിച്ചാൽ അടുത്ത ബന്ധുവിനെ വിവാഹം കഴിക്കുക എന്നിവ സമുദായം അംഗീകരിക്കുന്നില്ല. ഋതുമതി ആയാൽ പെൺകുട്ടികൾക്ക് ചില നിരോധനങ്ങൾ ഉണ്ടെങ്കിലും പ്രത്യേകമായി മാറ്റി നിർത്തുന്ന രീതി അടിയാൻ സമുദായത്തിൽ കാണുന്നില്ല. മറ്റ് സമുദായങ്ങളിൽ വാലായ്മയുള്ള സമയങ്ങളിൽ താമസിക്കുന്നതിന് പ്രത്യേക സംവിധാനങ്ങൾ ഉണ്ടാവുന്നതാണ്. എന്നാൽ ആ രീതി യിലും ഒഴിച്ച് നിർത്തൽ അടിയ സമുദായത്തിലില്ല. പുരുഷനോടൊപ്പം തന്നെ സ്ത്രീകളും തൊഴി ലിൽ പങ്കാളികളാകുന്നുണ്ട്. കൃഷി പണികൾ, ഇതര കൂലി വേലകൾ എന്നിങ്ങനെ സ്ത്രീകൾ വ്യത്യസ്ത തൊഴിൽ മേഖലകളിൽ വ്യാപൃതരാവുന്നുണ്ട്.'വെള്ളമുണ്ട് ഇട്ടവരെ കണ്ടാൽ മ്മള് ഓടുമായിരുന്നു' അടിയാൻ സമുദായം അധിവസിക്കുന്ന ഉണ്ണിയാംമ്പറമ്പ് സങ്കേതത്തിലെ കുടും ബശ്രീ പ്രവർത്തകരുടെ അഭിപ്രായമാണിത്.പുറത്ത് നിന്നുള്ള, നല്ല വസ്ത്രം ധരിച്ചിട്ടുള്ളവരെ കണ്ടാൽ ഭയന്ന് ഒളിച്ചിരുന്ന ഇന്നലെകൾ അടിയാന്മാർക്കുണ്ടായിരുന്നു. എന്നാൽ കാലാനുസൃത മായി പുരോഗതി അടിയാൻ സമുദായത്തിലെ സ്ത്രീകൾക്കും പ്രകടമായിട്ടുണ്ട്. വസ്ത്രധാരണം, ഭാഷ, വിദ്യാഭ്യാസ നിലവാരം എന്നിവയിൽ കാര്യമായ മാറ്റമുണ്ടായിട്ടുണ്ട്.സാമൂഹികമായും സാമ്പത്തികമായും ഏറെ പിന്നിൽ നിൽക്കുന്ന ഒരു വിഭാഗം എന്നുള്ള നിലയിൽ കുടുംബശ്രീ എന്ന സ്ത്രീ ശാക്തീകരണ ദാരിദ്ര്യ ലഘൂകരണ പദ്ധതിയുടെ പ്രാധാന്യം ഏറെയാണ്.

## സംഘാടന വൈഭവം

അടിയാൻ, കുറിച്യൻ, വെട്ടക്കുറുമൻ, പണിയൻ സ്ത്രീകൾ അംഗങ്ങളായുള്ള അയൽക്കൂ ട്ടങ്ങൾ താരതമ്യേന മികവുറ്റ രീതിയിൽ പ്രവർത്തിക്കുന്നുണ്ട്. കൃത്യമായി യോഗം വിളിച്ചു ചേർക്കുന്നതിന് സാധിക്കുന്നുവെങ്കിലും മറ്റ് ഗോത്ര മേഖലയിലെ അയൽക്കൂട്ടാംഗങ്ങൾക്ക് സമാന മായി ത്രിഫ്റ്റ് നിക്ഷേപം കൃത്യമായി നടത്തുവാൻ അംഗങ്ങൾക്ക് സാധിക്കുന്നില്ല. തൊഴിലുറപ്പ് വേതനം വൈകുന്നതും, ഇതര ജോലികൾ ലഭ്യമാകാത്തതിനാലും ത്രിഫ്റ്റ് വെയ്ക്കുന്നതിനുള്ള പണം കണ്ടെത്തുന്നതിന് അംഗങ്ങൾക്ക് സാധിക്കുന്നില്ല. എ.ഡി.എസ്, സി.ഡി.എസ് വിളിച്ച് കൂട്ടുന്ന യോഗങ്ങളിലും ഇതര പൊതു പരിപാടികളും അടിയാൻ കുറിച്യൻ, വെട്ടക്കുറുമൻ, പണിയ വിഭാഗത്തിലെ സ്ത്രീകൾ പ്രാതിനിധ്യമുറപ്പിക്കുന്നുവെന്നത് മാറ്റത്തിന്റെ സൂചികയാണ്. കാട്ടുനായിക്കൻ സമുദായം അധിവസിക്കുന്ന നാല് സങ്കേതങ്ങൾ പഠനത്തിൽ ഉൾപ്പെട്ടിട്ടുണ്ട്. ഇതിൽ ഭൂരിഭാഗം അയൽക്കൂട്ടങ്ങളും നിശ്ചലമായ അവസ്ഥയിലാണ്. മക്കേരി, മുക്രമൂല സങ്കേത ങ്ങളിൽ അൽപം മെച്ചപ്പെട്ട പ്രവർത്തനം നടന്നുവെങ്കിലും പൂർണ്ണമായും മികവുള്ള രീതിയിൽ പ്രവർത്തിക്കുന്നുവെന്ന് പറയുവാൻ സാധിക്കില്ല. പല അയൽക്കൂട്ടങ്ങളും രൂപീകരിക്കപ്പെട്ടുവെ ങ്കിലും പ്രവർത്തനം പാതി വഴിയിൽ നിശ്ചലമാകുന്ന സ്ഥിതിയാണുണ്ടായിട്ടുള്ളത്. മക്കേരി സങ്കേ തത്തിലെ കാട്ടുനായിക്കൻ സ്ത്രീകൾ കുടുംബശ്രീ പ്രവർത്തനത്തിൽ താൽപര്യം കാണിക്കുന്നതാ യാണ് ഫീൽഡ് സർവ്വേയിൽ നിന്നും മനസ്സിലാക്കുവാൻ സാധിച്ചിട്ടുള്ളത്. എന്നാൽ ഇതര കാട്ടു നായിക്കൻ സങ്കേതങ്ങളിലുള്ളവർ കുടുംബശ്രീ പ്രവർത്തനത്തിൽ സജീവമാകുന്നതിന് യാതൊരു വിധ താൽപര്യവും ഇല്ലാത്തവരാണ്.അടിയ സ്ത്രീകൾ അംഗമായുള്ള കുടുംബശ്രീ അയൽക്കൂട്ട

ങ്ങളിൽ ഭൂരിഭാഗവും കൃത്യമായി യോഗം ചേരുകയും പ്രവർത്തനങ്ങൾ നടത്തുകയും ചെയ്യുന്നു ണ്ട്. ഇതിൽ തന്നെ ദൃശ്യമായിട്ടുള്ള മറ്റൊരു വസ്തുത എന്തെന്നാൽ പൊതു വിഭാഗവുമായി കൂടു തൽ ഇടപഴകുന്ന, തിരുനെല്ലി അമ്പലത്തിനടുത്തുള്ള രണ്ട് സങ്കേതങ്ങളിലെ അടിയാൻ അയൽക്കൂ ട്ടങ്ങൾ ഒന്നു കൂടി മികച്ച പ്രവർത്തനം കാഴ്ച വെക്കുന്നു എന്നതാണ്.കുടുംബശ്രീ അയൽക്കൂട്ടം എന്ന നിലയിൽ പ്രഥമികമായ കർത്തവ്യങ്ങൾ ചെയ്യുന്നുണ്ടെങ്കിലും പ്രവർത്തന വിപുലീകരണ ങ്ങൾ ഈ അയൽക്കൂട്ടങ്ങളിൽ നടക്കുന്നില്ല.പഠനം നടത്തിയ അയൽക്കൂട്ടങ്ങളിൽ ഒരംഗം എങ്കിലും പത്താം ക്ലാസ്സ് യോഗ്യതയുള്ളവരായിട്ടുണ്ട്. കൂടാതെ അടിയാൻ സമുദായം ഒറ്റയ്ക്ക ല്ലാതെ മറ്റ് വിഭാഗങ്ങളുമായി ചേർന്ന് കൊണ്ട് സംഘടിപ്പിച്ചിട്ടുള്ള അയൽക്കൂട്ടങ്ങളുണ്ട്. ആകെ യുള്ള വിലയിരുത്തലിൽ നിന്നും മനസ്സിലാക്കുവാൻ സാധിച്ചിട്ടുള്ളത് എന്തെന്നാൽ അയൽക്കൂട്ട പ്രവർത്തനങ്ങളുടെ വിജയത്തിന് വിദ്യാഭ്യാസം അനിവാര്യമായ ഒരു ഘടകമാണെന്നാണ്. ഒരേ വിഭാഗങ്ങളിൽ നിന്നുമല്ലാതെ ഒന്നിലധികം വിഭാഗങ്ങൾ സംയോജിപ്പിച്ച് രൂപീകരിച്ച അയൽക്കൂട്ട ങ്ങൾ മികച്ച രീതിയിൽ പ്രവർത്തനങ്ങൾ കാഴ്ച വയ്ക്കുന്നു എന്നതും പഠനത്തിൽ നിന്നും വ്യക്ത മായിട്ടുണ്ട്.

## സാമ്പത്തിക മാറ്റം

അടിയാൻ, കുറിച്യൻ, വെട്ടക്കുറുമൻ, പണിയൻ അയൽക്കൂട്ടങ്ങൾ ത്രിഫ്റ്റ് സ്വരൂപിക്കുന്നതിലും ബാങ്കിൽ നിക്ഷേപിക്കുന്നതിലും കൃത്യത കാണിക്കുന്നുണ്ട്. കുടുംബശ്രീ ആന്തരിക വായ്പകൾ ഏറെ സഹായകരമാകുന്നുണ്ട് എന്ന അഭിപ്രായമാണ് പഠനത്തിൽ നിന്നും ലഭിച്ചിട്ടുള്ളത്. എന്നാൽ സംരംഭങ്ങൾ തുടങ്ങുന്നതിനാവശ്യമായ പ്രോത്സാഹനങ്ങളോ സഹായങ്ങളോ കുടും ബശ്രീ മിഷന്റെ ഭാഗത്ത് നിന്നും ഉണ്ടായിട്ടില്ല. ഗോത്രവിഭാഗങ്ങളിൽ സാമ്പത്തികമായും സാമൂ ഹികമായും പിന്നിൽ നിൽക്കുന്ന സമുദായം എന്ന നിലയിൽ കുടുംബശ്രീ പ്രസ്ഥാനം മികച്ച മേൽനോട്ടം വഹിക്കേണ്ടത് കാട്ടുനായിക്കൻ വിഭാഗത്തിലാണ്. എന്നാൽ കുടുംബശ്രീയുടെ വിജ യഗാഥകളെപ്പറ്റി ചർച്ച ചെയ്യുന്ന വേദികളിലേക്ക് കടന്നുവരാത്തവരായി പട്ടികവർഗ്ഗ മേഖലയിലെ ചില വിഭാഗങ്ങൾ നിലനിൽക്കുന്നുവെന്നതാണ് യാഥാർത്ഥ്യം. കടുത്ത തൊഴിലില്ലായ്മയും ദാരി ദ്ര്യവും നേരിടുന്നവരാണ് താഴെവെള്ളറ കാട്ടുനായിക്കൻ കോളനിയിൽ അധിവസിക്കുന്നവർ. നിരവധിയായ അടിസ്ഥാന സൗകര്യ വികസന പരിപാടികൾ നടപ്പിലാക്കുന്നുവെങ്കിലും ഈ സ ങ്കേതത്തിലെ ഭൂരിഭാഗത്തിനും സൗകര്യമുള്ള വീടോ, കുടിവെള്ള സൗകര്യമോ ഇല്ല എന്നത് ഇവി ടുത്തുകാർ എത്രമാത്രം സാമ്പത്തിക പിന്നോക്കാവസ്ഥയിലാണെന്നതിന്റെ തെളിവാണ്. ശാക്തീക രണ പ്രക്രിയയിൽ സാമ്പത്തിക ശാക്തീകരണം പ്രാധാന്യമേറുന്നതാണെന്നിരിക്കെ ഈ സങ്കേത ത്തിലെ കുടുംബശ്രീ പ്രവർത്തകരെ കൂട്ടി യോജിപ്പിച്ച് അയൽക്കൂട്ടങ്ങൾ പുനസംഘടിപ്പിക്കേണ്ട തായുണ്ട്.

ബാങ്കുകളിൽ പോയി പണമിടപാടുകൾ നടത്തുന്നതിനും ആഴ്ച സമാഹരണം ബാങ്കിൽ നിക്ഷേപിക്കുന്നതിനും തയ്യാറാവുന്നതിലൂടെ സ്ത്രീ ശാക്തീകറണ പദ്ധതികളുടെ മുഖ്യലക്ഷ്യങ്ങ ളിലൊന്നായ, സ്ത്രീകൾക്ക് ബാങ്കുമായുള്ള ക്രയവിക്രയ സുതാര്യത ഉറപ്പാക്കുക എന്ന ലക്ഷ്യം ചെറിയ തോതിലെങ്കിലും സാക്ഷാത്കരിക്കാൻ കാട്ടുനായിക്കൻ വിഭാഗത്തിലൊഴികെ മറ്റ് സമുദാ

യങ്ങളിൽ സാധിച്ചുവെന്ന് പറയാം. എന്നാൽ സംരംഭങ്ങളൊന്നും തന്നെ ആരംഭിക്കാത്തതിനാൽ സാമ്പത്തികമായി ഉന്നമനം നേടുവാൻ ഈ പഞ്ചായത്തിലെ ഗോത്രസ്ത്രീകൾക്ക് സാധിച്ചിട്ടില്ല. എന്നിരുന്നാലും അടിയന്തരാവശ്യങ്ങൾക്ക് അയൽക്കൂട്ടത്തെ സമീപിക്കാൻ കഴിയുന്നു എന്നത് വളരെയേറെ ആശ്വാസകരമാണ്.

### നേതൃത്വ പാടവം

മുൻകാലങ്ങളിൽ നിന്നും വ്യത്യസ്തമായി അടിയാൻ, കുറിച്യൻ, വെട്ടക്കുറുമൻ, സമുദായ ങ്ങളിലെ സ്ത്രീകളിൽ നേതൃത്വ ശേഷിയും സംഘാടനാപാടവവും വർദ്ധിച്ചിട്ടുണ്ട്. എന്നാൽ ഇവി ടുത്തുകാർക്ക് ആവശ്യമായ നേതൃത്വ പരിശീലനമോ നൈപുണ്യ ശേഷി വികസന പരിശീല നമോ ലഭിച്ചിട്ടില്ല. മക്കേരി, കാട്ടുനായിക്കൻ സങ്കേതത്തിലെ ഗോത്ര വനിതകൾക്ക് നേരിയ തോതിലുള്ള നേതൃത്വ ശക്തി കൈവന്നിട്ടുണ്ട്. അഭിപ്രായങ്ങൾ തുറന്നു പറയാൻ പലരും തയ്യാ റായി എന്നത് മികച്ച മാറ്റമായി പരിഗണിക്കാവുന്നതാണ്. എന്നാൽ ഈയൊരു മാറ്റം ചെറിയൊരു ശതമാനത്തിൽ മാത്രമാണ് ദൃശ്യമായിട്ടുള്ളത്. ഭൂരിഭാഗം പേരും യാതൊരു വിധ വ്യക്തി വികസ നവും നേതൃത്വ പാടവവും കൈവരിക്കുവാൻ സാധിക്കാത്തവരാണ്. ഫീൽഡ് സർവ്വെയുടെ ഭാഗ മായി സങ്കേതങ്ങൾ സന്ദർശിച്ചപ്പോൾ ആശയ വിനിമയം നടത്തുവാനോ, അഭിപ്രായങ്ങൾ രേഖ പ്പെടുത്തുവാനോ പലരും തയ്യാറായിട്ടില്ല എന്നത് പരിശോധിക്കപ്പെടേണ്ടതാണ്. നിരവധി വിക സന-സ്ത്രീ ശാക്തീകരണ പദ്ധതികൾ നടപ്പിലാക്കപ്പെട്ടുവെങ്കിലും കാട്ടുനായിക്കൻ വിഭാഗ ത്തിലെ വനിതകളിൽ യാതൊരു വിധ മാറ്റവും ഉണ്ടാക്കുവാൻ കുടുംബശ്രീ പ്രസ്ഥാനത്തിന് സാധിച്ചിട്ടില്ല എന്നതാണ് പഠനം കണ്ടെത്തിയിട്ടുള്ളത്. കുറിച്യൻ, അടിയാൻ വെട്ടക്കുറുമൻ സമു ദായങ്ങളിലെ വനിതകളിൽ കുടുംബശ്രീ പ്രസ്ഥാനത്തിന്റെ സ്വാധീനം നല്ല രീതിയിൽ പ്രകടമായി ട്ടുണ്ട്. അയൽക്കൂട്ടങ്ങൾ വിളിച്ചു ചേർക്കുന്നതിനും പ്രവർത്തനങ്ങളെ ഏകോപിപ്പിക്കുന്നതിനുള്ള പ്രാപ്തി മേൽപറഞ്ഞ സമുദായങ്ങളിലെ സ്ത്രീകളിൽ പ്രകടമായിട്ടുണ്ട് എന്നതാണ് മനസ്സിലാ ക്കാൻ സാധിച്ചിട്ടുള്ളത്. എന്നാൽ കാട്ടുനായിക്കൻ വിഭാഗത്തിലെ സ്ത്രീകളിൽ യാതൊരുവിധ സ്വാധീനവും ചെലുത്തുവാൻ കുടുംബശ്രീയ്ക്ക് സാധിച്ചിട്ടില്ല എന്നത് പരിശോധിക്കപ്പെടണം. പ്രസ്തുത പഞ്ചായത്തിലെ പണിയൻ വിഭാഗത്തിലെ വനിതകളിൽ നേരിയ തോതിലുള്ള മാറ്റമു ണ്ടാക്കുവാൻ കുടുംബശ്രീ പ്രസ്ഥാനത്തിന് കഴിഞ്ഞുവെന്നത് ആശാവഹമാണ്.

### കൂട്ടായ പ്രവർത്തനങ്ങൾ

ഫീൽഡ് സർവ്വേയുടെ ഭാഗമായി സങ്കേതങ്ങൾ സന്ദർശിച്ചപ്പോൾ അടിയാൻ, കുറിച്യൻ, വെട്ടക്കുറുമൻ, പണിയൻ സമുദായ സ്ത്രീകൾ അംഗമായിട്ടുള്ള അയൽക്കൂട്ടങ്ങളിൽ മികച്ച രീതി യിലുള്ള കൂട്ടായ്മയും സംഘബോധവും ദൃശ്യമായിട്ടുണ്ട്. എന്നാൽ ഈ കൂട്ടായ്മയ്ക്ക് പരിശീല നങ്ങൾ നൽകുക വഴി സംരഭകത്വത്തിലേയ്ക്ക് നയിക്കുവാൻ കുടുംബശ്രീ നേതൃത്വത്തിന് സാധി ച്ചിട്ടില്ല. തിരുനെല്ലി പഞ്ചായത്തിൽ ഏറ്റവും കൂടുതലായുള്ളത് അടിയ വിഭാഗമാണ്. എന്നാൽ ഈ വിഭാഗത്തിന്റെ പ്രവർത്തന ശേഷിയും, സംഘാടനമികവും വിലയിരുത്തി സംരംഭങ്ങൾ ആരംഭി ച്ചിട്ടില്ല. സംഘകൃഷി ചെയ്യുവാനുള്ള സാധ്യതകൾ തിരുനെല്ലി പഞ്ചായത്തിൽ കൂടുതലായുണ്ട്.

എന്നാൽ ഈ സാധ്യതകൾ കണ്ടെത്തി സംഘകൃഷി യൂണിറ്റുകൾ ആരംഭിക്കുന്നതിന് കുടുംബശ്രീ സി.ഡി.എസുകൾ മുൻകൈ എടുക്കേണ്ടതുണ്ട്. കുടുംബശ്രീ പ്രസ്ഥാനത്തിന്റെ ലക്ഷ്യപ്രാപ്തിക്ക് സംഘകൃഷിയും സംരംഭങ്ങളും വഴിയുള്ള സാമ്പത്തിക ഉന്നമനം മുഖ്യ ഘടകമാണ്. കാട്ടുനായിക്കൻ സമുദായത്തിലെ സ്ത്രീകൾ അംഗമായിട്ടുള്ള അയൽക്കൂട്ടങ്ങളിലൊന്നും സംരംഭങ്ങളോ സംഘകൃഷിയോ ആരംഭിച്ചിട്ടില്ല. നേതൃത്വ പരിശീലനവും, നൈപുണ്യ വികസന പരിശീലനവും നൽകി ഇത്തരം കൂട്ടായ ഉദ്യമങ്ങൾ വികസിപ്പിക്കേണ്ടതായുണ്ട്. സംഘകൃഷി,സംരംഭങ്ങൾ എന്നിവയിലൂടെ സ്ത്രീകൾ നേതൃത്വ ശേഷിയും സംഘാടനവൈഭവവുമുള്ളതായി മാറ്റപ്പെടുന്നു എന്ന കാഴ്ചപ്പാടാണ് കുടുംബശ്രീയ്ക്കുള്ളത്. പ്രസ്തുത പഞ്ചായത്തിലെ ഗോത്രവനിതകളെ ഇത്തരത്തിൽ ഉയർത്തികൊണ്ട് വരേണ്ടതുണ്ട്.

### സാമൂഹിക മാറ്റം

തിരുനെല്ലി പഞ്ചായത്തിൽ 23.07 % കാട്ടുനായിക്കൻ സ്ത്രീകൾക്കാണ് കുടുംബശ്രീ മുഖേന സാമൂഹിക മാറ്റമുണ്ടായിട്ടുള്ളത്. പനമരം പഞ്ചായത്തിൽ 19.4 % പേര് സാമൂഹിക ശാക്തീകരണം കൈവരിച്ചിട്ടുണ്ട്. ഈയൊരു ശതമാന കണക്ക് ഇതര വിഭാഗങ്ങളുമായി താരതമ്യം ചെയ്യുമ്പോൾ വളരെ താഴെയാണ്. കാട്ടുനായിക്കൻ വിഭാഗത്തിലെ ഭൂരിഭാഗം വനിതകൾക്കും യാതൊരുവിധ സാമൂഹിക മാറ്റവുമുണ്ടായിട്ടില്ല എന്നാണ് മനസ്സിലാക്കുവാൻ സാധിച്ചിട്ടുള്ളത്. അടിമകളായി ജീവിതം നയിച്ചിരുന്ന ജനതയായിരുന്നു അടിയാൻ. സാമൂഹികമായി വളരെ പിന്നോക്കം നിൽക്കുന്ന ഈ വിഭാഗത്തിലിപ്പോൾ കാര്യമായ മാറ്റം പ്രകടമാകുന്നുണ്ട്. കുടുംബശ്രീ അയൽക്കൂട്ടങ്ങൾ സംഘടിപ്പിക്കുന്നതിലൂടെ മികച്ച സംഘാടകരായി മാറുന്നതിനും, പൊതു പരിപാടികളിൽ പങ്കാളികളായി ഇതര സമുദായങ്ങളുമായി സാമൂഹിക ബന്ധമുണ്ടാക്കുന്നതിനും സാധിച്ചിട്ടുണ്ട്. സമൂഹത്തിലെ ചില വിഭാഗങ്ങളിൽ നിന്നും അടിയാന്മാരോടുള്ള അയിത്തം നില നിൽക്കുന്നുണ്ടെന്നതാണ് അംഗങ്ങൾ അഭിപ്രായപ്പെട്ടത്. അടിയരെ കൂടാതെ കുറിച്യൻ, വെട്ടക്കുറുമൻ സമുദായങ്ങളിലെ വനിതകളും സാമൂഹികമായി വളറെയേറെ മുന്നേറിയിരിക്കുന്നു. കൂടാതെ പണിയൻ വിഭാഗത്തിലും നേരിയ തോതിലുള്ള മാറ്റം പ്രകടമായിട്ടുണ്ട്. എന്നാൽ കാട്ടുനായിക്കൻ സമുദായത്തിലെ സ്ത്രീകളിൽ മാറ്റം ഉണ്ടാക്കുവാൻ കുടുംബശ്രീ പ്രസ്ഥാനത്തിന് സാധിച്ചിട്ടില്ല എന്നതാണ് പഠനത്തിന്റെ വിലയിരുത്തൽ.

### രാഷ്ട്രീയ ബോധ നിലവാരത്തിൽ വന്നിട്ടുള്ള മാറ്റം

സാമൂഹിക പരിവർത്തനം ഒരു പരിധി വരെ കൈവരിച്ചുവെങ്കിലും രാഷ്ട്രീയ ശാക്തീകരണം അടിയാൻ, കുറിച്യൻ, വെട്ടക്കുറുമൻ, പണിയൻവിഭാഗങ്ങളിൽ ഉണ്ടായിട്ടില്ല. രാഷ്ട്രീയ പ്രവർത്തനം താൽപര്യമില്ല എന്നാണ് ഭൂരിഭാഗവും അഭിപ്രായപ്പെട്ടിട്ടുള്ളത്. അടിയ വിഭാഗത്തിൽ നിന്നുള്ള ഒരംഗം സജീവ രാഷ്ട്രീയ പ്രവർത്തകയാണെന്നും രാഷ്ട്രീയ പാർട്ടിയുടെ ഉന്നത സ്ഥാനത്തിരിക്കുന്നുവെന്നതും എടുത്ത് പറയേണ്ടതാണ്. സാമൂഹികമായും സാമ്പത്തികമായും ഏറ്റവും പുറകിൽ നിൽക്കുന്ന ഒരു വിഭാഗം ആണെന്നിരിക്കെ രാഷ്ട്രീയപരമായ ശാക്തീകരണവും കാട്ടുനായിക്ക വനിതകളിൽ നടന്നിട്ടില്ല.

തിരുനെല്ലി പഞ്ചായത്തിൽ നടത്തിയ പഠനത്തിൽ നിന്നും കുടുംബശ്രീ പ്രവർത്തനത്തിലൂടെ സാമൂഹികമായി മുന്നേറുവാൻ അടിയവിഭാഗത്തിലെ സ്ത്രീകൾക്ക് സാധിച്ചിട്ടുണ്ടെന്നതാണ് മനസ്സിലാക്കാൻ സാധിക്കുന്നത്. വെട്ടക്കുറുമ, പണിയ, കുറിച്യ സമുദായങ്ങളിലും പ്രസ്തുത പദ്ധതിയുടെ സ്വാധീനം പ്രകടമായിട്ടുണ്ട്. എന്നാൽ കാട്ടുനായിക്ക സമുദായങ്ങളിലെ വനിതകളിൽ യാതൊരു മാറ്റവും കുടുംബശ്രീ പ്രവർത്തനത്തിലുണ്ടായിട്ടില്ല എന്നതാണ് പഠനത്തിന്റെ വിലയിരുത്തൽ.

## മുതലമട പഞ്ചായത്ത്

മുതലമട പഞ്ചായത്തിൽ നിന്നും കാടർ, മലസർ, ഇരവാലൻ എന്നീ സമുദായങ്ങളെയാണ് പഠനത്തിൽ ഉൾപ്പെടുത്തിയിട്ടുള്ളത്.മലസർ വിഭാഗത്തിൽ സമുദായ തലവനോടൊപ്പം തന്നെ അദ്ദേഹത്തിന്റെ ഭാര്യയ്ക്ക് തുല്യ പദവിയും ബഹുമാനവും നൽകി പോരുന്നുണ്ട്. കൂടാതെ വധുപണ സമ്പ്രദായവും, വിവാഹ ചടങ്ങുകളിൽ വധുവിന്റെ മാതാവിന് പ്രാധാന്യം നൽകുന്നതുമായി ബന്ധപ്പെട്ട് സ്ത്രീയ്ക്ക് ഒന്നുകൂടി മികച്ച പരിഗണന നൽകി പോന്നിരുന്നു എന്നതിന് ഉദാഹരണങ്ങളാണ്. പുരുഷാധിപത്യം നിലനിന്ന് പോന്ന സമുദായമാണ് ഇരവാലൻ. കുടുംബകാര്യങ്ങൾ കൈകാര്യം ചെയ്യുന്നതും കൃഷിയുമായി ബന്ധപ്പെട്ട കൃത്യങ്ങൾ നിർവ്വഹിക്കുന്നതും അതത് കുടുംബങ്ങളിലെ പുരുഷന്മാരാണ്. തൊഴിലിടങ്ങളിൽ തുല്യ സമത്വം നൽകി പോന്നിരുന്നുവെങ്കിലും മതപരമായ ചടങ്ങുകളിൽ സ്ത്രീകൾ പങ്കാളികളായിരുന്നില്ല. പിതൃദായക ക്രമം പിന്തുടർന്ന് പോന്ന പ്രസ്തുത പഞ്ചായത്തിൽ വിവാഹ ശേഷം വധുവിന്റെ സമ്പത്തിന്റെ ഉടമസ്ഥ അവകാശം ഭർത്താവിന് കൈമാറ്റം ചെയ്യപ്പെടുന്നു. മേൽപറഞ്ഞ വസ്തുതകളെ പരിഗണിക്കുമ്പോൾ ഇരവാലൻ സമുദായത്തിൽ സ്ത്രീകൾക്ക് രണ്ടാം പദവിയാണുണ്ടായിരുന്നതെന്ന് മനസ്സിലാക്കാവുന്നതാണ്. പ്രത്യേക ദുർബല ഗോത്ര വിഭാഗത്തിൽപ്പെടുന്നതാണ് കാടർ സമുദായം. പൂർണ്ണമായും കാടിനെ ആശ്രയിച്ച് ജീവിക്കുന്നവർ എന്ന അർത്ഥത്തിലാണ് ഈ പേര് ലഭിച്ചിരിക്കുന്നത്. ഗോത്ര വിഭാഗത്തിൽ തന്നെ സാമൂഹികമായും സാമ്പത്തികമായും പിറകിൽ നിൽക്കുന്ന ഒരു സമുദായം എന്ന നിലയിലാണ് പി.വി.ടി.ജി വിഭാഗത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. .വനവിഭവങ്ങൾ ശേഖരിക്കുന്നതും, മീൻപിടുത്തവും പ്രധാന തൊഴിലായി സ്വീകരിച്ചവരായിരുന്നു കാടർ. സ്ത്രീകൾ പുരുഷനോടൊപ്പം തൊഴിൽ പങ്കാളിത്തമുള്ളവരാണ്. വിവാഹത്തിൽ സ്ത്രീകൾക്ക് പങ്കാളിയെ തിരെഞ്ഞടുക്കുന്നതിനുള്ള സ്വാതന്ത്ര്യം ഉണ്ട്. സ്വസമുദായത്തിൽ നിന്നുമല്ലാതെ അന്യ സമുദായത്തിൽ നിന്നുള്ള വിവാഹവും അനുവദനീയമാണ്.

## സംഘാടന വൈഭവം

കാടർ സമുദായം അധിവസിക്കുന്ന എർത്ത് ഡാം കോളനിയിൽ ഒരു അയൽക്കൂട്ടം മാത്രമാണ് പ്രവർത്തിക്കുന്നത്. മോണ്ടിപതി, ചപ്പക്കാട്, എന്നി സങ്കേതങ്ങളിലെ ഭൂരിഭാഗം ഇരവാലൻ സമുദായങ്ങളും, കുണ്ടലകുളമ്പ് കോളനിയിലെ മലസർ സമുദായത്തിലെ ഭൂരിഭാഗം പേരും കുടുംബശ്രീ അയൽക്കൂട്ടങ്ങിളൽ പങ്കാളികളാണ്. എന്നാൽ കേവലമായ ത്രിഫ്റ്റ് സ്വരൂപണമല്ലാതെ കുടുംബശ്രീ പ്രവർത്തനങ്ങൾ ഈ മേഖലയിൽ വിപുലീകരിക്കപ്പെട്ടിട്ടില്ല.

## സാമ്പത്തിക മാറ്റം

പഠനം നടത്തിയ പ്രസ്തുത പഞ്ചായത്തിൽ തൊഴിലില്ലായ്മ രൂക്ഷമാണ്. വന നിയമങ്ങളുടെ ഭാഗമായി വനവിഭവ ശേഖരണം നടത്തുന്നതിന് പല വിധ വിലക്കുകളും കാടർ വിഭാഗത്തിലെ സ്ത്രീകൾ നേരിടുന്നുണ്ട്. സ്ത്രീകളും പുരുഷന്മാരോടൊപ്പം മത്സ്യബന്ധനം നടത്തുന്നവരാണ് എന്നാൽ ഡാം നിർമ്മിക്കപ്പെട്ടതോടെ മത്സ്യ സ്രോതസ്സിൽ ഗണ്യമായ കുറവുണ്ടാകുകയും സ്ത്രീകളുടെ വരുമാന മാർഗ്ഗത്തിന് തടസ്സമാകുകയും ചെയ്തിട്ടുണ്ട്. മലസർ, ഇരവാലൻ സമുദായങ്ങളിൽ ഭൂരിഭാഗം തൊഴിലുറപ്പ് ജോലിയും മൃഗപരിപാലനവും ആശ്രയിച്ച് ജീവിക്കുന്നവരാണ്. ആയതിനാൽ തന്നെയും സാമ്പത്തികമായി ഏറ്റവും പിന്നാക്കം നിൽക്കുന്ന സമുദായങ്ങളാണ് ഇപ്പറഞ്ഞവ.

മേൽ പറഞ്ഞ സാഹചര്യങ്ങളെ മുൻനിർത്തി കുടുംബശ്രീ പ്രസ്ഥാനത്തിലൂടെയുള്ള സാമ്പത്തിക ഉന്നമനം ഏറ്റവും കാര്യക്ഷമമാകേണ്ടത് ഈ വിഭാഗങ്ങളിലാണ്. എന്നാൽ ഈ നിലയ്ക്കുള്ള പ്രവർത്തനങ്ങൾ കാടർ മലസർ, ഇരവാലൻ വനിതകൾക്കിടയിൽ നടക്കുന്നില്ല. 88 ശതമാനം പേർക്കും ത്രിഫ്റ്റ് വെക്കുവാൻ സാധിക്കുന്നില്ല എന്നതാണ് പഠനത്തിൽ നിന്നും വ്യക്തമായിട്ടുള്ളത്.

## നേതൃത്വ പാടവം

പട്ടിക വർഗ്ഗ വിഭാഗങ്ങളിൽ തന്നെ ഏറെ പിന്നിൽ നിൽക്കുന്ന സമുദായമാണ് കാടർ. അതിനാൽ തന്നെയും ഈ വിഭാഗത്തിലെ വനിതകളെ നേതൃത്വ ബോധമുള്ളവരായി ഉയർത്തി കൊണ്ടുവരുന്നതിന് ആഴമേറിയ പ്രവർത്തനം കുടുംബശ്രീ മുഖേന നടത്തേണ്ടതുണ്ട്. മുൻകാലങ്ങളിൽ നിന്നും വ്യത്യസ്തമായി അഭിപ്രായങ്ങൾ തുറന്ന് പറയുന്നതിനും ആശയ വിനിമയം നടത്തുന്നതിനുമുള്ള ശേഷി കാടർ വനിതകൾക്ക് കൈവന്നിട്ടുണ്ട്. അയൽക്കൂട്ടത്തിന്റെ സെക്രട്ടറി, പ്രസിഡണ്ട് തുടങ്ങിയ സ്ഥാനത്തുള്ളവർ വിദ്യാഭ്യാസ യോഗ്യതയുള്ളവരായതിനാൽ മികച്ച രീതിയിൽ കാടർ സമുദായ അയൽക്കൂട്ട യോഗങ്ങൾ നിയന്ത്രിക്കുന്നതിന് സാധിക്കുന്നുണ്ട്. എന്നാൽ മലസർ, ഇരവാലൻ സമുദായങ്ങളിലെ വിദ്യാഭ്യാസ പിന്നാക്കാവസ്ഥ നേതൃത്വ സ്ഥാനത്തേയ്ക്ക് ഉയർന്ന് വരുന്നതിനും വെല്ലുവിളിയാകുന്നുണ്ട്. അയൽക്കൂട്ടങ്ങളെ സംഘടിപ്പിക്കുന്നതിനും പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനും പ്രസ്തുത പഞ്ചായത്തിലെ ഗോത്ര സ്ത്രീകൾക്ക് സാധിക്കുന്നില്ല എന്നതാണ് പഠനം വിലയിരുത്തിയിട്ടുള്ളത്.

## കൂട്ടായ പ്രവർത്തനം

കാടർ സങ്കേതത്തിൽ ഒരേക്കർ ഭൂമിയിൽ 40 വീടുകളാണ് സ്ഥിതി ചെയ്യുന്നത്. അതിനാൽ തന്നെ സംഘകൃഷി ആരംഭിക്കുന്നതിനുള്ള ഭൂമി ഇവിടെ ലഭ്യമല്ല. പ്രസ്തുത സങ്കേതത്തിലെ വനിതകൾക്ക് മുള കൊണ്ടുള്ള കുട്ട, വട്ടി തുടങ്ങിയവ നിർമ്മിക്കുന്നതിനുള്ള പരിശീലനവും, യന്ത്ര സാമഗ്രികളും വനം വകുപ്പ് വഴി ലഭിച്ചിട്ടുണ്ട്. ഈയൊരു സാധ്യതയെ കുടുംബശ്രീ സംരംഭം എന്ന നിലയിൽ ഉയർത്തി കൊണ്ടുവരുവാൻ സാധിച്ചിട്ടില്ല. കൂടാതെ മിക്ക അയൽക്കൂട്ടാംഗങ്ങളും

വനവിഭവ ശേഖരണം നടത്തുന്നുണ്ട്. ഈ വിഭവങ്ങൾ വിറ്റഴിക്കുന്നതിനും വിപണി കണ്ടെത്തി നൽകുകയാണെങ്കിൽ സംരംഭം എന്ന നിലയിൽ ഉയർത്തി കൊണ്ടു വരണം.

സംഘകൃഷി സംരംഭങ്ങൾ തുടങ്ങിയ കൂട്ടായ പ്രവർത്തനങ്ങൾ, ഇരവാലൻ, മലസർ സമുദായങ്ങളിൽ നടന്നിട്ടില്ല. ഏറെക്കുറെ മന്ദഗതിയിൽ പ്രവർത്തിക്കുന്നവയാണ് അയൽക്കൂട്ടങ്ങളിൽ ഭൂരിഭാഗവും. ആയതിനാൽ തന്നെ മലസർ, ഇരവാലൻ, കാടർ സമുദായങ്ങളിൽ കൂട്ടായ്മയുണ്ടാക്കുന്നതിനും സംഘബോധം വളർത്തിയെടുക്കുന്നതിനും കുടുംബശ്രീ പ്രസ്ഥാനത്തിന് സാധിച്ചിട്ടില്ല.

### സാമൂഹിക മാറ്റം

കുടുംബശ്രീ മുഖേനയുള്ള സാമൂഹിക മാറ്റം പരിശോധിച്ചാൽ കാടർ വനിതകളിൽ സാമൂഹിക മാറ്റം കൈവരിച്ചവർ 13.33ശതമാനവുംമലസർ, ഇരവാലൻ സമുദായങ്ങളിൽ 35ശതമാനവുംമാത്രമാണ്. കാടർ സമുദായത്തിലെ സ്ത്രീകൾ സങ്കേതത്തിന് പുറത്തുള്ളവരുമായി ഇടപഴകുകയും, ഇതര തൊഴിലുകളിൽ ഏർപ്പെടുകയും ചെയ്യുന്നുണ്ട്. മുൻകാലങ്ങളിൽ നിന്നും വ്യത്യസ്തമായി നല്ല മാറ്റം ഈ സമുദായത്തിലുണ്ടായിട്ടുണ്ട് എന്നതാണ് പഠനത്തിൽ നിന്നും വ്യക്തമായിട്ടുള്ളത്.

### രാഷ്ട്രീയ ബോധ നിലവാരത്തിൽ വന്നിട്ടുള്ള മാറ്റം

പി.വി.ടി.ജി യിൽ ഉൾപ്പെട്ടിട്ടുള്ള ഇതര വിഭാഗങ്ങളുമായി താരതമ്യം ചെയ്യുമ്പോൾ സാമൂഹികമായും രാഷ്ട്രീയമായും നേരിയ തോതിലെങ്കിലും മുന്നേറുവാൻ കാടർ സമുദായത്തിലെ വനിതകൾക്ക് സാധിച്ചിട്ടുണ്ട്. സജീവ രാഷ്ട്രീയ പ്രവർത്തകരായോ ഉയർന്ന സാമൂഹിക ബോധ നിലവാരമുള്ളവരായോ മാറിയിരിക്കുന്നു എന്നതല്ല മേൽപറഞ്ഞതിൽ നിന്നും അർത്ഥമാക്കുന്നത് മറിച്ച് കാടിന്റെ ഉള്ളറകളിൽ അധിവസിച്ചു പോന്ന ഒരു വിഭാഗത്തിന് നേരിയ തോതിലെങ്കിലും മാറുവാൻ സാധിച്ചിട്ടുണ്ട് എന്നതാണ്. ഇരവാലൻ, മലസർ സമുദായങ്ങളിൽ യാതൊരുവിധ രാഷ്ട്രീയ ശാക്തീകരണവും പ്രകടമായിട്ടില്ല എന്നതാണ് പഠനത്തിൽ നിന്നും മനസ്സിലാക്കുവാൻ സാധിച്ചിട്ടുള്ളത്.

ആറ് പഞ്ചായത്തുകളിലായി നടന്ന പഠനത്തിൽ കുടുംബശ്രീ പ്രവർത്തനങ്ങൾ വിലയിരുത്തപ്പെട്ടപ്പോൾ എല്ലാ തലങ്ങളിലും പിറകിൽ നിൽക്കുന്നത് മുതലമട പഞ്ചായത്താണ്. പ്രസ്തുത പഞ്ചായത്തിലെ ഇരവാലൻ, കാടർ, മലസർ സമുദായങ്ങളിൽ വേരുറപ്പിക്കുവാൻ കുടുംബശ്രീ പ്രസ്ഥാനത്തിന് സാധിച്ചിട്ടില്ല. നേരിയ തോതിലുണ്ടായ മാറ്റം പ്രകടമായിട്ടുള്ളത് കാടർ സമുദായത്തിലെ വനിതകളിൽ മാത്രമാണ്. പ്രത്യേക ഗോത്രവിഭാഗത്തിലുൾപ്പെടുന്ന സമുദായമായിരുന്നിട്ടും ഈ വിഭാഗത്തിലെ വനിതകളെ മുന്നോട്ട് നയിക്കുന്നതിന് കുടുംബശ്രീ പ്രവർത്തനം സഹായകരമായിട്ടുണ്ട്.

## പുതൂർ പഞ്ചായത്ത്

പുതൂർ പഞ്ചായത്തിലെ ഇരുളർ, മുഡുഗർ, കുറുമ്പർ എന്നീ സമുദായങ്ങളെയാണ് പഠനത്തിലുൾപ്പെടുത്തിയിട്ടുള്ളത്. പുരാതന കാലത്ത് വേട്ടയാടിയും വനവിഭവങ്ങൾ ശേഖരിച്ചും ജീവിച്ചു പോന്ന ഗോത്രവിഭാഗമാണ് ഇരുളർ. കാലക്രമേണ പുനംകൃഷിയിലേക്കും സുസ്ഥിര കൃഷിയിലേക്കും ജീവനോപാധികൾ മാറ്റപ്പെട്ടു. പുരുഷനോടൊപ്പം സ്ത്രീകളും തൊഴിലിൽ തുല്യ പങ്കാളിത്തം വഹിച്ചിരുന്നു. പങ്കാളിയെ തിരെഞ്ഞെടുക്കുവാനുള്ള സ്വാതന്ത്ര്യം ഈ സമുദായത്തിലെ സ്ത്രീകൾക്കായിരുന്നു. എന്നാൽ കുടുംബത്തിന്റെ അധികാരം പുരുഷകേന്ദ്രീകൃതമായിരുന്നു. നിയതമായ സാമൂഹിക ഘടനയോ കുടുംബഘടനയോ ഇല്ലാത്ത ഗോത്രസമൂഹമാണ് കുറുമ്പർ.മൃഗപരിപാലനവും കൃഷിയും ചെയ്ത് പോന്നിരുന്ന ഈ സമുദായം പൂർണ്ണമായും കാടിന്റെ ഉള്ളറകളിൽ ജീവിച്ച് പോരുന്നവരാണ്. സ്ത്രീയും പുരുഷനോടൊപ്പം തന്നെ മൃഗപരിപാലനത്തിലും കൃഷിയിലും പങ്കാളികളാകുന്നുണ്ട്. പാലക്കാട് ജില്ലയിൽ ഭവാനി പുഴയുടെ തീരത്ത് താമസിക്കുന്ന ഗോത്ര വിഭാഗമാണ് മുഡുഗർ. അട്ടപ്പാടിയിലെ ഗോത്ര വിഭാഗങ്ങളിൽ രണ്ടാം സ്ഥാനമാണ് മുഡുഗർക്കുള്ളത്. കുറുമ്പരുമായി വിവാഹ ബന്ധമുണ്ടാക്കുന്നുണ്ടെങ്കിലും ഇരുളരെയും കുറുമ്പരെയും താഴ്ന്ന ജാതിയിൽപ്പെട്ടവരായിട്ടാണ് മുഡുഗർ കണക്കാക്കുന്നത്. കൃഷി, നായാട്ട് എന്നിവയായിരുന്നു പ്രധാന ജീവനോപാധികൾ.ഇതര ഗോത്ര വിഭാഗങ്ങളിലെന്നപോലെ മുഡുഗ വിഭാഗത്തിലും സ്ത്രീകൾക്ക് ഏറെക്കുറെ ഉയർന്ന സ്ഥാനം നൽകി പോന്നിരുന്നു. വിവാഹത്തിൽ പങ്കാളിയെ തിരെഞ്ഞെടുക്കുന്നതിനുള്ള സ്വാതന്ത്ര്യവും, രക്ഷാകർത്താക്കൾ തിരെഞ്ഞെടുക്കുന്ന പങ്കാളിയെ വിവാഹം ചെയ്യുന്നതിനുള്ള സമ്മതം പെൺകുട്ടിയോട് ആരായുന്നതും ഏറെക്കുറെ മെച്ചപ്പെട്ട പരിഗണന സ്ത്രീകൾക്ക് നൽകിയിരുന്നു എന്നതിന്റെ തെളിവാണ്. വിവാഹ ചടങ്ങുകളിൽ മൂപ്പനോടൊപ്പം തന്നെ മൂപ്പന്റെ ഭാര്യയ്ക്കും സ്ഥാനം നൽകുന്നുണ്ട്. കൂടാതെ വധുപണ സമ്പ്രദായവും ഈ സമുദായത്തിൽ നിലവിലുണ്ടായിരുന്നു. തൊഴിൽ മേഖലയിൽ പുരുഷനോടൊപ്പം സ്ത്രീയും പങ്കാളികളാണ്. ആട് മാട് മേയ്ക്കൽ ജോലി സ്ത്രീകൾ മാത്രമാണ് ചെയ്ത് പോന്നിരുന്നത്. എന്നാൽ സമുദായത്തിലെ ഉന്നത സ്ഥാനങ്ങൾ ആൺമക്കളിലൂടെയോ സഹോദരി പുത്രന്മാരിലൂടെയോ മാത്രമാണ് കൈമാറ്റം ചെയ്ത് പോന്നിരുന്നത്.

### സംഘാടന പാടവം

കുറുമ്പവിഭാഗത്തിലെ ഭൂരിഭാഗം അയൽക്കൂട്ടങ്ങളും നിശ്ചലമായ അവസ്ഥയിലാണ്. ഇരുള വിഭാഗത്തിലെ സ്ത്രീകൾക്കാണ് കുറച്ചുകൂടി മെച്ചപ്പെട്ട സ്ഥിതിയുള്ളത്. കുടുംബശ്രീ പ്രവർത്തനങ്ങളോട് അനുകൂല മനോഭാവം കാണിക്കുന്നവരാണ് ഇരുള സ്ത്രീകൾ. അയൽക്കൂട്ട യോഗങ്ങൾ വിളിച്ചു ചേർക്കുന്നതിനും ഇതര കുടുംബശ്രീ പരിപാടികളിൽ പങ്കാളികളാവുകയും ചെയ്യുന്നുണ്ടെങ്കിലും അയൽക്കൂട്ടതല പ്രവർത്തനങ്ങൾ ത്രിഫ്റ്റ് സമാഹരണം മാത്രമായി പരിമിതപ്പെടുന്ന സ്ഥിതിയാണുള്ളത്.മുഡുഗർക്കിടയിൽ ശരാശരി രീതിയിൽ മാത്രമാണ് കുടുംബശ്രീ

പ്രവർത്തനം നടക്കുന്നത്. കുടുംബശ്രീ പ്രവർത്തനത്തോട് വിമുഖത കാണിക്കുന്ന നിലപാടാണ് പലർക്കുമുള്ളത്. അയൽക്കൂട്ട യോഗങ്ങൾ വിളിച്ചു ചേർക്കുന്നുണ്ടെങ്കിലും ത്രിഫ്റ്റ് സമാഹരണ പ്രവർത്തനങ്ങൾ മാത്രമാണ് നടക്കുന്നത്.

## സാമ്പത്തിക മാറ്റം

കുടുംബശ്രീ പ്രവർത്തനം കേവലമായ ത്രിഫ്റ്റ് സ്വരൂപണം മാത്രമായാണ് ഇരുള, മുഡുഗ സമുദായങ്ങളിൽ നടന്നു പോകുന്നത്. അംഗങ്ങൾ യോഗത്തിൽ പങ്കെടുക്കുന്നതിന് കൃത്യത പാലിക്കുന്നുണ്ടെങ്കിലും രൂപീകരണ വേളയിലെ അതേ അവസ്ഥയിൽ തന്നെയാണ് അയൽക്കൂട്ടങ്ങൾ മുമ്പോട്ട് പോകുന്നത്. അയൽക്കൂട്ട പ്രവർത്തനങ്ങളെ വ്യത്യസ്തമായ തലങ്ങളിലേക്ക് വിപുലപ്പെടുത്തുവാൻ ഗോത്രവനിതകൾക്ക് സാധിച്ചിട്ടില്ല. കൂടാതെ വരുമാനദായകങ്ങളായ ഇതര പ്രവർത്തനങ്ങളൊന്നും ഏറ്റെടുത്ത് നടത്തുവാൻ തയ്യാറാവാത്തതിനാൽ തന്നെയും സാമ്പത്തികമായി ഉന്നമനത്തിലെത്തുവാൻ അംഗങ്ങൾക്ക് കഴിഞ്ഞിട്ടില്ല. കുറുമ്പ വിഭാഗത്തിലെ സ്ഥിതി പരിശോധിക്കുകയാണെങ്കിൽ കുടുംബശ്രീ പ്രസ്ഥാനത്തിന്റെ യാതൊരു സ്വാധീനവും പ്രസ്തുത ഗോത്രവനിതകളിൽ പ്രകടമായിട്ടില്ല.

### നേതൃത്വ പാടവം

കൂട്ടായ്മയോടെയുള്ള പ്രവർത്തനം സംഘാടനപരമായ ശാക്തീകരണത്തെ ത്വരിതപ്പെടുത്തുന്നതാണ്. അത്തരം വീക്ഷണ കാഴ്ചപാടിലൂടെ നോക്കി കാണുമ്പോൾ കൂട്ടായ പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നതിനും കുടുംബശ്രീ പ്രവർത്തനങ്ങളിൽ സജീവമാകുന്നതിനും മുഡുഗ, കുറുമ്പ വിഭാഗത്തിലെ സത്രീകൾക്ക് സാധിച്ചിട്ടില്ല. എന്നാൽ ഇരുളസമുദായത്തിലെ സ്ത്രീകളിൽ കുടുംബശ്രീ പ്രവർത്തനത്തിന്റെ സ്വാധീനം നേരിയതോതിലെങ്കിലും പ്രകടമായിട്ടുണ്ട്.മുഡുഗർ സമുദായത്തിലെ സ്ത്രീകൾക്ക് താരതമ്യേന ഉയർന്ന പദവിയാണ് ആ സമൂഹത്തിലുള്ളത്. പഠനം നടത്തിയ സങ്കേതത്തിൽ ഭൂരിഭാഗം വീടുകളിലും സ്ത്രീകളാണ് കുടുംബ കാര്യങ്ങൾ ചെയ്ത് പോരുന്നത്. അതുകൊണ്ട് തന്നെ അയൽക്കൂട്ട പ്രവർത്തനങ്ങളെ മികവുറ്റ രീതിയിൽ കൊണ്ടു പോകുവാൻ പ്രാപ്തിയുള്ളവരാണ് മുഡുഗ സ്ത്രീകൾ. എന്നാൽ ഈയൊരു സാധ്യതയെ കണ്ടെത്തി പരിശീലനവും മറ്റും നൽകി ഇവരെ നേതൃത്വ ശേഷിയുള്ളവരായി ഉയർത്തുവാനുള്ള പ്രവർത്തനം ഇതുവരേയും ഉണ്ടായിട്ടില്ല.

## കൂട്ടായ പ്രവർത്തനം

ദാരിദ്ര്യ ലഘൂകരണം എന്ന അന്തിമ ലക്ഷ്യത്തിലേയ്ക്കുള്ള ചുവടുവെയ്പിനെ ത്വരിതപ്പെടുത്തുന്നതാണ് സംരംഭങ്ങളും സംഘകൃഷിയും മുഖേനയുള്ള സാമ്പത്തിക ഉന്നമനം. എന്നാൽ ഈയൊരു കാഴ്ചപ്പാടിന് അനുസൃതമായി ഇരുള, മുഡുഗ,കുറുമ്പ അയൽക്കൂട്ടങ്ങളിൽ കൂട്ടായ പ്രവർത്തനങ്ങളൊന്നും സംഘടിപ്പിക്കപ്പെട്ടിട്ടില്ല.

## സാമൂഹിക മാറ്റം

ഇരുള, മുഡുഗ,കുറുമ്പ സമുദായങ്ങളിലെ സ്ത്രീകളിൽ കുടുംബശ്രീ മുഖാന്തിരമുള്ള സാമൂഹികമാറ്റം പരിശോധിക്കുകയാണെങ്കിൽ ഇരുള സമുദായത്തിലൊഴികെ മറ്റ് രണ്ട് സമുദായ ങ്ങളിലും സാമൂഹികമായ മാറ്റമുണ്ടായിട്ടില്ല. കുറുമ്പവിഭാഗം അധിവസിക്കുന്ന ഇടവാണി സങ്കേതം വനത്തിന്റെ ഉള്ളിലായി സ്ഥിതിചെയ്യുന്നതാണ്. ആയതിനാൽ തന്നെയും പൊതുസമൂഹ വുമായി ഇടപഴകുവാനുള്ള സാഹചര്യം വളരെ കുറവാണ്. ഈയൊരു പശ്ചാത്തലത്തിൽജീവി ക്കുന്ന കുറുമ്പ വിഭാഗത്തിന് കുടുംബപ്രസ്ഥാനത്തിന്റെ ഭാഗമായിരുന്നിട്ടും യാതൊരുവിധ മാറ്റവു മുണ്ടായിട്ടില്ല എന്നതാണ് പഠനത്തിൽ നിന്നും മനസ്സിലായിട്ടുള്ളത്. മുഡുഗ വിഭാഗത്തിലെ സ്ത്രീകൾക്ക് മുൻകാലങ്ങളിൽ നിന്നും വളരെയേറെ മാറ്റമുണ്ടായെങ്കിലും കുടുംബശ്രീ മുഖേന യാണ് ഇത്തരം മാറ്റമുണ്ടായതെന്ന് പറയുവാൻ സാധിക്കില്ല.

## രാഷ്ട്രീയ ബോധ നിലവാരത്തിൽ വന്നിട്ടുള്ള മാറ്റം

പ്രസ്തുത പഞ്ചായത്തിൽ പഠനം നടത്തിയ മൂന്ന് വിഭാഗങ്ങളിലും രാഷ്ട്രീയപരമായ കാഴ്ചപാടു കളോ, അഭിപ്രായങ്ങളോ രൂപപ്പെടുത്തുവാൻ കുടുംബശ്രീ പ്രസ്ഥാനത്തിന് സാധിച്ചിട്ടില്ല.

പുതൂർ പഞ്ചായത്തിലെ ഗോത്രവനിതകൾക്ക് കുടുംബശ്രീ പ്രവർത്തനത്തിലൂടെ കൈവ ന്നിട്ടുള്ള മാറ്റം പരിശോധിച്ചതിൽ നിന്നും മനസ്സിലാക്കുവാൻ സാധിച്ചിട്ടുള്ളത് എന്തെന്നാൽ ഇരുളസമുദായത്തിന് മാത്രമാണ് നേരിയ തോതിലെങ്കിലുമുള്ള മാറ്റം കാണപ്പെട്ടിട്ടുള്ളതെന്നാണ്. അഭിപ്രായങ്ങൾ രേഖപ്പെടുത്തുന്നതിനും, സാമൂഹിക മാറ്റം കൈവരിക്കുന്നതിനും ഇരുളസ്ത്രീ കൾക്ക് സാധിച്ചിട്ടുണ്ട്. എന്നാൽ കുറുമ്പവിഭാഗത്തിലെ വനിതകളിൽ യാതൊരു വിധ സ്വാധീ നവും ചെലുത്തുവാൻ കുടുംബശ്രീ പ്രസ്ഥാനത്തിന് സാധിച്ചിട്ടില്ല. സാമൂഹിക-സാമ്പത്തിക തല ങ്ങളിൽ ഏറ്റവും അരക്ഷിതരായി കഴിയുന്ന ഈ വിഭാഗം കുടുംബശ്രീ പ്രസ്ഥാനത്തിന്റെ ഭാഗമാ യിരുന്നിട്ടും തൽസ്ഥിതിയിൽ തുടരുന്നുവെന്നതാണ് യാഥാർത്ഥ്യം. മുൻകാലങ്ങളിൽ നിന്നും വ്യത്യസ്തമായി മുഡുഗവനിതകളുടെ ജീവിത സാഹചര്യങ്ങളിൽ മാറ്റമുണ്ടായെങ്കിലും കുടും ബശ്രീ പ്രസ്ഥാനത്തിന്റെ സ്വാധീനം ചെറിയൊരു ശതമാനത്തിന് മാത്രമാണുണ്ടായിട്ടുള്ളത്.

## അടിമാലി പഞ്ചായത്ത്

അടിമാലി പഞ്ചായത്തിലെ മന്നാൻ, മുതുവാൻ, ഉള്ളാടൻ, ഊരാളി, മലയരയ വിഭാഗങ്ങളെ യാണ് പഠന വിധേയമാക്കിയിട്ടുള്ളത്. ഇടുക്കി, കോട്ടയം ജില്ലകളിൽ അധിവസിച്ചു വരുന്ന ഗോത്ര വിഭാഗമാണ് മന്നാൻ. അമ്മ വഴിയാണ് കുലം അടുത്ത തലമുറയിലേക്ക് പോകുന്നത്. പാരമ്പര്യ മായി ഒരേ കുലത്തിൽപ്പെട്ടവർ തമ്മിൽ വിവാഹം കഴിക്കുകയില്ല. മരുമക്കത്തായദായകമാണ് സമു ദായത്തിലുള്ളത്. മറ്റ് ഗോത്ര വിഭാഗങ്ങളുമായും പൊതു സമൂഹവുമായും താരതമ്യം ചെയ്യുമ്പോൾ ഭേദപ്പെട്ട പരിഗണനയും പദവിയും മന്നാൻ സ്ത്രീക്ക് ലഭിക്കുന്നുണ്ട്. മാതൃദായക ക്രമം പിന്തുടരുന്ന ഈ സമുദായത്തിൽ സമുദായ തലവനായ കാണിക്കാരന് നൽകുന്ന തുല്യ ഭയ

ഭക്തി ബഹുമാനവും സ്ഥാനവും അദ്ദേഹത്തിന്റെ പത്നിക്കും നൽകി പോരുന്ന സ്ഥിതിയുണ്ടായിരുന്നു.സമുദായക്കാർക്കിടയിൽ ഉണ്ടാവുന്ന പ്രശ്നങ്ങൾ പരിഹാരം കാണുന്നതിന് കാണിക്കാരത്തിയുടെ അഭിപ്രായവും പരിഗണിച്ചിരുന്നു എന്നത് പൊതു ഇടങ്ങളിൽ അഭിപ്രായം രേഖപ്പെടുത്തുന്നതിനുള്ള അവകാശവും സ്വാതന്ത്ര്യവും സാമുദായികമായി നൽകി പോന്നിരുന്നു എന്നതിന്റെ ഉദാഹരണമാണ്. വിവാഹവുമായി ബന്ധപ്പെട്ട് പങ്കാളിയെ തിരഞ്ഞെടുക്കുന്നതിനുള്ള സ്വാതന്ത്ര്യം സ്ത്രീകൾക്ക് ലഭിച്ചിരുന്നു. ഈ വിഭാഗത്തിലെ പ്രധാന കലാരൂപമായ കൂത്ത് നടക്കുന്ന സമയത്ത് പങ്കാളിയെ തിരഞ്ഞെടുക്കുകയും കൂത്തിന്റെ അതേ ദിവസമോ തൊട്ടടുത്ത ദിവസമോ വിവാഹം നടത്തുന്ന പതിവ് ഈ വിഭാഗത്തിലുണ്ടായിരുന്നെന്ന് 'പാരമ്പര്യജ്ഞാനവും ജൈവ വൈവിധ്യവും മന്നാൻമാർക്കിടയിൽ' എന്ന പുസ്തകത്തിൽ പറയുന്നുണ്ട്. വിവാഹത്തിന് മുമ്പ് വരൻ ഭാര്യാപിതാവിന് വേണ്ടി ജോലി ചെയ്യുന്ന ചടങ്ങ് (Marriage by service) ഈ വിഭാഗത്തിലുണ്ടായിരുന്നു. കൂടാതെ കല്യാണ ചിലവുകൾ തുല്യമായി പങ്ക് വെയ്ക്കുന്നതും, താലി കെട്ടുന്നതിനുള്ള അവകാശം വരന്റെ സഹോദരിക്ക് നൽകുന്നതും വിവാഹവുമായി ബന്ധപ്പെട്ട വിഷയങ്ങളിൽ സ്ത്രീകൾക്ക് പ്രാധാന്യം നൽകുന്നു എന്ന് വേണം കരുതാൻ. ബഹുഭാര്യത്വമോ ബഹുഭർത്തൃത്വമോ നിലവിലില്ലെങ്കിലും കുട്ടികളില്ലാത്ത സാഹചര്യം ഉണ്ടാവുകയാണെങ്കിൽ പുനർ വിവാഹത്തിന് അനുമതി നൽകുന്നുണ്ട്. ഒന്നാം ഭാര്യയും രണ്ടാം ഭാര്യയും ഒരുമിച്ച് താമസിക്കണം എന്ന സമുദായ നിയമം സ്ത്രീ സംരക്ഷണം ഉറപ്പ് നൽകുന്നതാണ് എന്ന് കാണാം. കൂടാതെ വിവാഹബന്ധം വേർപെടുത്തിയ സ്ത്രീകളിൽ പുനർ വിവാഹത്തിനുള്ള അനുമതിയും നൽകി പോരുന്നുണ്ട്. മന്നാൻ സമുദായത്തിന്റെ പ്രധാന അനുഷ്ഠാന കലയാണ് കൂത്ത്. കോവിലന്റേയും കണ്ണകിയുടേയും കഥ പറയുന്ന കൂത്തിൽ പുരുഷന്മാർ മാത്രമാണ് പങ്കെടുക്കുന്നത്. സ്ത്രീ വേഷം കൈകാര്യം ചെയ്യുന്നതും പുരുഷന്മാർ തന്നെ. സ്ത്രീകൾക്ക് താരതമ്യേന ഭേദപ്പെട്ട പരിഗണന നൽകുന്നു എന്നത് യഥാർത്ഥ്യമാണെങ്കിലും കൂത്ത് പോലുള്ള അനുഷ്ഠാനങ്ങളിൽ സ്ത്രീകൾ കാഴ്ചക്കാരായി മാത്രം മാറ്റി നിർത്തപ്പെടുന്നു എന്നത് വൈരുദ്ധ്യമാണ്.

മാതൃദായകക്രമം പിന്തുടർന്ന് പോന്ന സമുദായമാണ് മലയരയൻ. പ്രധാനമായും ആറ് കുലങ്ങളുള്ള ഈ സമുദായത്തിൽ കുടുംബത്തിന്റെ അധികാരം പുരുഷനിലാണ്. സ്ത്രീകളാണ് കുടുംബത്തിന്റെ നടത്തിപ്പ് ഉത്തരവാദിത്വമെങ്കിലും തീരുമാനങ്ങളെടുക്കുന്നത് പുരുഷനാണ്. ഗോത്രവിഭാഗങ്ങളിൽ സാമൂഹികമാറ്റം ഏറ്റവും കൂടുതലായി കാണപ്പെട്ടിട്ടുള്ള പ്രസ്തുത സമുദായത്തിൽ സ്ത്രീകൾക്ക് ഏറെക്കുറെ മെച്ചപ്പെട്ട പരിഗണന നൽകി പോന്നിട്ടുണ്ട്.

ആര്യസമുദായത്തിന്റെ പിൻമുറക്കാരായി അറിയപ്പെടുന്നവരാണ് ഊരാളികൾ. ഊര്(ദേശം) ആളി(ജനങ്ങൾ) എന്നീ രണ്ട് പദങ്ങളിൽ നിന്നുമാണ് ഊരാളി എന്ന നാമം ഉടലെടുത്തിട്ടുള്ളത്. വൃക്ഷത്തിന്റെ ശിഖിരങ്ങളിൽ ഉയർത്തപ്പെട്ടിട്ടുള്ള ഏറുമാടങ്ങളിലാണ് സ്ത്രീകൾ മാസമുറസമയത്ത് താമസിച്ചു പോന്നിരുന്നത്. ഭക്ഷണം പാകംചെയ്യുക, വനവിഭവങ്ങൾ ശേഖരിക്കുക, കൃഷി എന്നീ തൊഴിലുകൾ സ്ത്രീകൾ മാത്രമാണ് ചെയ്യുന്നത്. വിഷമമേറിയ ജോലികൾ ചെയ്യുന്നത് പുരുഷന്മാരാണ്. കൂടാതെ പ്രസ്തുത ഗോത്ര വിഭാഗത്തിലെ സ്ത്രീകൾ കുട്ട, പായ തുടങ്ങിയവ

നിർമ്മിക്കുന്നതിൽ പ്രാവീണ്യമുള്ളവരാണ്. കൂടാതെ മീൻപിടുത്തത്തിൽ പുരുഷനെ സഹായിക്കുന്നത് സ്ത്രീകളാണ്. തീരുമാനങ്ങൾ എടുക്കുവാനുള്ള അധികാരം പിതാവിലും അമ്മാവനിലുമാണ് നിക്ഷിപ്തമായിരിക്കുന്നത്.

ഉള്ള് (interior) നാട് (interior) എന്നീ രണ്ടു പദങ്ങളിൽ നിന്നുമാണ് ഉള്ളാടൻ എന്ന നാമം ഉരുത്തിരിഞ്ഞ് വന്നിട്ടുള്ളത്. പുരുഷനോടൊപ്പം തുല്യപദവി അനുഭവിച്ച് പോരുന്നവരാണ് ഉള്ളാടൻ സമുദായത്തിലെ സ്ത്രീകൾ. പാരമ്പര്യ സ്വത്തിൽ പുരുഷനോടൊപ്പം സ്ത്രീകൾക്കും തുല്യ അവകാശമുണ്ട്. ഗൃഹഭരണത്തോടൊപ്പം വിറക് ശേഖരണവും, കാർഷികവൃത്തിയും, മൃഗ പരിപാലനവും, കുട്ട നിർമ്മാണവും സ്ത്രീകൾ ചെയ്ത് പോരുന്നുണ്ട്. തീരുമാനമെടുക്കാൻ അധികാരമില്ലെങ്കിലും സാമൂഹികമായ പരിഗണന ഉള്ളാടൻ സ്ത്രീകൾക്ക് സമുദായം നൽകി പോരുന്നുണ്ട്.

## സംഘാടനവൈഭവം

മന്നാൻ, ഉള്ളാടൻ, ഊരാളി, മുതുവാൻ, മലയരയ സമുദായങ്ങളിലെ ഗോത്രവനിതകളെ പഠന വിധേയമാക്കിയതിൽ നിന്നും അയൽക്കൂട്ട യോഗങ്ങളിൽ പങ്കെടുക്കുന്നതിനും ചിട്ടയായ രീതിയിൽ പ്രതിവാര യോഗങ്ങൾ പൂർത്തീകരിക്കുന്നതിനും ഈ വിഭാഗത്തിലെ കുടുംബശ്രീ വനിതകൾക്ക് സാധിക്കുന്നുണ്ട്. സ്ത്രീകൾക്ക് ഒത്തു കൂടുന്നതിനും അഭിപ്രായം രേഖപ്പെടുത്തുന്നതിനുള്ള സ്വാതന്ത്ര്യം സമുദായം നൽകി പോരുന്നുണ്ട്. കുടുംബശ്രീ സംഘാടനത്തിൽ ഈ വിഭാഗത്തിലെ സ്ത്രീകൾക്ക് മുന്നേറുന്നതിന് മുതൽ കൂട്ടാകുന്നത് സാമുദായികമായി ഉയർന്ന പദവി നൽകിപ്പോരുന്നു എന്നതാണ്. മറ്റൊന്ന് വിദ്യാഭ്യാസപരമായ ഉയർച്ചയാണ്. ഇതര ഗോത്ര വിഭാഗങ്ങളുമായി താരതമ്യം ചെയ്യുമ്പോൾ മന്നാൻ, ഉള്ളാടൻ, ഊരാളി മലയരയസമുദായങ്ങളിലെ സ്ത്രീകൾക്ക് ഉയർന്ന വിദ്യാഭ്യാസ നിലവാരമുണ്ട്.ആയതിനാൽ തന്നെ കൃത്യതയോടെ രേഖകൾ എഴുതി സൂക്ഷിക്കുന്നതിനും വ്യക്തമായി വസ്തുതകൾ മനസ്സിലാക്കുന്നതിനും ഇവർക്ക് സാധിക്കുന്നുണ്ട്. എന്നാൽ മുതുവാൻ സമുദായത്തിലെ സ്ത്രീകൾക്ക് ഇത്തരത്തിൽ മുന്നേറുവാൻ സാധിച്ചിട്ടില്ല.

## സാമ്പത്തിക മാറ്റം

അയൽക്കൂട്ടങ്ങളിൽ കൃത്യമായി ത്രിഫ്റ്റ് സ്വരൂപിക്കുന്നതിനും ബാങ്കിൽ നിക്ഷേപിക്കുന്നതിനും ഈ നാല് വിഭാഗങ്ങളിലെ സമുദായാംഗങ്ങൾക്ക് സാധിക്കുന്നുണ്ട്. കുടുംബശ്രീ അംഗമായതിനു ശേഷം ബാങ്കിംഗ് പ്രക്രിയ കൂടുതൽ സുതാര്യമായെന്ന അഭിപ്രായമാണ് അംഗങ്ങൾ രേഖപ്പെടുത്തിയിട്ടുള്ളത്. പഠനം നടത്തിയ മറ്റ് മേഖലകളിൽ നിന്നും വ്യത്യസ്തമായി മന്നാൻ വിഭാഗത്തിലെ സ്ത്രീകൾ സംരംഭങ്ങൾ ഏറ്റെടുത്ത് നടത്തുന്നവരാണ്. കുടുംബശ്രീ വിഭാവനം ചെയ്യും വിധത്തിൽ മെച്ചപ്പെട്ട പ്രവർത്തനം കാഴ്ചവെക്കുവാൻപ്രസ്തുത പഞ്ചായത്തിലെ ഗോത്രവനിതകൾക്ക് സാധിച്ചുവെന്നത് പ്രതീക്ഷ നൽകുന്നതാണ്. സാമ്പത്തികമായി വളരെയേറെ മുന്നേറുവാൻ പ്രസ്തുത പഞ്ചായത്തിലെ ഗോത്രവനിതകൾക്ക് സാധിച്ചുവെന്നതല്ല മറിച്ച് സാമ്പത്തിക മാറ്റ

ത്തിലേയ്ക്കുള്ള ആദ്യചുവട് വെയ്ക്കാൻ മേൽപറഞ്ഞ സമുദായങ്ങളിലെ ഗോത്രവനിതകൾക്ക് സാധിച്ചുവെന്നതാണ് പഠനത്തിൽ നിന്നും വ്യക്തമായിട്ടുള്ളത്. എന്നാൽ മുതുവാൻ സമുദായ ത്തിലെ വനിതകളിൽ സാമ്പത്തികമായ മാറ്റം ഇതുവരേയ്ക്കും പ്രകടമായിട്ടില്ല.

## നേതൃത്വ പാടവം

ഗോത്ര വിഭാഗങ്ങൾക്കിടയിലെ ഉയർന്ന പദവി അവകാശപ്പെടുന്നവരാണ് മന്നാന്മാർ. അതു കൊണ്ട് തന്നെ ഈയൊരു വിഭാഗത്തിലെ സ്ത്രീകൾക്ക് സാമൂഹിക പദവി ഉയർന്നതാണെന്ന് പറ യാം. പഠനം നടത്തിയ മന്നാൻ വനിതകളിൽ മികച്ച നേതൃത്വ പാടവവും സംഘാടക ശേഷിയും പ്രകടമായിട്ടുണ്ട്. മലയരയൻ, ഉള്ളാടൻ, ഊരാളി വിഭാഗങ്ങളിലെ സ്ത്രീകളിലും ഇതേ രീതിയിൽ സംഘാടനവൈഭവവും പ്രാപ്തിയും പ്രകടമായിട്ടുണ്ട്.കൂടാതെ മുതുവാൻ വനിതകളിൽ മുൻകാല ങ്ങളിൽ നിന്നും വ്യത്യസ്തമായി നല്ല മാറ്റം പ്രകടമായിട്ടുണ്ട് എന്നതാണ് മനസ്സിലാക്കാൻ സാധി ച്ചിട്ടുള്ളത്. അഭിപ്രായങ്ങൾ രേഖപ്പെടുത്തുന്നതിനും മേൽപറഞ്ഞ വിഭാഗത്തിലെ സ്ത്രീകൾ തയ്യാ റായിട്ടുണ്ട് എന്നത് അനുകൂലമായ മാറ്റമാണ്. മികവുറ്റ രീതിയിൽ കുടുംബശ്രീ പ്രവർത്തനങ്ങളെ മുമ്പോട്ട് കൊണ്ടു പോകാൻ മന്നാൻ, ഉള്ളാടൻ, ഊരാളി, മലയരയ വിഭാഗത്തിന് സഹായകമായി ട്ടുള്ളത് അവരുടെ വിദ്യാഭ്യാസ നിലവാരമാണ്. കൂടാതെ ഇതര ഗോത്ര വിഭാഗങ്ങളുമായും പൊതു വിഭാഗവുമായും നല്ല രീതിയിലുള്ള സാമൂഹിക ബന്ധം വച്ചു പുലർത്തുന്നതും ഈ വിഭാഗ ത്തിലെ വനിതകളെ കുടുംബശ്രീ പ്രവർത്തനങ്ങളുടെ മുൻപന്തിയിൽ എത്തിക്കുന്നതിന് പ്രേരകമാ യിട്ടുണ്ട്.

## കൂട്ടായ പ്രവർത്തനം

മന്നാൻ, ഉള്ളാടൻ, ഊരാളി, മലയരയ സ്ത്രീകളിൽ സംരംഭങ്ങൾ സംഘടിപ്പിക്കപ്പെട്ടിട്ടു ണ്ട്. എന്നാൽ മന്നാൻ സമുദായത്തിലെ സ്ത്രീകളുടെ സംഘാടന ശേഷിയും നേതൃത്വ പാടവുമനു സരിച്ചുള്ള സംരംഭങ്ങൾ സംഘടിപ്പിക്കപ്പെട്ടിട്ടില്ല എന്നതാണ് പഠനത്തിന്റെ വിലയിരുത്തൽ. മികച്ച രീതിയിൽ അയൽക്കൂട്ടങ്ങൾ പ്രവർത്തിപ്പിക്കുന്നതിന് ഇവിടുത്തുകാർക്ക് സാധിച്ചിട്ടുണ്ട്. എന്നാൽ സംഘകൃഷി യൂണിറ്റുകൾ കുറവാണെന്നുള്ളത് പരിശോധിക്കപ്പെടേണ്ടതാണ്.

## സാമൂഹിക മാറ്റം

മന്നാൻ സമുദായത്തിൽ പഠനം നടത്തിയവരിൽ 85% പേർക്ക് സാമൂഹികമായി മാറ്റമുണ്ടാ യിട്ടുണ്ട് എന്നത് മുൻ അദ്ധ്യായങ്ങളിൽ നിന്നും മനസ്സിലാക്കാവുന്നതാണ്. കുടുംബശ്രീ അയൽക്കൂട്ട പ്രവർത്തന ഫലമായി മന്നാൻ വിഭാഗത്തിലെ സ്ത്രീകൾ സാമൂഹികമായി ഔന്നിത്യ ത്തിലെത്തിച്ചേർന്നുവെന്നത് പ്രശംസനീയമാണ്. എന്നാൽ മുതുവാൻ സമുദായത്തിലെ സ്ത്രീക ളിൽ സാമൂഹികമാറ്റം ചെറിയൊരു ശതമാനത്തിൽ മാത്രമേ പ്രകടമായിട്ടുള്ളൂ. കാടിന്റെ ഉള്ളറക ളിൽ അധിവസിക്കുന്ന പ്രസ്തുത വിഭാഗത്തിന് പൊതുസമൂഹവുമായി ഇടപെടാനുള്ള സാഹ ചര്യം കുറവാണ്. ആയതിനാൽ തന്നെ സാമൂഹിക മാറ്റം കൈവരിക്കുവാൻ മുതുവാൻ സമുദായ

ത്തിലെ സ്ത്രീകൾക്ക് സാധിച്ചിട്ടില്ല. മന്നാൻ വിഭാഗത്തിലെ വനിതകൾക്ക് സമാനമായി കുടുംബശ്രീ പ്രവർത്തനത്തിലൂടെ മുന്നേറുവാൻ ഉള്ളാടൻ, ഊരാളി, മലയരയ വിഭാഗത്തിലെ സ്ത്രീകൾക്ക് സാധിച്ചിട്ടുണ്ട്.

## രാഷ്ട്രീയ ബോധ നിലവാരത്തിൽ വന്നിട്ടുള്ള മാറ്റം

കുടുംബശ്രീ അയൽക്കൂട്ട പ്രവർത്തനങ്ങളിലൂടെ പ്രസ്തുത പഞ്ചായത്തിലെ ഗോത്രവനിതകളിൽ സാമൂഹികമായ മാറ്റമുണ്ടായെങ്കിലും രാഷ്ട്രീയപരമായ കാഴ്ചപ്പാടുകൾ ഉണ്ടാക്കിയെടുക്കാൻ കുടുംബശ്രീ പ്രവർത്തനത്തിലൂടെ സാധിച്ചിട്ടില്ല.

പ്രസ്തുത പഞ്ചായത്തിൽ നിന്നും പഠനത്തിലുൾപ്പെട്ടിട്ടുള്ള അഞ്ച് സമുദായങ്ങളിൽ മുതുവാൻ സമുദായത്തിലൊഴികെ മറ്റ് നാല് സമുദായങ്ങളിലും കുടുംബശ്രീ പ്രസ്ഥാനത്തിന്റെ നല്ല സ്വാധീനം പ്രകടമായിട്ടുണ്ട്. പട്ടികവർഗ്ഗ വനിതകളെ സാമൂഹികപരമായി ഉയർത്തികൊണ്ട് വരുന്നതിലും കൂട്ടായ്മ വർദ്ധിപ്പിക്കുന്നതിലും, കുടുംബശ്രീ പ്രസ്ഥാനത്തിന് സാധിച്ചിട്ടുണ്ട് എന്നതാണ് മനസ്സിലാക്കുവാൻ സാധിച്ചിട്ടുള്ളത്. ഇതരഗോത്രവിഭാഗങ്ങളുമായി താരതമ്യം ചെയ്യുമ്പോൾ സാംസ്ക്കാരിക,സാമൂഹിക തലങ്ങളിൽ ഉയർന്ന് നിൽക്കുന്ന വിഭാഗങ്ങളാണ് മേൽപറഞ്ഞവ. കുടുംബശ്രീ പ്രവർത്തനങ്ങളിൽ സജീവമാകുന്നതിനും കുടുംബശ്രീ പ്രസ്ഥാനത്തിന് വേരുറപ്പിക്കാൻ തക്കതുമായ പശ്ചാത്തലം ഈ വിഭാഗങ്ങളിലുണ്ട്. ഇത്തരം അനുകൂല സാഹചര്യങ്ങൾ ലഭ്യമായതിനാലാണ് കുടുംബശ്രീ പ്രസ്ഥാനത്തിന് വേരോട്ടം നടത്തുവാൻ സാധിച്ചിട്ടുള്ളത്.മുതുവാൻ സമുദായത്തെ സംബന്ധിച്ചിടത്തോളം മുൻകാലങ്ങളെ അപേക്ഷിച്ച് ജീവിത പശ്ചാത്തലത്തിൽ മാറ്റമുണ്ടായിട്ടുണ്ട്. പുറമേ നിന്നുള്ളവരോട് ആശയ വിനിമയം നടത്തുവാൻ പോലും തയ്യാറാവാതിരുന്ന അവസ്ഥയിൽ നിന്നും, അഭിപ്രായങ്ങൾ തുറന്നു പറയുന്ന സ്ഥിതിയിലേക്ക് മുതുവാൻ വനിതകൾ മാറിയിട്ടുണ്ട്. കുടുംബശ്രീ അംഗത്വമുള്ളവരാണ് ഭൂരിഭാഗവും എന്നുള്ളത് പ്രതീക്ഷയുളവാക്കുന്നതാണ്. മുതുവാൻ സങ്കേതങ്ങൾ കാടിന്റെ ഉൾഭാഗങ്ങളിൽ സ്ഥിതി ചെയ്യുന്നതിനാൽ പൊതു സമൂഹവുമായുള്ള ബന്ധം വളരെ കുറവാണ്. ആയതിനാൽ തന്നെയും കുടുംബശ്രീ പ്രവർത്തനം വഴിയുള്ള സാമൂഹിക മാറ്റം ഈ വിഭാഗത്തിൽ വളരെ കുറവാണ് എന്നതാണ് മനസ്സിലാക്കുവാൻ സാധിക്കുന്നത്.

## മറയൂർ പഞ്ചായത്ത്

മറയൂർ പഞ്ചായത്തിലെ ഹിൽപുലയ, മുതുവാൻ സമുദായങ്ങളെയാണ് പഠനത്തിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. ഇടുക്കി ജില്ലയിലെ ആറ് സങ്കേതങ്ങളിൽ നിന്നും അടിമാലി പഞ്ചായത്തിലെ കുറത്തിക്കുടി സങ്കേതത്തിൽ നിന്നുമാണ് മുതുവാൻ സമുദായത്തിലെ കുടുംബശ്രീ പ്രവർത്തകരെ പഠനത്തിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. ഗോത്ര വിഭാഗത്തിലെ ഉന്നത സ്ഥാനം അവകാശപ്പെടുന്നവരാണ് മുതുവാന്മാർ. സ്ത്രീകൾ പുരുഷനോടൊപ്പം തൊഴിലിൽ പങ്കാളികളാവുന്നവരും അധ്വാന ശീലം കൂടുതലായുള്ളവരുമാണ്. മുതുവാൻ സ്ത്രീകളുടെ കുടുംബത്തിലെ പദവി പരിശോധിച്ചാൽ  തീരുമാനമെടുക്കുന്നതും കുടുംബ കാര്യങ്ങൾ കൈകാര്യം ചെയ്യുന്നതും പുരുഷന്മാരാണ്. സങ്കേതത്തിന് പുറത്തുള്ളവരെ കണ്ടാൽ മറഞ്ഞിരിക്കുന്ന സ്വഭാവം

മുതുവാൻ വനിതകൾക്കുണ്ടായിരുന്നുവെങ്കിലും നേരിയ തോതിലുള്ള മാറ്റം പ്രകടമാകുന്നുണ്ട്. കരവഴി പുലയ, കുറുമ്പ പുലയ എന്നിങ്ങനെ രണ്ട് വിഭാഗങ്ങൾ ഉൾപ്പെട്ടതാണ് ഹിൽപുലയ സമുദായം മറയൂർ പഞ്ചായത്തിലെ ആലംപെട്ടി സങ്കേതത്തിൽ നിന്നും കുറുമ്പ പുലയരെയും കുമ്മിട്ടാംകുഴി സങ്കേതത്തിൽ നിന്നും കരവഴി പുലയരെയും പഠനത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. കരവഴി പുലയരെക്കാൾ ഉയർന്ന സ്ഥാനം അവകാശപ്പെടുന്നവരാണ് കുറുമ്പ പുലയർ. അതിനാൽ തന്നെ ഈ വിഭാഗങ്ങൾ തമ്മിൽ വിവാഹ ബന്ധം അനുവദനീയമല്ല. കുറുമ്പ പുലയരും മുതുവാൻ സമുദായവും തമ്മിൽ സാമൂഹിക ബന്ധം നിലനിന്ന് പോരുന്നുണ്ട്. മേൽ പറഞ്ഞ രണ്ട് വിഭാഗങ്ങളിൽ കരവഴി പുലയർ പോത്തിറച്ചി കഴിക്കുന്ന വരും കുറുമ്പപുലയർ പോത്തിറച്ചി നിഷിദ്ധമായവരുമാണ്. AAD ലൂയിസിന്റെ പുസ്തകത്തിൽ പ്രതിപാദിച്ചിരിക്കുന്നത്. എന്നാൽ കാലാനുസൃതമായിട്ടുള്ള മാറ്റങ്ങൾ ഈ വിഭാഗത്തിലും പ്രകടമായിട്ടുണ്ട്. അണു കുടുംബ വ്യവസ്ഥ പിന്തുടരുന്ന ഹിൽപുലയ സമുദായത്തിൽ കുടുംബത്തിലെ പുരുഷനാണ് തീരുമാനങ്ങൾ എടുക്കുവാനുള്ള അധികാരം. പാരമ്പര്യ സ്വത്ത് കൈമാറ്റം ചെയ്യപ്പെടുന്നത് മൂത്ത മകനിലൂടെയാണ്. സ്ത്രീകൾക്ക് യാതൊരു വിധ സ്വത്തവകാശവും ഈ വിഭാഗം അനുവദിച്ചു നൽകിയിരുന്നില്ല. എന്നാൽ ഇന്ന് ഈ സ്ഥിതിയിൽ മാറ്റമുണ്ടായിട്ടുണ്ട്. ഹിൽപുലയ സമുദായത്തിൽ സ്ത്രീകളേക്കാൾ പുരുഷന്മാർക്കാണ് ഉയർന്ന സ്ഥാനം നൽകി വരുന്നത്. തൊഴിലിടങ്ങളിലും, പാരമ്പര്യ ആചാര, ആഘോഷ വേളകളിലും സ്ത്രീകൾക്ക് തുല്യ പ്രാധാന്യം നൽകി വരുന്നുണ്ട്.

### സംഘാടന വൈഭവം

മുതുവാൻ സ്ത്രീകൾ അംഗമായിട്ടുള്ള അയൽക്കൂട്ടങ്ങളുടെ പ്രവർത്തനങ്ങൾ വളരെ പരിതാപകരമായ നിലയിലാണ് മുന്നോട്ട് പോകുന്നത്. പ്രതിവാര മീറ്റിംഗുകൾ കൂടുക, ത്രിഫ്റ്റ് വെയ്ക്കുക, എ.ഡി.എസ്, സി.ഡി.എസ് യോഗങ്ങളിൽ പങ്കെടുക്കുക തുടങ്ങിയ പ്രവർത്തനങ്ങൾ മുതുവാൻ കുടുംബശ്രീകളിൽ നടക്കുന്നില്ല. മുൻകാലങ്ങളിൽ മുതുവാൻ സ്ത്രീകൾ പുറത്തുള്ളവരോട് സംസാരിക്കുവാനോ അവരെ അഭിമുഖീകരിക്കുവാനോ തയ്യാറായിരുന്നില്ല അത്തരം സാമുദായിക അംശങ്ങളുടെ പിന്തുടർച്ചകൾ ഇന്നും ഈ വിഭാഗത്തിലെ സ്ത്രീകൾക്കിടയിൽ ദൃശ്യമാകുന്നുണ്ട്. ഒത്തൊരുമിച്ച് നിൽക്കുന്നതിനും കുടുംബശ്രീ പ്രവർത്തനങ്ങളെ മുന്നോട്ട് കൊണ്ട് പോകുന്നതിനും മുതുവാൻ സ്ത്രീകൾക്ക് സാധിക്കുന്നില്ല. ഹിൽപുലയ സ്ത്രീകൾ അംഗമായിട്ടുള്ള നിരവധി അയൽക്കൂട്ടങ്ങൾ ആലംപെട്ടി, കുമ്മിട്ടാംകുഴി സങ്കേതത്തിലെ രൂപീകരിക്കപ്പെട്ടിട്ടുണ്ട്. കുമ്മിട്ടാംകുഴി സങ്കേതത്തിൽ അയൽക്കൂട്ടങ്ങളിൽ ഭൂരിഭാഗവും നിരക്ഷരരാണ്. അതുകൊണ്ട് തന്നെ മിക്ക അയൽക്കൂട്ടങ്ങളും നാമ മാത്രമായി പ്രവർത്തിക്കുന്നവയാണ്. എന്നാൽ അയൽക്കൂട്ട അംഗങ്ങളെല്ലാം തന്നെ കുടുംബശ്രീ പ്രവർത്തനത്തിൽ നല്ല താൽപര്യം കാണിക്കുന്നുണ്ട്. ആലംപെട്ടി സങ്കേതത്തിലും സ്ഥിതി വ്യത്യസ്തമല്ല. ഹിൽപുലയ അംഗങ്ങളെല്ലാം തന്നെ കുടുംബശ്രീ പ്രവർത്തനത്തോട് അനുകൂല മനോഭാവം കാണിക്കുന്നവരാണ്, എന്നാൽ കുടുംബശ്രീ ത്രിതല സംവിധാനം പ്രകാരമുള്ള മികവുറ്റ പ്രവർത്തനം ഇവിടങ്ങളിൽ നടക്കുന്നില്ല എന്നതാണ് പഠനം വിലയിരുത്തിയിട്ടുള്ളത്.

## സാമ്പത്തിക മാറ്റം

പഠനം നടത്തിയ മേഖലകളിലെ മുതുവാൻ അയൽക്കൂട്ടങ്ങളിൽ ഭൂരിഭാഗവും നിശ്ചലമായ അവസ്ഥയിലാണ്. കുടുംബശ്രീ പ്രതിവാര മീറ്റിംഗുകളിൽ പങ്കെടുത്ത് ത്രിഫ്റ്റ് വെയ്ക്കുന്നതിന് അംഗങ്ങൾ തയ്യാറാവുന്നില്ല എന്നതാണ് പ്രവർത്തനം നിലച്ചു പോകുന്നതിന്റെ പ്രാധാന കാരണം. മുതുവാൻ സമുദായത്തിലെ സ്ത്രീകളും പുരുഷനോടൊപ്പം തന്നെ അധ്വാന ശീലം ഉള്ളവരാണ്. വനവിഭവങ്ങൾ സമാഹരിക്കുക, കൃഷിപ്പണി ചെയ്യുക, പുല്ലു (തൈലപുല്ല്) വെട്ടുക തുടങ്ങിയ ജോലികളിൽ മുഴുവൻ സമയവും വ്യാപൃതരാകുന്ന ഈ വിഭാഗത്തിലെ സ്ത്രീകൾക്ക് അയൽക്കൂട്ടത്തിന് പങ്കെടുക്കുന്നതിന് സമയം കണ്ടെത്താൻ സാധിക്കുന്നില്ല എന്നതാണ് വസ്തുത.
ഹിൽപുലയ അംഗങ്ങളിൽ കുടുബശ്രീ മുഖേന സാമ്പത്തിക ഉന്നമനം നേടിയവർ 28% ആണ്. മേൽ സൂചിപ്പിച്ച രണ്ട് സങ്കേതങ്ങളിൽ അധിവസിക്കുന്നവർ വളരെയേറെ ദാരിദ്ര്യം അനുഭവിക്കുന്നവരാണ്. തൊഴിലുറപ്പ് ജോലിയിൽ ഏർപ്പെടുന്നവരാണ് കൂടുതൽ പേരും. ജീവിതത്തിലെ ദൈനംദിനാവശ്യങ്ങൾ നിറവേറ്റുന്നതിനുള്ള ഏകാശ്രയമായി തൊഴിലുറപ്പിനെ അവംലംബിക്കുവാൻ സാധിക്കുന്നുണ്ട്. കുടുംബശ്രീ മുഖേനയുള്ള സാമ്പത്തിക ഉന്നമനം നേരിയ തോതിൽ മാത്രമാണ് സാദ്ധ്യമായിട്ടുള്ളത്. ഹിൽപുലയ സമുദായാംഗങ്ങളിൽ കുടുംബശ്രീ മുഖേനയുള്ള സാമ്പത്തിക ശാക്തീകരണം പ്രയോഗവൽക്കരിക്കുന്നതിന് ഇനിയും സാധിച്ചിട്ടില്ല.

## നേതൃത്വ പാടവം

മുതുവാൻ സമുദായത്തിൽ വിവാഹത്തിൽ പങ്കാളിയെ തിരെഞ്ഞെടുക്കുക, തൊഴിൽ സ്ഥലങ്ങളിൽ തുല്യ പ്രാധാന്യം നൽകുക, തുടങ്ങിയ ഏതാനും ചില ഘടകങ്ങൾ പരിശോധിച്ചാൽ സ്ത്രീകൾക്ക് മെച്ചപ്പെട്ട പദവി അനുവദിച്ചു നൽകുന്നുണ്ടെങ്കിലും സമുദായത്തിലെയും, കുടുംബത്തിലെയും അധികാര കേന്ദ്രം പുരുഷൻ തന്നെയാണ്. ഇത്തരം സാമുദായിക പശ്ചാത്തലത്തിൽ നിന്നും കുടുംബശ്രീ പ്രവർത്തനങ്ങളിലൂടെ മികവുറ്റ സംഘാടകരായോ നേതൃത്വമായോ ഉയർന്നു വരുവാൻ മുതുവാൻ സമുദായത്തിലെ സ്ത്രീകൾക്ക് സാധിച്ചിട്ടില്ല. വീട്ടുകാര്യങ്ങളിൽ തീരുമാനമെടുക്കുന്നതിലും നിയന്ത്രിക്കുന്നതിലും പങ്ക് വഹിക്കുന്നത് പുരുഷന്മാർ തന്നെയാണ്. സ്ത്രീകളുടെ ഇത്തരം ഉൾവലിയൽ മനോഭാവത്തിന് പരിഹാരം കാണുവാൻ കുടുംബശ്രീ പ്രവർത്തനത്തിന് കഴിഞ്ഞിട്ടില്ല.നേതൃത്വ ശേഷിയും സംഘാടനപാടവവും ഹിൽപുലയ വനിതകളിൽ നേരിയതോതിലെങ്കിലും വർദ്ധിക്കുന്നതിന് കുടുംബശ്രീ അംഗത്വം സഹായകരമായിട്ടുണ്ട്. കുമ്മിട്ടാംകുഴി സങ്കേതം മറയൂർ പട്ടണത്തിനടുത്തായാണ് സ്ഥിതി ചെയ്യുന്നത്. അതുകൊണ്ട് തന്നെ പൊതു സമൂഹവുമായി അടുത്തിടപഴകുന്നവരാണ് ഇവിടുത്തുകാർ. ആശയ വിനിമയം ചെയ്യുന്നതിനും വസ്തുതകൾ ഗ്രഹിക്കുന്നതിനും പ്രാപ്തിയുള്ളവരാണ്. എന്നാൽ ഈയൊരു കഴിവ് അയൽക്കൂട്ട സംഘാടനത്തിൽ പ്രതിഫലിക്കുന്നില്ല എന്നതാണ് പഠനത്തിൽ നിന്നും മനസ്സിലാക്കുവാൻ സാധിച്ചിട്ടുള്ളത്. ആലംപെട്ടി സങ്കേതത്തിലെ ഹിൽപുലയ വനിതകൾക്കും ആശയ വിനിമയ ശേഷിയിൽ മാറ്റമുണ്ടായിട്ടുണ്ട്.

## കൂട്ടായ പ്രവർത്തനങ്ങൾ

സംഘകൃഷി, സംരംഭങ്ങൾ തുടങ്ങിയ കൂട്ടായ പ്രവർത്തനങ്ങളോട് വിമുഖത കാണിക്കുന്ന നിലപാടാണ് മുതുവാൻ വിഭാഗത്തിലെ വനിതകൾക്കുള്ളത്. ഭൂരിഭാഗം അംഗങ്ങൾക്കും സ്വന്ത മായി കൃഷിയുണ്ട്. ആയതിനാൽ കുടുംബശ്രീ അയൽക്കൂട്ടം എന്ന നിലയ്ക്ക് കൂട്ടായി കൃഷി ചെയ്യുവാൻ ആരും താൽപര്യപ്പെടുന്നില്ല. കൂടാതെ കൃഷിപണി, വീട്ടുജോലി എന്നിവയ്ക്ക് ശേഷം സംഘകൃഷിയ്ക്കായി മാറ്റി വെയ്ക്കാനുള്ള സമയം മിച്ചം വരുന്നില്ല എന്നതാണ് അംഗ ങ്ങളുടെ അഭിപ്രായത്തിൽ നിന്നും മനസിലാക്കുവാൻ സാധിച്ചിട്ടുള്ളത്. അയൽക്കൂട്ടങ്ങൾ ചിട്ട യായ പ്രവർത്തനങ്ങൾ കാഴ്ചവയ്ക്കുക വഴി മാത്രമേ സംരംഭങ്ങൾ ആരംഭിക്കുന്നതിനുള്ള വായ്പകൾ ലഭിക്കുകയുള്ളൂ. എന്നാൽ അയൽക്കൂട്ടങ്ങൾ കൃത്യമായി കൂടി ചേർന്ന് പ്രവർത്തന ങ്ങൾ ക്രോഡീകരിക്കാത്ത പക്ഷം ഇത്തരത്തിലുള്ള സംരംഭങ്ങൾ ആരംഭിക്കുന്നതിനുള്ള സാഹ ചര്യം മുതുവാൻ അയൽക്കൂട്ടങ്ങളിൽ ഇല്ല. കുമ്മിട്ടാംകുഴി സങ്കേതത്തിൽ പലചരക്ക് സാധന ങ്ങൾ വിൽപന നടത്തുന്ന സംരംഭ യൂണിറ്റും, ആലംപെട്ടി സങ്കേതത്തിൽ ആഭരണ നിർമ്മാണ യൂണിറ്റും ആരംഭിച്ചിരുന്നു. മുൻ അദ്ധ്യായങ്ങളിൽ വിശദമാക്കിയ കാരണങ്ങളുടെ അടിസ്ഥാന ത്തിൽ ഈ രണ്ട് സംരംഭങ്ങളും നിലവിൽ പ്രവർത്തിക്കുന്നവയല്ല. രണ്ട് സങ്കേതങ്ങളിലും സംഘ കൃഷി ഗ്രൂപ്പുകൾ രൂപീകരിച്ചുവെങ്കിലും വന്യമൃഗ ശല്യത്താലും ജലക്ഷാമത്താലും സംഘകൃഷി നശിച്ച് പോകുന്ന സ്ഥിതിയാണുണ്ടായിട്ടുള്ളത്.

## സാമൂഹിക മാറ്റം

വനാന്തര ഭാഗങ്ങളിൽ താമസിക്കുന്ന ഗോത്ര സമൂഹം എന്നുള്ള നിലയിൽ തനത് ആചാര ങ്ങളേയും ഗോത്ര മൂല്യങ്ങളെയും അതേപടി പിന്തുടരണമെന്ന് ആഗ്രഹിക്കുന്നവരാണ് മുതു വാൻ വിഭാഗം. പൊതു സമൂഹവുമായുള്ള കുറഞ്ഞ ഇടപെടൽ, കുറഞ്ഞ വിദ്യാഭ്യാസ നില വാരം എന്നിവ മുതുവാൻ സ്ത്രീകളിൽ മാറ്റം ഉണ്ടാകുന്നതിന് വെല്ലുവിളിയാകുന്നുണ്ട്. നേരിയ മാറ്റം ദൃശ്യമാണെങ്കിലും അതിന്റെ തോത് വളരെ താഴെയാണ്. ഹിൽപുലയ സമുദായത്തിലെ 54 ശതമാനത്തിനും കുടുംബശ്രീ പ്രവർത്തനത്തിലൂടെ സാമൂഹിക മാറ്റം കൈവരിക്കുവാൻ സാധി ച്ചിട്ടില്ല. ചെറിയൊരു ശതമാനത്തിന് സാമൂഹികമായി ഉയർന്ന് വരുവാൻ കുടുംബശ്രീ മുഖേന സാധിച്ചുവെന്നുള്ളത് വസ്തുതയാണ്. എന്നാൽ ഈയൊരു മാറ്റം ഭൂരിഭാഗത്തിലെത്തിക്കുവാൻ കുടുംബശ്രീ സംവിധാനത്തിന് സാധിച്ചിട്ടില്ല.

## രാഷ്ട്രീയ ബോധ നിലവാരത്തിൽ വന്നിട്ടുള്ള മാറ്റം

മുതുവാൻ സ്ത്രീകൾ രാഷ്ട്രീയ ശാക്തീകരണത്തിന്റെ തോത് വളരെ താഴെയാണ്. സാമൂ ഹികമായി വളരെ പിന്നോക്കം നിൽക്കുന്ന ഒരു വിഭാഗം എന്ന നിലയിൽ രാഷ്ട്രീയ പരമായ കാഴ്ചപാട് വളർത്തിയെടുക്കുവാൻ കുടുംബശ്രീ പ്രസ്ഥാനത്തിന് കഴിഞ്ഞിട്ടില്ല. ഊരുകൂട്ടം, ഗ്രാമസഭ തുടങ്ങിയവയിൽ പങ്കാളികളാകുന്നുണ്ടെങ്കിലും നിശ്ശബ്ദരായിരിക്കുക എന്നതിലുപരി

യായി അഭിപ്രായങ്ങൾ, തീരുമാനങ്ങൾ എന്നിവ രേഖപ്പെടുത്തുവാനുള്ള പ്രാപ്തി ഈ വിഭാഗ ത്തിലെ വനിതകൾക്ക് കൈവന്നിട്ടില്ല. ഹിൽപുലയ സമൂദായത്തിലെ 44 ശതമാനത്തിനും പൊതു ജനാധിപത്യ ഇടങ്ങളിൽ അഭിപ്രായം രേഖപ്പെടുത്തുവാൻ സാധിച്ചിട്ടുണ്ട് എന്നത് പ്രശംസനീയ മാണ്. പട്ടികവർഗ്ഗ വനിതകളുടെ സർവ്വോന്മുഖമായ ഉന്നമനത്തിന് രാഷ്ട്രീയ ശാക്തീകരണവും ഒഴിച്ചു കൂടാനാവാത്തതാണെന്നതിനാൽ ഈ നിലയിലുള്ള മുന്നേറ്റം ആശാവഹമാണ്.

മറയൂർ പഞ്ചായത്തിലെ ഹിൽപുലയ, മുതുവാൻ സമുദായങ്ങളിൽ കുടുംബശ്രീ പ്രവർത്തനം വിലയിരുത്തിയപ്പോൾ പ്രസ്തുത പദ്ധതിയിൽ അംഗമായതിലൂടെ ചെറുതെങ്കിലും, മാറ്റം കൈവരിക്കുവാൻ സാധിച്ചിട്ടുള്ളത് ഹിൽപുലയ സമുദായത്തിലെ സ്ത്രീകൾക്കാണ്. എന്നാൽ മുതുവാൻ വിഭാഗത്തിലെ വനിതകളിൽ സാമൂഹിക സാമ്പത്തിക മാറ്റമുണ്ടാക്കുന്ന തിൽ കുടുംബശ്രീ പ്രസ്ഥാനം പരാജയപ്പെട്ടിട്ടുണ്ട് എന്നതാണ് പഠനം വിലയിരുത്തിയിട്ടുള്ളത്.

# അദ്ധ്യായം-6

## ഉപസംഹാരം

സ്ത്രീ മുന്നേറ്റ ചരിത്രത്തിൽ കേരളത്തിന്റെ നേട്ടങ്ങൾ അഭിമാനകരമാണ്. സ്ഥിതി വിവര കണക്കുകൾ, മലയാളി സ്ത്രീയെ ലോക നവോത്ഥാന സ്ത്രീയുടെ പ്രതീകമായി അവതരിപ്പിക്കത്തവണ്ണം മികച്ചതാണ്. സ്ത്രീകളുടെ സാമൂഹ്യ പദവി, ലിംഗ സമത്വം എന്നിങ്ങനെയുള്ള സൂചികകളിലെല്ലാം കേരളം മുൻനിരയിലാണ്. സാക്ഷരത, ലിംഗാനുപാതം, ആയുർ ദൈർഘ്യം, വിവാഹ പ്രായം, ജനനനിരക്ക്, വിദ്യാഭ്യാസ നേട്ടങ്ങൾ എന്നിങ്ങനെ ഏതാണ്ടെല്ലാ സൂചകങ്ങളിലും ഇതര സംസ്ഥാനങ്ങളെ അപേക്ഷിച്ച് മെച്ചപ്പെട്ടതോ, ഏറെ ഉയർന്നതോ ആണ് കേരളത്തിന്റെ അനുപാതം.കേരള സ്ത്രീകളെക്കുറിച്ചുള്ള ഈയൊരു ചിത്രത്തിൽ നിന്നും വിഭിന്നമാണ് ഇവിടുത്തെ ഗോത്ര സ്ത്രീകളുടെ അവസ്ഥ.

കേരളത്തിലെ ഗോത്ര കുടുംബങ്ങളുടെ ഘടന മറ്റു സമുദായങ്ങളുടേതിൽ നിന്ന് പാടേ വ്യത്യസ്തമാണ്. അധികാരവും നിയന്ത്രണവും പുരുഷനിലാകുമ്പോഴും ഗോത്ര കുടുംബങ്ങളിലെ നടത്തിപ്പ് ഭാരം മുഴുവനും സ്ത്രീകളിലാണ്. വിവാഹത്തിലൂടെ പെണ്ണിനെ വില കൊടുത്തു വാങ്ങുകയും, ഇങ്ങനെ പെൺ പണം കൊടുത്തു വാങ്ങുന്ന സ്ത്രീ കുടുംബം പുലർത്തേണ്ട ബാധ്യതയുള്ളവളായിത്തീരുകയും ചെയ്യുന്നു. പട്ടികവർഗ്ഗ പെൺകുട്ടികൾക്ക് ബാല്യം മുതൽ ഒരുപാട് കഷ്ടതകൾ അനുഭവിക്കേണ്ടി വരുന്നു. വിറകു ശേഖരണം, നെല്ലുകുത്തൽ, കൃഷിയിടങ്ങളിലെ പണികൾ എന്നുവേണ്ട, എല്ലാ പണികളും ഇവർ ചെയ്യേതായുണ്ട്. മുതിർന്നതിന് ശേഷവും ഇത്തരം ജോലികൾ വർദ്ധിക്കുകയാണ് ചെയ്യുന്നത്. അങ്ങനെ കുടുംബത്തിന്റെ മുഴുവൻ കാര്യങ്ങളും സ്ത്രീയെ ആശ്രയിച്ചിരിക്കും. കൂടാതെ ദാരിദ്ര്യം, പോഷകാഹാരക്കുറവ്, രോഗങ്ങൾ, ശാരീരിക, മാനസിക ചൂഷണങ്ങൾ, ബലാൽസംഗം, നിരക്ഷരത, തൊഴിലില്ലായ്മ തുടങ്ങിയവ ഗോത്രസ്ത്രീകൾ നേരിടുന്ന അടിച്ചമർത്തലുകളുടേയും ചൂഷണങ്ങളുടേയും പ്രത്യക്ഷമായ ഉദാഹരണങ്ങളാണ്. ഇവയെല്ലാം കൂടിച്ചേർന്ന് പട്ടികവർഗ്ഗസ്ത്രീകളുടെ ജീവിതം അനിശ്ചിതത്വത്തിലാണ് നില കൊള്ളുന്നത്.

2011-ലെ സെൻസസ് റിപ്പോർട്ട് പ്രകാരം കേരളത്തിലെ ആകെ പട്ടികവർഗ്ഗജനസംഖ്യ 4,84,839 ആണ്. ഇതിൽ 2,38,203 പേർ പുരുഷന്മാരും 2,46,636 പേർ സ്ത്രീകളുമാണ്. ഇവരുടെ സ്ത്രീ പുരുഷാനുപാതം 1000 പുരുഷന്മാർക്ക് 1035 സ്ത്രീകൾ എന്ന രീതിയിലാണ്. എന്നാൽ ഈ ആധിപത്യം ജീവിതത്തിന്റെ മറ്റ് മേഖലകളിൽ പ്രതിഫലിക്കുന്നില്ല എന്നതാണ് വാസ്തവം. സാക്ഷരതയുടെ കാര്യത്തിലും പട്ടികവർഗ്ഗ സ്ത്രീകൾ വളരെ പിന്നിലാണ്. 2011-ലെ സെൻസസ് റിപ്പോർട്ട് പ്രകാരം പട്ടികവർഗ്ഗക്കാരുടെ സാക്ഷരത 75.8 ആണ്. അതിൽ 80.8 ശതമാനം പുരുഷ സാക്ഷരതയാണ്. കേവലം 71.1 ശതമാനമാണ് സ്ത്രീ സാക്ഷരത. തൊഴിൽ മേഖലകളിൽ നിന്ന് വരുമാനം നേടുന്നത് സ്ത്രീകളേക്കാൾ കൂടുതൽ പുരുഷന്മാരാണ്. ഉന്നത വിദ്യാഭ്യാസ യോഗ്യത വേണ്ടുന്ന തൊഴിലുകളിലും ഗോത്രസ്ത്രീ സാന്നിധ്യം കുറവാണ്.

സ്വന്തം വരുമാനം പോലും സ്വതന്ത്രമായി ഉപയോഗിക്കാൻ കഴിയാത്തവരാണ് ഭൂരിപക്ഷം ഗോത്രസ്ത്രീകളും. അതുകൊണ്ടു തന്നെ സാമ്പത്തിക സ്വാശ്രയത്വം ഗോത്രസ്ത്രീകൾക്ക് അവകാശപ്പെടാനാവില്ല. സാമ്പത്തിക സ്വാതന്ത്ര്യത്തിന്റെ അഭാവം സ്വയം തീരുമാനമെടുക്കാൻ സ്ത്രീകൾക്ക് വിലങ്ങു തടിയാകുന്നു.കേരളത്തിലെ തൊഴിലുറപ്പ് പദ്ധതിയുടെ സവിശേഷതകളിലൊന്ന് കൂലി വിതരണത്തിന് ഏർപ്പെടുത്തിയിരിക്കുന്ന സംവിധാനമാണ്. എല്ലാ വ്യക്തികൾക്കും ബാങ്ക് അക്കൗണ്ട് നിർബന്ധമാക്കുകയും അതിലൂടെ വേതന വിതരണത്തിന്റെ കാര്യക്ഷമത ഉറപ്പാക്കുകയും ചെയ്യുന്നു. വേതനം എ.റ്റി.എം കൗണ്ടറുകളിൽ കൂടി പിൻവലിക്കാവുന്ന സൗകര്യം, സ്വന്തം വേതനത്തിന്റെ ഉടമസ്ഥത, അതിന്റെ നിയന്ത്രണം തനിക്കുതന്നെ, എന്നിങ്ങനെയുള്ള സാമ്പത്തിക സ്വാതന്ത്ര്യത്തിന്റെ മണ്ഡലം കുറേക്കൂടി വിശാലമാക്കുന്നുവെങ്കിലും ഇത്തരം ലക്ഷ്യങ്ങൾ കൈവരിക്കാൻ ഗോത്രസ്ത്രീകൾക്ക് കഴിഞ്ഞിട്ടില്ല എന്നതാണ് പഠനത്തിൽ നിന്നും മനസ്സിലാക്കുവാൻ കഴിഞ്ഞ വസ്തുത.

തീരുമാനമെടുക്കൽ രംഗങ്ങളിലെ ഗോത്രസ്ത്രീകളുടെ അദൃശ്യതയും പിന്നാക്കാവസ്ഥയുടെ സൂചകമായി നിലനിൽക്കുന്നു. അധികാര രംഗങ്ങളിൽ ഗോത്രസ്ത്രീകളുടെ സാന്നിധ്യവും പങ്കാളിത്തവും ദയനീയമാം വിധം കുറവാണ്. കുടുംബശ്രീ പദ്ധതിയുടെ സാമൂഹ്യ പ്രവർത്തന മണ്ഡലത്തിൽ ഗോത്രസ്ത്രീകൾ ഉണ്ടെങ്കിലും സമൂഹത്തിന്റെ നേതൃനിരയിലേയ്ക്ക് ഇവർ കടന്നു വരുന്നില്ല. സാമൂഹ്യ,രാഷ്ട്രീയ രംഗങ്ങളിലെ കേരളത്തിന്റെ മുന്നോക്കാവസ്ഥ കണക്കിലെടുക്കുമ്പോൾ ഇവിടുത്തെ ഗോത്രസ്ത്രീകൾക്ക് പൊതു മണ്ഡലങ്ങളിൽ സുപ്രധാനമായ സ്ഥാനം സ്വാഭാവികമായും ലഭിക്കേണ്ടതാണ്.എന്നാൽ കേരളീയ വികസനത്തിന്റെ വൈരുദ്ധ്യമായി ഇവിടുത്തെ ഗോത്രസ്ത്രീകളുടെ താഴ്ന്ന പദവിയെ കണക്കാക്കാം.രാഷ്ട്രീയ, സാമ്പത്തിക, സാമൂഹിക ശാക്തീകരണത്തിനുതകുന്ന പദ്ധതികളുടെ അഭാവം, സാമൂദായിക വികസനത്തിനായുള്ള നിർണ്ണായകമായ തീരുമാനങ്ങളിൽ പങ്കാളിത്തമില്ലാത്ത അവസ്ഥ, സാമൂഹ്യവികസന പദ്ധതികളിൽ നിന്നുള്ള അവഗണന, താഴ്ന്ന വിദ്യാഭ്യാസ നിലവാരവും ദുർബലമായ ആരോഗ്യരക്ഷാ സംവിധാനങ്ങളും, ഗോത്രസ്ത്രീകൾക്ക് നേരെയുള്ള കടന്നുകയറ്റങ്ങളും ചൂഷണങ്ങളും എന്നിവയാണ് പട്ടികവർഗ്ഗസ്ത്രീകൾ നേരിടുന്ന പ്രധാന വെല്ലുവിളികളാണ്.

മേൽപറഞ്ഞ പ്രതിസന്ധികൾക്ക് ഒരു പരിധി വരെ പരിഹാരം നേടാൻ കുടുംബശ്രീ സ്വയം സഹായ സംഘങ്ങളുടെ ശാക്തീകരണത്തിലൂടെ കഴിയും. വികസനത്തിന്റെ പിന്നാമ്പുറങ്ങളിൽ ഒതുങ്ങിക്കഴിയുന്ന പട്ടികവർഗ്ഗ വിഭാഗങ്ങളുടെ പ്രത്യേക സംരംക്ഷണം കുടുംബശ്രീ ഏറ്റെടുക്കേണ്ടതുണ്ട്. പ്രസ്തുത വിഭാഗങ്ങളെ വികസന പൊതുധാരയിൽ കൊണ്ടുവരുന്നതിനും അവർക്ക് ഉപജീവനമാർഗ്ഗം കണ്ടെത്തുന്നതിനും സമ്പാദ്യസാധ്യതകളെ കൂടുതൽ പരിപോഷിപ്പിക്കുന്നതിനും അവർക്ക് മെച്ചപ്പെട്ട ജീവിത സാഹചര്യം ഒരുക്കുന്നതിനും ഒരു പ്രത്യേക ശക്തിയാകാൻ കുടുംബശ്രീയ്ക്ക് കഴിയുമെന്ന് നിസ്സംശയം പറയാം. പൊതു സമൂഹത്തിൽ ഗോത്രസ്ത്രീകൾക്ക് തങ്ങളുടേതായ സ്ഥാനം വിലപേശി നേടാൻ, വനിതകളുടെ പ്രസ്ഥാനമെന്ന നിലയിൽ കുടുംബശ്രീ പ്രതിജ്ഞാബദ്ധവുമാണ്.

പട്ടികവർഗ്ഗ കുടുംബങ്ങളെ സമ്പൂർണ്ണമായി അയൽക്കൂട്ടങ്ങളിൽ അംഗങ്ങളാക്കാനുള്ള പദ്ധതി രൂപീകരിക്കുക, ബാലസഭാ രൂപീകരണം, കുട്ടികളുടെ പങ്കാളിത്തത്തോടെ വിദ്യാഭ്യാസ നിലവാരം വർദ്ധിപ്പിക്കുന്നതിനായുള്ള പരിഷ്ക്കാരങ്ങൾ സ്വീകരിക്കുക, സമ്പാദ്യ വായ്പാ ശീലം വർദ്ധിപ്പിക്കാനുള്ള ബോധവൽക്കരണ പദ്ധതിയും ആസൂത്രണങ്ങളും, അയൽക്കൂട്ടം മുതൽ എ.ഡി.എസ് തലം വരെയുള്ള സംഘടനാ സംവിധാനം ശക്തിപ്പെടുത്തുകയും അതിൽ ദുർബലമായ പിന്നാക്കവിഭാഗങ്ങളുടെ സാന്നിധ്യം ഉറപ്പുവരുത്തുകയും ചെയ്യുക, പ്രത്യേക ആശ്രയ പദ്ധതി ഉറപ്പുവരുത്തുക, സ്വയം തൊഴിലിലൂടെ വരുമാനമാർഗ്ഗം ഉണ്ടാക്കിക്കൊടുക്കുക തുടങ്ങിയവ കുടുംബശ്രീ മിഷന്റെ മേൽനോട്ടത്തിൽ നടപ്പിലാക്കേണ്ടതുണ്ട്.ഇത്തരം ലക്ഷ്യങ്ങൾ സാധ്യമാക്കുന്നതിന് വിവിധ സർക്കാർ, സർക്കാർ ഇതര ഏജൻസികളുടെ സഹായം ലഭ്യമാക്കുന്നതിന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ ഊർജ്ജിത അവബോധ പരിപാടികൾ നടപ്പിലാക്കേണ്ടതുണ്ട്. പൊതു സമൂഹത്തിൽ ഇടപെടുമ്പോൾ അവർക്കുണ്ടാകുന്ന അന്യതാബോധവും അപകർഷതാബോധവും മാറ്റിയെടുക്കാൻ പൊതുജനങ്ങളും പരിശ്രമിക്കേണ്ടതുണ്ട്.

## കണ്ടെത്തലുകൾ

### അയൽക്കൂട്ട പ്രവർത്തനം

- പഠനം നടത്തിയ മേഖലകളിലെ ഗോത്രവനിതകളിൽ ഭുരിഭാഗവും കുടുംബശ്രീയിൽ അംഗങ്ങളാണെങ്കിലും പട്ടികവർഗ്ഗ പ്രാതിനിധ്യം കാണിക്കുന്നതിനുള്ള പ്രക്രിയകളായി അയൽക്കൂട്ടരൂപീകരണം മാറുന്നുവെന്നതാണ് പ്രഥമദൃഷ്ട്യാ പഠനത്തിൽ നിന്നും മനസ്സിലാക്കുവാൻസാധിച്ചിട്ടുള്ളത്.
- രൂപീകരണ ശേഷം ചുരുങ്ങിയ കാലയളവിൽ മാത്രമാണ് അയൽക്കൂട്ടങ്ങൾ സജീവമായി പ്രവർത്തിക്കുന്നത്.
- അയൽക്കൂട്ട യോഗങ്ങളിൽ കൃത്യമായി പങ്കെടുക്കുന്നതിന് ഗോത്രവനിതകൾ താൽപര്യം കാണിക്കുന്നില്ല.
- ഭൂരിഭാഗവും അയൽക്കൂട്ടത്തിൽ പങ്കാളികളാകുന്നത് സാമ്പത്തിക സഹായം എളുപ്പത്തിൽ ലഭ്യമാകുന്നു എന്നതിനാലാണ്.
- കുടുംബശ്രീ കണക്കുകൾ പ്രകാരം പഠനം നടത്തിയ പഞ്ചായത്തുകളിലെ അയൽക്കൂട്ടങ്ങളിൽ ഇപ്പോഴും സജീവമായി പ്രവർത്തിക്കുന്ന അയൽക്കൂട്ടങ്ങൾ നാമമാത്രമാണ്.
- അയൽക്കൂട്ടങ്ങൾ വഴി എളുപ്പത്തിൽ വായ്പകൾ ലഭ്യമാകുന്നതിനാലും തൊഴിലുറപ്പ് ജോലിയുടെ വിവരങ്ങൾ കുടുംബശ്രീ വഴി ലഭ്യമാകുന്നു എന്നതിനാലുമാണ് ഭൂരിഭാഗം ഗോത്രവനിതകളും അയൽക്കൂട്ടത്തിൽ അംഗങ്ങളായത്.
- പ്രതിവാര അയൽക്കൂട്ട യോഗങ്ങളിൽ പങ്കെടുക്കുന്നതിന് ഗോത്രവനിതകൾ വിമുഖത കാണിക്കുന്നുണ്ട്.

- ആഴ്ചതോറും ത്രിഫ്റ്റ് വയ്ക്കുക എന്നതിലുപരിയായി കുടുംബശ്രീ പദ്ധതിയുടെ പ്രാധാന്യത്തെപ്പറ്റിയും ലക്ഷ്യത്തെപ്പറ്റിയും ഗോത്രസ്ത്രീകൾ ബോധവതികളല്ല.
- ത്രിഫ്റ്റ് തുക കൃത്യമായി അടയ്ക്കുവാനും, വായ്പ തിരിച്ചടവ് നടത്തുവാനും സാധിക്കാത്തതിനാൽ അയൽക്കൂട്ട യോഗങ്ങളിൽ ഗോത്രവനിതകൾ പങ്കാളികളാകുന്നില്ല.
- പഠനം നടത്തിയ മേഖലകളിൽ ഭൂരിഭാഗം പേരും ത്രിഫ്റ്റ് തുകയായി തീരുമാനിച്ചിട്ടുള്ളത് പത്ത് രൂപ മുതൽ മുപ്പത് രൂപ വരെയാണ്.
- ദൈനംദിന ആവശ്യങ്ങൾക്ക് പോലും കടം വാങ്ങേണ്ടി വരുന്ന ഗോത്രവനിതകൾക്ക് നിശ്ചയിക്കപ്പെട്ടിട്ടുള്ള തുച്ഛമായ ത്രിഫ്റ്റ് തുക പോലും കണ്ടെത്തുവാൻ സാധിക്കുന്നില്ല.
- സജീവമായ അയൽക്കൂട്ടങ്ങളിൽ പോലും കേവലമായ ത്രിഫ്റ്റ് സ്വരൂപണ പ്രക്രിയ മാത്രമാണ് നടക്കുന്നത്.
- കുടുംബശ്രീ ബൈലോ നിർദ്ദേശിക്കും പ്രകാരമുള്ള പ്രവർത്തന വിപുലീകരണം പട്ടികവർഗ്ഗ മേഖലയിൽ സാധ്യമാകുന്നില്ല. ഇത്തരം സാഹചര്യം അതിജീവിക്കുവാൻ ഗോത്രവനിതകൾക്ക് സാധിക്കാത്തതിന്റെ കാരണമായിട്ടുള്ളത് പട്ടികവർഗ്ഗ മേഖലയിലെ രൂക്ഷമായ തൊഴിലില്ലായ്മയാണ്.
- ജോലിഭാരവും കുടുംബത്തിന്റെ നടത്തിപ്പ് ഭാരവും ഒരേ സമയം കൈകാര്യം ചെയ്യേണ്ടി വരുന്നതിനാൽ അയൽക്കൂട്ടങ്ങളിൽ പങ്കെടുക്കുന്നതിനുള്ള സമയം കണ്ടെത്തുവാൻ ഗോത്രവനിതകൾക്ക് സാധിക്കുന്നില്ല.
- സംരഭങ്ങളിലൂടെ തൊഴിലില്ലായ്മ, ദാരിദ്ര്യം എന്നിവയ്ക്ക് പരിഹാരം കാണുവാൻ സാധിക്കുമെങ്കിലും ഗോത്രവർഗ്ഗ മേഖലയിൽ ഈ ലക്ഷ്യം പ്രാവർത്തികമാക്കുവാൻ സാധിച്ചിട്ടില്ല.
- വിദ്യാഭ്യാസമില്ലാത്തതിനാൽ കുടുംബശ്രീ രേഖകൾ കൃത്യമായി എഴുതി സൂക്ഷിക്കുവാൻ സാധിക്കുന്നില്ല.
- വിദ്യാഭ്യാസപരമായ പിന്നോക്കാവസ്ഥയാണ് പട്ടികവർഗ്ഗ വനിതകൾ കുടുംബശ്രീ പ്രവർത്തനത്തിൽ നേരിടുന്ന ഏറ്റവും വലിയ വെല്ലുവിളി,
- ബാങ്കിടപാടുകൾ നടത്തുക, പൊതുപരിപാടികളിൽ പങ്കെടുക്കുക തുടങ്ങിയ ഉത്തരവാദിത്വങ്ങൾ കൈകാര്യം ചെയ്യുന്നതിൽ നിന്നും ഗോത്രവനിതകളെ പിന്തിരിപ്പിക്കുന്ന പ്രാധാന ഘടകം വിദ്യാഭ്യാസപരമായ പിന്നാക്കാവസ്ഥയാണ്.
- സെക്രട്ടറി, പ്രസിഡണ്ട് തുടങ്ങിയ നേതൃസ്ഥാനങ്ങൾ ഏറ്റെടുക്കുന്നതിന് അംഗങ്ങൾ തയ്യാറാവാത്തതിനാൽ ഒരു വ്യക്തി തന്നെ ദീർഘകാലം ഈ ചുമതലകൾ വഹിക്കേണ്ടി വരികയും തുടർന്ന് ഈ പദവി പാതിവഴിയിൽ ഉപേക്ഷിക്കുകയും ചെയ്യുന്നുണ്ട്.
- കുടുംബശ്രീ അംഗത്വത്തിലൂടെ കുടുംബ പശ്ചാത്തലത്തിൽ മാറ്റം വരുത്തുവാൻ സാധിച്ചിട്ടുള്ളവർ കേവലം 32.66 ശതമാനമാണ്.

**സാമ്പത്തിക ശാക്തീകരണം**

- പഠനം നടത്തിയ മേഖലകളിലെ ഭൂരിഭാഗം ഗോത്രവനിതകൾക്കും കുടുംബശ്രീ പ്രവർത്തന ഫലമായി സാമ്പത്തിക ഉന്നമനം നേടുന്നതിന് സാധിച്ചിട്ടില്ല.
- പഠനത്തിൽ പങ്കെടുത്ത 94.66 ശതമാനം പേർക്കും ബാങ്ക് അക്കൗണ്ടുകൾ ഉണ്ട്.
- വിവിധ പദ്ധതികളുടെ ആനുകൂല്യം ലഭ്യമാകുന്നതിനു വേണ്ടിയാണ് ഭൂരിഭാഗവും ബാങ്ക് അക്കൗണ്ടുകൾ ആരംഭിച്ചിട്ടുള്ളത്.
- ബാങ്കിടപാടുകൾ സുതാര്യമാക്കുന്നതിന് ഭൂരിഭാഗം ബാങ്കുകളും മൊബൈൽ ഫോൺ വഴിയാണ് സേവനങ്ങൾ ലഭ്യമാക്കുന്നത്. എന്നാൽ പട്ടികവർഗ്ഗ വനിതകൾക്ക് തൊഴിലുറപ്പ് വേതനം പോലെയുള്ള വിശദാംശങ്ങൾ അറിയുന്നതിന് ബാങ്കുകളിൽ നേരിട്ട് നിരന്തരം സമീപിക്കേണ്ടി വരുന്നത് വളരെയേറെ ബുദ്ധിമുട്ടുകൾ സൃഷ്ടിക്കുന്നുണ്ട്.
- 59.66 ശതമാനം ഗോത്രവനിതകൾക്കും ത്രിഫ്റ്റ് തുക അടയ്ക്കുവാൻ സാധിക്കുന്നില്ല.
- സമ്പാദ്യ ശീലം ഇല്ലാതിരുന്ന ഗോത്രസ്ത്രീകൾക്ക് സമ്പാദ്യം എന്നൊരു കാഴ്ചപ്പാട് വളർത്തിയെടുക്കുന്നതിന് കുടുംബശ്രീ പ്രസ്ഥാനത്തിന് സാധിച്ചിട്ടുണ്ട്.
- പഠനത്തിൽ പങ്കെടുത്ത 56 ശതമാനം ഗോത്രവനിതകൾക്ക് ആന്തരിക വായ്പകൾ പ്രയോജനപ്പെടുത്തിയിട്ടുണ്ട്.
- ലിങ്കേജ് വായ്പകൾ ലഭ്യമായിട്ടുള്ളത് 15.66 ശതമാനം പേർക്ക് മാത്രമാണ്.
- ഭൂരിഭാഗം വരുന്ന ഗോത്രസ്ത്രീകളും(56.66%) കുടുംബശ്രീ അയൽക്കൂട്ടങ്ങളിൽ നിന്നല്ലാതെയുള്ള ഇതര സ്രോതസ്സുകളിൽ നിന്നും കടം വാങ്ങിയിട്ടുണ്ട്.
- കടബാധ്യതയുള്ളവരിൽ 44.70 ശതമാനം പേരും കടംവാങ്ങിയിട്ടുള്ളത് ഭക്ഷ്യവസ്തുക്കൾ വാങ്ങുന്നതിനായിട്ടാണ്.
- പഠനത്തിൽ പങ്കെടുത്ത 74 ശതമാനം പേർക്കും തൊഴിലുറപ്പ് ജോലിയിൽ പങ്കാളിത്തമുണ്ട്.
- തൊഴിലുറപ്പ് ജോലി ചെയ്യുന്ന 50 ശതമാനം പേർക്ക് തൊഴിലുറപ്പ് വേതനം കൃത്യമായി ലഭിച്ചിട്ടുണ്ട്.

**സംരംഭം**

- പഠനം നടത്തിയ മേഖലകളിൽ ഭൂരിഭാഗം അയൽക്കൂട്ടങ്ങളിലും സംരംഭങ്ങൾ സംഘടിപ്പി ക്കപ്പെട്ടിട്ടില്ല.
- സംരംഭങ്ങൾ ആരംഭിക്കുന്നതിനായുള്ള പ്രാരംഭ മൂലധനം അയൽക്കൂട്ടത്തിൽ നിന്നും കണ്ടെത്തുവാൻ സാധിക്കാത്തതാണ് പട്ടികവർഗ്ഗ മേഖലയിൽ സംരംഭങ്ങൾ കുറവായ തിന്റെ പ്രധാന കാരണം.

ചുരുക്കം ചില അയൽക്കൂട്ടങ്ങൾ സംരംഭങ്ങൾ ആരംഭിച്ചിട്ടുണ്ടെങ്കിലും അവ പാതിവഴിയിൽ നിർത്തുകയാണുണ്ടായിട്ടുള്ളത്. ഇതിനുള്ള പ്രധാന കാരണങ്ങൾ,

- ഗോത്രവിഭാഗങ്ങൾ അധിവസിക്കുന്ന മേഖലയ്ക്കനുയോജ്യമാം വിധത്തിലുള്ള സംരംഭങ്ങൾ കണ്ടെത്തുവാൻ സാധിക്കാത്തത്.
- സംരംഭങ്ങൾക്ക് കൃത്യമായ മേൽനോട്ടമില്ലാത്തത്.
- സംരംഭങ്ങൾ പ്രാരംഭ ഘട്ടത്തിൽ അയൽക്കൂട്ടത്തിന്റെ നേതൃത്വത്തിൽ ആരംഭിക്കുകയും തുടർന്ന് ഒരു വ്യക്തിയിലേയ്ക്ക് ചുരുങ്ങുകയും ചെയ്യുന്നത്.
- വിപണി സാധ്യതകളില്ലാത്തത്.
- കൂട്ടായ സംരംഭങ്ങളുടെ മുന്നോട്ടുള്ള വളർച്ചയ്ക്ക് സഹായകമാം വിധം സാമ്പത്തിക സഹായമോ പ്രോത്സാഹനമോ കുടുംബശ്രീ മിഷന്റെ ഭാഗത്ത് നിന്നുമുണ്ടാവുന്നില്ല.

## സംഘകൃഷി

പഠനം നടത്തിയ മേഖലകളിൽ സംഘകൃഷി പരാജയമാണ്. ഇതിനുള്ള പ്രധാന കാരണങ്ങൾ ചുവടെ ചേർക്കുന്നു.

- സ്ഥലമില്ലാത്തതും ജലക്ഷാമവും
- പുത്തൻ കാർഷിക രീതികളിൽ അറിവില്ലായ്മ
- കാർഷിക യന്ത്രങ്ങൾ പ്രവർത്തിക്കുവാൻ അറിവില്ല
- കൃഷി ചെയ്തുണ്ടാക്കുന്ന വിളകൾക്ക് മതിയായ വില ലഭിക്കാത്തത്
- മറ്റ് ജോലികളിൽ വ്യാപൃതരായതിനാൽ സംഘകൃഷിക്ക് വേണ്ടി സമയം മാറ്റിവെക്കാൻ സാധിക്കാത്തത്
- രൂക്ഷമായ വന്യമൃഗശല്യം
- വിത്ത് വളം എന്നിവയുടെ വിലയോട് താരതമ്യം ചെയ്യുമ്പോൾ വിളകൾക്ക് തുച്ഛമായ വിലലഭിക്കുന്നത്.
- കൃഷിചെയ്തുണ്ടാക്കുന്നവ വിറ്റ് പോകുന്നതിനുള്ള വിപണി ലഭിക്കാത്തത്

## രാഷ്ട്രീയ ശാക്തീകരണം

- കുടുംബശ്രീ പ്രവർത്തന ഫലമായി ഊരുകൂട്ടം, ഗ്രാമസഭ തുടങ്ങിയ പങ്കാളിത്ത ആസൂത്രണ പ്രക്രിയകളിൽ ഗോത്രവനിതകളുടെ സാന്നിധ്യം വർദ്ധിച്ചിട്ടുണ്ട്.
- പൊതു സഭകളിൽ പ്രാതിനിധ്യം വർദ്ധിച്ചുവെങ്കിലും അഭിപ്രായ രൂപീകരണത്തിൽ നിശ്ശബ്ദ സാന്നിധ്യം മാത്രമാണ്.
- പഠനം നടത്തിയ ഗോത്രവനിതകൾ രാഷ്ട്രീയത്തിലേയ്ക്കോ അധികാര സ്ഥാനങ്ങളിലേയ്ക്കോ എത്തിച്ചേർന്നിട്ടില്ല.
- രാഷ്ട്രീയ, സാമൂഹിക രംഗങ്ങളിലേയ്ക്ക് കടന്ന് ചെല്ലുവാൻ സാധിക്കാത്തതിന്റെ പ്രധാന കാരണങ്ങൾ വിദ്യാഭ്യാസമില്ലായ്മയും, പൊതുരംഗത്തുള്ള പരിചയക്കുറവുമാണ്.

പഠനം നടത്തിയ മേഖലകളിൽ രാഷ്ട്രീയ പ്രവർത്തനങ്ങളോട് താൽപര്യമുണ്ടെന്ന് അഭിപ്രായപ്പെട്ടവർ നാമമാത്രമാണ്. രാഷ്ട്രീയ പ്രവേശനത്തോട് താൽപര്യമില്ലെന്നതാണ് ഭൂരിഭാഗം വനിതകളും അഭിപ്രായപ്പെട്ടിട്ടുള്ളത്. ഗോത്രവനിതകളുടെ രാഷ്ട്രീയ ബോധ നിലവാരമുയർത്തുന്നതിന് കുടുംബശ്രീ പ്രസ്ഥാനത്തിന് സാധിച്ചിട്ടില്ല എന്നതാണ് പഠനം വിലയിരുത്തിയിട്ടുള്ളത്.

## സാമൂഹിക ശാക്തീകരണം

- ഗോത്രവനിതകളിൽ കുടുംബശ്രീ പ്രവർത്തനത്തിലൂടെ സംഘാടനശേഷി വർദ്ധിച്ചിട്ടുള്ളവർ കേവലം 31.33 ശതമാനം മാത്രമാണ്.

- കുടുംബശ്രീ പ്രവർത്തന ഫലമായി 42 ശതമാനം പേർക്ക് പൊതുവിഭാഗങ്ങളുടെ അയൽക്കൂട്ടങ്ങളുമായി സാമൂഹിക ബന്ധമുണ്ടാക്കുവാൻ സാധിച്ചിട്ടുണ്ട്.
- കുടുംബശ്രീ അംഗമായിരുന്നിട്ടും അയൽക്കൂട്ട യോഗങ്ങൾ വിളിച്ച് ചേർക്കുന്നതിനോ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനോ ഉള്ള പ്രാപ്തി ഗോത്രവനിതകൾക്ക് കൈവന്നിട്ടില്ല.
- കുടുംബശ്രീ അംഗത്വത്തിലൂടെ കുടുംബ പശ്ചാത്തലത്തിൽ മാറ്റം വരുത്തുവാൻ സാധിച്ചിട്ടുള്ളവർ കേവലം 32.66 ശതമാനമാണ്.
- കുടുംബശ്രീ മുന്നോട്ട് വെയ്ക്കുന്ന ലക്ഷ്യങ്ങളുടെ പൂർത്തീകരണത്തിന് അയൽക്കൂട്ടങ്ങളുടെ ഉന്നമനത്തോടൊപ്പം തന്നെ കുടുംബത്തിന്റെ ഉയർച്ചയും ഒരു പോലെ പരിഗണിക്കപ്പെടേണ്ടതാണെന്നിരിക്കെ, 67.33 ശതമാനം പേർക്കും കുടുംബ പശ്ചാത്തലത്തിൽ മാറ്റമുണ്ടായിട്ടില്ല എന്നത് പ്രസ്തുത പദ്ധതിയുടെ സ്വാധീനം ഗോത്രകുടുംബങ്ങളിലുണ്ടായിട്ടില്ല എന്നതിന്റെ തെളിവാണ്.

## അറിവുപരമായ ശാക്തീകരണം

- 35 ശതമാനം പേർക്ക് കുടുംബശ്രീ അംഗത്വത്തിലൂടെ, ഭരണഘടന, മനുഷ്യാവകാശം, വനനിയമങ്ങൾ, തൊഴിലുറപ്പ് നിയമം തുടങ്ങിയവയെപ്പറ്റി കേട്ടറിവെങ്കിലുമുള്ളത് ഗോത്രസ്ത്രീകളിൽ കുടുംബശ്രീ പ്രസ്ഥാനത്തിന്റെ സ്വാധീനമാണ് വെളിവാകുന്നത്.

പനമരം പഞ്ചായത്തിൽ മുള്ളുക്കുറുമ, വെട്ടക്കുറുമ, കുറിച്യ സമുദായങ്ങളിൽ കുടുംബശ്രീയുടെ സ്വാധീനമുണ്ടായിട്ടുണ്ട് എന്നതാണ് പഠനം വിലയിരുത്തിയിട്ടുള്ളത്. എന്നാൽ പണിയ, കാട്ടുനായിക്ക, അടിയ വിഭാഗങ്ങളിലെ സ്ത്രീകളിൽ സാമൂഹിക മാറ്റമുണ്ടാക്കുന്നതിന് കുടുംബശ്രീയ്ക്ക് സാധിച്ചിട്ടില്ല. പനമരം പഞ്ചായത്തുമായി താരതമ്യം ചെയ്യുമ്പോൾ തിരുനെല്ലി പഞ്ചായത്തിലെ അടിയ, പണിയ സ്ത്രീകളിൽ സാമൂഹിക ശാക്തീകരണത്തെ ത്വരിതപ്പെടുത്തുന്നതിന് കുടുംബശ്രീയ്ക്ക് കഴിഞ്ഞിട്ടുണ്ട്. മുതലമട പഞ്ചായത്തിലെ ഗോത്രവനിതകളിൽ സാമൂഹിക ശാക്തീകരണം നേരിയ തോതിൽ മാത്രമാണ് പ്രകടമായിട്ടുള്ളത്. എങ്കിലും കാടർ വിഭാഗത്തിലെ സ്ത്രീക

ളിൽ സാമൂഹികമാറ്റമുണ്ടാക്കുന്നതിന് കുടുംബശ്രീ അയൽക്കൂട്ട പ്രവർത്തനങ്ങൾ സഹായകമായിട്ടുണ്ടെന്നാണ് പഠനം വിലയിരുത്തുന്നത്.

പുതൂർ പഞ്ചായത്തിലെ സ്ഥിതി പരിശോധിക്കുകയാണെങ്കിൽ ഇരുള സമുദായത്തിലെ വനിതകളിൽ സാമൂഹിക മാറ്റം മികവുറ്റ രീതിയിൽ പ്രകടമായിട്ടുണ്ട്. എന്നാൽ കുറുമ്പ വനിതകളിൽ യാതൊരു സ്വാധീനവും കുടുംബശ്രീ ചെലുത്തിയിട്ടില്ല.കുടുംബശ്രീ വഴിയുള്ള സാമൂഹിക ശാക്തീകരണം ഏറ്റവും കൂടുതൽ ദൃശ്യമായിട്ടുള്ളത് അടിമാലി പഞ്ചായത്തിലെ മുതുവാൻ സമുദായമൊഴികെയുള്ള ഇതര സമുദായങ്ങളിലാണ് സാമൂഹിക മാറ്റം ഏറ്റവും കൂടുതലായി കാണപ്പെട്ടിട്ടുള്ളത്. മറയൂർ പഞ്ചായത്തിലെ ഗോത്രവനിതകളെ സംബന്ധിച്ചിടത്തോളം സാമൂഹിക ശാക്തീകരണത്തിന്റെ തോത് വളരെ താഴെയാണ്.

## കുടുംബശ്രീ വഴി ഗോത്രവനിതകൾക്കുണ്ടായ മാറ്റങ്ങൾ

- പൊതു സമൂഹവുമായി ഇടപഴകുന്നതിനുള്ള പ്രാപ്തി കൈവരിക്കുന്നതിന് കുടുംബശ്രീ പ്രവർത്തനം ഒരു പരിധി വരെ സഹായകരമായിട്ടുണ്ട്. ഈ മാറ്റം കൂടുതൽ പ്രകടമായിട്ടുള്ളത് കുറിച്യൻ, മുള്ളുക്കുറുമൻ, വെട്ടക്കുറുമൻ, അടിയാൻ, ഇരുളർ, മന്നാൻ, ഉള്ളാടൻ,ഹിൽപുലയ തുടങ്ങിയ സമുദായങ്ങളിലാണ്.
- പൊതു സമൂഹത്തിന്റെ അയൽക്കൂട്ടങ്ങളുമായി ബന്ധപ്പെടുക വഴി ആശയ വിനിമയ ശേഷി കൈവരിക്കാൻ ചെറിയൊരു വിഭാഗം ഗോത്രസ്ത്രീകൾക്ക് കഴിഞ്ഞിട്ടുണ്ട്.
- ചെറിയ തോതിലെങ്കിലുമുള്ള സമ്പാദ്യശീലം ഗോത്രസ്ത്രീകളിൽ വളർത്തിയെടുക്കാൻ കുടുംബശ്രീ പ്രസ്ഥാനത്തിന് കഴിഞ്ഞിട്ടുണ്ട്.
- ഇതര ഗോത്രവർഗ്ഗ വികസന പദ്ധതിയുമായി താരതമ്യം ചെയ്യുമ്പോൾ പട്ടികവർഗ്ഗ വനിതകളിൽ വേരുറപ്പിക്കുവാൻ സാധിച്ചിട്ടുള്ള പദ്ധതിയായി മാറുവാൻ കുടുംബശ്രീ, തൊഴിലുറപ്പ് എന്നീ പദ്ധതികൾക്ക് സാധിച്ചിട്ടുണ്ട്.

## നിർദ്ദേശങ്ങൾ

### അയൽക്കൂട്ട പ്രവർത്തനം

- പട്ടികവർഗ്ഗ മേഖലയിൽ അയൽക്കൂട്ട പ്രവർത്തനങ്ങൾ പാതിയിൽ നിശ്ചലമാകുന്ന സ്ഥിതിയാണുള്ളത്. ഈ അവസ്ഥയ്ക്ക് പരിഹാരമെന്നോണം പ്രസ്തുത അയൽക്കൂട്ടങ്ങളെ പുന:സംഘടിപ്പിച്ച്, പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിന് സി.ഡി.എസ് തലത്തിൽ പ്രത്യേക ചുമതല നൽകി ട്രൈബൽ വാളണ്ടിയർമാരെ നിയമിക്കണം.
- സാമ്പത്തിക സഹായം ലഭിക്കുന്നതിനുള്ള ഉപാധി എന്ന നിലയിലാണ് കുടുംബശ്രീയെ ഭൂരിഭാഗവും സമീപിക്കുന്നത്. അതിനാൽ തന്നെയും കുടുംബശ്രീ മുന്നോട്ടു

വെയ്ക്കുന്ന അടിസ്ഥാന ലക്ഷ്യങ്ങളെപ്പറ്റിയുള്ള അറിവ് ഗോത്രവനിതകൾക്കില്ല. ഈ ദിശയിലുള്ള ലക്ഷ്യബോധ പ്രാപ്തിക്ക് അടിസ്ഥാന ലക്ഷ്യങ്ങളെക്കുറിച്ചുള്ള അറിവുകൾ ഗോത്രവനിതകൾക്ക് നൽകണം. അതിനായുള്ള ക്ലാസ്സുകൾ സംഘടിപ്പിക്കണം.

- കേവലമായ ത്രിഫ്റ്റ് സ്വരൂപണമല്ലാതെയുള്ള കുടുംബശ്രീ പ്രവർത്തനം വിപുലീകരിക്കുന്നതിന് ആവശ്യമായ തരത്തിലുള്ള ചുമതലാമേൽനോട്ടം കുടുംബശ്രീ സി.ഡി.എസ് അംഗങ്ങൾ നിർവ്വഹിക്കണം.
- പട്ടികവർഗ്ഗ വനിതകളുടെ തൊഴിലില്ലായ്മയ്ക്ക് പരിഹാരം കാണുന്നതിന് നൈപുണ്യശേഷി വികസന പരിശീലനവും തൊഴിൽ പരിശീലനങ്ങളും നൽകണം.
- പ്രതിവാര അയൽക്കൂട്ടങ്ങൾ കൃത്യതയോടെ നടത്തുന്നതിന് അതാത് സങ്കേതങ്ങളിൽ നിന്നുമുള്ള ഒരു കുടുംബശ്രീ അംഗത്തെ ചുമതലപ്പെടുത്തണം.
- കുടുംബശ്രീ നേതൃത്വത്തിലേയ്ക്കുയർന്നു വരുന്നതിന് ഗോത്രവനിതകൾക്ക് പ്രത്യേകമായുള്ള നേതൃത്വ പരിശീലനം നൽകണം.
- കുടുംബശ്രീ പ്രവർത്തനത്തിന് ഏറെ വെല്ലുവിളിയാകുന്നത് വിദ്യാഭ്യാസപരമായ പിന്നാക്കാവസ്ഥയാണ്. അതിനാൽ നിരക്ഷരരായ ഗോത്രവനിതകൾക്ക് അക്ഷരാഭ്യാസം നൽകുന്നതിന് സാക്ഷരത ക്ലാസ്സുകൾ കുടുംബശ്രീ മുഖേന പുനഃസംഘടിപ്പിക്കണം.
- സാക്ഷരതാ ക്ലാസ്സുകൾ മുഖേന മലയാള ഭാഷയിൽ പ്രാഥമിക പരിജ്ഞാനം നൽകണം.

## സാമ്പത്തിക ശാക്തീകരണം

- ബാങ്ക് അക്കൗണ്ടുകൾ ഉണ്ടെങ്കിലും ബാങ്കിടപാടുകൾ നടത്തുന്നതിനുള്ള പ്രാപ്തി ഇനിയും ഗോത്രവനിതകൾ കൈവരിച്ചിട്ടില്ല. ബാങ്കുകളിൽ ത്രിഫ്റ്റ് നിക്ഷേപം നടത്തുന്നതിനും, എ.ടി.എം പോലുള്ളവ ഉപയോഗിക്കുന്നതിനാവശ്യമായ പരിശീലനം ഗോത്രവനിതകൾക്ക് നൽകണം.
- സ്ഥിരവരുമാനവും തൊഴിലില്ലായ്മയുമാണ് ത്രിഫ്റ്റ് കണ്ടെത്തുവാൻ സാധിക്കാത്തതെന്ന് പഠനം വിലയിരുത്തിയിട്ടുള്ളത്. ഇതിനുള്ള പരിഹാരമായി തൊഴിലുറപ്പ് വേതനവും തൊഴിൽ ദിനങ്ങളും വർദ്ധിപ്പിക്കണം.
- നിരവധിയായ ധനസഹായങ്ങളും വായ്പകളും കുടുംബശ്രീ നൽകി വരുന്നുണ്ടെങ്കിലും പട്ടികവർഗ്ഗ വനിതകൾക്ക് സാമ്പത്തിക മുന്നേറ്റം കൈവരിക്കുവാൻ സാധിച്ചിട്ടില്ല. കൂടാതെ ഇതരസ്രോതസ്സുകളിൽ നിന്നും കടം വാങ്ങുന്ന സ്ഥിതിയുമുണ്ട്. അതുകൊണ്ട് പട്ടികവർഗ്ഗ അയൽക്കൂട്ടങ്ങൾക്ക് പലിശ രഹിത വായ്പകൾ ലഭ്യമാക്കണം.

- പഠനം നടത്തിയ മേഖലകളിൽ ലിങ്കേജ് വായ്പകൾ എടുത്തവരുടെ ശതമാനം വളരെ താഴെയാണ്. മാനദണ്ഡങ്ങൾക്ക് അനുസരിച്ച് പ്രവർത്തിക്കുന്ന അയൽക്കൂട്ടങ്ങൾ നാമമാത്രമാണ്. ഈയൊരു സ്ഥിതി പരിഗണനയിലെടുത്ത് പട്ടികവർഗ്ഗ വനിതകൾക്കും വായ്പകൾ ലഭ്യമാകും വിധം ലിങ്കേജ് വായ്പ മാനദണ്ഡങ്ങളിൽ മാറ്റം വരുത്തണം.
- പഠനം നടത്തിയ മേഖലകളിൽ കൂടുതൽ പേരും കടം വാങ്ങിയിട്ടുള്ളത് ഭക്ഷ്യവസ്തുക്കൾ വാങ്ങുന്നതിനായിട്ടാണ്. ഈ പ്രശ്നത്തിന് പരിഹാരം കണ്ടെത്തുന്നതിന് സ്വയം തൊഴിൽ സംരംഭങ്ങൾ വഴി സ്ഥിരവരുമാനവും ലഭ്യമാക്കണം.

**സംരംഭം**

- പട്ടികവർഗ്ഗ മേഖലയിലെ സാധ്യതകളെ ഉപയോഗപ്പെടുത്തി നൂതന സംരംഭങ്ങൾ ആരംഭിക്കണം.

പട്ടികവർഗ്ഗ മേഖലയിൽ സംരംഭങ്ങൾ ആരംഭിക്കുമ്പോൾ ശ്രദ്ധിക്കേണ്ട വസ്തുതകൾ ചുവടെ ചേർക്കുന്നു.

- ഓരോ മേഖലയ്ക്കും അനുയോജ്യമായ സംരംഭങ്ങൾ ആരംഭിക്കണം.
- സംരംഭങ്ങളുടെ മേൽനോട്ട ചുമതല ഒരംഗത്തിന് നിയുക്തപ്പെടുത്തുക.
- വിപണി ലഭ്യമാക്കുക
- ഓരോ  സമുദായത്തിന്റേയും പാരമ്പര്യജ്ഞാനം സംരംഭമായി ഉയർത്തിക്കൊണ്ട് വരിക.
- അയൽക്കൂട്ടത്തിലെ ആകെ അംഗങ്ങളിൽ ഭൂരിഭാഗത്തിന്റെ അഭിരുചി, താൽപര്യം എന്നിവ പരിഗണിച്ചുകൊണ്ടുള്ള സംരംഭങ്ങൾ രൂപീകരിക്കുക.

**സംഘകൃഷി**

- ഓരോ പ്രദേശത്തിനനുയോജ്യമായ വിളകൾ കണ്ടെത്തി സംഘകൃഷി ആരംഭിക്കുക
- പട്ടികവർഗ്ഗ മേഖലയിൽ സംഘകൃഷി ആരംഭിക്കുന്നതിന് പ്രാരംഭ ഘട്ടത്തിൽ, കുറഞ്ഞ പലിശ നിരക്കിൽ സംഘകൃഷി ലോണുകൾ ലഭ്യമാക്കുക.
- കാർഷിക വിളകൾക്ക് പട്ടികവർഗ്ഗ മേഖലയിൽ പ്രത്യേക വിള ഇൻഷുറൻസ് പാക്കേജ് നടപ്പിലാക്കുക.
- പുത്തൻ കാർഷിക രീതികളിൽ പരിശീലനം നൽകുക.
- കൃഷി യന്ത്രങ്ങൾ സൗജന്യമായി നൽകുക, അവ പ്രവർത്തിപ്പിക്കുവാൻ പരിശീലനം നൽകുക.
- കാർഷിക വിളകൾ ഇടനിലക്കാരില്ലാതെ കൃഷി വകുപ്പ് മുഖേന നേരിട്ട് വിപണിയിലെത്തിക്കുവാനുള്ള സൗകര്യമൊരുക്കുക.

- കാർഷിക വിളകൾക്ക് കമ്പോള വില ഉറപ്പു വരുത്തുക.
- വന്യമൃഗശല്യം മൂലം വ്യാപകമായ കൃഷിനാശം സംഭവിക്കുന്നുണ്ട്. ആയതിനാൽ കൃഷി സംരക്ഷിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുക.
- പട്ടികവർഗ്ഗക്കാർ കൂടുതലായും കൃഷി ഉപജീവനമാക്കിയവരാണ്. ആയതിനാൽതന്നെ പുനരധിവാസ പദ്ധതികളിലൂടെ കൃഷിയോഗ്യമായതും ജലലഭ്യതയുള്ളതുമായ ഭൂമി നൽകുക.

**മൃഗപരിപാലനം**

ഗോത്ര സ്ത്രീകൾക്ക് വരുമാനം ഉണ്ടാക്കുവാൻ സാധിക്കുന്ന അനുയോജ്യമായ തൊഴിൽ മേഖല യാണ് മൃഗപരിപാലനം. പ്രസ്തുത മേഖലയിലൂടെ വരുമാനം ഉറപ്പാക്കുന്നതിന് ആവശ്യമായ ഘടകങ്ങൾ ചുവടെ ചേർക്കുന്നു.

- വളർത്തുമൃഗങ്ങളെ നൽകുമ്പോൾ മികച്ച ഇനത്തിൽപ്പെട്ട മൃഗങ്ങളെ നൽകുക.
- മൃഗപരിപാലന പദ്ധതികളിൽ ഉൾപ്പെടുന്ന ഗോത്രവിഭാഗത്തിൽ ഉൾപ്പെട്ടവരിൽ നിന്നും മുൻകൂർ പണം വാങ്ങാതിരിക്കണം.
- പാൽ,മുട്ട തുടങ്ങിയ ഉൽപ്പന്നങ്ങൽ വിറ്റഴിക്കാനുള്ള വിപണികണ്ടെത്തി നൽകണം.
- ആട് ഗ്രാമം പദ്ധതി പോലെ പ്രത്യേകചന്തകൾ നടത്തി ആട് മാടുകൾ ഇടനിലക്കാരില്ലാതെ വിറ്റ് പോകാനുള്ള സൗകര്യമൊരുക്കണം.
- മൃഗങ്ങളെ നൽകുന്നതോടൊപ്പം തന്നെ അവയെ പരിപാലിക്കുന്നതിനുള്ള തൊഴുത്തുകൾ, കൂടുകൾ എന്നിവ നിർമ്മിക്കാനുള്ള ധനസഹായവും നൽകണം.
- മൃഗങ്ങൾ ചത്ത് പോകുകയാണെങ്കിൽ ഇൻഷുറൻസ് തുക ഗുണഭോക്താവിന് കൃത്യമായി ലഭിക്കുന്ന സ്ഥിതിയുണ്ടാക്കണം.

**രാഷ്ട്രീയ ശാക്തീകരണം**

- പങ്കാളിത്ത ആസൂത്രണ പ്രക്രിയകളിൽ ഗോത്രവനിതകളുടെ കൃത്യമായ സാന്നിധ്യം ഉറപ്പ് വരുത്തുക
- പ്രതിമാസം ഊരുകൂട്ടങ്ങൾ സംഘടിപ്പിക്കുകയും പട്ടികവർഗ്ഗ വനിതകളെ അഭിപ്രായ രൂപീകരണത്തിൽ പങ്കാളികളാക്കുകയും ചെയ്യുക.
- രാഷ്ട്രത്തിന്റെ പൊതു ധാരയിലേക്ക് ഗോത്രവനികളെ ഉയർത്തിക്കൊണ്ട് വരുന്നതിനും രാഷ്ട്ര രൂപീകരണ പ്രക്രിയകളിൽ പ്രാതിനിധ്യം ഉറപ്പുവരുത്തുന്നതിനും രാഷ്ട്രീയ ബോധവൽക്കരണം നടത്തണം.

## സാമൂഹിക ശാക്തീകരണം

- അയൽക്കൂട്ടങ്ങൾ സംഘടിപ്പിച്ച് കൊണ്ട് പോകുന്നതിന് നേതൃത്വ ശേഷിയുള്ളവരായി മാറ്റുന്നതിന് പരിശീലന ക്ലാസ്സുകൾ സംഘടിപ്പിക്കണം.
- കാലങ്ങളായി പിന്തുടർന്ന് പോരുന്ന അപകർഷതാബോധത്തിന്റെ അവശേഷിപ്പുകൾ ഇല്ലാതാക്കുന്നതിന് വ്യക്തിത്വ വികസന ക്യാംപയിനുകൾ സംഘടിപ്പിക്കണം.
- പൊതുവിഭാഗവുമായുള്ള സാമൂഹിക ബന്ധമുയർത്തുന്നതിന് എല്ലാവരേയും ഒരുമിപ്പി ച്ചുകൊണ്ടുള്ള തനത് പരിപാടികൾ സംഘടിപ്പിക്കണം.
- പട്ടികവർഗ്ഗക്കാരെ സംബന്ധിക്കുന്ന നിയമങ്ങൾ, അവകാശങ്ങൾ എന്നിവയെപ്പറ്റിയുള്ള ബോധവൽക്കരണ ക്ലാസ്സുകൾ കുടുംബശ്രീ മുഖാന്തിരം നടപ്പിലാക്കണം.

## മറ്റ് നിർദ്ദേശങ്ങൾ

- അടിസ്ഥാന സൗകര്യം:- വിവിധ പദ്ധതികളിലൂടെ ഗൃഹനിർമ്മാണ പദ്ധതികൾ നടപ്പിലാ ക്കുന്നുവെങ്കിലും, കരാറുകാർ ഇടനിലക്കാരായി ഗൃഹനിർമ്മാണം നടത്തുന്നതിനാൽ വീടു കളെല്ലാം വളരെ പെട്ടെന്ന് ചോർന്നൊലിക്കുകയും തകർന്ന് പോകുകയും ചെയ്യുന്ന സ്ഥിതിയുണ്ട്. ഭവന പദ്ധതികളുടെ മേൽനോട്ട ചുമതല കുടുംബശ്രീ പ്രവർത്തകരെ ഏൽപ്പിക്കുകയാണെങ്കിൽ ഇടനിലക്കാരുടെ ചൂഷണം ഒഴിവാക്കാൻ സാധിക്കുന്നതാണ്.
- പഠനം നടത്തിയ മേഖലകളിൽ ഭൂരിഭാഗം സങ്കേതങ്ങളിലും ജലക്ഷാമം രൂക്ഷമാണ്. കുടിവെള്ള പദ്ധതിയിലൂടെ പണം ഈടാക്കാതെ ജലമെത്തിക്കണം.
- ഗതാഗത സൗകര്യമില്ലാത്ത സങ്കേതങ്ങളിൽ കുടുംബശ്രീ മുഖേന റോഡുകൾ നിർമ്മിച്ച് നൽകേണ്ടതാണ്.
- ആശുപത്രി സൗകര്യം എളുപ്പത്തിൽ ലഭ്യമല്ലാത്ത സങ്കേതങ്ങളിൽ കൃത്യമായ ഇടവേളക ളിൽ മെഡിക്കൽ ക്യാമ്പുകൾ സംഘടിപ്പിക്കണം.
- ആശാവർക്കർമാരുടേയും, ആരോഗ്യവളണ്ടിയർമാരുടേയും സേവനം ഉറപ്പ് വരുത്തണം.
- പട്ടികവർഗ്ഗക്കാരുടെ പരമ്പരാഗത തൊഴിലുകൾ പ്രോത്സാഹിപ്പിച്ച് ഇടനിലക്കാരില്ലാതെ ഉൽപ്പന്നങ്ങൾക്ക് മതിയായ വില ലഭിക്കുവാനുള്ള സാഹചര്യമുണ്ടാക്കണം.
- മദ്യപാന ശീലവും മുറുക്കും പട്ടികവർഗ്ഗ മേഖലയിൽ ഉൾപ്പെടെ വ്യാപകമായിട്ടുണ്ട്. ഇതിന്റെ ദൂഷ്യവശങ്ങൾ മനസ്സിലാക്കി കൊടുക്കുവാൻ ആരോഗ്യ ക്ലാസ്സുകൾ സംഘടിപ്പി ക്കണം.
- സങ്കേതത്തിൽ പുറമേ നിന്നും മദ്യം എത്തിച്ചു നൽകുന്നതായി ഫീൽഡ് സർവ്വേയിൽ നിന്നും മനസ്സിലായിട്ടുണ്ട്. ഇത് നിർത്തലാക്കുന്നതിന് കുടുംബശ്രീ ജാഗ്രതാ സമിതികൾ പട്ടികവർഗ്ഗ മേഖലകളിൽ സജീവപ്പെടുത്തണം.

- ഓരോ സങ്കേതങ്ങളിലും പാതിവഴിയിൽ വിദ്യാഭ്യാസം നിർത്തിയതും വിദ്യാലയങ്ങളിൽ പോവാത്തതുമായ കുട്ടികളെ കൃത്യമായി വിദ്യാലയങ്ങളിൽ എത്തിക്കുന്നതിനും, തുടർ വിദ്യാഭ്യാസത്തിനും പ്രസ്തുത സങ്കേതങ്ങളിലെ കുടുംബശ്രീ അംഗത്തെ ചുമതലപ്പെടുത്തണം.
- പാരമ്പര്യ കലാരൂപങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനും നിലനിർത്തി കൊണ്ടുപോകുന്നതിനുമുള്ള കുടുംബശ്രീ പദ്ധതിയായ രംഗശ്രീ തിയേറ്ററുകൾ പട്ടികവർഗ്ഗ മേഖലയിൽ രൂപീകരിക്കുക.
- സർക്കാർ ഉദ്യോഗങ്ങളിൽ എസ്.ടി പ്രാതിനിധ്യം ഉറപ്പിക്കുന്നതിന് കുടുംബശ്രീ മുഖാന്തിരം പി.എസ്.സി ക്ലാസ്സുകൾ നൽകണം.
- പട്ടികവർഗ്ഗ മേഖലയിൽ ആരോഗ്യ പ്രവർത്തകർ മുഖാന്തിരം സൗജന്യമായി സാനിറ്ററി നാപ്കിനുകൾ വിതരണം ചെയ്യണം.
- ഭവനശ്രീ പദ്ധതി വഴി പട്ടികവർഗ്ഗ മേഖലയിൽ ഗൃഹ നിർമ്മാണം നടത്തണം.
- മാസമുറ സമയത്ത് വാലായ്മ പുരകളിൽ മാറി താമസിക്കുന്ന ആചാരം ഇപ്പോഴും ചില സമുദായങ്ങൾ പിന്തുടരുന്നുണ്ട്. ഈ സമുദായങ്ങൾ അധിവസിക്കുന്ന സങ്കേതങ്ങളിൽ വൈദ്യുതീകരിച്ചതും, ജലവിതരണ സംവിധാനവുമുള്ള വാലായ്മ പുരകൾ നിർമ്മിച്ചു നൽകേണ്ടതാണ്.

# അനുബന്ധം

## 1. കേസ് സ്റ്റഡീസ്

**കേസ് സ്റ്റഡി** : 1 **പുതൂർ സങ്കേതം**

**ഭാഗ്യലക്ഷ്മി അയൽക്കൂട്ടം**
**ഇരുള സമുദായം**

രണ്ടായിരത്തി ഒൻപതിലാണ്ഈ സങ്കേതത്തിൽഅയൽക്കൂട്ടം രൂപീകരിച്ചത്. തുടക്കം മുതൽ 10 അംഗങ്ങൾ ആണ് അയൽക്കൂട്ടത്തിൽ ഉണ്ടായിരുന്നത്. പ്രസിഡണ്ടും, സെക്രട്ടറിയും്ഉൾപ്പെടെ അംഗങ്ങളിൽ ഭൂരിഭാഗവും നിരക്ഷരരാണ്.ആയതിനാൽ മിനുട്സ്, വരവ് ചിലവ് കണക്കുകൾ, റിപ്പോർട്ട് എന്നിവ എഴുതി തയ്യാറാക്കുന്നതിൽ വലിയ ബുദ്ധിമുട്ടുകൾ അഭിമുഖീകരിക്കുന്നുണ്ടെന്ന് അയൽക്കൂട്ടാംഗങ്ങൾ അഭിപ്രായപ്പെട്ടു. പ്രാരംഭഘട്ടത്തിൽ 10 രൂപയായിരുന്ന ആഴ്ച വരിസംഖ്യ (ത്രിഫ്റ്റ്), 2017 ൽ 20 രൂപയാക്കി വർദ്ധിപ്പിച്ചിട്ടുണ്ട്. പത്ത് രൂപ നിരക്കിൽ ത്രിഫ്റ്റ് കണക്കാക്കുമ്പോൾ സമ്പാദ്യം കുറവായതിനാലാണ് ഇത്തരത്തിലുള്ള വർദ്ധനവ് വരുത്തിയതെന്ന് സെക്രട്ടറി അഭിപ്രായപ്പെട്ടു. തൊഴിലില്ലായ്മ രൂക്ഷമായതിനാൽ ആഴ്ചവരിസംഖ്യ കണ്ടെത്തുക എന്നത് അയൽക്കൂട്ട അംഗങ്ങളെ സംബന്ധിച്ചിടത്തോളം വലിയ വെല്ലുവിളി സൃഷ്ടിക്കുന്നുണ്ട്. ത്രിഫ്റ്റ് ആഴ്ചയിൽ അടയ്ക്കാൻ സാധിക്കാതെ വരുന്ന പക്ഷം മാസാന്ത്യത്തിൽ മുഴുവൻ തുകയും അടച്ച് തീർക്കുവാനുള്ള സൗകര്യം നൽകിവരുന്നുണ്ട്. ഓരോ ആഴ്ചയും ഏത് അംഗത്തിന്റെ വീട്ടിലാണ് യോഗം ചേരുന്നത് ആ വ്യക്തിയിലാണ് മൊത്തം ആഴ്ച വരിസംഖ്യ ബാങ്കിൽ നിക്ഷേപിക്കുന്നതിനുള്ള ചുമതല.കുടുംബശ്രീ ബൈലോ നിർദ്ദേശിക്കും പ്രകാരം സെക്രട്ടറിയുടേയും പ്രസിഡണ്ടിന്റേയും ഒരുമിച്ചുള്ള അക്കൗണ്ടിലാണ് പണം നിക്ഷേപിക്കുന്നത്. രൂപീകരിച്ചിട്ട് 10 വർഷം ആയെങ്കിലും സംഘം ചേർന്ന് ലോൺ എടുക്കുകയോ, സംരംഭങ്ങൾ തുടങ്ങുകയോ ചെയ്തിട്ടില്ല. ത്രിഫ്റ്റ് കണ്ടെത്തുന്നതിന് പോലും സാധിക്കാത്ത സാഹചര്യത്തിൽ ലോൺ തിരിച്ചടവ് എന്ന ബാധ്യത കൂടി ഏറ്റെടുക്കാൻ സാധിക്കാത്തതിനാലാണ് സംരംഭങ്ങൾ തുടങ്ങാത്തതെന്ന് അംഗങ്ങൾ അഭിപ്രായപ്പെട്ടു. കുടുംബശ്രീ അംഗങ്ങൾ എല്ലാവരും തൊഴിലുറപ്പ് മുഖ്യതൊഴിലായും മൃഗപരിപാലനം ഉപതൊഴിലായും ചെയ്തു വരുന്നുണ്ട്. തൊഴിലുറപ്പിലൂടെ നേരിയ തോതിൽ സാമ്പത്തിക മുന്നേറ്റം ഉണ്ടാക്കുവാൻ സാധിച്ചുവെങ്കിൽ കൂടിയും ഗോത്രജനതയുടെ ഏക ജീവനോപാധി എന്നുള്ള നിലയിൽ തൊഴിൽ ദിനങ്ങൾ 200 ദിവസം ആയി തീരുമാനിക്കുവാനും വേതനം സമയബന്ധിതമായി നൽകുന്നതിനും മിനിമം വേതനം വർദ്ധിപ്പിക്കുന്നതിനും ആവശ്യമായ നടപടികൾ കൈക്കൊള്ളണമെന്ന് ആവശ്യപ്പെട്ടു. മഴക്കാലത്ത് തൊഴിലുറപ്പ് ജോലികൾ ലഭ്യമാകുന്നതിൽ ഗണ്യമായ കുറവ് ഉണ്ടാകുന്നുണ്ട്. ആ കാലയളവിൽ പ്രധാന വരുമാനമാർഗ്ഗം മൃഗപരിപാലനം മാത്രമാണ്. ഭൂരിഭാഗം വീടുകളിലും ആട്, പശു, കോഴി തുടങ്ങിയ മൃഗങ്ങളെ പരിപാലിക്കുന്നുണ്ട്. എന്നിരുന്നാലും ഇവയെ താമസിപ്പിക്കാനുള്ള നല്ല തൊഴുത്തുകളോ വിസർജ്ജ്യ

ങ്ങൾ നിക്ഷേപിക്കുന്നതിനുള്ള സംവിധാനങ്ങളോ എവിടേയും ഇല്ല. അതിനാൽ മൃഗസംരക്ഷണ വകുപ്പ്, പഞ്ചായത്ത്, കുടുംബശ്രീ മിഷൻ എന്നീ ഭരണ വിഭാഗങ്ങൾ മൃഗപരിപാലനത്തിന് ഫണ്ട് വകയിരുത്തുന്നതിനോടൊപ്പം തന്നെ തൊഴുത്ത് നിർമ്മിക്കുന്നതിനും വിസർജ്ജ്യങ്ങൾ നിക്ഷേപിക്കുന്നതിനാവശ്യമായ സൗകര്യങ്ങൾ ഒരുക്കുന്നതിനും കൂടി പദ്ധതികൾ ഉണ്ടാക്കേണ്ടതായിട്ടുണ്ട്.

**കേസ് സ്റ്റഡി** : 2

**സങ്കേതം : പുതൂർ, വിഭാഗം : ഇരുള**

പുതൂർ പഞ്ചായത്തിൽ VI-ാം വാർഡിൽ പുതൂർ സങ്കേതത്തിലെ ഭാഗ്യലക്ഷ്മി അയൽക്കൂട്ടത്തിലെ അംഗമാണ് 44 വയസ്സും II-ാം ക്ലാസ്സ് വിദ്യാഭ്യാസ യോഗ്യതയുമുള്ള ഇരുള സമുദായാംഗമായ രേശി. 2009 ൽ ഭാഗ്യലക്ഷ്മി അയൽക്കൂട്ടം രൂപീകരിച്ചത് മുതൽക്കേ പ്രസിഡണ്ട് ആയി പ്രവർത്തിക്കുന്നുണ്ട്. 2014 മുതൽ 2018 വരെ പുതൂർ എ ഡി എസ് കമ്മറ്റി അംഗമായിട്ടുണ്ട്. തദ്ദേശ സ്വയംഭരണസ്ഥാപനങ്ങളിൽ നിന്നും ആവശ്യമായ ഫണ്ടുകൾ ലഭിക്കുന്നില്ല. കുടുംബശ്രീയിൽ നിന്നും ലോൺ എടുക്കുവാൻ പ്രോൽസാഹിപ്പിക്കുന്നു. എന്നാൽ ലോൺ എടുത്താൽ കടം കൂടുക മാത്രമേ ചെയ്യുള്ളൂ. പിന്നീട് ഈ കടം വീട്ടാൻ സ്വർണ്ണം പണയം വെക്കേണ്ട അവസ്ഥ ഉണ്ടാകുന്നുവെന്ന് രേശി അഭിപ്രായപ്പെട്ടു. കുടുംബശ്രീയിൽ 15 വയസ് മുതൽ 25 വയസ് വരെ പ്രായമുള്ളവരെ സംഘടിപ്പിച്ച് കൗമാരക്ലബ്ബ് രൂപീകരിക്കാം എന്ന നിർദ്ദേശമുണ്ട്. പുതൂർ സങ്കേതത്തിൽ കൗമാരക്ലബ്ബ് രൂപീകരിച്ചിട്ടുണ്ടെങ്കിലും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നോ കുടുംബശ്രീ മിഷനിൽ നിന്നോ ശരിയാംതക്കവണ്ണം പ്രോത്സാഹനമോ ധനസഹായമോ ലഭ്യമായിട്ടില്ല. കൂടാതെ കമ്മ്യൂണിറ്റി കിച്ചൺ പദ്ധതിയിൽ പച്ചക്കറി മാത്രമാണ് നൽകുന്നത്. പോഷകാഹാരക്കുറവ് മൂലം ഉണ്ടാകുന്ന പട്ടിണിമരണങ്ങളെ പ്രതിരോധിക്കുവാനാണ് ഇത്തരം ഭക്ഷണങ്ങൾ നൽകിവരുന്നത്. പച്ചക്കറിയും ധാന്യവും കഴിച്ചതുകൊണ്ട് മാത്രം പോഷകം കിട്ടുന്നില്ല; മത്സ്യം, മുട്ട, പാൽ, ഇറച്ചി തുടങ്ങിയവ കൂടി സമൂഹ അടുക്കള പദ്ധതിയിൽ ഉൾപ്പെടുത്തണം. ഗോത്രവിഭാഗത്തിൽപ്പെട്ട ജനത ദാരിദ്ര്യത്തിൽ കഴിയുന്നവരാണ്. സ്വന്തമായി പണം മുടക്കി ഇതുപോലുള്ള സാധനങ്ങൾ വാങ്ങിക്കുവാൻ സാധിക്കുകയില്ല. അതിനാൽ സർക്കാർ ഇത്തരം അവശ്യ പോഷകാഹാരങ്ങൾ കൂടി ഭക്ഷണപട്ടികയിൽ ഉൾപ്പെടുത്തണമെന്ന് രേശി ആവശ്യപ്പെട്ടു. പുതൂർ സങ്കേതത്തിൽ മാലിന്യപ്രശ്നം രൂക്ഷമാണ്. ഹരിതകേരളം പോലുള്ള പദ്ധതികൾ ആവിഷ്ക്കരിച്ചുവെങ്കിലും ഫലപ്രദമായ രീതിയിൽ പദ്ധതിനിർവ്വഹണം നടത്തുവാൻ സാധിച്ചിട്ടില്ല. അതിനാൽ സങ്കേതത്തിന്റെ താഴെ ഭാഗങ്ങളിൽ പ്ലാസ്റ്റിക് മാലിന്യങ്ങൾ കുന്നുകൂടി കിടക്കുന്നുണ്ട്. ഭാവിയിലിത് ഗുരുതരമായ ആരോഗ്യപ്രശ്നങ്ങൾ സൃഷ്ടിക്കാൻ ഇടയുണ്ട്. രേശിയുടെ അഭിപ്രായത്തിൽ മാലിന്യ സംസ്കരണം നടത്തുന്നതിനും അഴുക്കുചാൽ നിർമ്മിച്ചുനൽകുന്നതിനും കംമ്പോസ്റ്റ് കുഴികൾ നിർമ്മിക്കുന്നതിനും പ്രത്യേക പദ്ധതികൾ കുടുംബശ്രീ കൊണ്ടു വരേണ്ടതുണ്ട്. കുടുംബശ്രീ അംഗമായതുകൊണ്ട് സാമ്പത്തികമായി ഉന്നമനം ഉണ്ടായിട്ടില്ല. പെട്ടെന്നുണ്ടാകുന്ന ആവശ്യങ്ങൾക്ക് വായ്പയായി പണം ലഭിക്കുന്നു എന്നതിലുപരി ഒരു മുന്നേറ്റവും ഉണ്ടാക്കുവാൻ കുടുംബശ്രീ പ്രസ്ഥാനത്തിന് കഴിഞ്ഞിട്ടില്ല. തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിന് കുടും

ബശ്രീ പ്രാരംഭ മൂലധനം നൽകണം. തൊഴിലില്ലായ്മ ഒരു പരിധി വരെ പരിഹരിക്കുന്നതിനും സാമ്പത്തിക ശാക്തീകരണം സാധ്യമാക്കുന്നതിനും സംരംഭങ്ങൾ പ്രോത്സാഹിപ്പിക്കപ്പെടണം. എന്നാൽ ഗോത്രജനത അധികമായി വസിക്കുന്ന പുതൂർ പഞ്ചായത്തിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിനുള്ള പദ്ധതികളൊന്നും തന്നെ ആവിഷ്കരിക്കുന്നില്ല. വിദ്യാഭ്യാസമുണ്ടായിട്ടും തൊഴിൽരഹിതരായ യുവതീയുവാക്കൾ സങ്കേതത്തിലുണ്ട്. എല്ലാ വർഷവും പല സർക്കാർ ഉദ്യോഗസ്ഥരും കണക്കുകൾ എഴുതി കൊണ്ട് പോകും എന്നാൽ നമ്മുടെ ആവശ്യങ്ങൾ ആവശ്യങ്ങളായിതന്നെ നിലനിൽക്കുന്നുഎന്ന അഭിപ്രായമാണ് ഇവർക്കുള്ളത് ഒരു നേട്ടവും ഉണ്ടാവുന്നില്ല. ഇതുപോലുള്ള കണക്കെടുപ്പുകൾക്ക് ശേഷം തൊഴിൽരഹിതരായവർക്ക് തൊഴിൽ കണ്ടെത്തി നൽകാൻ കുടുംബശ്രീയിലുള്ളവർ തയ്യാറാവുന്നില്ല. സങ്കേതത്തിലുള്ള വിദ്യാർത്ഥികൾ പഠനനിലവാരത്തിൽ പുറകിലാണ്. മേൽപറഞ്ഞ യുവതീയുവാക്കളെ നിയമിച്ചു കൊണ്ട് ഈ വിദ്യാർത്ഥികൾക്ക് ട്യൂഷൻ നൽകാൻ കഴിഞ്ഞാൽ പഠനനിലവാരം ഉയർത്തുന്നതിനും പുതിയ തലമുറയിലുള്ളവർക്ക് ഒരു വരുമാനമാർഗ്ഗം സാധ്യമാകുമെന്നും രേശി നിർദ്ദേശിച്ചു. കുടുംബശ്രീയിൽ അംഗമായതിനു ശേഷം സാമ്പത്തികമാറ്റം ഉണ്ടായില്ലെങ്കിൽ കൂടിയും സാമൂഹികപരമായി നല്ല മാറ്റം ഇരുള വിഭാഗത്തിലുള്ളവർക്ക് വന്നിട്ടുണ്ട്. മുൻകാലങ്ങളിൽ പുറമേനിന്നും വരുന്നവരോട് സംസാരിക്കാൻ ഭയമായിരുന്നു. മറ്റുള്ളവരുമായി ഇടപഴകുന്ന ഘട്ടങ്ങളിൽ ഭാഷ, വേഷം, രീതികൾ ഇവയെല്ലാം അനാവശ്യമായ അപകർഷതാബോധം ഞങ്ങളിൽ ഉണ്ടാക്കിയിരുന്നു എന്നാൽ കുടുംബശ്രീ പ്രവർത്തനങ്ങളിൽ സജീവമായതോടുകൂടി ഞങ്ങളുടെ ഭാഷയും രീതികളും അഭിമാനമായി തോന്നുന്നു. മറ്റ് വിഭാഗങ്ങളിൽപ്പെട്ടവരോട് യാതൊരു മടിയും കൂടാതെ സംസാരിക്കുവാനും ഇടപഴകുവാനുമുള്ള സ്ഥിതി സംജാതമായിട്ടുണ്ട്. കൂടാതെ ഇത്തരം മാറ്റത്തിന്റെ പരിണിതഫലമായി ഗ്രാമസഭ, ഊരുകൂട്ടം, വനാവകാശ ഊരുകൂട്ടം തുടങ്ങിയ പങ്കാളിത്ത ആസൂത്രണ പ്രക്രിയയിൽ സജീവമായി ഇടപഴകുവാനും നിർദ്ദേശങ്ങൾ സമർപ്പിക്കുവാനും ഉതകുന്ന തരത്തിലുള്ള ഒരു സാമൂഹികമാറ്റം കുടുംബശ്രീ വഴി സാധ്യമായിട്ടുണ്ട്. അട്ടപ്പാടി മേഖലയിലുള്ളവർ മുൻകാലങ്ങളിൽ പൂർണ്ണമായും കൃഷിയെ ആശ്രയിച്ച് ജീവിച്ചവരാണ്. എന്നാൽ അട്ടപ്പാടിയിൽ കൃഷിയെ ആശ്രയിച്ച് കഴിയുന്നവരുടെ ശതമാനത്തിൽ ഗണ്യമായി കുറവ് വന്നിട്ടുണ്ട്. കുടുംബശ്രീ വഴി കൃഷി പ്രോത്സാഹിപ്പിക്കുന്നതിനും കാർഷിക ഉൽപാദനത്തിൽ സ്ത്രീകളെ മുൻപന്തിയിൽ എത്തിക്കുന്നതിലും ഹരിതഗൃഹ ഭവനം, ജോയിന്റ് ലയബിലിറ്റി ഗ്രൂപ്പ് തുടങ്ങിയ വിവിധ പദ്ധതികൾ നടപ്പിലാക്കുന്നുണ്ടെങ്കിലും പുതൂർ സങ്കേതത്തിലെ കുടുംബശ്രീ പ്രവർത്തകർ ഇത്തരം കാർഷികപദ്ധതികളിൽ അംഗങ്ങളല്ല. കൃഷി ചെയ്യുന്നതിന് താൽപര്യമുണ്ടെങ്കിലും ജലക്ഷാമവും സ്ഥലമില്ലാത്ത സ്ഥിതിയും പ്രതികൂലമായി നിൽക്കുന്ന സാഹചര്യമുണ്ട്. പ്രസിഡണ്ട് എന്ന നിലയിൽ എല്ലാവരേയും യോജിപ്പിച്ച് കൊണ്ടുപോകുവാനും നേതൃത്വത്തിൽ നിന്ന് കൊണ്ട് നയിക്കുവാനും സാധിക്കുന്നുണ്ട്. കുടുംബശ്രീയിലെ ഉന്നതസ്ഥാനങ്ങളിൽ പ്രവർത്തിക്കണമെന്ന് ആഗ്രഹമുണ്ട് എന്നാൽ വിദ്യാഭ്യാസം കുറവായതിനാൽ സാധിക്കുന്നില്ലെന്ന് രേശി അഭിപ്രായപ്പെട്ടു. സങ്കേതത്തിൽവെച്ച് നടത്തപ്പെട്ട സാക്ഷരതാ ക്ലാസ്സിൽ പങ്കെടുത്തിട്ടുണ്ട്. രണ്ട് മാസം മാത്രമാണ് ക്ലാസ് സംഘടിപ്പിക്കപ്പെട്ടത്. ക്ലാസ് നൽകുന്ന അധ്യാപകർക്ക് ശമ്പളം നൽകാൻ അധികാരികൾ തയ്യാറാവാത്ത സാഹചര്യത്തിൽ സാക്ഷരതാക്ലാസ് പാതിവഴിയിൽ നിർത്തേണ്ട സ്ഥിതിയുണ്ടായി. ഗോത്രവിഭാഗത്തിലുള്ളവർക്ക്

വിവിധതരത്തിലുള്ള പദ്ധതികൾ ആവിഷ്കരിക്കുന്നുണ്ടെങ്കിലും താഴെ തട്ടിലുള്ളവർക്ക് ഇവ യൊന്നും ലഭ്യമാകുന്നില്ല. കൃഷി ചെയ്യുന്നതിന് സ്ഥലം പാട്ടത്തിനെടുത്ത് നൽകുവാനും തൊഴിൽസംരംഭങ്ങൾ തുടങ്ങുന്നതിനും, മൃഗശല്യം കുറക്കാൻ കമ്പിവേലിപോലുള്ളവ നിർമ്മിച്ചു നൽകുന്നതിനും കുടുംബശ്രീ തയ്യാറാവണമെന്നും എസ്. ടി. വിഭാഗത്തിലുള്ളവരുടെ ഏക ആശ്രയം എന്ന നിലയിൽ തൊഴിലുറപ്പ് പദ്ധതിയിലെ വേതനം കൂട്ടുന്നതിനും തൊഴിൽ ദിനങ്ങൾ വർദ്ധിപ്പിക്കുന്നതിനും തയ്യാറാവണമെന്നും രേശി അഭിപ്രായപ്പെട്ടു. കൂടാതെ ഗോത്രജനതയ്ക്ക് അറിവ് കുറവാണ് അവർക്ക് വേണ്ടി എന്തൊക്കെ പദ്ധതികൾ ഉണ്ടെന്നോ എത്ര ഫണ്ട് മാറ്റിവെ യ്ക്കുന്നുണ്ടെന്നോ അറിയില്ല. അത്തരത്തിൽ അറിവ് ഉണ്ടാകുന്നതിൽകൂടി മാത്രമേ അനധികൃത മായ രീതിയിൽ എസ്.ടി. ഫണ്ട് വിനിയോഗിക്കുന്നതിനെതിരെയൊക്കെ പ്രതികരിക്കാനാവൂ എന്നും രേശി അഭിപ്രായപ്പെട്ടു. കുടുംബശ്രീ വഴി എത്രമാത്രം മാറ്റം സാധ്യമായിട്ടുണ്ടെന്ന് പരി ശോധിക്കപ്പെടേണ്ടതാണ്. മാറ്റത്തിന്റെ തോത് വളരെ കുറവാണ്. രേശിയുടെ അഭിപ്രായത്തിൽ കുടുംബശ്രീ വഴി നല്ലൊരു മാറ്റം ഉണ്ടാക്കാൻ സാധിക്കും വിധം നല്ല നിലയ്ക്കുള്ള ഇടപെടലു കൾ നടത്തുവാൻ ചുമതലപ്പെട്ടവർ തയ്യാറാവണം.

## കേസ് സ്റ്റഡി 3

പുതൂർ പഞ്ചായത്ത് കുടുംബശ്രീ സി.ഡി.എസ്. ചെയർപേഴ്സണും മൂലകൊമ്പ് സങ്കേത ത്തിലെ മൂകാംബിക അയൽക്കൂട്ടാംഗവുമാണ്. ഇരുള സമുദായത്തിൽപ്പെട്ട 38 വയസും എസ്.എ സ്.എൽ.സി. വിദ്യാഭ്യാസ യോഗ്യതയുമുള്ള ശിവഗാമി അഗളി ട്രൈബൽ സ്കൂളിൽ നിന്നുമാണ് പത്താം ക്ലാസ് യോഗ്യത നേടിയത്. 2015 വരെ അംഗനവാടി ടീച്ചർ ആയി ജോലി ചെയ്ത ശിവ ഗാമി സി.ഡി.എസ്. ചെയർപേഴ്സണായി മൽസരിക്കുകയും 4 വർഷമായി തൽസ്ഥാനത്ത് തുടരു കയും ചെയ്യുന്നു.. സ്വന്തമായി ഭൂമിയോ വീടോ ഇല്ലാത്തതിനാൽ ലൈഫ്മിഷൻ പദ്ധതിയിൽ അപേക്ഷിച്ചുവെങ്കിലും ഭർത്താവ് സർക്കാർ ഉദ്യോഗസ്ഥനായതിനാൽ വീട് പാസ്സായില്ലെന്ന് ശിവ ഗാമി അഭിപ്രായപ്പെട്ടു. മൂലക്കൊമ്പ് കോളനിയിൽ ജലക്ഷാമം അതിരൂക്ഷമാണ്. ജലനിധി പദ്ധതി നടപ്പിലാക്കിയിട്ടുണ്ടെങ്കിലും ആഴ്ചയിൽ ഒരു ദിവസം പോലും വെള്ളം ലഭിക്കുന്ന അവസ്ഥയില്ല. കുടിവെള്ളത്തിനായി കിലോമീറ്ററുകളോളം നടന്ന് പോകേണ്ട സ്ഥിതിയാണുള്ളതെന്നും ശിവഗാമി അഭിപ്രായപ്പെട്ടു. മൂലക്കൊമ്പ് സങ്കേതത്തിൽ അംഗനവാടി പ്രവർത്തിക്കുന്നില്ല. ഇരുള സമുദായ ത്തിലെ അംഗങ്ങൾക്ക് ആരോഗ്യം കുറവാണ്. മദ്യപാനശീലം വളരെ കൂടുതലാണ്. സ്ത്രീകളും മദ്യപിക്കുന്ന സ്ഥിതിയുണ്ട്. തനതായ കൃഷി ചെയ്യാൻ ആർക്കും താൽപര്യമില്ല. ജൈവകൃഷി പ്രോത്സാഹിപ്പിക്കുക വഴി വിഷമില്ലാത്ത ഉൽപന്നങ്ങൾ ഭക്ഷണക്രമത്തിൽ ഉൾപ്പെടുത്തുന്നതിനും അതുവഴി മാരക രോഗങ്ങളെ ഒരു പരിധി വരെ പ്രതിരോധിക്കുന്നതിനായി സാധിക്കുമെന്നും ശിവ ഗാമി അഭിപ്രായപ്പെട്ടു. കുടുംബശ്രീ സി.ഡി.എസ്. മുഖാന്തിരം 'സ്നേഹിത' കോളിംഗ് ബെൽ എന്ന പേരിൽ ഒരു കൗൺസിലിംഗ് സെന്റർ നടപ്പിലാക്കുന്നുണ്ട്. അക്രമങ്ങൾക്കിരയായ വർക്ക്കൗൺസിലിംഗ് നൽകുക, പ്രതികരണശേഷിയുള്ള പുത്തൻ തലമുറയെ വാർത്തെടുക്കുക എന്നതുമാണ് ഇതിന്റെ ലക്ഷ്യം. പുതൂർ മേഖലയിൽ നിന്നും പല കേസുകളും രജിസ്റ്റർ ചെയ്തിട്ടു

ണ്ട്. സ്നേഹിത **വഴി ഇരയാക്ക**പ്പെട്ടവർക്ക് നീതി ഉറപ്പാക്കുന്ന ത്വരിതഗതിയിലുള്ള പ്രവർത്തനങ്ങൾക്ക് ചുക്കാൻ പിടിക്കാൻ കുടുംബശ്രീക്ക് സാധിച്ചിട്ടുണ്ട്. സ്ത്രീകൾക്ക് സാമ്പത്തിക ഉന്നമനം സാധ്യമാക്കുന്നതിൽ കുടുംബശ്രീയുടെ പങ്ക് ചെറുതല്ല. ബാങ്കുകൾ പോലുള്ള പൊതുപണമിടപാട് സ്ഥാപനങ്ങളിൽ നിന്നും പണം ലഭിക്കുന്നതിന് നിരവധിയായ നടപടിക്രമങ്ങൾ ആവശ്യമായിട്ടുണ്ട് എന്നാൽ കുടുംബശ്രീ അയൽക്കൂട്ടങ്ങൾ വഴി വേഗത്തിൽ ലോണുകൾ ലഭ്യമാക്കുന്നതിനും ആകസ്മികമായ ആവശ്യങ്ങൾക്ക് പരിഹാരം കണ്ടെത്തുന്നതിനും സാധിക്കുന്നുണ്ട്. കൂടാതെ ഇരുള വിഭാഗത്തിലെ സ്ത്രീകൾ പൊതുസമൂഹത്തിൽ ഇടപഴകുന്നതിൽ വിമുഖത കാണിക്കുന്നുണ്ട്. വീട്, കുടുംബം, ജോലി എന്നിങ്ങനെ മൂന്ന് ഘടകങ്ങളിൽ മാത്രം ഒതുങ്ങിക്കൂടുവാനാണ് ഭൂരിഭാഗം സ്ത്രീകൾക്കും താൽപര്യം. 'നമ്മൾ വിചാരിച്ചാൽ എന്തുംസാധിക്കും' എന്നൊരു തോന്നൽ സ്ത്രീകളുടെ മനസ്സിൽ ഉണ്ടാവണം. അധ്വാനിച്ച് പൈസ ഉണ്ടാക്കുന്നതോടൊപ്പം തന്നെ എങ്ങിനെ സമ്പാദിക്കാം എന്നുകൂടി ചിന്തിക്കാനുള്ള കരുത്തും തിരിച്ചറിവും സ്ത്രീകൾക്കുണ്ടാവണമെന്നും ശിവഗാമി അഭിപ്രായപ്പെട്ടു. പുതൂർ പഞ്ചായത്തിൽ ഏഴ് സംരംഭങ്ങൾ സജീവമായി പ്രവർത്തിക്കുന്നുണ്ട്. ഇതിൽ രണ്ട് സംരംഭങ്ങൾ എസ്.ടി. അയൽക്കൂട്ടങ്ങളുടെ നേതൃത്വത്തിൽ നടത്തപ്പെടുന്നവയാണ് സംരംഭങ്ങൾ തുടങ്ങുന്നതിനും, ചലിപ്പിക്കുന്നതിനും ആവശ്യമായ ധനസഹായവും പദ്ധതികളും സർക്കാരിന്റെ ഭാഗത്ത് നിന്നും ഉണ്ടാവുന്നില്ല. ആയതിനാൽ പല സംരംഭങ്ങളും പാതി വഴിയിൽ നിർത്തലാക്കുന്ന സ്ഥിതിയുണ്ട്. സാമ്പത്തിക ശാക്തീകരണം ത്വരിതഗതിയിൽ നടപ്പിലാക്കണമെങ്കിൽ സംരംഭങ്ങൾ ശക്തിപെടുത്തേണ്ടത് ആവശ്യമാണ്. ഈ രീതിയിലുള്ള സാമ്പത്തിക സഹായങ്ങൾ എസ്. ടി സംരംഭങ്ങൾക്ക് അനുവദിച്ചു നൽകണമെന്ന് ശിവഗാമി ആവശ്യപ്പെട്ടു. രാഷ്ട്രീയസംഘടന പ്രവർത്തനങ്ങളിലുള്ള സ്ത്രീകളിൽ പ്രതികരണ ശേഷി വർദ്ധിക്കുമെന്നും പൊതുസമൂഹത്തിലെ സംഭവവികാസങ്ങളെപ്പറ്റി മനസ്സിലാക്കുന്നതിനും പ്രശ്നങ്ങളിൽ ഇടപെടുന്നതിനുമുള്ള കരുത്ത് കൈവരിക്കുന്നതിനും പ്രാപ്തമാക്കുന്നു. കൂടാതെ ഗ്രാമസഭ, ഊരുകൂട്ടം തുടങ്ങിയ ആസൂത്രണ പ്രക്രിയ തലങ്ങളിൽ സ്ത്രീകൾ ഇടപെട്ട് അഭിപ്രായങ്ങൾ രേഖപ്പെടുത്തുന്നതിനും ആവശ്യങ്ങൾ നേടിയെടുക്കുന്നതിനും തയ്യാറാവണം. രാഷ്ട്രീയ പ്രവർത്തനം ഈ രീതിയിലുള്ള വ്യക്തിവികാസത്തിന് തന്നെ സഹായിച്ചിട്ടുണ്ടെന്നും ശിവഗാമി അഭിപ്രായപ്പെട്ടു. സാമൂഹ്യ പ്രവർത്തനത്തിന്റെ തുടക്കത്തിൽ വീട്ടിൽ നിന്നും പൊതുജനങ്ങളിൽ നിന്നും എതിർപ്പുകൾ നേരിടേണ്ടി വന്നിട്ടുണ്ടെന്നും എസ്.ടി ആയതിനാൽ ഉയർന്ന ഉദ്യോഗസ്ഥർ താൻ പറയുന്നത് കേൾക്കാതിരിക്കുകയും അവഗണിക്കുകയും ചെയ്യുന്ന സ്ഥിതി ഉണ്ടായിട്ടുണ്ടെന്നും ധൈര്യത്തോടെ മുന്നോട്ട് പോയതിനാലാണ് തുടർന്നും മികച്ച രീതിയിൽ സാമൂഹ്യരംഗത്ത് സജീവമാക്കാൻ കഴിഞ്ഞതെന്നും കുടുംബശ്രീ പ്രവർത്തനത്തിലൂടെയാണ് അത്തരത്തിലുള്ള മാറ്റം തന്നിൽ ഉണ്ടായതെന്നും ശിവഗാമി അഭിപ്രായപ്പെട്ടു. സാമൂഹ്യപരമായ മാറ്റം ഉണ്ടായിട്ടുണ്ടെങ്കിലും ഇരുള സമുദായത്തിലെ ആചാരങ്ങൾ ഇപ്പോഴും അതുപോലെ പിന്തുടരുന്നുണ്ട്. മാസമുറ സമയത്ത് വീട്ടിൽ നിന്ന് മാറി നിൽക്കുകയും പ്രത്യേക പാത്രങ്ങൾ ഉപയോഗിക്കുകയും ചെയ്യുന്നുണ്ട്. ഭക്ഷണരീതിയിൽ വലിയ തോതിലുള്ള മാറ്റം ഉണ്ടായിട്ടുണ്ട്. മുൻകാലങ്ങളിൽ സ്വന്തമായി കൃഷി ചെയ്ത് ഉൽപാദിപ്പിക്കുന്ന വസ്തുക്കളാണ് ആഹാരമായി ഭക്ഷിച്ചിരുന്നത്. എന്നാൽ പുതിയ കാല

ഘട്ടത്തിൽ ഭക്ഷണക്രമം മാറുകയും പുത്തൻ രീതിയിൽ ഭക്ഷണം ഉണ്ടാക്കുകയും ഇറച്ചി, മുട്ട തുടങ്ങിയവ ആഹാരക്രമത്തിൽ ഉൾപ്പെടുത്തുകയും ചെയ്യുന്നുണ്ട്.

പുതൂർ പഞ്ചായത്തിൽ ആനുകൂല്യങ്ങൾ അർഹത ഇല്ലാത്തവർക്ക് ലഭിക്കുന്നുണ്ട്. ലൈഫ് മിഷൻ, ആശ്രയ തുടങ്ങിയ പദ്ധതികളിൽ അനർഹരായിട്ടുള്ളവർ ഇടംപിടിക്കുന്ന സ്ഥിതിയുണ്ടായി. പിന്നീട് പുനപരിശോധന നടത്തുകയും പുതിയ പട്ടിക ഉണ്ടാക്കുകയും ചെയ്തിട്ടുണ്ട്. അട്ടപ്പാടി മേഖലയിൽ ജലക്ഷാമം രൂക്ഷമാണ്. കുടിവെള്ള പദ്ധതികൾ കാര്യക്ഷമമായി നടപ്പിലാക്കുന്നില്ല. ജലനിധി പദ്ധതിയിൽ എല്ലാ സങ്കേതങ്ങളിലേക്കും പൈപ്പ് കണക്ഷൻ നൽകിയിട്ടുണ്ടെങ്കിലും ആഴ്ചയിൽ ഒന്നോ രണ്ടോ തവണ മാത്രമാണ് ജലലഭ്യത ഉണ്ടാകുന്നത്. എസ്. ടി. വിഭാഗത്തിൽ ഉൾപ്പെട്ടവർക്ക് കിണർ കുഴിക്കാൻ ധനസഹായം നൽകണമെന്നും മഴയെ ആശ്രയിച്ച് കൃഷി ചെയ്യുന്ന പുതൂർ നിവാസികൾക്ക് കൃഷിക്ക് ആവശ്യമായ വെള്ളം ലഭ്യമാക്കുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതായിട്ടുണ്ടെന്നും ശിവഗാമി അഭിപ്രായപ്പെട്ടു. അട്ടപ്പാടി മേഖലയിൽ NRLM പ്രൊജക്ട് നല്ല പ്രവർത്തനം കാഴ്ചവെക്കുന്നുണ്ട്. എന്നാൽ പദ്ധതിയിൽ ഗുണഭോക്താക്കളെ തിരഞ്ഞെടുക്കുന്നതിൽ വിവേചനം കാണിക്കുന്നുണ്ടെന്നും സമൂഹം അടുക്കള പദ്ധതിയിൽ അർഹരായ എല്ലാവരിലേക്കും പദ്ധതിയുടെ ഫലം എത്തിക്കുന്നതിൽ പരാജയപ്പെടുന്നുണ്ടെന്നും ഗോത്രവിഭാഗങ്ങളോടുള്ള വനം വകുപ്പിന്റെ സമീപനത്തിൽ മാറ്റം ഉണ്ടാവണമെന്നും ഗോത്രവിഭാഗത്തിന്റെ അധീനതയിലുള്ള ഭൂമിയിൽ കയ്യേറ്റം കൂടുതാലായുണ്ടാവുന്നുണ്ടെന്നും ഇതിൽ മാറ്റമുണ്ടാവണമെന്നും ശിവഗാമി അഭിപ്രായപ്പെട്ടു. പതിനെട്ട് വയസ്സ് പൂർത്തിയാവുന്നതിന് മുൻപ് തന്നെ പെൺകുട്ടികൾ വിവാഹിതരാവുകയും പ്രസവിക്കുകയും ചെയ്യുന്ന സ്ഥിതിയുണ്ട്. ഇത്തരത്തിൽ വിവാഹിതരാവുന്നവരുടെ കുട്ടികളിൽ പോഷകക്കുറവ് കണ്ടുവരുന്നുണ്ട്. ആരോഗ്യകേന്ദ്രങ്ങൾ വഴി പോഷകാഹാരങ്ങൾ നൽകി ഗോത്രവിഭാഗത്തിലെ കുട്ടികളുടെ ആരോഗ്യസ്ഥിതിയിൽ മാറ്റം ഉണ്ടാക്കുന്നതിന് ശ്രമിക്കണമെന്നും ശിവഗാമി അഭിപ്രായപ്പെട്ടു.

**കേസ് സ്റ്റഡി-4**

**അംബിക -കേസ് സ്റ്റഡി, കുമ്മിട്ടാംകുഴി**

ഇടുക്കി ജില്ലയിലെ മറയൂർ പഞ്ചായത്തിൽ കുമ്മിട്ടാംകുഴി സങ്കേതത്തിൽ പൗർണ്ണമി അയൽക്കൂട്ടാംഗമാണ് 36 വയസും പത്താംക്ലാസ് വിദ്യാഭ്യാസ യോഗ്യതയുമുള്ള ഹിൽപുലയ സമുദായത്തിൽ ഉൾപ്പെട്ട അംബിക 5 വർഷമായി തൊഴിലുറപ്പ് ജോലി ചെയ്യുന്നതിനോടൊപ്പം തന്നെ എസ്. ടി. പ്രമോട്ടറായും പ്രവർത്തിക്കുന്നുണ്ട്. ഹിൽപുലയ സമുദായത്തിൽ നിന്നും സാമൂഹ്യ രാഷ്ട്രീയ രംഗത്ത് സജീവമായി പ്രവർത്തിക്കുന്ന വ്യക്തിയാണ് മൂന്ന് സെന്റ് ഭൂമിയിൽ, ഇ.എം.എസ്. ഭവന പദ്ധതിയിൽ ലഭ്യമായ 2.75 ലക്ഷം രൂപയ്ക്ക് നിർമ്മിച്ച ഭവനത്തിലാണ് താമസിക്കുന്നത്. ടി.ആർ.ഡി.എം. മുഖേന ഒരേക്കർ ഭൂമി ഈ കുടുംബത്തിന്റെ പേരിൽ ലഭിച്ചിട്ടുണ്ട്. ജലനിധി പദ്ധതി വഴി കുടിവെള്ള വിതരണം നടത്തുന്നുണ്ടെങ്കിലും വേനൽകാലമായാൽ കുടിവെള്ളക്ഷാമം രൂക്ഷമാണ്. ആരോഗ്യചികിത്സാ പ്രവർത്തനത്തിന്റെ മികവിന് വേണ്ടി പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങളിൽ

വനിത ഡോക്ടർമാരെ നിയമിക്കണമെന്നും അഴുക്ക്ചാൽ നിർമ്മിച്ച് നൽകണമെന്നും മാലിന്യസം സ്കരണം കൃത്യതയോടെ നടത്തണമെന്നും അംഗനവാടി വഴി മികച്ച രീതിയിൽ പോഷകാഹാര ങ്ങൾ നൽകണമെന്നും അംബിക അഭിപ്രായപ്പെട്ടു. കുമ്മിട്ടാംകുഴിയിൽ പൊതുശൗചാലയം ആണു ള്ളത് കുട്ടികളും മുതിർന്നവരും ഇതേ കക്കൂസ് ആണ് ഉപയോഗിക്കുന്നത്. മലമൂത്ര വിസർജ്യ ങ്ങൾ വഴി പകരുന്ന സാംക്രമിക രോഗങ്ങൾ പടർന്നു പിടിക്കാനുള്ള സാധ്യത വളരെ കൂടുതലാ ണ്. കൂടാതെ ഹോട്ടലിൽ നിന്നും അഴുക്ക് വെള്ളം സങ്കേതത്തിലേക്ക് ഒഴുക്കി വിടുന്ന സ്ഥിതിയു മുണ്ട്. ഈ രീതിയിൽ രോഗങ്ങൾ വരുന്നുണ്ട്. ഇതിനു പരിഹാരം കണ്ടെത്തുന്നതിന് ഓരോ വീടിനും പ്രത്യേകം കക്കൂസുകൾ നിർമ്മിച്ച് നൽകുന്നതിനും അഴുക്കുവെള്ളം ഒഴുക്കി വിടുന്നതി നെതിരെയും ത്വരിതഗതിയിലുള്ള നടപടിക്രമങ്ങൾ സ്വീകരിക്കേണ്ടതായിട്ടുണ്ടെന്ന് അംബിക അഭി പ്രായപ്പെട്ടു. വരവ് ചെലവ് കണക്ക് എഴുതി വെയ്ക്കുന്ന ശീലം അംബികക്കുണ്ട്. 2018 ൽ 10000 രൂപയും, 2014 ൽ 1 ലക്ഷം രൂപയും സ്വകാര്യ ബാങ്കിൽ നിന്ന് കടമെടുത്തിട്ടുണ്ട്. ഈ പണം കൃത്യ മായി തിരിച്ചടക്കാൻ കഴിഞ്ഞത് വരവ് ചിലവ് കണക്ക് എഴുതിവെച്ച്, പണം കൈകാര്യം ചെയ്യാൻ ശീലിച്ചത് കൊണ്ടാണെന്നും ഈ രീതിയിൽ ശീലങ്ങൾ സായത്തമാക്കിയത് കുടുംബശ്രീ വഴി ആണെന്നും അംബിക അഭിപ്രായപ്പെട്ടു. എസ്. ടി. വിഭാഗത്തിലുള്ളവർക്ക് ലോൺ നൽകുവാൻ ബാങ്ക് വിമുഖത കാണിക്കുന്നുണ്ട്. ഈ സമീപനത്തിൽ മാറ്റമുണ്ടാവേണ്ടതായിട്ടുണ്ട്. കുമ്മിട്ടാംകു ഴിയിൽ സ്ത്രീകളാണ് പുരുഷൻമാരേക്കാൾ ശക്തരായിട്ടുള്ളത്. മദ്യപാനശീലം പുരുഷൻമാർക്കിട യിൽ വളരെ കൂടുതലാണ്. അധ്വാനത്തിൽ നിന്ന് കിട്ടുന്ന പണം മുഴുവൻ മദ്യത്തിനായി ചെലവിടു ന്നു. കുട്ടികളുടെ വിദ്യാഭ്യാസം വീട്ടിലെ ദൈനംദിന ആവശ്യങ്ങൾ എന്നിവ കൈകാര്യം ചെയ്യുന്ന ത് സ്ത്രീകളാണ്. ആയതിനാൽ സ്വയംതൊഴിൽ പഠിപ്പിച്ച് സ്വന്തം കാലിൽ നിൽക്കാനുള്ള ആത്മ ധൈര്യം കുടുംബശ്രീ വഴി നൽകണമെന്നും കൂടാതെ ഊരുകൂട്ടത്തിൽ അംഗീകാരം ലഭിക്കണ മെന്നും അഭിപ്രായസ്വാതന്ത്ര്യം ഉണ്ടാവണമെന്നും ''പെമ്പളങ്ക പേശാമ ഇരുങ്ക'' (സ്ത്രീകൾ സംസാരിക്കാതെ ഇരിക്കണം) എന്ന സമീപനം മാറ്റിടെയുക്കുന്ന തലത്തിലേക്ക് കുടുംബശ്രീ പ്രവർത്തനം വിപുലപ്പെടുത്തണമെന്നും അംബിക അഭിപ്രായപ്പെട്ടു. വനവിഭവങ്ങൾ ശേഖരിച്ച് വിൽപ്പന നടത്തുന്ന സഹകരണസ്ഥാപനം മറയൂരിൽ പ്രവർത്തിക്കുന്നുണ്ട്. 2010 ൽ പ്രവർത്തനമാ രംഭിച്ച സംഘത്തിന്റെ കാഷ്യറാണ് അംബിക. കുടുബശ്രീയെ കൂടാതെ ഇതര സാമൂഹിക സാംസ്കാരിക സംഘടനകളിൽ പ്രവർത്തിക്കുവാൻ താൽപര്യമുണ്ടെങ്കിലും ഇംഗ്ലീഷ് ഭാഷ അറി യാത്തതിന്റെ പോരായ്മ പലപ്പോഴും അഭിമുഖീകരിക്കേണ്ടി വന്നിട്ടുണ്ട്. ആസാമിൽ വെച്ച് 2010 ൽ നടന്ന ഗോത്രോത്സവത്തിൽ അംബിക പങ്കെടുത്തിട്ടുണ്ട്. കുമ്മിട്ടാംകുഴിയിൽ മലപുലയാട്ടം കലാഗ്രൂപ്പ് പ്രവർത്തിക്കുന്നുണ്ട്. ഈ ഗ്രൂപ്പിലെ അംഗം കൂടിയാണ് അംബിക. എന്നാൽ കുടും ബശ്രീ മുഖാന്തിരം യാതൊരു പരിശീലനവും ലഭിച്ചിട്ടില്ല. രംഗശ്രീ പൊലുള്ള കൂട്ടായ്മകൾ കുടും ബശ്രീ നടപ്പിലാക്കുന്നുണ്ടെങ്കിലും കുമ്മിട്ടാംക്കുഴി സങ്കേതത്തിലെ കുടുംബശ്രീ അംഗങ്ങൾ ഈ കൂട്ടായ്മയിൽ അംഗങ്ങളല്ല. എസ്. സി. ക്രിസ്ത്യൻസ്, പറയൻ തുടങ്ങിയ സമുദായങ്ങൾ സങ്കേത ത്തിനടുത്ത് താമസിക്കുന്നുണ്ടെങ്കിലും പരസ്പര സഹകരണം കുറവാണ്. മലപ്പുലയ സമുദായ ത്തിലേക്ക് മറ്റു സമുദായത്തിലെ ആചാരങ്ങൾ കടന്നുവന്നിട്ടുണ്ട്. മുൻകാലങ്ങളിൽ (കറുത്ത മുത്ത്) ആണ് താലിയായി കെട്ടിയിരുന്നത്. തമിഴ് സ്വാധീനത്തിന്റെ ഭാഗമായി മഞ്ഞച്ചരട് താലി

യായി ഉപയോഗിക്കുന്നുണ്ട്. വസ്ത്ര രീതിയിലും മുടി വെട്ടുന്ന രീതിയിലും വലിയ മാറ്റങ്ങൾ കാണപ്പെടുന്നുണ്ട്. കുടുംബശ്രീയിൽ കണക്കുകൾ തയ്യാറാക്കുന്നതും യോഗങ്ങൾ വിളിച്ചു ചേർക്കുന്നതും മിനുട്സ് തയ്യാറാക്കുന്നതും സ്ഥലം, സമയം, അജണ്ട എന്നിവ തീരുമാനിച്ച് യോഗ നടപടികൾ ക്രമീകരിക്കുന്നത്ും അംബികയാണ്. കുടുംബശ്രീ അംഗമായതിനു ശേഷം പൊതുജന ങ്ങളോട് കാര്യങ്ങൾ സംസാരിക്കാൻ പഠിച്ചെന്നും, പൊതുരംഗങ്ങളിൽ ഇടപഴകാൻ സാധിച്ചു വെന്നും അംബിക അഭിപ്രായപ്പെട്ടു. 2000ത്തിൽ കുടുംബശ്രീ അംഗമായ ശേഷമാണ് തദ്ദേശസ്വ യംഭരണസ്ഥാപനങ്ങൾ എന്തിനുവേണ്ടി നിലകൊള്ളുന്നു എന്ന വസ്തുത മനസ്സിലാക്കാൻ സാധി ച്ചിട്ടുണ്ടെന്നും അവകാശങ്ങളെപ്പറ്റിയും പൗരൻ എന്ന നിലയിലുള്ള ഉത്തരവാദിത്തങ്ങളെ പറ്റിയും ബോധവാൻ ആകുന്നതിനും സ്വയം കരുത്താർജ്ജിക്കുന്നതിനും സാധിച്ചത് കുടുംബശ്രീ പ്രവർത്തനത്തിലൂടെയാണെന്ന് അംബിക അഭിപ്രായപ്പെട്ടു. ഗോത്രവിഭാഗത്തിലുൾപ്പെട്ടവരെ പൊതുസമൂഹത്തിലുള്ളവർ അവഗണിക്കുന്ന സ്ഥിതിയുണ്ടായിരുന്നു. എന്നാൽ പുതിയ കാലഘട്ട ത്തിൽ ഇത്തരത്തിലുള്ള സമീപനത്തിൽ മാറ്റം വന്നിട്ടുണ്ട്. മുൻ കാലങ്ങളിൽ പൊതുവിഭാഗ ത്തിൽപ്പെട്ടവർ പ്രായമുള്ളവരെപോലും പേരെടുത്ത് വിളിക്കുമായിരുന്നു. എന്നാൽ ഇന്ന് സ്ഥാനം അനുസരിച്ച് വിളിക്കുന്ന സ്ഥിതി സംജാതമായിട്ടുണ്ട്. ഈ രീതിയിലുള്ള മാറ്റം ആശാവഹമാണെ ന്നും അംബിക അഭിപ്രായപ്പെട്ടു.

എസ്.ടി. ഫണ്ട് മറ്റ് തരത്തിൽ വകമാറ്റി ചിലവാക്കുന്ന സ്ഥിതിയുണ്ട്. മറയൂർ പഞ്ചായ ത്തിൽ പട്ടിക്കാട്ടിൽ 16 പേർക്ക് തയ്യൽ പരിശീലനം നൽകിയിട്ടുണ്ട്. എന്നാൽ തുടർന്ന് തയ്യൽ ഉപ കരണങ്ങൾ നൽകി സംരംഭങ്ങൾ തുടങ്ങുന്നതിനാവശ്യമായ പ്രോത്സാഹനം നൽകിയിട്ടില്ല. കൂടാതെ മറയൂർ പഞ്ചായത്തിൽ എസ്.ടി. വിഭാഗത്തിന്റെ പേരിൽ നടത്തപ്പെടുന്ന ഇക്കോഷോപ്പിന്റെ യഥാർത്ഥ നടത്തിപ്പുകാർ ഒ.ബി.സി വിഭാഗത്തിൽ ഉൾപ്പെട്ടവരാണെന്നും, സർക്കാർ ധനസഹായം ലഭിക്കുന്നതിന് വേണ്ടി എസ്.ടി. വിഭാഗത്തിലുള്ളവർ ഒന്നോ രണ്ടോ അംഗങ്ങൾ ഉള്ള അയൽക്കൂട്ടങ്ങൾ പോലും എസ്.ടി. അയൽക്കൂട്ടമാണെന്ന് അവകാശപ്പെട്ട് ഫണ്ട് തട്ടിയെടുക്കുന്ന സ്ഥിതിയുണ്ടെന്നും അംബിക അഭിപ്രായപ്പെട്ടു. കുമ്മിട്ടാംകുഴിയിലെ പൗർണ്ണമി അയൽക്കൂട്ടം 32 പേർ ചേർന്നാണ് രൂപീകരിച്ചതെങ്കിലും പിന്നീട് 20 പേരായി ചുരുങ്ങിയിട്ടുണ്ട്. എസ്.ടി. അയൽക്കൂട്ടങ്ങൾക്ക് ലോൺനൽകാൻ ബാങ്കുകൾ തയ്യാറാവുന്നില്ല. ''നഷ്ടം കാണിച്ചാൽ എങ്ങിനെ ലോൺ തരും'' എന്ന് ചോദിക്കുന്നു. പൊതുവിഭാഗത്തിന് എത്ര ലക്ഷം ലോൺ നൽകു വാനും ബാങ്കുകൾ തയ്യാറാകുന്നു ഇത്തരം സമീപനങ്ങൾ സംരംഭം തുടങ്ങുന്നതിനുള്ള പ്രാരംഭ മൂലധനം കണ്ടെത്തുന്നതിന് വിലങ്ങുതടിയാവുന്നുണ്ടെന്ന് അംബിക അഭിപ്രായപ്പെട്ടു. തദ്ദേശസ്വ യംഭരണസ്ഥാപനങ്ങളിൽ പദ്ധതികൾ ഉണ്ടാവുന്നത് അടിസ്ഥാന സൗകര്യവികസനത്തിന് വേണ്ടി മാത്രമാണ്. സ്ത്രീകളുടെ പുരോഗതിക്ക് ഇത്തരം വികസനത്തോടൊപ്പം തന്നെ വ്യക്തിപര മായ ഉയർച്ച കൂടി അനിവാര്യമാണ്. ഇത് സാധ്യമാകണമെങ്കിൽ തൊഴിൽ നേടുക മാത്രമാണ് പോംവഴി. അതുകൊണ്ട് തന്നെ പദ്ധതി രൂപീകരണം നടത്തുമ്പോൾ സ്ത്രീകൾക്ക് തൊഴിൽ പരി ശീലനം നൽകുന്നതിനും തൊഴിൽ സാധ്യതകൾ കണ്ടെത്തി നൽകുന്നതിനും ആവശ്യമായ പദ്ധ തികൾ രൂപവൽക്കരിക്കണമെന്നും സംരംഭങ്ങളിലൂടെ നിർമ്മിക്കപ്പെടുന്ന ഉൽപ്പന്നങ്ങൾ വിറ്റഴിക്കു

വാനുള്ള വിപണി കണ്ടെത്തി നൽകണമെന്നും സംഘകൃഷി പ്രോത്സാഹിപ്പിക്കണമെന്നും അംബിക അഭിപ്രായപ്പെട്ടു. 2016 ൽ പഞ്ചായത്തിൽ നിന്നും പേപ്പർബാഗ് നിർമ്മിക്കാൻ പരിശീലനം ലഭിച്ചിട്ടുണ്ട്. പല പരിശീലനങ്ങളും പദ്ധതി പൂർത്തീകരിക്കാൻ മാത്രം ചെയ്യപ്പെടുന്നപോലെയാണ് ഇത്തരം പരിശീലനങ്ങളുടെ പിന്തുടർച്ച ഉണ്ടാവുന്നില്ല. കൃഷി ചെയ്ത് ഉണ്ടാക്കുന്ന ഉൽപ്പന്നങ്ങൾ ന്യായവില ലഭ്യമാകുന്ന വിപണി സാധ്യതകൾ ഇല്ല അതുകൊണ്ട് തന്നെ സംരംഭങ്ങളിലും സംഘ കൃഷിയിലും പങ്കാളിയാവുന്നതിലൂടെ യാതൊരു മുന്നേറ്റവും കുടുംബശ്രീ അംഗങ്ങൾക്കുണ്ടാവു ന്നില്ല. തൊഴിലുറപ്പ് പദ്ധതി കൃത്യതയോടെ നടത്തപ്പെടുകയാണെങ്കിൽ മികച്ച നേട്ടം ഗോത്രജന തയ്ക്ക് ഉണ്ടാവും എന്നാൽ തൊഴുലുറപ്പ് പണികൾ തുടർച്ചയായി കിട്ടുന്നില്ല. കൂടാതെ വേതനം വളരെ വൈകിയാണ് ലഭിക്കുന്നത്. എസ്.ടി. ഗൃഹനിർമ്മാണപദ്ധതികൾ ഭൂരിഭാഗവും കോൺട്രാ ക്ടർമാർ ഏറ്റെടുത്ത് നടത്തുന്ന രീതിയാണുള്ളത് അതുകൊണ്ട് തന്നെ പല അഴിമതികളും നടക്കു ന്നുണ്ട്. സങ്കേതവാസികൾക്ക് തന്നെ ഗൃഹനിർമ്മാണം നടത്തുവാനുള്ള അനുമതി നൽകേണ്ടതു ണ്ട്. ഫണ്ട് ചിലവഴിക്കാൻ മാത്രം പദ്ധതി നടപ്പിലാക്കുന്ന സമീപനം ഒഴിവനിർമ്മിക്കക്കണം. അർഹ തപ്പെട്ടവരുടെ ആവശ്യങ്ങളനുസരിച്ച് പദ്ധതികൾ ഉണ്ടാക്കേണ്ടതാണ് പി.എസ്.സി. വഴി മറയൂർ പഞ്ചായത്തിലും സർക്കാർ കാര്യാലയങ്ങളിലും ജോലിയിൽ നിയമിക്കപ്പെടുന്നവർ സ്ഥിരമായി ജോലിയിൽ തുടരാൻ തയ്യാറാവാതെ സ്ഥലം മാറി പോവുക പതിവാണ്. പഞ്ചായത്തിലെ കാലാവ സ്ഥയോടും സാഹചര്യങ്ങളോടും പൊരുത്തപ്പെടാൻ പല ഉദ്യോഗസ്ഥൻമാർക്കും സാധിക്കാറില്ല. പി.എസ്.സി. നിയമനം നടത്തുമ്പോൾ തദ്ദേശവാസികൾക്ക് മുൻഗണന നൽകണം. എങ്കിൽ മാത്രമേ മികവുറ്റ പ്രവർത്തനങ്ങൾ പഞ്ചായത്തിൽ നടപ്പിലാക്കുകയുള്ളൂ എന്നും പുതിയ തലമുറ യിലെ യുവതീ യുവാക്കൾക്ക് മികച്ച വിദ്യാഭ്യാസവും തൊഴിലും നൽകണമെന്നും അംബിക ആവശ്യപ്പെട്ടു.

കുടുംബശ്രീ അംഗമായതിനു ശേഷം പൊതുസമൂഹവുമായി ഇടപഴകുന്നതിനും സങ്കേത ത്തിനു പുറമേയുള്ള ജീവിതം എന്താണെന്നും എങ്ങനെയാണെന്നും മനസ്സിലാക്കുവാനും സാധി ച്ചുവെന്നും പുതിയ ഉത്തരവാദിത്തങ്ങൾ കാര്യക്ഷമമായി നിർവ്വഹിക്കുവാനും സാധിച്ചിട്ടുണ്ടെന്ന് അംബിക അഭിപ്രായപ്പെട്ടു.

**കേസ് സ്റ്റഡി – 5**

മറയൂർ പഞ്ചായത്ത് കുടുംബശ്രീ സി.ഡി.എസ് ചെയർപേഴ്സണും ആലംപെട്ടി സങ്കേതത്തിലെ നീലക്കുറഞ്ഞി അയൽക്കൂട്ടാംഗവുമാണ്. 2018 മുതൽ അടിമാലി ഗ്രാമ പഞ്ചായത്ത് കുടുംബശ്രീ സി.ഡി.എസ് ചെയർപേഴ്സണായി പ്രവർത്തിക്കുന്നുണ്ട്. 2017 ൽ ആണ് നിത്യകുടുംബശ്രീ അംഗമായത്. അച്ഛനും അമ്മയും സഹോദരനും അട ങ്ങുന്ന കുടുംബം താമസിക്കുന്നത് 1998 ൽ അഗ്രി ഡവലപ്പ്മെന്റ് വകുപ്പിൽ നിന്നും നിർമ്മിച്ചു നൽകിയ ഭവനത്തിലാണ്. ജീർണ്ണാവസ്ഥയിലുള്ള വീടിന്റെ പുനരുദ്ധാരണ ത്തിന് പലതവണ അപേക്ഷ നൽകിയെങ്കിലും ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെട്ടില്ല. മഴ

ക്കാലത്ത് ചോർച്ച കാരണം താമസിക്കാൻ കഴിയാത്ത സ്ഥിതിയാണ്. 2015 ൽ പഠനം നടത്തിയ നിത്യസാക്ഷരതാ കോഡിനേറ്ററുടെ നിർദ്ദേശപ്രകാരം 2016 ൽ തുല്യതാ പരീക്ഷ എഴുതി 10–ാം ക്ലാസ് പരീക്ഷ പാസാകുകയും ശേഷം തിരുപ്പൂരിൽ പ്ലംബിംഗ് പഠനം നടത്തുകയും ചെയ്തു. പഠന ശേഷം ജോലി ലഭിച്ചു എങ്കിലും ജോലിസ്ഥലത്തെ സാഹചര്യങ്ങളുമായി പൊരുത്തപ്പെടാൻ സാധിക്കാത്തതിനാൽ ജോലി പൂർത്തിയാക്കാൻ സാധിച്ചില്ല. ആലംപെട്ടി സങ്കേതത്തിൽ ശുചിത്വം കുറവാണ്, വീടു വൃത്തിയാക്കുക, വ്യക്തി ശുചിത്വം പാലിക്കുക എന്നിങ്ങനെയുള്ള മനോഭാവം സങ്കേതവാസികൾക്കില്ല. അതിനാൽ ആരോഗ്യ വകുപ്പിൽ നിന്നുള്ള ഉദ്യോഗസ്ഥർ സങ്കേതം സന്ദർശിച്ച് ബോധവൽക്കരണക്ലാസ്സ് നൽകണമെന്നും കൂടാതെ കമ്മ്യൂണിറ്റി ഹാളിൽ അവശ്യ മരുന്നുകൾ സൂക്ഷിച്ച് ആശാവർക്കർ വഴി വിതരണം നടത്തുന്നതിനാവശ്യമായ നടപടികൾ സ്വകരിക്കണമെന്നും നിത്യ അഭിപ്രായപ്പെട്ടു. ഹിൽപ്പുലയ സമുദായത്തിലെ സ്ത്രീകൾ പൊതുവെ പുറത്തിറങ്ങാൻപ്പോലും മടി കാണിക്കുന്നവരാണ്. കുടുംബശ്രീ പ്രവർത്തനം എന്നത് പ്രതിവാര മീറ്റിംഗ് കൂടുക, ത്രിഫ്റ്റ് വയ്ക്കുക എന്നീ രണ്ടു കടമകൾ മാത്രമായി ചുരുങ്ങിപ്പോകുന്നു. സ്വന്തമായി തൊഴിൽ ചെയ്ത് വരുമാനമാർഗ്ഗം കണ്ടെത്തുക വഴി മാത്രമേ സ്വാതന്ത്ര്യം എന്നത് പൂർണ്ണമാകുകയുള്ളൂ. ഇതിനായി സംരംഭങ്ങൾ പ്രോത്സാഹിപ്പിക്കപ്പെടണമെന്നും നിത്യ അഭിപ്രായപ്പെട്ടു. കുടുംബശ്രീ സി.ഡി.എസ്. ചെയർപേഴ്സൺ എന്ന നിലയിൽ വിവിധ അയൽക്കൂട്ടങ്ങൾ സന്ദർശിക്കുക, കൃത്യമായി വിലയിരുത്തുക, പഞ്ചായത്ത് വർക്കിംഗ് കമ്മിറ്റികളിൽ സജീവമായി ഇടപെടുക കൂടാതെ കുടുംബശ്രീ പ്രവർത്തനങ്ങളുടെ വിജയത്തിന് ആവശ്യമായ എല്ലാ തലത്തിലുമുള്ള ഇടപെടലുകൾ നടത്തുന്നതിനും നീതൃക്ക് സാധിക്കുന്നുണ്ട്. എന്നാൽ പല സന്ദർഭങ്ങളിലും പഞ്ചായത്തിൽ നിന്നും നല്ല രീതിയിലുള്ള പ്രോൽസാഹനമോ പിന്തുണയോ ലഭിക്കുന്നില്ലെന്നും 'ചെറിയ കുട്ടിയല്ലേ' ഒന്നും പറഞ്ഞാൽ മനസ്സിലാവില്ല, ആവശ്യപ്പെടുന്ന കാര്യങ്ങൾ സാവധാനത്തിൽ ചെയ്തുകൊടുത്താൽ മതിയെന്നുമൊക്കെയുള്ള അലസ മനോഭാവം ഉദ്യോഗസ്ഥരിൽ നിന്നും നേരിടേണ്ടി വരുന്നുണ്ടെന്നും അത്തരം സമീപനങ്ങൾ തന്നെ മാനസികമായി ബാധിക്കുന്നുണ്ടെന്നും നിത്യ അഭിപ്രായപ്പെട്ടു. ജാതി, മതം തുടങ്ങിയവയുടെ അടിസ്ഥാനത്തിലുള്ള വേർതിരിവ് ഇന്നത്തെ സമൂഹത്തിൽ ഇല്ലെന്ന് പൊതുവിൽ പറയുമെങ്കിലും പൊതു സമൂഹവുമായി ഇടപഴകുന്ന പല സാഹചര്യങ്ങളിലും എസ്.ടി. വിഭാഗത്തിൽപ്പെട്ടയാൾ ആണെന്നുള്ള വിവേചന മനോഭാവം നേരിടേണ്ടി വരുന്നുണ്ടെന്നും, റേഷൻകടകളിൽ ഏറ്റവും പുറകിൽ നിർത്തിയിട്ടുണ്ടെന്നും നിത്യ അഭിപ്രായപ്പെട്ടു.

കുടുംബശ്രീ അംഗമായതിനാൽ പൊതുസമൂഹവുമായി ഇടപഴകുന്നതിനും മറയൂർ പഞ്ചായത്തിലെ ഭൂരിഭാഗം ഗോത്രവർഗ്ഗ സങ്കേതങ്ങൾ സന്ദർശിക്കുന്നതിനും നിതൃക്കു സാധിച്ചിട്ടുണ്ട്. ഹിൽപ്പുലയ സമുദായത്തിലെ സ്ത്രീകൾക്ക് സംഘബോധം ഉണ്ടാകുന്നതിൽ കുടുംബശ്രീക്ക് മികച്ച പങ്കുണ്ട്. മുഖ്യധാരാ സമൂഹവുമായുള്ള ഇടപെടലിന്റെ ഭാഗമായി 18 വയസ്സിനു മുകളിൽ പ്രായമുള്ളവർ സാരി മാത്രമേ ധരിക്കാൻ പാടുള്ളൂ എന്ന നിയമത്തിന് മാറ്റം വന്നെങ്കിലും പുറത്തു നിന്നുള്ളവർ സങ്കേതത്തിലെ വീടുകൾ സന്ദർശിക്കുവാൻ അനുവദിക്കാൻ പാടില്ല എന്ന പാരമ്പര്യ നിയമം ഇപ്പോഴും പിന്തുടരുന്നുണ്ട്. എസ്.ടി. വിഭാഗങ്ങളുടെ ഗ്രൂപ്പ് സംരംഭങ്ങൾ പലയിടത്തും പരാജയപ്പെടുന്ന സ്ഥിതിയുണ്ട്. സംരംഭങ്ങൾ തുടങ്ങാൻ പ്രോത്സാഹിപ്പിക്കുക മാത്രമാണ് ഉന്നതതല അധികാരികൾ ചെയ്യുന്നത്. ലോൺ എടുത്ത് സംരംഭങ്ങൾ ആരംഭിച്ചാൽ എങ്ങനെ തിരിച്ചടയ്ക്കണം ഏതു രീതിയിൽ സംരംഭങ്ങളെ വിജയിപ്പിക്കാൻ സാധിക്കണം എന്നുമുള്ള നിർദ്ദേശങ്ങൾ അധികൃതരുടെ ഭാഗത്തു നിന്നുണ്ടാകാറില്ല. ഇത്തരം നിലപാടിൽ മാറ്റം ഉണ്ടാകണമെന്നും എങ്കിൽമാത്രമേ സംരംഭങ്ങൾ വിജയിപ്പിക്കാൻ സാധിക്കുകയുള്ളൂവെന്നും നിത്യ അഭിപ്രായപ്പെട്ടു. കുടുംബശ്രീയുമായി ബന്ധപ്പെട്ട കണക്കുകൾ, മിനിറ്റ്സ് എഴുതുന്നതിന് ഏറെ പ്രയാസം അനുഭവിക്കുന്നുണ്ട്. അതിനാൽസാക്ഷരതാക്ലാസ്സുകൾ മികച്ച രീതിയിൽ സംഘടിപ്പിക്കപ്പെടേണ്ടതായിട്ടുണ്ട്. സങ്കേതത്തിലുള്ള വിദ്യാഭ്യാസമുള്ള യുവതീയുവാക്കളെ സാക്ഷരതാ അദ്ധ്യാപകരായി നിയമിക്കുക വഴി ആശയവിനിമയം ഒരുപടികൂടി എളുപ്പമാക്കാൻ സാധിക്കുമെന്ന് നിത്യ അഭിപ്രായപ്പെട്ടു.

**പഠനവിധേയമാക്കിയ സമുദായങ്ങളുടെ അടിസ്ഥാന വിവരങ്ങൾ**

**അടിയാൻ**

വയനാട് ജില്ലയിൽ മാനന്തവാടി താലൂക്കിൽ പനമരം, ബാവലി, കാട്ടിക്കുളം, തിരുനെല്ലി, തൃശ്ശിലേരി തുടങ്ങിയ സ്ഥലങ്ങളിലാണ് അടിയാൻ സമുദായക്കാർപ്രധാനമായും അധിവസിച്ചുവരുന്നത്. 2011 ലെ സെൻസസ് പ്രകാരം 11526 ആണ് ഇവരുടെ മൊത്തം ജനസംഖ്യ. അതിൽ 5515 പേർ പുരുഷൻമാരും 6011 പേർ സ്ത്രീകളുമാണ്. ഇവരുടെ സ്ത്രീ പുരുഷാനുപാതം 1000 പുരുഷന്മാർക്ക് 1090 സ്ത്രീകൾ എന്ന നിലയിലാണ്. ആകെ സാക്ഷരതാ നിരക്ക് 66.8 ആണ്. അതിൽ 73.6 ശതമാനം പുരുഷ സാക്ഷരതാ നിരക്കും 60.7 ശതമാനം സ്ത്രീ സാക്ഷരതാ നിരക്കുമാണ്.

**ഹിൽപുലയ**

ഇടുക്കി ജില്ലയിൽ അധിവസിക്കുന്ന ഒരു ഗോത്രവിഭാഗമാണ് ഹിൽപ്പുലയ. ദേവികുളം താലൂക്കിലെ അഞ്ചുനാട്, പാലപ്പെട്ടി, കരിമുട്ടി, അലംപെട്ടി, ചമ്പക്കാട്, ഈച്ചപ്പെട്ടി, പാളപ്പെട്ടി, മറ

യൂർ, പുരവയൽ, കൊട്ടപ്പാലം, കാന്തല്ലൂർ തുടങ്ങിയ അധിവാസ കേന്ദ്രങ്ങളിലാണ് സമുദായക്കാർ കൂടുതലായും താമസിക്കുന്നത്. 2011 ലെ സെൻസസ് പ്രകാരം 2959 ആണ് ഈ സമുദായത്തിന്റെ ആകെ ജനസംഖ്യ. അതിൽ 1461 പേർ പുരുഷൻമാരും, 1498 പേർ സ്ത്രീകളുമാണ്. സ്ത്രീ പുരുഷാനുപാതം 1000:പുരുഷന്മാർക്ക് 1025 സ്ത്രീകൾഎന്ന നിലയിലാണ്. സാക്ഷരതാ നിരക്ക് 61.2 ശതമാനമാണ്. അതിൽ 65 ശതമാനം പുരുഷ സാക്ഷരതാ നിരക്കും 57.6 ശതമാനം സ്ത്രീ സാക്ഷരതാ നിരക്കുമാണ്.

### ഇരവാലൻ

പാലക്കാട് ജില്ലയിലെ പെരുമാട്ടി, മുതലമട, കൊഴിഞ്ഞാമ്പാറ എന്നീ പഞ്ചായത്തുകളിലും മറ്റു സമീപ പ്രദേശങ്ങളിലുമാണ് ഇരവാലൻ സമുദായക്കാർ താമസിക്കുന്നത്. 2011 ലെ സെൻസസ് പ്രകാരം ഇവരുടെ ജനസംഖ്യ 4797 ആണ്. അതിൽ 2362 പേർ പുരുഷൻമാരും 2435 പേർ സ്ത്രീകളുമാണ്. സ്ത്രീ പുരുഷാനുപാതം 1000:പുരുഷന്മാർക്ക് 1031 സ്ത്രീകൾഎന്ന നിലയിലാണ്. സാക്ഷരതയുടെ കാര്യത്തിൽ ഏറെ പുറകിലാണ് ഇരവാലൻ സമുദായം. 53 ശതമാനമാണ് ഇവരുടെ മൊത്തം സാക്ഷരതാ നിരക്ക്. അതിൽ പുരുഷ സാക്ഷരതാ നിരക്ക് 56.7 ശതമാനവും സ്ത്രീ സാക്ഷരതാ നിരക്ക് 49.4 ശതമാനവുമാണ്.

### ഇരുളർ

പാലക്കാട് ജില്ലയിലെ വാളയാർ റെയ്ഞ്ചിലെ അയ്യപ്പൻപൊട്ട, കരിത്താലി വട്ടം, കൊല്ലകുന്ന്, മൂപ്പൻചോല, പൂഴിക്കുന്ന്, ചാവിടിപാറ, ഇടശ്ശേരി, നടുപ്പത്തി, പാറപ്പെട്ടി തുടങ്ങിയവിടങ്ങളിലും അട്ടപ്പാടിയിലെ അഗളി, പുതൂർ, ഷോളയൂർ എന്നീ പഞ്ചായത്തുകളിലുമായി അധിവസിച്ചു വരുന്ന ഒരു ഗോത്രവിഭാഗമാണ് ഇരുളർ. 2011 ലെ സെൻസസ് പ്രകാരം 23721 ആണ് ഇരുളരുടെ ജനസംഖ്യ. അതിൽ 11,766 പേർ പുരുഷൻമാരും, 11,955 പേർ സ്ത്രീകളുമാണ്. സ്ത്രീ പുരുഷാനുപാതം 1000 പുരുഷന്മാർക്ക് 1016 സ്ത്രീകൾഎന്ന നിലയിലാണ്. ഇവരുടെ മൊത്തം സാക്ഷരതാ നിരക്ക് 62.8 ശതമാനമാണ്. അതിൽ 68.4 ശതമാനം പുരുഷ സാക്ഷരതാ നിരക്കും 57.3 ശതമാനം സ്ത്രീ സാക്ഷരതാ നിരക്കുമാണ്. കേരളത്തിലെ ആകെ ഗോത്ര വർഗ്ഗങ്ങളുടെ 4.89 ശതമാനമാണ് ഇരുളർ.

### കാടർ, വയനാട് കാടർ

പാലക്കാട്, തൃശ്ശൂർ ജില്ലകളിൽ അധിവസിക്കുന്ന കാടരുടേയും വയനാട് ജില്ലയിൽ താമസിച്ചു വരുന്ന വയനാട് കാടരുടേയും ജനസംഖ്യ 2011–ലെ സെൻസസിൽ ഒന്നിച്ചാണ് രേഖപ്പെടുത്തിയിട്ടുള്ളത്. 2011–ലെ സെൻസസ് പ്രകാരം 2949 ആണ് ഇവരുടെ അംഗസംഖ്യ.ഇവരിൽ 1454 പുരുഷൻമാരും 1495 സ്ത്രീകളുമാണുള്ളത്. ഇവരുടെ സ്ത്രീ പുരുഷാനുപാതം 1000 പുരുഷന്മാർക്ക് 1028 സ്ത്രീകൾഎന്ന നിലയിലാണ്. കാടരുടെ മൊത്തം സാക്ഷരതാനിരക്ക് 71.2 ശതമാനമണ്. ഇതിൽ 76.1 ശതമാനം പുരുഷ സാക്ഷരതയും 54.3 ശതമാനം സ്ത്രീ സാക്ഷരതയുമാണ്. മൊത്തം ആദിവാസി ജനസംഖ്യയുടെ .608 ശതമാനമാണ് കാടർ.

## കാട്ടുനായിക്കൻ

പ്രത്യേക ദുർബല ഗോത്ര വർഗ്ഗ വിഭാഗത്തിൽ ഉൾപ്പെടുത്തിയിട്ടുള്ള കാട്ടുനായിക്കൻ സമുദായക്കാർ വയനാട് ജില്ലയിൽ മേപ്പാടി, മുട്ടിൽ, പടിഞ്ഞാറെത്തറ, പൊഴുതന, തരിയോട്, വേങ്ങപ്പള്ളി, വൈത്തിരി, പനമരം, തിരുനെല്ലി, വെള്ളമുണ്ട, അമ്പലവയൽ തുടങ്ങിയ സ്ഥലങ്ങളിലും മലപ്പുറം ജില്ലയിലെ നിലമ്പൂർ, കരുളായ്, ചോക്കാട്, കാളികാവ്, പെരുന്തൽമണ്ണ എന്നിവിടങ്ങളിലും പാലക്കാട് ജില്ലയിലെ അലനല്ലൂർ, മണ്ണാർക്കാട് എന്നിവിടങ്ങളിലുമാണ് കൂടുതലായി താമസിക്കുന്നത്. ഇവരുടെ ജനസംഖ്യ 2011 ലെ സെൻസസ് പ്രകാരം 18.199 ആണ്. ഇവരിൽ 9039 പേർ പുരുഷൻമാരും 9160 പേർ സ്ത്രീകളുമാണ്. 1000 പുരുഷന്മാർക്ക് 1013 സ്ത്രീകൾഎന്ന നിലയിലാണ്.കാട്ടുനായിക്കരുടെ സ്ത്രീ പുരുഷാനുപാതം. പുരുഷ സാക്ഷരത 60.7 ശതമാനവും സ്ത്രീ സാക്ഷരത 54.3 ശതമാനവുമാണ്. ഇവരുടെ മൊത്തം സാക്ഷരതാ നിരക്ക് 57.5 ശതമാനമാണ്. കേരളത്തിലെ മൊത്തം ആദിവാസി ജനസംഖ്യയുടെ 3.75 ശതമാനമാണ് കാട്ടുനായിക്കർ.

## കുറിച്യൻ

കേരളത്തിൽ വയനാട് ജില്ലയിലെ മാനന്തവാടി, തിരുനെല്ലി, പെരിയ എന്നിവിടങ്ങളിലും കണ്ണൂർ, കോഴിക്കോട് ജില്ലകളുടെ ചില ഭാഗങ്ങളിലും അധിവസിക്കുന്ന ഒരു ഗോത്രവിഭാഗമാണ് കുറിച്യർ. 2011 ലെ സെൻസസ്പ്രകാരം 35171 ആണ് ഇവരുടെ ആകെ ജനസംഖ്യ. അതിൽ 17643 പേർ പുരുഷൻമാരും 17528 പേർ സ്ത്രീകളുമാണ്. മൊത്തം പട്ടികവർഗ്ഗ ജനസംഖ്യയുടെ 7.25 ശതമാനമാണ് കുറിച്യർ. 1000 പുരുഷന്മാർക്ക് 993 സ്ത്രീകൾഎന്ന നിലയിലാണ്ഇവരുടെ സ്ത്രീ പുരുഷാനുപാതം. 2011 ലെ സെൻസസ് അനുസരിച്ച് 83.6 ശതമാനമാണ് സാക്ഷരതാനിരക്ക്. അതിൽ 89.4 ശതമാനം പുരുഷസാക്ഷരതയും 77.8 ശതമാനം സ്ത്രീ സാക്ഷരതയുമാണ്.

## കുറുമ്പർ

പാലക്കാട് ജില്ലയിൽ അട്ടപ്പാടി മലനിരകളിൽ താമസിച്ചു വരുന്ന പ്രത്യേക ദുർബല വിഭാഗത്തിൽപ്പെടുന്ന ഒരു ഗോത്ര വിഭാഗമാണ്കുറുമ്പർ. 2011 ലെ സെൻസസ് പ്രകാരം 2586 ആണ് ഇവരുടെ ആകെ ജനസംഖ്യ. അതിൽ 1302 പേർ പുരുഷൻമാരും 1284 പേർ സ്ത്രീകളുമാണ്. മൊത്തം പട്ടികവർഗ്ഗ ജനസംഖ്യയുടെ .553 ശതമാനമാണ് കുറുമ്പർ. 1000 പുരുഷന്മാർക്ക് 986സ്ത്രീകൾഎന്ന നിലയിലാണ്കുറുമ്പരുടെ സ്ത്രീ പുരുഷാനുപാതം. 2011 ലെ സെൻസസ് അനുസരിച്ച് 56.3 ശതമാനമാണ് സാക്ഷരതാനിരക്ക്. അതിൽ 66.1 ശതമാനം പുരുഷസാക്ഷരതയും 46.4 ശതമാനം സ്ത്രീ സാക്ഷരതയുമാണ്.

## മല അരയൻ

കേരളത്തിലെ പ്രധാന പട്ടികവർഗ്ഗ വിഭാഗമായ മല അരയൻ കോട്ടയം, ഇടുക്കി, എറണാകുളം ജില്ലകളിൽ കാഞ്ഞിരപ്പള്ളി, മുറ്റം, മേലുകാവ്, തൊടുപുഴ, കോതമംഗലം എന്നിവിടങ്ങളിലാണ് അധിവസിക്കുന്നത്. 2011 ലെ സെൻസസ് പ്രകാരം ഇവരുടെ അംഗസംഖ്യ 33216 ആണ്.

അതിൽ 16,622 പേർ പുരുഷൻമാരും, 16,594 പേർ സ്ത്രീകളുമാണ്. 1000 പുരുഷന്മാർക്ക് 998 സ്ത്രീകൾഎന്ന നിലയിലാണ്ഇവരുടെ സ്ത്രീ പുരുഷാനുപാതം. സംസ്ഥാനത്തിലെ പട്ടികവർഗ്ഗ വിഭാഗങ്ങളിൽ 6.851 ശതമാനമാണ് മല അരയർ. ഇവരുടെ സാക്ഷരതാ നിലവാരം 96.3 ശതമാന മാണ്. അതിൽ 97.2 ശതമാനം പുരുഷസാക്ഷരതയും 95.4 ശതമാനം സ്ത്രീ സാക്ഷരതയുമാണ്.

## മലയൻ

തൃശൂർ ജില്ലയിലെ ചാലക്കുടി, പീച്ചി,ചിമ്മിനി ഡാം തുടങ്ങിയ സ്ഥലങ്ങളിലുംഎറണാകുളം, പാലക്കാട് ജില്ലകളിലെ ചില പ്രദേശങ്ങളിലും കൂടുതലായി താമസിക്കുന്ന പട്ടിക വർഗ്ഗ വിഭാഗമാണ് മലയൻ. 2011 ലെ സെൻസസ് പ്രകാരം 5917 ആണ് ഇവരുടെ ആകെ ജനസംഖ്യ. 1000 പുരുഷന്മാർക്ക് 1047 സ്ത്രീകൾഎന്ന നിലയിലാണ്ഇവരുടെ സ്ത്രീ പുരുഷാനുപാതം. മലയരുടെ സാക്ഷരതാനിരക്ക് 64.4 ശതമാനമാണ്. ഇതിൽ 69.7 ശതമാനം പുരുഷസാക്ഷരതയും 59.3 ശത മാനം സ്ത്രീ സാക്ഷരതയുമാണ്.

## മന്നാൻ

ഇടുക്കി ജില്ലയിലാണ് ഭൂരിഭാഗം മന്നാൻമാരും താമസിക്കുന്നത്. 2011 ലെ സെൻസസ്പ്രകാരം 9780 ആണ് ഇവരുടെ ജനസംഖ്യ. മന്നാൻമാരുടെ സ്ത്രീ പുരുഷാനുപാതം 1000 പുരുഷന്മാർക്ക് 1041 സ്ത്രീകൾഎന്ന നിലയിലാണ്. ഇവരുടെ സാക്ഷരതാനിരക്ക് 69.3 ശതമാനമാണ്. ഇതിൽ 76.5 ശതമാനം പുരുഷ സാക്ഷരതയും 62.3 ശതമാനം സ്ത്രീ സാക്ഷരതയുമാണ്. ഇടുക്കി ജില്ലയിലെ തൊടുപുഴ, ഉടുമ്പൻചോല, പീരുമേട്, ചാറ്റുപ്പാറ, മച്ചിപ്ലാവ്, അടിമാലി, കട്ടപ്പന, കോഴിമല, മുറിക്കാശ്ശേരി, നെടുങ്കണ്ടം, കുമളി പ്രദേശങ്ങളിലാണ് ഇവർ പ്രധാനമായും താമസിക്കുന്നത്.

## മുഡുഗർ

പാലക്കാട് ജില്ലയിൽ അട്ടപ്പാടി താഴ്‌വരയിൽ മാത്രം കണ്ടുവരുന്നവരാണ് മുഡുഗർ. ചുരുക്കം ചിലരെ വാളയാർ കാടുകളിലും കാണാം. അട്ടപ്പാടിയിലെ അഗളി, പുതൂർ എന്നീ സ്ഥലങ്ങളിലാണ് മുഡുഗർ അധികമുള്ളത്.

കേന്ദ്ര ഗവൺമെന്റിന്റേയും കേരളാ ഗവൺമെന്റിന്റേയും പട്ടിക വർഗ്ഗ ലിസ്റ്റിൽ മുഡുഗരുടെ പേര് പ്രത്യേകം ചേർത്തിട്ടില്ല. മുതുവാനും മുഡുഗരും ഒന്നാണെന്നുള്ള നിലയിലാണ് അവരെ പട്ടികയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. എന്നാൽ ആകൃതിയിലും പ്രകൃതിയിലും ആചാരങ്ങളിലും വസ്ത്രധാരണ രീതിയിലും മുഡുഗരും മുതുവാന്മാരും വ്യത്യസ്തരാണ്. മുതുവാനും മുഡുഗരും രണ്ടു പ്രത്യേക വർഗ്ഗങ്ങളാണെന്നുള്ളതു കൊണ്ട് മുഡുഗരെ മുഡുഗരായി തന്നെ പട്ടികയിൽ ഉൾപ്പെടുത്തേണ്ട നടപടികൾ സ്വീകരിക്കേണ്ടതുണ്ട്. 2011-ലെ സെൻസസ് പ്രകാരം മുഡുഗരുടെ മാത്രമായുള്ള കണക്ക് ലഭ്യമല്ല. 2008-ലെ കിലയുടെ സർവ്വേ പ്രകാരം 19163 ആണ് മുഡുഗരുടെ ആകെ ജനസംഖ്യ. അതിൽ 9685 പേർ പുരുഷന്മാരും 9478 പേർ സ്ത്രീകളുമാണ്. ഇവരുടെ സ്ത്രീ പുരുഷാനുപാതം 1000 പുരുഷന്മാർക്ക് 979 സ്ത്രീകൾ എന്ന നിലയിലാണ്.

## മുതുവാൻ

പശ്ചിമഘട്ടത്തിൽ പ്രത്യേകിച്ച് ഇടുക്കി, എറണാകുളം ജില്ലകളിലാണ് മുതുവാൻമാർ അധിവസിക്കുന്നത്. 2011 ലെ സെൻസസ് പ്രകാരം 23746 ആണ് ഇവരുടെ ആകെ ജനസംഖ്യ. 1000 പുരുഷന്മാർക്ക് 990 സ്ത്രീകൾ എന്ന നിലയിലാണ് ഇവരുടെ സ്ത്രീ പുരുഷാനുപാതം. 56.9 ശതമാനമാണ് സാക്ഷരതാനിരക്ക്. ഇതിൽ പുരുഷസാക്ഷരത 67.1 ശതമാനവും, സ്ത്രീ സാക്ഷരതാ നിരക്ക് 46.7 ശതമാനവുമാണ്.

## മലസർ

പാലക്കാട് ജില്ലയിലെ നെന്മാറയിൽ നെല്ലിയാമ്പതി, പോത്തുമൂടി, തൂത്തൻപാറ, കൊല്ലങ്കോട്, ചിറ്റൂർ താലൂക്കിലെ ചില ഭാഗങ്ങൾ പറമ്പിക്കുളം വന്യമൃഗസംരക്ഷണ കേന്ദ്രത്തിലെ സുങ്കം റേഞ്ച് എന്നിവിടങ്ങളിലാണ് പ്രധാനമായും മലസർ താമസിക്കുന്നത്. 2011 ലെ സെൻസസ് പ്രകാരം 3195 ആണ് ഇവരുടെ ആകെ ജനസംഖ്യ. 1000 പുരുഷന്മാർക്ക് 998 സ്ത്രീകൾ എന്ന നിലയിലാണ് മലസരുടെ സ്ത്രീ പുരുഷാനുപാതം. 2011 ലെ സെൻസസ് അനുസരിച്ച് 52.1 ശതമാനം പുരുഷസാക്ഷരതയും 45.4 ശതമാനം സ്ത്രീ സാക്ഷരതയുമാണ്. ഇവരുടെ ആകെ സാക്ഷരതാ നിരക്ക് 48.7 ശതമാനം മാത്രമാണ്.

## മുള്ളുക്കുറുമൻ

വയനാടിന്റെ കിഴക്കൻ പ്രദേശങ്ങളിലും ഗൂഡല്ലൂരിന്റെ പടിഞ്ഞാറു ഭാഗത്തുമാണ് മുള്ളുക്കുറുമൻ സമുദായക്കാർ പ്രധാനമായും താമസിക്കുന്നത്. സുൽത്താൻ ബത്തേരി, മീനങ്ങാടി, പൂതാടി, മുള്ളൻകൊല്ലി, പുൽപ്പള്ളി തുടങ്ങിയ സ്ഥലങ്ങളിലും ഇവർഅധിവസിക്കുന്നുണ്ട്. കേരളത്തിലെ പട്ടിക വർഗ്ഗ ജനസംഖ്യയുടെ 5.054 ശതമാനമാണ് മുള്ളുക്കുറുമർ. 2011 ലെ സെൻസസ് പ്രകാരം 24505 ആണ് ഇവരുടെ ആകെ ജനസംഖ്യ. അതിൽ 12148 പേർ പുരുഷൻമാരും 12357 പേർ സ്ത്രീകളുമാണ്. സ്ത്രീ പുരുഷാനുപാതം 1000 പുരുഷന്മാർക്ക് 1017 സ്ത്രീകൾ എന്ന നിലയിലാണ്. സാക്ഷരതാ നിരക്ക് 84.1 ശതമാനമാണ്. അതിൽ പുരുഷ സാക്ഷരതാ നിരക്ക് 91.3 ശതമാനവും സ്ത്രീ സാക്ഷരതാ നിരക്ക് 77.1 ശതമാനവുമാണ്.

## പണിയൻ

പട്ടിക വർഗ്ഗ സമുദായങ്ങളിൽ ഏറ്റവുമധികം അംഗങ്ങളുള്ള ജന വിഭാഗമാണ് പണിയർ. വയനാട് ജില്ലയിലാണ് ഇവർ കൂടുതലായും അധിവസിച്ചു വരുന്നത്. ഇതിനു പുറമെ കണ്ണൂർ, കോഴിക്കോട്, മലപ്പുറം, പാലക്കാട് ജില്ലകളിൽ അധിവസിക്കുന്നുണ്ട്. 2011ലെ സെൻസസ് പ്രകാരം 88450 ആണ് ഇവരുടെ ആകെ ജനസംഖ്യ. സ്ത്രീ പുരുഷാനുപാതം 1000 പുരുഷന്മാർക്ക് 1068 സ്ത്രീകൾ എന്ന നിലയിലാണ്. ഇവരുടെ മൊത്തം സാക്ഷരതാ നിരക്ക് 63.2 ശതമാനമാണ്. അതിൽ 69.9 ശതമാനം പുരുഷ സാക്ഷരതാ നിരക്കും, 57 ശതമാനം സ്ത്രീ സാക്ഷരതാ നിരക്കുമാണ്.

## ഉള്ളാടൻ

ഉള്ളാടൻ സമുദായക്കാർ പ്രധാനമായും താമസിച്ചുവരുന്നത് പത്തനംതിട്ട ജില്ലയിലെ എരുമേലി, പെരുവ, വടശ്ശേരിക്കര, കരിമല, പമ്പ, പൊന്നമ്പലമേട്, പമ്പക്കടവ്, ചിറ്റമ്പലമേട്, ആലുങ്കൽ എന്നിവിടങ്ങളിലും ഇടുക്കിയിൽ തൊടുപുഴ, കഞ്ഞിക്കുഴി എന്നിവിടങ്ങളിലുമാണ്. കൂടാതെ കൊല്ലം, ആലപ്പുഴ, കോട്ടയം, എറണാകുളം, തൃശ്ശൂർ തുടങ്ങിയ ജില്ലകളിലും താമസിക്കുന്നവരുണ്ട്. 2011 ലെ സെൻസസ് പ്രകാരം 16230 ആണ് സമുദായത്തിന്റെ ജനസംഖ്യ. അതിൽ 7877 പേർ പുരുഷൻമാരും 8353 പേർ സ്ത്രീകളുമാണ്. സ്ത്രീ പുരുഷാനുപാതം 1000 പുരുഷന്മാർക്ക് 1060 സ്ത്രീകൾ എന്ന നിലയിലാണ്. പുരുഷ സാക്ഷരതാനിരക്ക് 91.2 ശതമാനവും സ്ത്രീ സാക്ഷരതാ നിരക്ക് 85.8 ശതമാനവും ചേർത്ത് 88.4 ശതമാനമാണ് ഈ സമുദായത്തിന്റെ മൊത്തം സാക്ഷരതാ നിരക്ക്.

## ഊരാളി

ഇടുക്കി, കോട്ടയം ജില്ലകളിലാണ് ഊരാളി സമുദായക്കാർ കൂടുതലായും അധിവസിക്കുന്നത്. 2011 ലെ സെൻസസ് പ്രകാരം 11,179 ആണ് ഇവരുടെ ജനസംഖ്യ. സ്ത്രീ പുരുഷാനുപാതം 1000 പുരുഷന്മാർക്ക് 996 സ്ത്രീകൾ എന്ന നിലയിലാണ്. സാക്ഷരതാ നിരക്ക് 80.1 ശതമാനമാണ്. ഇവരുടെ പുരുഷ സാക്ഷരത 84 ശതമാനവും സ്ത്രീ സാക്ഷരത 76.2 ശതമാനവുമാണ്.

## വെട്ടക്കുറുമൻ

വയനാട്ടിൽ തിരുനെല്ലി, പനമരം, പൂതാടി, നൂൽപ്പുഴ, മുള്ളൻകൊല്ലി, കണിയാമ്പറ്റ, അമ്പലവയൽ, നെന്മേനി പഞ്ചായത്തുകളിലാണ് ഈ സമുദായക്കാർ പ്രധാനമായും താമസിക്കുന്നത്. 2011 ലെ സെൻസസ് പ്രകാരം 739 ആണ് ഇവരുടെ ജനസംഖ്യ. സ്ത്രീ പുരുഷാനുപാതം 1000 പുരുഷന്മാർക്ക് 1231 സ്ത്രീകൾ എന്ന നിലയിലാണ്. സാക്ഷരതാ നിരക്ക് 70.1 ശതമാനവുമാണ്. അതിൽ പുരുഷ സാക്ഷരതാ നിരക്ക് 80.5 ഉം സ്ത്രീ സാക്ഷരതാ നിരക്ക് 60.9 ശതമാനവുമാണ്.

**അനുബന്ധം2**

**കുടുംബശ്രീ സ്ഥിതിവിവര കണക്ക്**

**പനമരം പഞ്ചായത്ത്**

| അയൽക്കൂട്ടങ്ങൾ | എണ്ണം | പട്ടികവർഗ്ഗ അംഗങ്ങൾ | പട്ടിക ജാതി അംഗങ്ങൾ | പൊതു വിഭാഗ ത്തിലെ അംഗ ങ്ങൾ | ആകെ അംഗ ങ്ങൾ | ആകെ അം ഗങ്ങളിൽ പട്ടിക വർഗ്ഗ ക്കാരുടെ ശത മാനം |
|---|---|---|---|---|---|---|
| പട്ടികവർഗ്ഗം | 124 | 1252 | 23 | 94 | 1369 | 91.45 |
| പൊതു വിഭാഗം | 306 | 216 | 125 | 3271 | 3612 | 5.9 |
| ന്യൂനപക്ഷം | 116 | 36 | 28 | 1279 | 1343 | 2.68 |
| പട്ടിക ജാതി | 3 | 1 | 17 | 6 | 24 | 4.16 |
| ആകെ | 550 | 1505 | 193 | 4664 | 6362 | 23.65 |

ഉറവിടം  പനമരം സി.ഡി.എസിൽ നിന്നും ലഭ്യമായത്

**അനുബന്ധം 3**

**കുടുംബശ്രീ സ്ഥിതിവിവര കണക്ക്**

**തിരുനെല്ലി പഞ്ചായത്ത്**

| അയൽക്കൂട്ട ങ്ങൾ | എണ്ണം | പട്ടിക വർഗ്ഗ അംഗ ങ്ങൾ | പട്ടിക ജാതി അംഗ ങ്ങൾ | പൊതു വിഭാഗ ത്തിലെ അംഗ ങ്ങൾ | ആകെ അംഗ ങ്ങൾ | ആകെ അംഗങ്ങളിൽ പട്ടിക വർഗ്ഗക്കാരുടെ ശതമാനം |
|---|---|---|---|---|---|---|
| പട്ടികവർഗ്ഗം | 87 | 1025 | 4 | 80 | 1109 | 92.42 |
| പട്ടിക ജാതി | 2 | 4 | 18 | 6 | 28 | 14.28 |
| പൊതു വിഭാഗം | 216 | 311 | 134 | 1933 | 2738 | 11.35 |
| ന്യൂനപക്ഷം | 2 | 6 | 0 | 22 | 28 | 21.42 |
| ആകെ | 307 | 1346 | 156 | 2401 | 3903 | 34.48 |

ഉറവിടം തിരുനെല്ലി സി.ഡി.എസിൽ നിന്നും ലഭ്യമായത്

**അനുബന്ധം 4**

**കുടുംബശ്രീ സ്ഥിതിവിവര കണക്ക്**

**അടിമാലി പഞ്ചായത്ത്**

| അയൽക്കൂട്ടങ്ങൾ | എണ്ണം | ആകെ അംഗങ്ങൾ |
|---|---|---|
| പട്ടിക വർഗ്ഗം | 128 | 1280 |
| പൊതു വിഭാഗം | 330 | 4586 |
| ആകെ | 458 | 5836 |

ഉറവിടം അടിമാലി സി.ഡി.എസിൽ നിന്നും ലഭ്യമായത്

**അനുബന്ധം 5**

**കുടുംബശ്രീ സ്ഥിതിവിവര കണക്ക്**

**മറയൂർ പഞ്ചായത്ത്**

| അയൽക്കൂട്ടങ്ങൾ | എണ്ണം | പട്ടിക വർഗ്ഗ അംഗങ്ങൾ | പട്ടിക ജാതി അംഗങ്ങൾ | പൊതു വിഭാഗ ത്തിലെ അംഗങ്ങൾ | ആകെ അംഗങ്ങൾ | ആകെ അംഗങ്ങ ളിൽ പട്ടിക വർഗ്ഗക്കാ രുടെ ശത മാനം |
|---|---|---|---|---|---|---|
| പട്ടികവർഗ്ഗം | 40 | 579 | 0 | 0 | 579 | 100 |
| പട്ടിക ജാതി | 32 | 0 | 417 | 0 | 417 | 0 |
| പൊതു വിഭാഗം | 34 | 0 | 0 | 503 | 503 | 0 |
| ആകെ | 106 | 579 | 417 | 503 | 1499 | 38.62 |

ഉറവിടം മറയൂർ സി.ഡി.എസിൽ നിന്നും ലഭ്യമായത്

**അനുബന്ധം 6**

**കുടുംബശ്രീ സ്ഥിതി വിവര കണക്ക്**

**മുതലമട പഞ്ചായത്ത്**

| അയൽക്കൂട്ടങ്ങൾ | എണ്ണം | പട്ടിക വർഗ്ഗ അംഗങ്ങൾ | പട്ടിക ജാതി അംഗങ്ങൾ | പൊതു വിഭാഗത്തിലെ അംഗങ്ങൾ | ആകെ അംഗങ്ങൾ | ആകെ അംഗങ്ങളിൽ പട്ടിക വർഗ്ഗക്കാരുടെ ശതമാനം |
|---|---|---|---|---|---|---|
| പട്ടികവർഗ്ഗം | 43 | 465 | 13 | 38 | 516 | 90.1 |
| പട്ടിക ജാതി | 42 | 5 | 352 | 235 | 592 | 0.8 |
| പൊതു വിഭാഗം | 222 | 125 | 471 | 2532 | 3128 | 3.9 |
| ആകെ | 307 | 595 | 836 | 2805 | 4236 | 14.04 |

ഉറവിടം മുതലമട സി.ഡി.എസിൽ നിന്നും ലഭ്യമായത്

**അനുബന്ധം 7**

**പുതൂർ പഞ്ചായത്ത്**

| അയൽക്കൂട്ടങ്ങൾ | എണ്ണം | പട്ടികവർഗ്ഗ അംഗങ്ങൾ | പട്ടിക ജാതി അംഗങ്ങൾ | പൊതു വിഭാഗത്തിലെ അംഗങ്ങൾ | ആകെ അംഗങ്ങൾ | ആകെ അംഗങ്ങളിൽ പട്ടിക വർഗ്ഗക്കാരുടെ ശതമാനം |
|---|---|---|---|---|---|---|
| പട്ടികവർഗ്ഗം | 24 | 261 | 0 | 0 | 261 | 100 |
| പട്ടിക ജാതി | 4 | 0 | 44 | 8 | 52 | 0 |
| പൊതു വിഭാഗം | 30 | 20 | 21 | 301 | 342 | 5.8 |
| ആകെ | 58 | 281 | 65 | 309 | 655 | 42.9 |

ഉറവിടം പുതൂർ സി.ഡി.എസിൽ നിന്നും ലഭ്യമായത്

## അനുബന്ധം 8

## പഠനം നടത്തിയ സങ്കേതങ്ങൾ

| ജില്ല | പഞ്ചായത്ത് | സമുദായം | സങ്കേതം |
|---|---|---|---|
| വയനാട് | തിരുനെല്ലി | അടിയാൻ | കൊല്ലിമൂല |
| | | | കരിമം |
| | | | എരുവക്കീൽ |
| | | | ഉണ്ണിയാം പറമ്പ് |
| | | കാട്ടുനായിക്കൻ | താഴെ വെമറ |
| | | | മേലെ വെമറ |
| | | | മക്കേരി |
| | | പണിയൻ | എടക്കോട് |
| | | കുറിച്യൻ | മക്കച്ചിറ |
| | | | കൈതവല്ലി |
| | | | മുണ്ടക്കുറ്റി |
| | | | തച്ചറക്കൊല്ലി |
| | | വെട്ടക്കുറുമൻ | ഇരുമ്പുപാലം |
| | | | ബേഗൂർപാലം |
| | പനമരം | പണിയൻ | അമ്മാനി |
| | | | നടുവിൽ മുറ്റം |
| | | കാട്ടുനായിക്കൻ | മുക്രമൂല |
| | | മുള്ളുക്കുറുമൻ | അമ്മാനി |
| | | കുറിച്യൻ | പരേറ്റക്കുന്ന് |
| | | കൺവെർട്ടഡ് കുറിച്യൻ | പാതിരിയമ്പം |
| ഇടുക്കി | മറയൂർ | മുതുവാൻ | പെരിയകുടി |
| | | | കുത്തുകല്ലുകുടി |
| | | | വേങ്ങപ്പാറ |
| | | | കവക്കുടി |
| | | | കമ്മാളംകുടി |
| | | | നെല്ലിപ്പെട്ടി |
| | | ഹിൽപുലയ (കരവഴിപുലയൻ) | കുമ്മിട്ടാംകുഴി |
| | | ഹിൽപുലയ (കുറുമ്പ പുലയൻ) | ആലംപെട്ടി |
| | അടിമാലി | മുതുവാൻ | കുറത്തിക്കുടി |
| | | ഉള്ളാടൻ | കുരങ്ങാട്ടി |
| | | മല അരയൻ | കുരങ്ങാട്ടി |
| | | മന്നാൻ | പെട്ടിമുടി |
| | | | തലമാലി |
| | | | കൊടകല്ല് |
| | | ഊരാളി | അഞ്ചാംമൈൽ |
| പാലക്കാട് | മുതലമട | എരവാലൻ | മോണ്ടിപതി |
| | | | മുച്ചംകുണ്ട് |
| | | | ചപ്പക്കാട് |
| | | കാടർ | പറമ്പിക്കുളം എർത്ത്ഡാം കോളനി |
| | | മലസർ | കുണ്ടലകുളമ്പ് കോളനി |
| | പുതൂർ | ഇരുളർ | പുതൂർ |
| | | കുറുമ്പർ | ഇടവാണി |
| | | മുഡുഗർ | പൊട്ടിക്കൽ |

| പട്ടികകൾ | | പഞ്ചായത്ത് | പേജ് |
|---|---|---|---|
| 2.1 | പ്രായം | പനമരം | 21 |
| 2.2 | മുഖ്യതൊഴിൽ | പനമരം | 21 |
| 2.3 | ഉപ തൊഴിൽ | പനമരം | 22 |
| 2.4 | വിദ്യാഭ്യാസ നിലവാരം | പനമരം | 22 |
| 2.5 | അയൽക്കൂട്ടത്തിലെ പദവി | പനമരം | 22 |
| 2.6 | പ്രായം | തിരുനെല്ലി | 23 |
| 2.7 | മുഖ്യതൊഴിൽ | തിരുനെല്ലി | 23 |
| 2.8 | ഉപ തൊഴിൽ | തിരുനെല്ലി | 24 |
| 2.9 | വിദ്യാഭ്യാസ നിലവാരം | തിരുനെല്ലി | 24 |
| 2.10 | അയൽക്കൂട്ടത്തിലെ പദവി | തിരുനെല്ലി | 25 |
| 2.11 | പ്രായം | അടിമാലി | 25 |
| 2.12 | മുഖ്യതൊഴിൽ | അടിമാലി | 26 |
| 2.13 | ഉപ തൊഴിൽ | അടിമാലി | 26 |
| 2.14 | വിദ്യാഭ്യാസ നിലവാരം | അടിമാലി | 27 |
| 2.15 | അയൽക്കൂട്ടത്തിലെ പദവി | അടിമാലി | 27 |
| 2.16 | പ്രായം | മറയൂർ | 28 |
| 2.17 | മുഖ്യതൊഴിൽ | മറയൂർ | 28 |
| 2.18 | ഉപ തൊഴിൽ | മറയൂർ | 29 |
| 2.19 | വിദ്യാഭ്യാസ നിലവാരം | മറയൂർ | 29 |
| 2.20 | അയൽക്കൂട്ടത്തിലെ പദവി | മറയൂർ | 29 |
| 2.21 | പ്രായം | മുതലമട | 30 |
| 2.22 | മുഖ്യതൊഴിൽ | മുതലമട | 30 |
| 2.23 | ഉപ തൊഴിൽ | മുതലമട | 31 |
| 2.24 | വിദ്യാഭ്യാസ നിലവാരം | മുതലമട | 31 |
| 2.25 | അയൽക്കൂട്ടത്തിലെ പദവി | മുതലമട | 32 |
| 2.26 | പ്രായം | പുതൂർ | 32 |
| 2.27 | മുഖ്യതൊഴിൽ | പുതൂർ | 32 |
| 2.28 | ഉപ തൊഴിൽ | പുതൂർ | 33 |
| 2.29 | വിദ്യാഭ്യാസ നിലവാരം | പുതൂർ | 33 |
| 2.30 | അയൽക്കൂട്ടത്തിലെ പദവി | പുതൂർ | 33 |
| 3.1 | വരവ് ചിലവ് കണക്കുകൾ എഴുതി വെക്കുന്ന ശീലം | പനമരം | 36 |
| 3.2 | ത്രിഫ്റ്റ് തുക | പനമരം | 37 |
| 3.3 | ത്രിഫ്റ്റ് തുക കൃത്യമായി അടയ്ക്കുവാൻ സാധിക്കുന്നവർ | പനമരം | 38 |
| 3.4 | അയൽക്കൂട്ടത്തിലെ സമ്പാദ്യം | പനമരം | 38 |
| 3.5 | ആന്തരിക വായ്പ പ്രയോജനകരമായവർ | പനമരം | 39 |
| 3.6 | ലിങ്കേജ് വായ്പകൾ | പനമരം | 40 |
| 3.7 | കടബാധ്യതയുള്ളവർ | പനമരം | 40 |

| | | | |
|---|---|---|---|
| 3.8 | കടം വാങ്ങാനുള്ള പ്രധാന കാരണങ്ങൾ | പനമരം | 41 |
| 3.9 | കടം വാങ്ങിയ പണം പൂർണ്ണമായി തിരിച്ചു നൽകാൻ സാധിച്ചവർ | പനമരം | 41 |
| 3.10 | തൊഴിലുറപ്പ് ജോലിയിലെ പങ്കാളിത്തം | പനമരം | 42 |
| 3.11 | തൊഴിലുറപ്പിലൂടെ സാമ്പത്തിക മാറ്റം കൈവരിച്ചവർ | പനമരം | 42 |
| 3.12 | തൊഴിലുറപ്പ് വേതനം കൃത്യമായി ലഭിച്ചവർ | പനമരം | 43 |
| 3.13 | വേതനം ലഭിച്ച രീതി | പനമരം | 43 |
| 3.14 | ബാങ്ക് അക്കൗണ്ട് ആരംഭിച്ചവർ | തിരുനെല്ലി | 43 |
| 3.15 | വരവ് ചിലവ് കണക്കുകൾ എഴുതി വെക്കുന്ന ശീലം | തിരുനെല്ലി | 44 |
| 3.16 | ത്രിഫ്റ്റ് തുക | തിരുനെല്ലി | 44 |
| 3.17 | ത്രിഫ്റ്റ് തുക കൃത്യമായി അടയ്ക്കുവാൻ സാധിക്കുന്നവർ | തിരുനെല്ലി | 45 |
| 3.18 | അയൽക്കൂട്ടത്തിലെ സമ്പാദ്യം | തിരുനെല്ലി | 45 |
| 3.19 | ആന്തരിക വായ്പ പ്രയോജനകരമായവർ | തിരുനെല്ലി | 46 |
| 3.20 | ലിങ്കേജ് വായ്പകൾ | തിരുനെല്ലി | 46 |
| 3.21 | കടബാധ്യതയുള്ളവർ | തിരുനെല്ലി | 47 |
| 3.22 | കടം വാങ്ങാനുള്ള പ്രധാന കാരണങ്ങൾ | തിരുനെല്ലി | 47 |
| 3.23 | കടം വാങ്ങിയ പണം പൂർണ്ണമായി തിരിച്ചു നൽകാൻ സാധിച്ചവർ | തിരുനെല്ലി | 47 |
| 3.24 | തൊഴിലുറപ്പ് ജോലിയിലെ പങ്കാളിത്തം | തിരുനെല്ലി | 48 |
| 3.25 | തൊഴിലുറപ്പിലൂടെ സാമ്പത്തിക മാറ്റം കൈവരിച്ചവർ | തിരുനെല്ലി | 48 |
| 3.26 | തൊഴിലുറപ്പ് വേതനം കൃത്യമായി ലഭിച്ചവർ | തിരുനെല്ലി | 49 |
| 3.27 | വേതനം ലഭിച്ച രീതി | തിരുനെല്ലി | 49 |
| 3.28 | ബാങ്ക് അക്കൗണ്ട് ആരംഭിച്ചവർ | അടിമാലി | 49 |
| 3.29 | വരവ് ചിലവ് കണക്കുകൾ എഴുതി വെക്കുന്ന ശീലം | അടിമാലി | 50 |
| 3.30 | ത്രിഫ്റ്റ് തുക | അടിമാലി | 50 |
| 3.31 | ത്രിഫ്റ്റ് തുക കൃത്യമായി അടയ്ക്കുവാൻ സാധിക്കുന്നവർ | അടിമാലി | 51 |
| 3.32 | അയൽക്കൂട്ടത്തിലെ സമ്പാദ്യം | അടിമാലി | 52 |
| 3.33 | ആന്തരിക വായ്പ പ്രയോജനകരമായവർ | അടിമാലി | 52 |
| 3.34 | ലിങ്കേജ് വായ്പകൾ | അടിമാലി | 52 |
| 3.35 | കടബാധ്യതയുള്ളവർ | അടിമാലി | 53 |
| 3.36 | കടം വാങ്ങാനുള്ള പ്രധാന കാരണങ്ങൾ | അടിമാലി | 53 |
| 3.37 | കടം വാങ്ങിയ പണം പൂർണ്ണമായി തിരിച്ചു നൽകാൻ സാധിച്ചവർ | അടിമാലി | 53 |
| 3.38 | തൊഴിലുറപ്പ് ജോലിയിലെ പങ്കാളിത്തം | അടിമാലി | 54 |
| 3.39 | തൊഴിലുറപ്പിലൂടെ സാമ്പത്തിക മാറ്റം കൈവരിച്ചവർ | അടിമാലി | 54 |
| 3.40 | തൊഴിലുറപ്പ് വേതനം കൃത്യമായി ലഭിച്ചവർ | അടിമാലി | 55 |
| 3.41 | വേതനം ലഭിച്ച രീതി | അടിമാലി | 55 |
| 3.42 | ബാങ്ക് അക്കൗണ്ട് ആരംഭിച്ചവർ | മറയൂർ | 55 |
| 3.43 | വരവ് ചിലവ് കണക്കുകൾ എഴുതി | മറയൂർ | 56 |

| | | | |
|---|---|---|---|
| | വെക്കുന്ന ശീലം | | |
| 3.44 | ത്രിഫ്റ്റ് തുക | മറയൂർ | 56 |
| 3.45 | ത്രിഫ്റ്റ് തുക കൃത്യമായി അടയ്ക്കുവാൻ സാധിക്കുന്നവർ | മറയൂർ | 56 |
| 3.46 | അയൽക്കൂട്ടത്തിലെ സമ്പാദ്യം | മറയൂർ | 57 |
| 3.47 | ആന്തരിക വായ്പ പ്രയോജനകരമായവർ | മറയൂർ | 57 |
| 3.48 | ലിങ്കേജ് വായ്പകൾ | മറയൂർ | 58 |
| 3.49 | കടബാധ്യതയുള്ളവർ | മറയൂർ | 58 |
| 3.50 | കടം വാങ്ങാനുള്ള പ്രധാന കാരണങ്ങൾ | മറയൂർ | 58 |
| 3.51 | കടം വാങ്ങിയ പണം പൂർണ്ണമായി തിരിച്ചു നൽകാൻ സാധിച്ചവർ | മറയൂർ | 59 |
| 3.52 | തൊഴിലുറപ്പ് ജോലിയിലെ പങ്കാളിത്തം | മറയൂർ | 59 |
| 3.53 | തൊഴിലുറപ്പിലൂടെ സാമ്പത്തിക മാറ്റം കൈവരിച്ചവർ | മറയൂർ | 60 |
| 3.54 | തൊഴിലുറപ്പ് വേതനം കൃത്യമായി ലഭിച്ചവർ | മറയൂർ | 60 |
| 3.55 | വേതനം ലഭിച്ച രീതി | മറയൂർ | 60 |
| 3.56 | ബാങ്ക് അക്കൗണ്ട് ആരംഭിച്ചവർ | മുതലമട | 61 |
| 3.57 | വരവ് ചിലവ് കണക്കുകൾ എഴുതി വെക്കുന്ന ശീലം | മുതലമട | 61 |
| 3.58 | ത്രിഫ്റ്റ് തുക | മുതലമട | 61 |
| 3.59 | ത്രിഫ്റ്റ് തുക കൃത്യമായി അടയ്ക്കുവാൻ സാധിക്കുന്നവർ | മുതലമട | 62 |
| 3.60 | അയൽക്കൂട്ടത്തിലെ സമ്പാദ്യം | മുതലമട | 62 |
| 3.61 | ആന്തരിക വായ്പ പ്രയോജനകരമായവർ | മുതലമട | 63 |
| 3.62 | ലിങ്കേജ് വായ്പകൾ | | 63 |
| 3.63 | കടബാധ്യതയുള്ളവർ | മുതലമട | 64 |
| 3.64 | കടം വാങ്ങാനുള്ള പ്രധാന കാരണങ്ങൾ | മുതലമട | 64 |
| 3.65 | കടം വാങ്ങിയ പണം പൂർണ്ണമായി തിരിച്ചു നൽകാൻ സാധിച്ചവർ | മുതലമട | 64 |
| 3.66 | തൊഴിലുറപ്പ് ജോലിയിലെ പങ്കാളിത്തം | മുതലമട | 65 |
| 3.67 | തൊഴിലുറപ്പിലൂടെ സാമ്പത്തിക മാറ്റം കൈവരിച്ചവർ | മുതലമട | 65 |
| 3.68 | തൊഴിലുറപ്പ് വേതനം കൃത്യമായി ലഭിച്ചവർ | മുതലമട | 66 |
| 3.69 | വേതനം ലഭിച്ച രീതി | മുതലമട | 66 |
| 3.70 | ബാങ്ക് അക്കൗണ്ട് ആരംഭിച്ചവർ | പുതൂർ | 66 |
| 3.71 | വരവ് ചിലവ് കണക്കുകൾ എഴുതി വെക്കുന്ന ശീലം | പുതൂർ | 67 |
| 3.72 | ത്രിഫ്റ്റ് തുക | പുതൂർ | 67 |
| 3.73 | ത്രിഫ്റ്റ് തുക കൃത്യമായി അടയ്ക്കുവാൻ സാധിക്കുന്നവർ | പുതൂർ | 68 |
| 3.74 | അയൽക്കൂട്ടത്തിലെ സമ്പാദ്യം | പുതൂർ | 68 |
| 3.75 | ആന്തരിക വായ്പ പ്രയോജനകരമായവർ | പുതൂർ | 69 |
| 3.76 | ലിങ്കേജ് വായ്പകൾ | പുതൂർ | 69 |
| 3.77 | കടബാധ്യതയുള്ളവർ | പുതൂർ | 70 |
| 3.78 | കടം വാങ്ങാനുള്ള പ്രധാന കാരണങ്ങൾ | പുതൂർ | 70 |
| 3.79 | കടം വാങ്ങിയ പണം പൂർണ്ണമായി തിരിച്ചു | പുതൂർ | 70 |

| | | | |
|---|---|---|---|
| | നൽകാൻ സാധിച്ചവർ | | |
| 3.80 | തൊഴിലുറപ്പ് ജോലിയിലെ പങ്കാളിത്തം | പുതൂർ | 71 |
| 3.81 | തൊഴിലുറപ്പിലൂടെ സാമ്പത്തിക മാറ്റം കൈവരിച്ചവർ | പുതൂർ | 71 |
| 3.82 | തൊഴിലുറപ്പ് വേതനം കൃത്യമായി ലഭിച്ചവർ | പുതൂർ | 72 |
| 3.83 | വേതനം ലഭിച്ച രീതി | പുതൂർ | 72 |
| 3.84 | പഠനം നടത്തിയ പഞ്ചായത്തുകളിലെ സംഘകൃ ഷിപങ്കാളിത്തം | പുതൂർ | 75 |
| 4.1 | കുടുംബശ്രീ പ്രവർത്തനത്തിലൂടെ രാഷ്ട്രീയ ത്തിലേക്കുള്ള ചുവടുവെയ്പ് സാധ്യമായവർ. | പനമരം | 81 |
| 4.2 | രാഷ്ട്രീയത്തിലേക്ക് ചുവട് വയ്ക്കുവാൻ സാധിച്ചിട്ടില്ലത്തതിനുള്ള പ്രധാന കാരണങ്ങൾ | പനമരം | 82 |
| 4.3 | ആസൂത്രണപ്രക്രിയകളിലെ പങ്കാളിത്തം | പനമരം | 82 |
| 4.4 | അധികാര സ്ഥാനങ്ങളിൽ എത്തുവാൻ ആഗ്രഹി ക്കുന്നവർ | പനമരം | 83 |
| 4.5 | കുടുംബശ്രീ പ്രവർത്തനത്തിലൂടെ രാഷ്ട്രീയ ത്തിലേക്കു ചുവടുവെയ്പ്സാധ്യമായ വർ. | തിരുനെല്ലി | 84 |
| 4.6 | രാഷ്ട്രീയത്തിലേക്ക് ചുവട് വയ്ക്കുവാൻ സാധിച്ചിട്ടില്ലത്തതിനുള്ള പ്രധാന കാരണങ്ങൾ | തിരുനെല്ലി | 84 |
| 4.7 | ആസൂത്രണപ്രക്രിയകളിലെ പങ്കാളിത്തം | തിരുനെല്ലി | 84 |
| 4.8 | അധികാര സ്ഥാനങ്ങളിൽ എത്തുവാൻ ആഗ്രഹി ക്കുന്നവർ. | തിരുനെല്ലി | 85 |
| 4.9 | കുടുംബശ്രീ പ്രവർത്തനത്തിലൂടെ രാഷ്ട്രീയ ത്തിലേക്കുള്ള ചുവടുവെയ്പ് സാധ്യമായവർ. | അടിമാലി | 86 |
| 4.10 | രാഷ്ട്രീയത്തിലേക്ക് ചുവട് വയ്ക്കുവാൻ സാധിച്ചിട്ടില്ലത്തതിനുള്ള പ്രധാന കാരണങ്ങൾ | അടിമാലി | 86 |
| 4.11 | ആസൂത്രണപ്രക്രിയകളിലെ പങ്കാളിത്തം | അടിമാലി | 86 |
| 4.12 | അധികാര സ്ഥാനങ്ങളിൽ എത്തുവാൻ ആഗ്രഹി ക്കുന്നവർ. | അടിമാലി | 87 |
| 4.13 | കുടുംബശ്രീ പ്രവർത്തനത്തിലൂടെ രാഷ്ട്രീയ ത്തിലേക്കുള്ള ചുവടുവെയ്പ് സാധ്യമായവർ. | മറയൂർ | 87 |
| 4.14 | രാഷ്ട്രീയത്തിലേക്ക് ചുവട് വെയ്ക്കുവാൻ സാധിച്ചിട്ടില്ലത്തതിനുള്ള പ്രധാന കാരണങ്ങൾ | മറയൂർ | 88 |
| 4.15 | ആസൂത്രണപ്രക്രിയകളിലെ പങ്കാളിത്തം | മറയൂർ | 88 |
| 4.16 | അധികാര സ്ഥാനങ്ങളിൽ എത്തുവാൻ ആഗ്രഹി ക്കുന്നവർ. | മറയൂർ | 89 |
| 4.17 | കുടുംബശ്രീ പ്രവർത്തനത്തിലൂടെ രാഷ്ട്രീയ ത്തിലേക്കുള്ള ചുവടുവെയ്പ് സാധ്യമായവർ. | മുതലമട | 89 |
| 4.18 | രാഷ്ട്രീയത്തിലേക്ക് ചുവട് വെയ്ക്കുവാൻ സാധിച്ചിട്ടില്ലത്തതിനുള്ള പ്രധാന കാരണങ്ങൾ | മുതലമട | 89 |
| 4.19 | ആസൂത്രണപ്രക്രിയകളിലെ പങ്കാളിത്തം | മുതലമട | 90 |
| 4.20 | അധികാര സ്ഥാനങ്ങളിൽ എത്തുവാൻ ആഗ്രഹി ക്കുന്നവർ. | മുതലമട | 90 |
| 4.21 | കുടുംബശ്രീ പ്രവർത്തനത്തിലൂടെ രാഷ്ട്രീയ ത്തിലേക്കു ചുവടുവെയ്പ്സാധ്യമായ വർ. | പുതൂർ | 91 |
| 4.22 | രാഷ്ട്രീയത്തിലേക്ക് ചുവട് വെയ്ക്കുവാൻ സാധിച്ചിട്ടില്ലത്തതിനുള്ള പ്രധാന കാരണങ്ങൾ | പുതൂർ | 91 |
| 4.23 | ആസൂത്രണപ്രക്രിയകളിലെ പങ്കാളിത്തം | പുതൂർ | 92 |
| 4.24 | അധികാര സ്ഥാനങ്ങളിൽ എത്തുവാൻ ആഗ്രഹി ക്കുന്നവർ. | പുതൂർ | 92 |

| | | | |
|---|---|---|---|
| 4.25 | ഗോത്ര വനിതകളിലെ സംഘാടന ശേഷി | പനമരം | 94 |
| 4.26 | കൂട്ടായ്മയിലൂടെയുള്ള സാമൂഹിക മാറ്റം | പനമരം | 95 |
| 4.27 | മാനസികമായി കരുത്താർജ്ജിച്ചവർ | പനമരം | 96 |
| 4.28 | പൊതുവിഭാഗങ്ങളുടെ അയൽക്കൂട്ടവുമായി ബന്ധപ്പെടുന്നവർ | പനമരം | 97 |
| 4.29 | കുടുംബ പശ്ചാത്തലത്തിൽ വന്ന മാറ്റം | പനമരം | 97 |
| 4.30 | കുടുംബശ്രീ അംഗമായതിലൂടെ സാമൂഹിക മാറ്റ ങ്ങൾ ഉണ്ടായിട്ടുള്ളവർ | പനമരം | 98 |
| 4.31 | അറിവുപരമായ ശാക്തീകരണം | പനമരം | 99 |
| 4.32 | ഗോത്ര വനിതകളിലെ സംഘാടന ശേഷി | തിരുനെല്ലി | 99 |
| 4.33 | കൂട്ടായ്മയിലൂടെയുള്ള സാമൂഹിക മാറ്റം | തിരുനെല്ലി | 100 |
| 4.34 | മാനസികമായി കരുത്താർജ്ജിച്ചവർ | തിരുനെല്ലി | 101 |
| 4.35 | പൊതുവിഭാഗങ്ങളുടെ അയൽക്കൂട്ടവുമായി ബന്ധപ്പെടുന്നവർ | തിരുനെല്ലി | 101 |
| 4.36 | കുടുംബ പശ്ചാത്തലത്തിൽ വന്ന മാറ്റം | തിരുനെല്ലി | 101 |
| 4.37 | കുടുംബശ്രീ അംഗമായതിലൂടെ സാമൂഹിക മാറ്റ ങ്ങൾ ഉണ്ടായിട്ടുള്ളവർ | തിരുനെല്ലി | 102 |
| 4.38 | അറിവുപരമായ ശാക്തീകരണം | തിരുനെല്ലി | 102 |
| 4.39 | ഗോത്ര വനിതകളിലെ സംഘാടന ശേഷി | അടിമാലി | 103 |
| 4.40 | കൂട്ടായ്മയിലൂടെയുള്ള സാമൂഹിക മാറ്റം | അടിമാലി | 103 |
| 4.41 | മാനസികമായി കരുത്താർജ്ജിച്ചവർ | അടിമാലി | 104 |
| 4.42 | പൊതുവിഭാഗങ്ങളുടെ അയൽക്കൂട്ടവുമായി ബന്ധപ്പെടുന്നവർ | അടിമാലി | 104 |
| 4.43 | കുടുംബ പശ്ചാത്തലത്തിൽ വന്ന മാറ്റം | അടിമാലി | 105 |
| 4.44 | കുടുംബശ്രീ അംഗമായതിലൂടെ സാമൂഹിക മാറ്റ ങ്ങൾ ഉണ്ടായിട്ടുള്ളവർ | അടിമാലി | 105 |
| 4.45 | അറിവുപരമായ ശാക്തീകരണം | അടിമാലി | 106 |
| 4.46 | ഗോത്ര വനിതകളിലെ സംഘാടന ശേഷി | മറയൂർ | 106 |
| 4.47 | കൂട്ടായ്മയിലൂടെയുള്ള സാമൂഹിക മാറ്റം | മറയൂർ | 107 |
| 4.48 | മാനസികമായി കരുത്താർജ്ജിച്ചവർ | മറയൂർ | 107 |
| 4.49 | പൊതുവിഭാഗങ്ങളുടെ അയൽക്കൂട്ടവുമായി ബന്ധപ്പെടുന്നവർ | മറയൂർ | 107 |
| 4.50 | കുടുംബ പശ്ചാത്തലത്തിൽ വന്ന മാറ്റം | മറയൂർ | 108 |
| 4.51 | കുടുംബശ്രീ അംഗമായതിലൂടെ സാമൂഹിക മാറ്റ ങ്ങൾ ഉണ്ടായിട്ടുള്ളവർ | മറയൂർ | 108 |
| 4.52 | അറിവുപരമായ ശാക്തീകരണം | മറയൂർ | 109 |
| 4.53 | ഗോത്ര വനിതകളിലെ സംഘാടന ശേഷി | മുതലമട | 109 |
| 4.54 | കൂട്ടായ്മയിലൂടെയുള്ള സാമൂഹിക മാറ്റം | മുതലമട | 110 |
| 4.55 | മാനസികമായി കരുത്താർജ്ജിച്ചവർ | മുതലമട | 110 |
| 4.56 | പൊതുവിഭാഗങ്ങളുടെ അയൽക്കൂട്ടവുമായി ബന്ധപ്പെടുന്നവർ | മുതലമട | 111 |
| 4.57 | കുടുംബ പശ്ചാത്തലത്തിൽ വന്ന മാറ്റം | മുതലമട | 111 |
| 4.58 | കുടുംബശ്രീ അംഗമായതിലൂടെ സാമൂഹിക മാറ്റ ങ്ങൾ ഉണ്ടായിട്ടുള്ളവർ | മുതലമട | 112 |
| 4.59 | അറിവുപരമായ ശാക്തീകരണം | മുതലമട | 112 |
| 4.60 | ഗോത്ര വനിതകളിലെ സംഘാടന ശേഷി | പുതൂർ | 113 |
| 4.61 | കൂട്ടായ്മയിലൂടെയുള്ള സാമൂഹിക മാറ്റം | പുതൂർ | 113 |
| 4.62 | മാനസികമായി കരുത്താർജ്ജിച്ചവർ | പുതൂർ | 114 |
| 4.63 | പൊതു വിഭാഗങ്ങളുടെ അയൽക്കൂട്ടവുമായി ബന്ധപ്പെടുന്നവർ | പുതൂർ | 114 |

| | | | |
|---|---|---|---|
| 4.64 | കുടുംബ പശ്ചാത്തലത്തിൽ വന്ന മാറ്റം | പുതൂർ | 114 |
| 4.65 | കുടുംബശ്രീ അംഗമായതിലൂടെ സാമൂഹിക മാറ്റ ങ്ങൾ ഉണ്ടായിട്ടുള്ളവർ | പുതൂർ | 114 |
| 4.66 | അറിവുപരമായ ശാക്തീകരണം | പുതൂർ | 115 |

**സഹായക ഗ്രന്ഥങ്ങൾ**


- ആദിവാസികളുടെ കേരളം, നെട്ടൂർ.പി.ദാമോദരൻ, നാഷണൽ ബുക്ക്സ്റ്റാൾ കോട്ടയം (1974)
- കുറിച്യരുടെ ലോകം, ഡി. ചാക്കോ കണ്ണാട്ടു മോടി, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് തിരുവനന്തപുരം.
- പണിയർ, പി. സോമശേഖരൻ നായർ, നാഷണൽ ബുക്ക് സ്റ്റാൾ കോട്ടയം (1976)
- കേരളത്തിലെ ആദിവാസികളുടെ ജീവിതവും സംസ്ക്കാരവും, കറന്റ് ബുക്സ്- സീലിയ തോമസ്.
- പട്ടികവർഗ്ഗ സമുദായങ്ങളുടെ അടിസ്ഥാന വിവര ശേഖരണം- 2008. തദ്ദേശ സ്വയംഭരണ വകുപ്പ്, പട്ടികവർഗ്ഗ വികസന വകുപ്പ്.
- കുറിച്യരുടെ ജീവിതവും സംസ്ക്കാരവും (നാടോടി, വിജ്ഞാനീയം) ഡോ. കുമാരൻ വയലേരി (1966)
- ഗോത്രസംസ്ക്കാര പഠനങ്ങൾ ഡോ. കുമാരൻ വയലേരി കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് തിരുവനന്തപുരം.(2010)
- കേരളത്തിലെ ആഫ്രിക്ക- കെ പാനൂർ (1960) നാഷണൽ ബുക്ക് സ്റ്റാൾ കോട്ടയം.
- കാട്ടുജീവിതത്തിന്റെ സ്പന്ദന താളങ്ങൾ, ഡോ. പി.ജി പത്മിനി, അകം സമിതി, തലശ്ശേരി.
- സ്ത്രീ പദവി സ്വയം പഠന പ്രക്രിയ, എന്ത്? എങ്ങനെ? തദ്ദേശ സ്വയംഭരണ വകുപ്പ്, കേരള സർക്കാർ, കുടുംബശ്രീ (2009)
- സ്ത്രീ പഠനം കേരള സ്ത്രീ എങ്ങനെ ജീവിക്കുന്നു? എങ്ങനെ ചിന്തിക്കുന്നു? കേരള ശാസ്ത്ര സാഹിത്യ പരിഷത്ത്, തൃശ്ശൂർ-2013
- കുടുംബശ്രീയും സ്ത്രീകളും- ഡോ. എം ഉമ്മൻ (2008) സെന്റർ ഫോർ സോഷ്യോ എക്കണോമിക് ആന്റ് എൻവയൺമെന്റൽ സ്റ്റഡീസ്.
- Census Report of India-2011
- പദ്ധതി രൂപ രേഖ- തിരുനെല്ലി ഗ്രാമ പഞ്ചായത്ത്- 2017-18

- വികസന രേഖ- തിരുനെല്ലി ഗ്രാമ പഞ്ചായത്ത്- 2017-2022
- Tribes of Kerala; Luiz A.A.D Bharathiya Adimjah Sevak Sangh, (1962)
- Tribal Situation in Kerala: P.R.G Mathur; Lerala Historical Society (1977)
- Caste and Tribe of Southern India, Volume VI: E- Thurston, Cosmo Publication. (1975)
- കരട് പദ്ധതി രേഖ 2018-19 - അടിമാലി ഗ്രാമ പഞ്ചായത്ത്.
- അന്തിമ പദ്ധതി രേഖ 2016-17- പനമരം ഗ്രാമ പഞ്ചായത്ത്.
- അന്തിമ പദ്ധതി രേഖ 2018-19- പുതൂർ ഗ്രാമ പഞ്ചായത്ത്.
- കുടുംബശ്രീ വികസന ക്യാമ്പയിൻ- 2013-2014, സംസ്ഥാന ദാരിദ്ര്യ നിർമ്മാർജ്ജന മിഷൻ, തിരുവനന്തപുരം(2013)
- കരുതലും വികസനവും, സംസ്ഥാന ദാരിദ്ര്യ നിർമ്മാർജ്ജന മിഷൻ, തിരുവനന്തപുരം(2014)
- കരട് പദ്ധതി രേഖ 2018-19- മുതലമട ഗ്രാമപഞ്ചായത്ത്.


.................................



# കിർടാഡ്സ്

**കേരള പട്ടികജാതി പട്ടികവർഗ്ഗ ഗവേഷണ പരിശീലന വികസന പഠന വകുപ്പ്**

**ചേവായൂർ പി.ഒ, കോഴിക്കോട് –17**
**ഫോൺ : 0495 – 2356805, 0495 – 2357329**
web site : kirtads.gov.in, e-mail : kirtads@gmail.com